
# നിയമ ധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

പുസ്തകം 1 | ലക്കം 1 | ഒക്ടോബർ 2013



# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപ സമിതി


| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **സി. പി. രാമരാജ പ്രേമ പ്രസാദ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **എസ്. കുമാരി സുധ,**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **റ്റി. വിജയകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| | : | **കെ. ആർ. പത്മകുമാരി**<br>ജോയിന്റ് സെക്രട്ടറി |
| | : | **പി. എസ്. ഷൈല**<br>സെക്ഷൻ ആഫീസർ |
| | | **കെ. സുഭാഷ്**<br>അസി. ലീഗൽ ആഫീസർ |
| | | **എസ്. വി. മനേഷ്**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | **പ്രഥമേഷ് കെ. ഭാസ്കർ** |



| | | |
|---|---|---|
| *വിലാസം* | : | **നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 695 001** |
| *ഫോൺ* | : | **0471-2517064, 0471-2517066** |
| *ഇ-മെയിൽ* | : | as.olpc.law@kerala.gov.in |



**ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമ വകുപ്പിന്റെയോ അല്ല എന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് എന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ് എന്നും സാക്ഷ്യപ്പെടുത്തുന്നു.**

*പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്



മലയാള ഭാഷയ്ക്ക് മഹനീയമായ ശ്രേഷ്ഠഭാഷാ പദവി കൈ വന്നിരിക്കുന്ന ഈ വേളയിൽ നിയമ വകുപ്പിന്റെ ഇദംപ്രഥമ സംരംഭമായ മലയാള നിയമ ജേർണൽ ***നിയമധ്വനി*** പ്രസിദ്ധീകരിക്കപ്പെടുകയാണ്.

ഭരണത്തിന്റെ സർവ്വ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കണമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതോടൊപ്പം തന്നെ കോടതി ഭാഷയും മലയാളമാകണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിലേക്കുള്ള ആദ്യ ചുവടുവെയ്പാണ്, ബഹു. സുപ്രീംകോടതിയുടേയും ബഹു. കേരള ഹൈക്കോടതിയുടേയും പ്രസക്തവും കാലിക പ്രാധാന്യവും പൊതുജനങ്ങൾക്ക് ഉപയോഗപ്രദവും ആയ വിധിന്യായങ്ങളുടെ മലയാള പരിഭാഷയും മറ്റു നിയമ ലേഖനങ്ങളുമടങ്ങിയ ഒരു ജേർണലിന്റെ പ്രസിദ്ധീകരണം. കോടതി ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനായി, കേരള സർക്കാർ, നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) രൂപീകരിച്ചത്. സാധാരണ ജനങ്ങൾക്ക് വിധിന്യായങ്ങളെ മനസ്സിലാക്കുന്നതിനും നിയമ വിജ്ഞാനവ്യാപനത്തിനും വഴിയൊരുക്കുന്നതിനാണ് കേരള സർക്കാർ ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇദംപ്രഥമമായ ഈ സംരംഭത്തിന് എല്ലാ പിന്തുണയും നൽകണമെന്നും ഈ പ്രസിദ്ധീകരണത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിക്കണമെന്നും ഇനിയുള്ള പ്രസിദ്ധീകരണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ മേഖലകളിൽ നിന്നും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇത് സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാ പേരോടും നിസീമമായ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ***നിയമധ്വനി*** സസന്തോഷം വായനക്കാർക്കായി സമർപ്പിക്കുന്നു.


**സി. പി. രാമരാജ പ്രേമ പ്രസാദ്,**
*നിയമ സെക്രട്ടറി.*

നിയമ വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
21-10-2013.

# സന്ദേശം

ഉമ്മൻചാണ്ടി
മുഖ്യമന്ത്രി
കേരളം

7-10-2013



നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി/ഹൈക്കോടതി വിധിന്യായങ്ങൾ ***മലയാള നിയമ ജേർണലിൽ*** മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം.

നിയമത്തിന്റെ അഭാവമല്ല മറിച്ച് അതിനെക്കുറിച്ച് പൊതു സമൂഹത്തിനുള്ള അറിവിന്റെ പരിമിതിയാണ് പലപ്പോഴും നിയമ നിഷേധങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നത്. നിലവിലുള്ള നിയമങ്ങളെ അപഗ്രഥിക്കുന്ന വിധിന്യായങ്ങൾ മനസ്സിലാകുന്ന ഭാഷയിൽ ലഭിക്കുമ്പോൾ അത് പൊതുജനങ്ങളിൽ നിയമപരമായ അവബോധം വർദ്ധിപ്പിക്കും. ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പാക്കുന്നതിനും ഇത് സഹായകമാകും.

ഈ സംരംഭത്തിന് എല്ലാ ആശംസകളും.

ഉമ്മൻചാണ്ടി

ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001.
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342602 & (0481) 2351135

# സന്ദേശം


*Justice Manjula Chellur*
*Chief Justice*

*High Court of Kerala*
*Ernakulam, Kochi-682 031.*

| | | |
|---|---|---|
| Tel. (O) | : | 0484 2397049 |
| Fax (O) | : | 0484 2391720 |
| Res. | : | 0484 2354350 |
| | : | 0484 2384545 |
| Fax (R) | : | 0484 2352504 |




നിയമവകുപ്പിന്റെ ഔദ്യോഗിക ഭരണഭാഷാ പ്രസിദ്ധീകരണ വിഭാഗം പ്രധാനപ്പെട്ട സുപ്രീംകോടതി-ഹൈക്കോടതി വിധിന്യായങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. മലയാള ത്തിന് അഭിമാനകരമായ ശ്രേഷ്ഠഭാഷാ പദവി ലഭ്യമായിരിക്കുന്ന ഈ വേളയിൽ ആദ്യമായിറങ്ങുന്ന ഇത്തരമൊരു പ്രസിദ്ധീകരണത്തിൽ മററ് നിയമസംബന്ധിയായ ലേഖനങ്ങൾക്കൊപ്പം പ്രധാന കോടതി വിധിന്യായങ്ങളുടെ ഭാഷാ തർജ്ജമയും ഉൾപ്പെടുന്നു എന്നറിയുന്നത് ഏറെ ഹൃദ്യമായിരിക്കുന്നു.

നിയമവകുപ്പിന്റെ ഈ നൂതനസംരംഭത്തിന് നിറഞ്ഞ മനസ്സോടെ അഭിനന്ദനങ്ങളർപ്പിക്കുന്നു.

ആശംസകളോടെ,

10-10-2013

ഡോ. ജസ്റ്റീസ് മഞ്ജുള ചെല്ലൂർ

# സന്ദേശം

**കെ. എം. മാണി**
ധന-നിയമ-ഭവന
വകുപ്പുമന്ത്രി
കേരളം

8-10-2013



നിയമ സംബന്ധമായ പ്രധാനവിവരങ്ങൾ ഏറ്റവും സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായി മലയാളത്തിൽ ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുക എന്ന ചിരകാല സ്വപ്നം യാഥാർത്ഥ്യമാകുന്നു എന്നതിൽ എനിക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. കാലികവും സുപ്രധാനവുമായ സുപ്രീം കോടതി വിധികൾ, ഹൈക്കോടതി വിധികൾ, നിയമസംബന്ധമായ മറ്റ് വിവരങ്ങൾ എന്നിവയെല്ലാം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ നിയമ-ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ വിഭാഗത്തിന് രൂപം നൽകിയത്. വിവരവും വിജ്ഞാനവും ആർജ്ജിക്കുന്നതിൽ ഭാഷ ഒരിക്കലും തടസ്സമാകാൻ പാടില്ല; പ്രത്യേകിച്ചും നിയമ കാര്യങ്ങളിൽ. സങ്കീർണ്ണമായ സാങ്കേതിക പദങ്ങൾ മാതൃഭാഷയിൽ ലളിതമായി വിവരിച്ചു നൽകാൻ കഴിയണം. അപ്പോൾ മാത്രമേ നമ്മുടെ ലക്ഷ്യം പൂർത്തിയാകൂ. ആ ദൗത്യം ഫലപ്രദമായി നിർവഹിക്കാൻ ഈ ജേർണലിലൂടെ കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

വിജയാശംസകളോടെ,

സ്നേഹപൂർവ്വം,

**കെ. എം. മാണി**
ധന-നിയമ-ഭവന മന്ത്രി

## ഉൾത്താളുകളിൽ


**സുപ്രീംകോടതി വിധിന്യായങ്ങൾ** 1

**ഹൈക്കോടതി വിധിന്യായങ്ങൾ** 30

**ആക്റ്റുകളും ചട്ടങ്ങളും** 80

***ലേഖനങ്ങൾ***

ഭാഷയ്ക്ക് വേണ്ടത്
വർത്തമാനത്തിന്റെ ജീവൻ - സി.രമണി 117

ആദിവാസികളും 2006-ലെ
വനാവകാശ ആക്റ്റും - ബാബു ആന്റണി 120

ദേശീയ പതാക : ആദരവും അനാദരവും - പി. ഇന്ദുകല 126

നിയമവകുപ്പും നിയമനിർമ്മാണവും - കെ. മണികണ്ഠൻ 133

പാരമ്പര്യ വിജ്ഞാന സംരക്ഷണവും
കേരളത്തിന്റെ ബൗദ്ധിക സ്വത്തവകാശ നയവും - ജ്യോതി പ്രദീപ് 139

വ്യവഹാര നയം നടപ്പിലാക്കുമ്പോൾ - എ. സുരേഷ്കുമാർ 147

# വിധിന്യായങ്ങൾ

## സുപ്രീം കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ, ബഹു. ജസ്റ്റിസ് ദീപക് മിശ്ര*

**മത്തായി സാമുവൽ**

**അഭി**

**ഈപ്പൻ ഈപ്പൻ**

**സിവിൽ അപ്പീൽ നമ്പർ 8197/2012**

2012 നവംബർ 21-ന് വിധി പ്രസ്താവിച്ചത്

**1925-ലെ പിൻതുടർച്ച ആക്റ്റ്, 2 (എച്ച്) വകുപ്പ്—1882-ലെ വസ്തു കൈമാറ്റ ആക്റ്റ്, 122-ാം വകുപ്പ്—ഒരു മരണപത്രവും ഇഷ്ടദാനവും തമ്മിലുള്ള വ്യത്യാസം—മരണപത്രം രജിസ്റ്റർ ചെയ്തു എന്നതുകൊണ്ടുമാത്രം പ്രമാണം ഒരു ധനനിശ്ചയമാകുന്നില്ല.**

**1925-ലെ പിൻതുടർച്ച ആക്റ്റ്, 2 (എച്ച്) വകുപ്പ്—1882-ലെ വസ്തു കൈമാറ്റ ആക്റ്റ്, 122-ാം വകുപ്പ്—1908-ലെ രജിസ്ട്രേഷൻ ആക്റ്റ്, 17-ാം വകുപ്പ്—ഒരു മരണപത്രത്തിന്റേയും ഇഷ്ടദാനത്തിന്റേയും സ്വഭാവവിശേഷങ്ങളുള്ള ഒരു മിശ്രപ്രമാണം, രജിസ്റ്റർ ചെയ്യേണ്ടതായ ആവശ്യമുണ്ട്.**

**ആധാരങ്ങൾ—പ്രമാണങ്ങളുടെ വ്യാഖ്യാനം—ഒരു പ്രമാണത്തിന്റെ വ്യാഖ്യാനത്തിന്റെ പ്രാഥമിക ചട്ടമെന്നത് ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ ഉദ്ദേശ്യമാണ്—ആധാരങ്ങൾ—വാക്കുകളും ശൈലികളും—''അധീനതയും'' ''സ്വാതന്ത്ര്യവും''—തമ്മിലുള്ള വ്യത്യാസം—ഒരു പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളെ മനസ്സിലാക്കേണ്ടത് അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ സാധാരണവും സ്വാഭാവികവുമായ അർത്ഥത്തിലായിരിക്കേണ്ടതാണ്.**



GCPT. 34/4787/2013/TP.

**ആധാരങ്ങൾ—ഒരു പ്രമാണത്തെ വ്യാഖ്യാനിക്കുമ്പോൾ, പ്രമാണം ചമച്ചതിനുശേഷം പിന്നീടുണ്ടാവുന്ന സംഭവങ്ങളോ കക്ഷികളുടെ സ്വഭാവമോ കണക്കിലെടുക്കാൻ പാടുള്ളതല്ല.**

**വിധിന്യായം**

*ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ:*

1. അപ്പീലിന് അനുമതി നൽകി.

2. 8-ാം പട്ടികയിലെ ഒന്നാം ഇനം എക്സിബിറ്റ്-എ1-ലെ(അന്യായ പട്ടികയിലെ ഒന്നാം നമ്പർ ഇനം) വിവരണം ഒരു മരണപത്ര പ്രകാരമുള്ള വിന്യാസത്തെ വെളിപ്പെടുത്തുന്നതാണോ അല്ലെങ്കിൽ ഒപ്പിട്ട് പൂർത്തീകരിക്കുന്ന ആളിന്റെ മരണംവരെ കൈവശാവകാശവും അനുഭവവും നീട്ടിവെച്ചുകൊണ്ട് വാദിക്കും 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്കും അനുകൂലമായി നിക്ഷിപ്ത അവകാശം സൃഷ്ടിക്കുന്ന ഒരു ധനനിശ്ചയം ചെയ്യലാണോ എന്നുള്ള ചോദ്യത്തിൻമേൽ ഒരു തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഈ അപ്പീൽ ഞങ്ങളുടെ മുമ്പാകെ വന്നിട്ടുള്ളത്.

3. തിരുവല്ല സബ് കോടതി മുമ്പാകെ ആദ്യവാദികളും ഒരു ഈപ്പനും ചേർന്ന് വസ്തുക്കളിലെ വിവിധ ഇനങ്ങളെ ഭാഗം വെയ്ക്കുന്നതിനും പ്രത്യേക കൈവശാവകാശത്തിനും വേണ്ടി 1990-ലെ 169-ാം നമ്പർ അന്യായം ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ, ഈ അപ്പീലിൽ ഞങ്ങൾ, അന്യായപട്ടികയിലെ 1-ാം ഇനം സംബന്ധിച്ച കാര്യം മാത്രമാണ് പരിഗണിക്കുന്നത്. വിചാരണ കോടതി വിവിധങ്ങളായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടാണ് പ്രാഥമിക ഡിക്രി പാസ്സാക്കിയിട്ടുള്ളത്. എന്നിരുന്നാലും, 3 ഏക്കർ 40 സെന്റുമായി ബന്ധപ്പെട്ട മേൽപറഞ്ഞ ഇനം സംബന്ധിച്ച് ഒപ്പിട്ട് പൂർത്തീകരിക്കുന്ന ആളുകൾക്ക് അവരുടെ ജീവിതകാലത്ത് പ്രസ്തുത വസ്തു വിൽക്കുന്നതിനുള്ള അവരുടെ അവകാശത്തെ എക്സിബിറ്റ്-എ1 തടയുന്നില്ല എന്നും വിചാരണകോടതി തീരുമാനിക്കുകയുണ്ടായി.

തത്ഫലമായി, എക്സിബിറ്റ്-എ1-ലെ 8-ാം പട്ടികയിലെ ഒന്നാം ഇനം സംബന്ധിച്ച്, അതിന് മരണപത്ര പ്രകാരമുള്ള വിന്യാസത്തിൻെറ സ്വഭാവവിശേഷമുണ്ടെന്നും അതുകൊണ്ട് ഭാഗം വെയ്ക്കുന്നതിന് സാധിക്കുന്നതല്ലെന്നും വിചാരണ കോടതി തീർപ്പു കൽപ്പിക്കുകയുണ്ടായി. 1964-ാം ആണ്ടിൽ ശോശാമ്മ ഈപ്പൻ 3-ാം എതിർകക്ഷിയുടെ പേരിൽ നടത്തിയ ബി3 വിലയാധാരത്തിനും 1978-ാം ആണ്ടിൽ മൂന്നാം എതിർകക്ഷി 4-ാം എതിർകക്ഷിയുടെ പേരിൽ നടത്തിയ ബി1 വിലയാധാരത്തിനും സാധുതയുണ്ടെന്നും കോടതി വിധി പ്രസ്താവിക്കുകയുണ്ടായി.

4. വാദികൾ 1991-ലെ എ.എസ്. നമ്പർ 62 എന്ന അപ്പീൽ ആയി ഈ സംഗതി പത്തനംതിട്ട ജില്ലാ കോടതി മുമ്പാകെ ഫയൽ ചെയ്യുകയും ആയത് 26-3-1994-ലെ വിധിന്യായത്തിലൂടെ അനുവദിക്കുകയും വിചാരണകോടതിയുടെ ഡിക്രിയിലും വിധിന്യായത്തിലും മാറ്റം വരുത്തുകയും എക്സിബിറ്റ് എ1-ലെ 8-ാം പട്ടികയിലെ ഒന്നാം ഉപഇനം ഉൾപ്പെടെ വിവിധ ഇനങ്ങളിലെ 3/6 ഭാഗം ഓഹരി ഭാഗം വെയ്ക്കുന്നതിനും കൈവശാവകാശം അനുവദിച്ചുകൊണ്ടും ഒരു പ്രാഥമിക ഡിക്രി പാസ്സാക്കുകയുണ്ടായി. ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളുകളുടെ മരണംവരെ കൈവശാവകാശവും അനുഭവവും നീട്ടിവച്ചുകൊണ്ട് കൂട്ടായി ആദ്യവാദികൾക്കും 1 മുതൽ 3വരെ എതിർകക്ഷികൾക്കും അനുകൂലമായി ഈ സംഗതി എക്സിബിറ്റ് എ1 പ്രകാരം തീർപ്പാക്കിയിട്ടുണ്ട് എന്ന കാഴ്ചപ്പാടാണ് അപ്പീൽ കോടതി സ്വീകരിച്ചത്. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളിൽ ഒരാളും പിന്നീട് 3-ാം എതിർകക്ഷിയും നടത്തിയ തീറാധാരം വാദികൾക്ക് ബാധകമാകുന്നതല്ല എന്നും കോടതി വിധിക്കുകയുണ്ടായി.

5. അതിനുശേഷം, 3-ഉം 4-ഉം എതിർകക്ഷികൾ 686/1994-ാം നമ്പർ ആയി രണ്ടാം അപ്പീൽ ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ഹൈക്കോടതി, 12-3-2009-ലെ വിധിന്യായ പ്രകാരം കീഴ്അപ്പലേറ്റ് കോടതിയുടെ വിധിന്യായത്തെ ശരിവെയ്ക്കുകയുണ്ടായി. ഹൈക്കോടതി മുമ്പാകെ അപ്പീൽ പരിഗണന യിലിരിക്കുന്ന സമയത്ത് 3-ാം എതിർകക്ഷി മരണപ്പെടുകയും അദ്ദേഹത്തിൻെറ നിയമപരമായ അവകാശികൾ സ്വയം കക്ഷി ചേരുകയും ചെയ്തു. മേൽപ്പറഞ്ഞ ഇനത്തെ സംബന്ധിച്ച വസ്തുവിന്യാസം ഒപ്പിട്ടു പൂർത്തീകരിച്ച ആളിൻെറ ജീവിതകാലത്ത് അസ്ഥിരപ്പെടുത്താവുന്ന തരത്തിലുള്ളതോ റദ്ദാക്കാവുന്ന സ്വഭാവത്തോടുകൂടിയതോ ആയ ഒന്നല്ലായെന്നും ഹൈക്കോടതി നിരീക്ഷിക്കുകയും അന്യായത്തിലെ ഒന്നാം ഇനത്തിലെ വസ്തുവിന്യാസം, കൈവശാവകാശവും

അനുഭവവും നീട്ടിവെച്ചിട്ടുള്ളതാണെങ്കിലും ഒരു ധനനിശ്ചയം ചെയ്തുവെയ്ക്കൽ ആണെന്നും ഹൈക്കോടതി വിധിച്ചു. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾക്ക് ആ ഇനം കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഇല്ലായെന്നും അതിനാൽ 3-ാം എതിർകക്ഷിയുടെ പേർക്കുള്ള കൈമാറ്റവും 4-ാം എതിർകക്ഷിയുടെ പേർക്ക് പിന്നീടുള്ള തീറുനൽകലും അസാധുവാണെന്നും കോടതി വിധിയ്ക്കുകയുണ്ടായി. ഇതിൽ സങ്കടപ്പെട്ടാണ് ഈ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളത്.

6. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ അവരുടെ പുത്രൻമാർക്ക് 8-ാം പട്ടികയിലും അതുപോലെ 7-ഉം 9-ഉം പട്ടികകളിലും ഉള്ള വസ്തുവിൻെറ ഉടമസ്ഥാവകാശമോ അവകാശപ്രമാണമോ കൈമാറുന്നതിനുള്ള യാതൊരു അംഗീകാരവും എക്സിബിറ്റ് എ1 നൽകുന്നില്ലായെന്ന് വാദികൾക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ശ്രീ. ടി. എൽ. വിശ്വനാഥ അയ്യർ ബോധിപ്പിച്ചു. 7-ഉം 8-ഉം 9-ഉം പട്ടിക വസ്തുക്കൾ ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ പൂർണ്ണ നിയന്ത്രണത്തിലാണെന്നും അവർക്ക് ആ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നും സീനിയർ അഭിഭാഷകൻ വാദിച്ചു. 1 മുതൽ 6 വരെയുള്ള പട്ടികവസ്തുക്കളെ സംബന്ധിച്ചിടത്തോളം അവകാശ കൈമാറ്റം സമ്പൂർണ്ണ സ്വഭാവത്തോടുകൂടിയതും എല്ലാ പുത്രൻമാർക്കും തുല്യമായി തീർപ്പാക്കി യിട്ടുള്ളതാണെന്നും പട്ടികയിലെ ശേഷിക്കുന്ന മൂന്ന് ഇനങ്ങളും, ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾതന്നെ കൈവശം വച്ചുപോരുന്നതാണെന്നും ആ വ്യാപ്തിയോളം എക്സിബിറ്റ്-എ1 ഒരു മരണപത്രമായി മാത്രമേ പ്രവർത്തിക്കുകയുള്ളുവെന്നും കരാർ ആയ എക്സിബിറ്റ്-എ1 സമ്മതപത്രത്തിലെ വിവിധ വിവരണങ്ങളെ പരാമർശിച്ചുകൊണ്ട് സീനിയർ അഭിഭാഷകൻ ബോധിപ്പിച്ചു. 7-ഉം 9-ഉം പട്ടിക വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവ ഒരു മരണപത്ര ത്തിൻെറ സ്വഭാവത്തിലുള്ളതാണെന്നാണ് കോടതികൾ കണ്ടതെന്നും അതേ അനുമാനം 8-ാം പട്ടികയിലെ ഇനങ്ങൾക്കുകൂടി അതുപോലെ ബാധകമാക്കേണ്ടതായിരുന്നുവെന്നും സീനിയർ അഭിഭാഷകൻ ചൂണ്ടി കാണിയ്ക്കുകയുണ്ടായി. മലയാള പദങ്ങളായ അധീനതയ്ക്കും സ്വാതന്ത്ര്യത്തിനും സീനിയർ അഭിഭാഷകൻ പ്രത്യേക ഊന്നൽ നൽകുകയുണ്ടായി. ചില വ്യവസ്ഥകൾക്ക് വിധേയമായി ഒപ്പിട്ട് പൂർത്തീകരിച്ച ആളുകൾക്ക് 7-ഉം 9-ഉം പട്ടിക വസ്തുക്കളിലെ ഇനങ്ങളെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി അവരുടെ അധീനതയിൽ സൂക്ഷിക്കണമെന്നതാണ് അവരുടെ ഉദ്ദേശ്യമെന്ന് ആ വാക്കുകൾ

വ്യക്തമായി സൂചിപ്പിക്കുന്നതെന്ന് അഭിഭാഷകൻ ബോധിപ്പിച്ചു. ഒപ്പിട്ട് പൂർത്തീകരിച്ച ആളുകളുടെ ജീവിതകാലത്തിനുശേഷം ആ വസ്തു അങ്ങനെ ഉണ്ടെങ്കിൽ മാത്രമേ 8-ാം പട്ടിക വസ്തുവിലെ ഇനങ്ങൾ അയാളുടെ പുത്രൻമാർക്ക് പിൻതുടർച്ചാവകാശമായി കൈവശം വരികയുള്ളു എന്ന് എക്സിബിറ്റ്-എ1 വ്യക്തമായി സൂചിപ്പിക്കുന്നതായും അഭിഭാഷകൻ ചൂണ്ടിക്കാണി ക്കുകയുണ്ടായി. നിലവിൽ ആൺമക്കൾക്ക് അവകാശം നൽകുന്ന എക്സിബിറ്റ്-എ1-ലെ 8-ാം പട്ടിക വസ്തുവിലെ ഇനങ്ങളുടെ വിന്യാസമോ/ കൈമാറ്റമോ സംബന്ധിച്ചുള്ള ഏതെങ്കിലും വാക്കുകളുടെ/വിവരണങ്ങളുടെ അഭാവത്തിൽ പ്രസ്തുത ഇനത്തെ സംബന്ധിച്ച് എക്സിബിറ്റ്-എ1 ഒരു മരണപത്രമല്ലായെന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ നീതീകരിക്കാവുന്നതല്ലായെന്ന് സീനിയർ അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

7. 8-ാം പട്ടികയുമായി ബന്ധപ്പെട്ട പ്രമാണത്തിലെ വിവരണങ്ങൾ ശ്രീ. ഈപ്പൻെറയും ശ്രീമതി ശോശാമ്മയുടെയും എല്ലാ മക്കൾക്കുമായി നിക്ഷിപ്ത അവകാശങ്ങൾ തുല്യ ഓഹരികളായി നൽകുന്ന ഒരു ധനനിശ്ചയത്തിൻെറ സ്വഭാവത്തോടുകൂടിയതാണ് എന്നാണ് എതിർകക്ഷിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. അൽജോ കെ. ജോസഫ് വാദിച്ചത്. 8-ാം പട്ടികയുമായി ബന്ധപ്പെട്ട് സമ്മതപത്രത്തിലെ വിവരണങ്ങളിൽ ഉപയോഗിച്ചിട്ടുള്ള പ്രത്യേക ഭാഷ തന്നെ വ്യക്തമായി സൂചിപ്പിക്കുന്നത് അവകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് ഈ സമയത്തേയ്ക്കാണെന്നും (*in praesenti*) ആയതിൻെറ അനുഭവാവകാശം മാത്രമാണ് മാറ്റിവച്ചിട്ടുള്ളതെന്നും അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി. സമ്മതപത്രം മൊത്തത്തിൽ വായിക്കുമ്പോൾ നിശ്ചയമായും പ്രതീക്ഷിക്കാവുന്ന നിഗമനം എന്തെന്നാൽ പ്രത്യേകിച്ചും 8-ാം പട്ടികയുമായി ബന്ധപ്പെട്ട വിവരണങ്ങളിൽ നിന്നും പ്രമാണം ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ ആൺമക്കൾക്ക് തുല്യമായി നിക്ഷിപ്താവകാശങ്ങൾ അനുവദിച്ചു നൽകുന്ന ഒരു ധനനിശ്ചയത്തിൻെറ സ്വഭാവത്തിലുള്ളതാണെന്ന് അഭിഭാഷകൻ ബോധിപ്പിച്ചു. ആയതിനാൽ, അങ്ങനെ തീരുമാനിച്ചത് ഹൈക്കോടതി ന്യായീകരിക്കുന്നുവെന്നും ഈ അപ്പീലിൽ കോടതിയുടെ ഇടപെടൽ ആവശ്യമില്ലാത്തതാണെന്നും അഭിഭാഷകൻ വാദിച്ചു. ഈ കോടതിയുടെ പി. കെ. മോഹൻസ് റാമും ബി. എൻ. അനന്താചാരിയും മറ്റുള്ളവരും തമ്മിലുള്ള കേസ്സിലേയും [(2010) 4 എസ് സി സി 161)] രാജേഷ് കന്ദറോയിയും

ശാന്തിദേബിയും മറ്റൊരാളും തമ്മിലുള്ള കേസ്സിലേയും (എഐ ആർ 1957 എസ്സി 255) വിധിന്യായങ്ങളും അഭിഭാഷകൻ ചൂണ്ടിക്കാണിക്കുകയുണ്ടായി.

8. 8-ാം പട്ടികയിലെ വിന്യാസവുമായി ബന്ധപ്പെട്ട എക്സിബിറ്റ്-എ1-ലെ വിവരണങ്ങൾ ഒരു മരണപത്രമാണോ അതോ ആദ്യവാദികൾക്കും 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്കും അനുകൂലമായി ഒപ്പിട്ട് പൂർത്തീകരിച്ച ആളുകളുടെ ജീവിതാവസാനംവരെ കൈവശാവകാശവും അനുഭവവും നീട്ടിവച്ചുകൊണ്ടുള്ള ഒരു ധനനിശ്ചയമാണോ എന്ന ചോദ്യം മാത്രമാണ് ഞങ്ങൾ ഇപ്പോൾ പരിഗണിക്കുന്നത്.

9. എക്സിബിറ്റ്.എ1 പ്രമാണത്തിൽ ഇപ്രകാരം പറയുന്നു:

''**കൊല്ലവർഷം 1125-ാം ആണ്ട് തുലാമാസം രണ്ടാം തീയതിയിലെ കരാർ.**- ആയിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ചാമാണ്ട് തുലാമാസം രണ്ടാംതീയതി (1) കല്ലൂപ്പാറ പകുതിയിൽ വെണ്ണിക്കുളം മുറിയിൽ പെരുംബ്രാലിൽ ഗൃഹഭരണം 58 വയസ്സുള്ള ചാണ്ടപിള്ള മകൻ ഈപ്പനും (2) അദ്ദേഹത്തിൻെറ ഭാര്യ കല്ലൂപ്പാറ പകുതിയിൽ വെണ്ണിക്കുളം മുറിയിൽ പെരുംബ്രാലിൽ ഗൃഹവൃത്തി 54 വയസ്സുള്ള ശോശാമ്മയും ചേർന്ന് (1) കർഷകനായ 35 വയസ്സുള്ള ചെറിയാൻ, (2) ബാങ്ക് ഉദ്യോഗസ്ഥനായ 30 വയസ്സുള്ള ചാണ്ടപിള്ള, (3) കർഷകനായ 28 വയസ്സുള്ള ഈപ്പൻ, (4) കർഷകനായ 25 വയസ്സുള്ള ഗീവർഗ്ഗീസ്, (5) കർഷകനായ 22 വയസ്സുള്ള ചാക്കോ, (6) വിദ്യാർത്ഥിയായ 18 വയസ്സുള്ള മത്തായി എന്നിവരുടെ പേർക്ക് ഉടമ്പടി ചെയ്ത എക്സിബിറ്റ്-എ1 കരാർ.

ഞങ്ങൾക്ക്, നിങ്ങളിൽ ആറ് പേർ മാത്രം പുത്രന്മാരും കുഞ്ഞമ്മ, മറിയാമ്മ, തങ്കമ്മ എന്നീ പുത്രിമാരും ഉള്ളതും കുഞ്ഞമ്മയേയും മറിയാമ്മയേയും ക്രിസ്തീയാചാരപ്രകാരം വിവാഹം കഴിപ്പിച്ച് ഭർത്താക്കന്മാരുടെ വീടുകളിൽ അയച്ചിട്ടുള്ളതുമാണ്. അതനുസരിച്ച്, അവർ ഭർത്താക്കൻമാരുടെ കുടുംബത്തിലെ അംഗങ്ങളായി തീരുകയും നിയമാനുസൃതം അവകാശികളായിത്തീരുകയും അവിടെ താമസിക്കുകയും ചെയ്യുന്നു. തങ്കമ്മയെ ഇനി വിവാഹം ചെയ്ത് അയയ്ക്കാനുണ്ട്. നിങ്ങളിൽ രണ്ടാമനും മൂന്നാമനും വിവാഹം ചെയ്തിട്ടുള്ളതും അതുവഴി ലഭിച്ച സ്ത്രീധനം കുടുംബത്തിലെ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതുമാണ്.

പട്ടികയിൽ വിവരിച്ചിട്ടുള്ള വസ്തുക്കൾ തിരുവല്ല സബ്രജിസ്ട്രാർ ആഫീസിലെ കൊല്ലവർഷം 1069-ലെ 1933-ാം നമ്പർ ഭാഗപത്രപ്രകാരവും മറ്റ് രേഖകൾ

പ്രകാരവും ലഭ്യമായിട്ടുള്ളതാണ്. ആയത് നമ്മുടെ കൂട്ടായ അധീനതയിലും കൈവശത്തിലും വെച്ച് പൂർണ്ണ സ്വാതന്ത്ര്യത്തോടെ കരമടച്ചും അതിന്മേലുള്ള തീരുവ ഒടുക്കിയും അത് കൈകാര്യം ചെയ്ത് വരികയാണ്. കുടുംബകാര്യങ്ങൾ നോക്കി നടത്തിയ വകയിൽ നേരിട്ടിട്ടുള്ള കുറച്ചു തുക കടമായുണ്ട്. അത് ഞങ്ങൾ കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്.

നിങ്ങളിൽ ഏറെപ്പേരും പ്രായപൂർത്തിയിലെത്തിയിട്ടുള്ളവരായതിനാലും ഞങ്ങൾ വാർദ്ധക്യത്തിലേക്കെത്തികൊണ്ടിരിയ്ക്കുന്നതിനാലും ഇത് എല്ലാ പേരുടേയും ഗുണത്തിനായി ഭവിയ്ക്കുമെന്ന് തോന്നുന്നതിനാലും ഭാവിയിൽ കുടുംബ തർക്കങ്ങൾ ഒഴിവാക്കുന്നതിനും കടങ്ങൾ വീട്ടുന്ന ആവശ്യത്തിലേക്കായും ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വസ്തുക്കളെ വെവ്വേറെ ഭാഗം ചെയ്യുന്നതിനായി ഈ കരാർ ഒപ്പിട്ട് പൂർത്തീകരിക്കുന്നു. അതനുസരിച്ച് കക്ഷികൾ പ്രവർത്തിക്കേണ്ടതാണ്.

വസ്തുക്കളെ 1 മുതൽ 9 വരെയുള്ള പട്ടികകളായി വിഭജിക്കുന്നു. നിങ്ങളിൽ 1 മുതൽ 6 വരെയുള്ളവരുടെ പേർക്കായി യഥാക്രമം പട്ടികകൾ 1-ലും 2-ലും 3-ലും 4-ലും 5-ലും 6-ലും വിവരിക്കുന്ന വസ്തുക്കളെ പൂർണ്ണമായും ധനനിശ്ചയം ചെയ്യുന്നു. 7-ാം പട്ടിക വസ്തു തങ്കമ്മയുടെ വിവാഹത്തിനും സ്ത്രീധനത്തിനുമായും 8-ാം പട്ടിക വസ്തു ഭൂപണയബാങ്കിലെ കടം വീട്ടുന്നതിനും വേണ്ടിയുള്ളതാണ്. 9-ാം പട്ടിക വസ്തു ഞങ്ങളുടെ ഉപജീവനാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഞങ്ങളുടെ പൂർണ്ണ അധീനതയിലും സ്വാതന്ത്ര്യത്തിലും നിലനിർത്തുന്നു. ഈ കരാറിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 1 മുതൽ 6 വരെയുള്ള പട്ടികകളിലെ ഇനങ്ങൾക്ക് നികുതികൾ ഒടുക്കിയും ഞങ്ങളുടെ ആഗ്രഹപ്രകാരമുള്ള കടമകൾ നിർവ്വഹിച്ചും നിങ്ങൾ വെവ്വേറെ കൈവശംവച്ച് അനുഭവിക്കേണ്ടതാണ്. 2-ാം പട്ടികവസ്തുവിലെ 2-ാം ഇനവും 3-ാം പട്ടിക വസ്തുവിലെ 5-ാം ഇനവും നിങ്ങളിൽ 2-ഉം 3-ഉം കക്ഷികളുടെ വിവാഹത്തിന് കൈപ്പറ്റിയ സ്ത്രീധനതുക വകയിരുത്തി 2-ാം പട്ടിക വസ്തുവിലെ 2-ാം ഇനവും 3-ാം പട്ടിക വസ്തുവിലെ 5-ാം ഇനവും അധികമായി കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതും നിങ്ങളിൽ 2-ാം കക്ഷിയുടെ ഭാര്യയുടെ സ്ത്രീധനത്തുകയ്ക്കുള്ള ഉത്തരവാദിത്വം 2-ാം കക്ഷി വഹിക്കേണ്ടതും മൂന്നാം കക്ഷിയുടെ ഭാര്യയുടെ സ്ത്രീധന തുകയ്ക്കുള്ള ഉത്തരവാദിത്വം 3-ാം കക്ഷി വഹിക്കേണ്ടതും അവരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച

സംഭവിയ്ക്കുകയാണെങ്കിൽ, ബന്ധപ്പെട്ട കക്ഷിയും ഭാഗം ചെയ്യപ്പെട്ട ബന്ധപ്പെട്ട വസ്തുക്കളും ഉത്തരവാദിയായിരിക്കുന്നതുമാണ്. 1-ഉം 4-ഉം 5-ഉം 6-ഉം കക്ഷികൾ അവർ വിവാഹിതരാകുമ്പോൾ കൈപ്പറ്റുന്ന സ്ത്രീധനത്തുകയ്ക്കുള്ള അവകാശവും ഉത്തരവാദിത്തവും അവരവർക്ക് മാത്രമായിരിക്കുന്നതാണ്. തങ്കമ്മയുടെ വിവാഹം 7-ാംപട്ടികയിലെ വസ്തുവിൽ ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഈ ആവശ്യത്തിനുവേണ്ടി എതു തരത്തിലുള്ള കൈമാറ്റവും നടത്തി ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ, ഞങ്ങളുടെ ജീവിതകാലത്ത്, ഞങ്ങൾ നടത്തി കൊടുക്കുന്നതാണ്. ഞങ്ങളുടെ ജീവിതകാലത്ത് പ്രസ്തുത തങ്കമ്മ വിവാഹിതയായില്ലെങ്കിൽ, ഞങ്ങളുടെ കാലശേഷം, 7-ാം പട്ടിക വസ്തു പൂർണ്ണ കൈവശാവകാശത്തോടെയും അവകാശപ്രമാണത്തോടെയും അവകാശത്തോടെയും സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെയും കൂടി തങ്കമ്മയുടേതു മാത്രമായിത്തീരുന്നതും തങ്കമ്മ നികുതികൾ അടയ്ക്കേണ്ടതും പണയം വീണ്ടെടുക്കേണ്ടതും അനുഭവിക്കേണ്ടതുമാണ്. 8-ാം പട്ടിക വസ്തുവിൻെറ കൈവശാവകാശം ഞങ്ങൾ സൂക്ഷിക്കുന്നതും അതിൽ നിന്നും നേരിട്ടോ പണയപ്പെടുത്തുന്നതുവഴിയോ ലഭിക്കുന്ന വരുമാനം ബാങ്കിന് കൊടുക്കാനുള്ള കടം മുടക്കം വരുത്താതെ വീട്ടുന്നതിന് ഉപയോഗിക്കുന്നതും കടബാധ്യത തീർത്തതിനുശേഷം 8-ാം പട്ടിക വസ്തുവിൽ നിന്നും ലഭിയ്ക്കുന്ന വരുമാനം ഞങ്ങളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നതുമാണ്.

ഞങ്ങളുടെ കാലശേഷം, 8-ാം പട്ടിക വസ്തുവിലെ 2-ാം ഇനം പ്രത്യേകമായി പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി നിങ്ങളിൽ മൂന്നാമത്തെ ആളിനും 1-ഉം 3-ഉം ഇനങ്ങളിലെ വസ്തുക്കൾ തുല്യ ഓഹരികളായി നിങ്ങളിൽ എല്ലാപേർക്കും അവകാശപ്പെട്ടതും അതനുസരിച്ച്, ആ വസ്തുക്കളിൻമേലുള്ള കരമൊടുക്കി സർവ്വസ്വാതന്ത്ര്യത്തോടും കൂടി കൈവശംവച്ച് അനുഭവിക്കേണ്ടതുമാണ്. 9-ാം പട്ടിക വസ്തു ഞങ്ങൾ കൈവശം വെയ്ക്കുന്നതും അതിൽനിന്നും നേരിട്ടോ പണയപ്പെടുത്തുന്നതിലൂടെയോ ഞങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം 9-ാം പട്ടിക വസ്തുവിൽ, ആവശ്യമെങ്കിൽ അത്തരം രേഖകൾ ഒപ്പിട്ടുപൂർത്തീകരിച്ച് മറ്റ് കാര്യങ്ങൾ ചെയ്തോ, ലഭിക്കുന്ന വരുമാനം ഞങ്ങൾ എടുക്കുന്നതും ഞങ്ങളുടെ മരണശേഷം വസ്തു ശേഷിക്കുന്നുണ്ടെങ്കിൽ നിങ്ങളിൽ എല്ലാപേരും അത് വിഭജിച്ച് തുല്യ ഓഹരികൾ എടുക്കേണ്ടതുമാണ്. ഞങ്ങളുടെ ജീവിതകാലത്ത് 6-ാം പട്ടികയിൽ

സ്ഥിതിചെയ്യുന്ന ഗൃഹത്തിൽ താമസിക്കുന്നതിന് ഞങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

നിങ്ങളിൽ ഓരോരുത്തർക്കുമായി ഭാഗം ചെയ്ത് തന്നിട്ടുള്ള വസ്തുക്കളിൽ എന്തെങ്കിലും കൈമാറ്റമോ കടമോ ഉണ്ടാക്കുകയാണെങ്കിൽ ആയത് ഞങ്ങളോടൊപ്പം കൂട്ടായി നടത്തേണ്ടതും മുമ്പു പറഞ്ഞതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ, അങ്ങനെ നടത്തിയ കൈമാറ്റമോ കടമോ ആ വസ്തുക്കൾക്ക് ബാധകമാകുന്നതല്ലാത്തതും അത്തരം കൈമാറ്റം നടത്തുന്ന വ്യക്തിക്ക് അനുവദിച്ചുതന്നിട്ടുള്ള വസ്തുക്കളിൽമേൽ നടപടിയെടുക്കുന്നതിന് ഞങ്ങൾക്ക് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതുമാണ്. ഞങ്ങളുടെ ജീവിതകാലത്ത്, നിങ്ങളിൽ ആരെങ്കിലും സന്തതികളൊന്നുമില്ലാതെ മരണപ്പെടുകയാണെങ്കിൽ, ആ ആൾക്ക് ഭാഗം ചെയ്ത് തന്നിട്ടുള്ള വസ്തുക്കൾ എല്ലാ ഉടമാവകാശത്തോടും സ്വാതന്ത്ര്യത്തോടും കൂടി ഞങ്ങളുടെ പൂർണ്ണ കൈവശത്തിൽ ആകുന്നതും ഞങ്ങളുടെ ജീവിതകാലത്തിനുശേഷമാണ് മരണം സംഭവിക്കുന്നതെങ്കിൽ ആ വസ്തുക്കൾ തുല്യമായി നിങ്ങളിൽ നിക്ഷിപ്തമായി ത്തീരുന്നതും ഏതെങ്കിലും വിധവ ജീവിച്ചിരിക്കുകയാണെങ്കിൽ, അവർക്ക് ആ വസ്തുവിലെ ആദായത്തിൽ നിന്നും ഉപജീവനത്തിനുള്ള വകയ്ക്കു മാത്രം അവകാശമുണ്ടായിരിക്കുന്നതും വിധവ പുനർവിവാഹിതയാവുകയാണെങ്കിലോ അവർ സ്ത്രീധന തുക മടക്കി വാങ്ങുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് ഉപജീവനത്തിനുള്ള തുകയ്ക്ക് ഒരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

8-ാം പട്ടിക ഒഴികെയുള്ള പട്ടികകളും വിവരണങ്ങളും ഒഴിവാക്കിയിരിക്കുന്നു.

**എട്ടാംപട്ടിക**

(1) മുൻപു പറഞ്ഞ കവുങ്ങും പ്രയാർ മുറിയിൽ വലിയ പറമ്പു വസ്തുവിന് പടിഞ്ഞാറും മേമൽ പടിഞ്ഞാറ്റിൻകര വസ്തുവിനും കനാലിനും കിഴക്കും മേമലപ്പാടി ഫാം വസ്തുവിനും ചേലക്കൽ കനാലിനും തെക്കുമായി ബി പട്ടികയിൽ സർവ്വേ നമ്പർ 689/1 എ മുതൽ ബി വരെയുള്ള 1 ഏക്കർ 64 സെന്റ് വസ്തുവും സർവ്വേ 689/2-ലെ 1 ഏക്കർ 50 സെന്റും 26 സെന്റും ഉൾപ്പെടെ ആകെ 3 ഏക്കർ 40 സെന്റ് കൃഷി സ്ഥലം;

(2) 3-ാം പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രസ്തുത മുട്ടത്തുകവനാൽ കൃഷിസ്ഥലം തെക്കുഭാഗത്ത് പ്രസ്തുത ഒന്നാം പട്ടികയിൽ കൂട്ടിച്ചേർക്കപ്പെട്ടത് ഒഴികെയുള്ള 87 സെന്റ് കൃഷിസ്ഥലം;

(3) 4-ാം പട്ടികയിൽ വിവരിച്ചിട്ടുള്ള ലാക്കണ്ടം കൈതപ്പടവ് വസ്തുവിൽ തെക്കുഭാഗത്തെ പകുതി 47 സെന്റ് കൃഷിസ്ഥലം.

(ഒപ്പ്)

ഒപ്പിട്ട് പൂർത്തീകരിച്ചവർ''

10. പട്ടികകളിൽ ഉൾപ്പെടുന്ന ഇനങ്ങളേയും വസ്തുക്കളേയും സംബന്ധിച്ചിടത്തോളം എക്സിബിറ്റ് എ1 പ്രത്യേക ലക്ഷണങ്ങളോടുകൂടിയ ഒരു മരണപത്രപ്രകാരമുള്ള വിന്യാസത്തിൻെറയും ഒരു ധനനിശ്ചയത്തിൻെറയും മിശ്ര സ്വഭാവത്തിലുള്ളതാണ്. ആ പ്രത്യേക ലക്ഷണങ്ങളേയും സ്വഭാവ വിശേഷങ്ങളേയും പരിശോധിക്കുന്നതിനു മുൻപ് നമുക്ക് അത്തരമൊരു മിശ്രരേഖയെ വ്യാഖ്യാനിക്കുമ്പോൾ നിയമപരമായ ഏതൊക്കെ തത്ത്വങ്ങൾ ബാധകമാക്കാമെന്ന് പരിശോധിക്കാം.

<u>ധനനിശ്ചയവും മരണപത്രപ്രകാരമുള്ള വിന്യാസവും</u>

11. എക്സിബിറ്റ് എ1 ഒരു ധനനിശ്ചയത്തിൻെറയും മരണപത്രത്തിൻെറയും മിശ്രസ്വഭാവത്തിലുള്ളതാണെന്ന് ഞങ്ങൾ നേരത്തേതന്നെ സൂചിപ്പിച്ചിരുന്നു. ഒരു മരണപത്രവും ധനനിശ്ചയവും തമ്മിലുള്ള മൗലികവും അടിസ്ഥാനപരവുമായ വ്യത്യാസമെന്താണെന്ന് നമുക്ക് പരിശോധിക്കാം. ഒരു ആൾ അയാളുടെ മരണശേഷം പ്രാബല്യത്തിൽ വരത്തക്കവിധം അയാളുടെ വസ്തുവകകൾ ഒരു പ്രമാണപ്രകാരം ഭാഗംവച്ച് വെയ്ക്കുന്നതാണ് മരണപത്രം. അത് അതിൻെറ യഥാർത്ഥ സ്വഭാവത്തിൽ സ്ഥിരമല്ലാത്തതും അദ്ദേഹത്തിൻെറ ജീവിതകാലത്ത് പിൻവലിയ്ക്കാവുന്ന ഒന്നുമാണ്.

**ഇതിനു മൂന്ന് അവശ്യഘടകങ്ങളുണ്ട്:**

(1) ഇത് ഒസ്യത്ത് എഴുതിവച്ച ആളിൻെറ ഉദ്ദേശ്യം വെളിപ്പെടുത്തുന്ന നിയമപരമായ പ്രസ്താവനയായിരിക്കണം.

(2) ആ പ്രസ്താവന അയാളുടെ വസ്തുവകകളെ സംബന്ധിച്ചുള്ള തായിരിക്കണം.

(3) പ്രസ്തുത പ്രസ്താവന അയാളുടെ മരണശേഷം പ്രാബല്യത്തിൽ വരണ മെന്നതായി രിക്കണം മരണപത്രം എഴുതിവച്ച ആളിൻെറ ആഗ്രഹം.

12. ഒരു മരണപത്രത്തിൻെറ യഥാർത്ഥ സ്വഭാവം എന്തെന്നാൽ അത് സ്ഥിരമല്ലാ ത്തതാണെന്നുള്ളതും ഒപ്പിട്ട് പൂർത്തീകരിച്ച ആളിൻെറ ജീവിതകാലത്ത് പിൻവലിക്കാൻ കഴിയുന്നതുമാണെന്നുള്ളതാണ്. അത്തരത്തിലുള്ള ഒരു രേഖയുടെ ക്ഷമതയും പ്രാബല്യവും ഒപ്പിട്ടു പൂർത്തീകരിച്ച ആളിൻെറ മരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

13. പിൻതുടർച്ച ആക്റ്റിൻെറ 2(എച്ച്)വകുപ്പു പ്രകാരം "മരണപത്രം" എന്നാൽ ഒപ്പിട്ടു പൂർത്തീകരിച്ച ആളിൻെറ വസ്തുവകകൾ സംബന്ധിച്ച്, അയാൾ ആഗ്രഹിക്കുന്ന പ്രകാരം അയാളുടെ കാലശേഷം മാത്രം പ്രാബല്യത്തിൽ വരുന്നതും അയാളുടെ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതുമായ നിയമപരമായ ഒരു പ്രസ്താവന എന്നർത്ഥമാകുന്നു. ഇപ്പോഴത്തെ കേസ്സിൽ ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ ഭാരതത്തിലെ ക്രിസ്ത്യാനികളായിരുന്നു. ഇൻഡ്യൻ പിൻതുടർച്ച ആക്റ്റിലെ വ്യവസ്ഥകളും നിയമനിർമ്മാണ തത്വങ്ങളുമാണ് ആ മരണപത്രത്തിൻെറ വ്യാഖ്യാനത്തെ നിയന്ത്രിക്കുന്നത്. ഭാരതത്തിൽ മരണപത്രത്തെ വ്യാഖ്യാനിക്കു മ്പോൾ ഇൻഡ്യൻ പിൻതുടർച്ച ആക്റ്റിലെ VI-ാം ഭാഗത്തിലെ വ്യവസ്ഥകളും തത്വങ്ങ ളുമാണ് പരിഗണനയിൽ എടുക്കേണ്ടത് അല്ലാതെ സാമാന്യഖണ്ഡങ്ങൾ ആക്റ്റിലെ വ്യവസ്ഥകളെ അല്ല.

14. ദാനദാതാവ് എന്നറിയപ്പെടുന്ന ഒരാൾ നിലവിലുള്ള തൻെറ വസ്തു സ്വേച്ഛയായും പ്രതിഫലം കൂടാതെയും ദാനഗൃഹീതാവ് എന്നറിയപ്പെടുന്ന മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നതും ദാനഗൃഹീതാവോ ദാനഗൃഹീതാവിനുവേണ്ടി മറ്റൊരാളോ അത് സ്വീകരിക്കുന്നതും ഇഷ്ടദാനം/ധനനിശ്ചയം ആകുന്നു. ദാനദാതാവോ അയാൾക്കുവേണ്ടി മറ്റൊരാളോ ഒപ്പിട്ടതും കുറഞ്ഞത് രണ്ട്

സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തി പ്രമാണം രജിസ്റ്റർ ചെയ്യുമ്പോഴാണ് ഇഷ്ടദാനം പ്രാബല്യത്തിൽ വരുന്നത്. ജീവിച്ചിരിക്കുന്ന ഒരാളിൻെറ പേർക്ക് സ്വാഭാവിക സ്നേഹത്തിനും വാത്സല്യത്തിനും പ്രതിഫലമായി സ്വേച്ഛയാലുള്ള വസ്തുകൈമാറ്റത്തെയാണ് ''ഇഷ്ടദാനം'' എന്ന് വസ്തു കൈമാറ്റ ആക്റ്റിലെ 122-ാം വകുപ്പ് നിർവ്വചിച്ചിരിക്കുന്നത്.

15. മരണപത്രകർത്താവിൻെറ മരണശേഷം മാത്രമേ അദ്ദേഹത്തിൻെറ വസ്തുവിനെ കൈയ്യൊഴിക്കുന്നതിനോ വീതം വയ്ക്കുന്നതിനോ സാധിക്കുകയുള്ളൂ എന്ന ഒരു നിർണ്ണായകമായ സാഹചര്യം നിലനിൽക്കുന്ന ഒരു വ്യവസ്ഥയുണ്ട് എന്നതാണ് ഒരു മരണപത്രത്തിൻെറ കാര്യത്തിൽ ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. മറ്റു വിധത്തിൽ പറഞ്ഞാൽ, ഇഷ്ടദാനത്തിൻെറ കാര്യത്തിൽ, വ്യവസ്ഥ ഉടനടി പ്രവർത്തനത്തിൽ വരുന്നതും കൈമാറ്റം നിലവിൽ ഉദ്ദേശിച്ചിട്ടുള്ളതും അത് പ്രാബല്യത്തിൽ വരുന്നതുമാണ്. അതിനാൽ ഒരു മരണപത്രം പിൻവലിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ വസ്തുവിൻെറ ഉടമസ്ഥൻെറ ജീവിതകാലത്ത് യാതൊരുവിധ അവകാശവും കൈമാറുന്നതിന് ഉദ്ദേശിക്കുന്നില്ല. ഒരു ഇഷ്ടദാനത്തിൻെറ സംഗതിയിൽ, അത് ഉടനടി പ്രവർത്തനത്തിൽ വരുന്നതാണ്. കൈമാറ്റം നിലവിൽ ഉദ്ദേശിച്ചിട്ടുള്ളതും അത് പ്രാബല്യത്തിൽ വരുന്നതുമാണ്. തർക്കസംഗതിയിലെ കൈമാറ്റത്തിന് കക്ഷികൾ നൽകിയിട്ടുള്ള പേര് ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ നിർണ്ണായകമായ ഒന്നല്ല. ഒരു മരണപത്രം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ഒരു മരണപത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന കാരണം കൊണ്ടു മാത്രം അത് ഒരു ധനനിശ്ചയമായിത്തീരുന്നില്ല. മറ്റുവിധത്തിൽ പറഞ്ഞാൽ, ഒരു പ്രമാണം മരണപത്രമാണോ ഇഷ്ടദാനമാണോ എന്ന് കണ്ടെത്തുന്നതിനുള്ള യഥാർത്ഥവും വിശ്വസനീയവുമായ പരിശോധന, പ്രസ്തുത പ്രമാണം യഥാർത്ഥത്തിൽ ഏതു തരത്തിലുള്ള കൈമാറ്റമാണ് നടത്തിയിട്ടുള്ളതെന്നും സ്വത്തു കൈമാറി കിട്ടിയ ആളിന്റെ പേരിൽ നിലവിൽ എന്തെങ്കിലും അവകാശം ഉടനടി കൈമാറ്റം ചെയ്തിട്ടുണ്ടോ എന്നും അല്ലെങ്കിൽ വസ്തു കൈമാറിയ ആളിൻെറ മരണശേഷം മാത്രമാണോ അവകാശം വസ്തു കൈമാറികിട്ടിയ ആളിൻെറ പേരിൽ കൈമാറ്റം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും കണ്ടുപിടിക്കുക എന്നുള്ളതാണ്.

**മിശ്രപ്രമാണം**

16. ഒരു മിശ്രപ്രമാണം വേർതിരിക്കാവുന്നതും ഭാഗികമായി മരണപത്രം സംബന്ധിച്ചിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള ഭാഗം ഒരു മരണപത്രം പോലെ ഫലത്തിൽ വരുന്നതും മറുഭാഗത്തിന് ഒരു ധനനിശ്ചയത്തിൻെറ സ്വഭാവവിശേഷമാണ് ഉള്ളതെങ്കിൽ ആ ഭാഗം ഒരു ധനനിശ്ചയത്തിന്റെ ഫലം ഉളവാക്കുന്നതുമാണ്. ഒരു പ്രമാണം, അതിലെ വസ്തുക്കളിലെ കുറച്ച് ഇനങ്ങളെ സംബന്ധിച്ച് ഉടൻ കൈമാറ്റം ചെയ്യാവുന്ന വിധത്തിൽ പ്രവർത്തിച്ചാൽ ആ പ്രമാണത്തെ ഒരു ധനനിശ്ചയമായും മറ്റ് ഏതെങ്കിലും ഇനങ്ങളെ സംബന്ധിച്ച് ഒപ്പിട്ട് പൂർത്തീകരിച്ച ആളുകളുടെ മരണശേഷം ഭാവിയിൽ പ്രവർത്തനത്തിൽ വരുന്ന തരത്തിലുള്ളതാണെങ്കിൽ അതൊരു മരണപത്രപ്രകാരമുള്ള വിന്യാസവുമായി രിക്കുന്നതാണ്. പ്രമാണത്തിൻെറ ഒരു ഭാഗത്തിന്, അതായത് ഒരു ഇഷ്ടദാനം, ഒപ്പിട്ടു പൂർത്തീകരിച്ച ആളിൻെറ ജീവിതകാലത്ത് പ്രവർത്തനത്തിൽ വരുന്നതും മറുഭാഗം, അതായത്, ഒരു മരണപത്രം അത് ഒപ്പിട്ടുപൂർത്തീകരിച്ച ആളിൻെറ മരണശേഷം കൈമാറാവുന്നതും ആയിരിക്കും. ഇതുമായി ബന്ധപ്പെട്ട് ഈ കോടതിയുടെ റവ. ഫാദർ എം. എസ്. പൗലോസും വർഗ്ഗീസും മറ്റുള്ളവരും [(1995) സപ്ളി 2 എസ്സ് സി സി 294] എന്ന കേസ്സ് റഫർ ചെയ്യാവുന്നതാണ്.

17. ഒരു മരണപത്രത്തിൻെറയും അതുപോലെ ഒരു ഇഷ്ടദാനത്തിൻെറയും സ്വഭാവവിശേഷമുള്ള ഒരു മിശ്രപ്രമാണം രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്, അല്ലാത്തപക്ഷം ഒരു ഇഷ്ടദാനത്തിൻെറ സ്വഭാവമുള്ള പ്രമാണത്തിൻെറ ആ ഭാഗത്തിനെ പ്രവർത്തനത്തിൽ കൊണ്ടുവരാൻ സാധിക്കുകയില്ല. അതിനാൽ, ഒരു ഇഷ്ടദാനത്തിൻെറയും മരണപത്രത്തിൻെറയും സ്വഭാവവിശേഷങ്ങളുള്ള ഒരു മിശ്രപ്രമാണം രജിസ്റ്റർ ചെയ്യുന്നത് സാധാരണമാണ്. തത്ഫലമായി, ഒരു പ്രമാണം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതുകൊണ്ട് മാത്രം ഇത് ഒരു മരണപത്രമല്ല എന്ന തീരുമാനത്തിൽ എത്തിച്ചേരുന്നതിനുള്ള ഒരു ഘടകമല്ല. ഇഷ്ടദാനമാണെന്ന് തെളിയുന്ന ഒരു പ്രമാണം രജിസ്ട്രേഷൻ ആക്റ്റിൻെറ 17-ാം വകുപ്പിൻെറ വ്യാപ്തിയിൽ വരുന്നതാണ്. ഒരു പ്രമാണം, നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകാവുന്നതോ ആയ ഏതെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ അവകാശബന്ധമോ സ്ഥാവരവസ്തുക്കളിൽ സൃഷ്ടിക്കാനോ പ്രഖ്യാപിക്കാനോ തീറെഴുതാനോ ക്ലിപ്തപ്പെടുത്താനോ ഇല്ലാതാക്കാനോ ആണെന്ന് കാണിക്കുന്നിടത്ത്,

അല്ലെങ്കിൽ ഏതെങ്കിലും പ്രമാണം അപ്രകാരമുള്ള അവകാശമോ ഉടമസ്ഥാവകാശമോ അവകാശബന്ധമോ പ്രതിഫലം കൈപ്പറ്റികൊണ്ട് സൃഷ്ടിക്കുകയോ പ്രഖ്യാപിക്കുകയോ തീറെഴുതുകയോ ക്ലിപ്തപ്പെടുത്തുകയോ ആണെന്ന് സമ്മതിക്കുന്നിടത്ത്, അത്തരം കേസ്സുകളിൽ മാത്രം പ്രമാണമോ കൈപ്പറ്റ് രസീതോ രജിസ്ട്രേഷൻ ആക്റ്റിലെ 17(1) (ബി) അല്ലെങ്കിൽ (സി) വകുപ്പുകൾ പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. ഒരു മരണപത്രം രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ഒരു മരണപത്രം രജിസ്റ്റർ ചെയ്തു എന്ന കാരണത്താൽ ആ രേഖ ഒരു ധനനിശ്ചയമായി തീരുന്നില്ല. എക്സിബിറ്റ്-എ1-ന് ഒരു മിശ്രപ്രമാണത്തിൻെറ സ്വഭാവവിശേഷമുള്ളതുകൊണ്ടാണ് അത് രജിസ്റ്റർ ചെയ്തിരുന്നത്.

**ഉദ്ദേശ്യത്തിലേയ്ക്ക് നയിക്കുന്ന ഘടകം**

18. ഒപ്പിട്ടു പൂർത്തീകരിച്ച ആളിൻെറ ഉദ്ദേശ്യം എന്താണെന്നുള്ളതാണ് ഒരു പ്രമാണം ചമയ്ക്കുന്നതിനുള്ള പ്രാഥമിക ചട്ടം. ആ ഉദ്ദേശ്യം പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളിൽ നിന്നും വായിച്ചെടുക്കുവാൻ കഴിയേണ്ടതാണ്. എന്താണ് ഉദ്ദേശിച്ചിരിക്കാൻ ഇടയുള്ളത് എന്നതല്ല ചോദ്യം, മറിച്ച് എന്താണ് പറഞ്ഞിട്ടുള്ളത് എന്നതാണ്. പ്രമാണത്തിലെ വാക്കുകൾ സംശയാത്മകമായതോ അതിൻെറ അർത്ഥം നിശ്ചയിക്കാൻ കഴിയാത്തതോ ആണെങ്കിൽ മാത്രമേ പ്രമാണത്തിൻെറ ഘടനയേയോ വ്യാഖ്യാനത്തെയോ ഞങ്ങൾക്ക് നോക്കേണ്ടതായി വരുന്നുള്ളു. പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ സംശയമില്ലാത്തതും അതിൻെറ അർത്ഥം വ്യക്തവുമാണെങ്കിൽ വാസ്തവമായും അതുതന്നെയാണ് ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ ഉദ്ദേശിച്ചിട്ടുള്ളതും. അങ്ങനെയുള്ള അവസ്ഥകളിൽ സമകാലിക സംഭവങ്ങളും രേഖ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യങ്ങളും പ്രസക്തമല്ല.

19. രാജാവും മെലിംഗും തമ്മിലുള്ള കേസ്സിൽ (1 വെൻറ് പേജ് 231) ഒരു മരണപത്ര വിന്യാസത്തേയും അതുപോലെ ഒരു ധനനിശ്ചയത്തേയും വ്യാഖ്യാനിക്കുമ്പോൾ ലോർഡ് ഹെയ്ൽ സൂചിപ്പിച്ചത് അതിന് അടിസ്ഥാനമായി പ്രവർത്തിക്കുന്ന പ്രധാന തത്വം ''പ്രമാണങ്ങളുടെ നിയമമാണ്'' (Law of Instrument) എന്നാണ്. അതായത്, ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളിന്റെ ഉദ്ദേശ്യം അതാണ് ''പ്രമാണങ്ങളുടെ നിയമം''. ഡൗ ലോംഗും ലാമിംഗും തമ്മിലുള്ള കേസ്സിൽ (2 ബിയുആർആർ പേജ് 11-12)

ലോർഡ് വിൽമോട്ട്, ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളിൻെറ ഉദ്ദേശ്യത്തെ വിശദീകരിച്ചിരിക്കുന്നത് ''ധ്രുവനക്ഷത്രം'' എന്നും ''പ്രമാണത്തിൻെറ അമൃത്'' എന്നുമാണ്. റീസ്റ്റോൺ, ബേക്കറും സ്റ്റോണും തമ്മിലുള്ള കേസ്സിൽ [1895(2) അദ്ധ്യായം 196 പേജ് 200] മാസ്റ്റർ ഓഫ് ദ റോൾസ് ഇനിപ്പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''ഒരു മരണപത്രത്തിൽ അതിന്റെ ഉദ്ദേശ്യം വ്യക്തമായി പറഞ്ഞിട്ടുണ്ടെന്ന് എനിയ്ക്ക് തോന്നുകയും, അത് നടപ്പിലാക്കുന്നതിന് നിയമവാഴ്ച എതിരുമല്ലെങ്കിൽ മുൻകേസ്സുകളെ ഞാൻ അവഗണിക്കുകതന്നെ ചെയ്യും''. ഷോറും വിൽസണും തമ്മിലുള്ള കേസ്സിൽ, ജസ്റ്റിസ് കോൾറിഡ്ജ് ഇനിപ്പറയും പ്രകാരം വിധി പ്രസ്താവിച്ചിരിക്കുന്നു: ''കണ്ടെത്തേണ്ടതായ ഉദ്ദേശ്യം പ്രമാണത്തിൽ പറഞ്ഞിട്ടുള്ള ഉദ്ദേശ്യമാണ്. അല്ലാതെ പ്രമാണം ചമച്ച ആളിൻെറ മനസ്സിലുണ്ടായിരുന്ന ഉദ്ദേശ്യത്തെയല്ല. ലിഖിതമായ പ്രമാണങ്ങളുടെ എല്ലാ സ്പഷ്ടീകരണങ്ങളും വിശദീകരണങ്ങളുടെ ലക്ഷ്യം പ്രകടമാക്കിയിട്ടുള്ള അർത്ഥം കണ്ടെത്തുക അല്ലെങ്കിൽ ചമച്ച ആളിൻെറ ഉദ്ദേശ്യം കണ്ടെത്തുക എന്നത് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്. പ്രകടമാക്കിയിട്ടുള്ള അർത്ഥം ഉദ്ദേശ്യത്തിന് തുല്യമാണ്.....ഇത് അനുവദിക്കാവുന്നതല്ല.....ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ നൽകുന്ന അർത്ഥത്തിൽ നിന്നും വ്യതിചലിച്ച് പ്രകടമാക്കാത്ത ഒരു ഉദ്ദേശ്യത്തെ തെളിയിക്കുന്നതിനായി എത്ര ശക്തമായിട്ടുള്ള ഏതെങ്കിലും തെളിവ് കൊണ്ടുവന്നാലും.......എഴുതിയ ആളിൻെറ ഉദ്ദേശ്യത്തെ വിശദീകരിക്കുന്നതിന് ഞങ്ങൾ ഊന്നൽ നൽകുന്നുവെങ്കിലും ഞങ്ങളുടേത് തുറന്ന അഭിപ്രായമാണെന്നുള്ളത് സംശയരഹിതവും ഉദ്ദേശ്യ മെന്താണെന്ന് നേരിയ സംശയമുള്ള പല കേസ്സുകളിലും ഈ പ്രത്യേക സന്ദർഭത്തിൽ ഇതു തെളിയിക്കുന്നതിനു കൂടുതൽ തൃപ്തികരമായേക്കാവുന്ന തെളിവുകളെ നിരസിച്ചുകൊണ്ട് വിരുദ്ധമായ തീരുമാനമെടുക്കാൻ ഞങ്ങൾ പ്രേരിതരായിട്ടുണ്ട്. വ്യാഖ്യാതാക്കൾക്ക്, എഴുതി പ്രകടിപ്പിച്ചിട്ടുള്ള ആളിൻെറ ഉദ്ദേശ്യത്തെ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ടെന്നും നിയമ കോടതികൾക്ക് എന്താണോ എഴുതിയിട്ടുള്ളത് അത് പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടെന്നും അല്ലാതെ എന്താണ് ഊഹിച്ചിട്ടുള്ളത് എന്നതിനല്ല അയാൾ ഉദ്ദേശിച്ചത് മാത്രമാണ് എഴുതിയിട്ടുള്ളത് എന്നുമാണ് അതിനുള്ള ഉത്തരം''.

20. ഹാൾസ്ബെറിയുടെ ഇംഗ്ളണ്ടിലെ നിയമങ്ങൾ, 4-ാം പതിപ്പിന്റെ 50-ാം വാല്യത്തിലെ 239-ാം പേജിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

''408 **വ്യാഖ്യാനത്തിന്റെ മുഖ്യതത്വം.**—എല്ലാ മരണപത്രങ്ങൾക്കും മറ്റ് സവിശേഷതകളൊന്നുമില്ലാതെ ബാധകമായതും വ്യാഖ്യാനത്തിന്റെ മറ്റെല്ലാ ചട്ടങ്ങളേയും അതിലംഘിക്കുന്നതുമായ ഒരേയൊരു തത്വം, ശരിയായതും സ്വീകാര്യവുമായ തെളിവുകൾസഹിതം മരണപത്രം മൊത്തത്തിൽ പരിഗണിച്ചതിനുശേഷം അതിൽ നിന്നും മരണപത്രം ഒപ്പിട്ടുപൂർത്തീകരിച്ച ആളിൻെറ ഉദ്ദേശ്യം മനസ്സിലാക്കുന്നതും മരണപത്രത്തിന്റെയും അതിൻെറ ഓരോ ഭാഗത്തിൻെറയും അർത്ഥം ആ ഉദ്ദേശ്യമനുസരിച്ച് തീരുമാനിക്കുന്നതുമാണ്''.

21. മരണപത്രങ്ങളുടേയും ധനനിശ്ചയങ്ങളുടേയും വ്യാഖ്യാനത്തിൽ (1900-പതിപ്പ്) അണ്ടർഹില്ലും സ്ട്രാഹാനും മരണപത്രത്തെ വ്യാഖ്യാനിക്കുന്ന അവസരത്തിൽ ഇപ്രകാരം വിധിക്കുകയുണ്ടായി: ''കണ്ടെത്തേണ്ടതായ ഉദ്ദേശ്യം പ്രമാണത്തിൽ പറഞ്ഞിട്ടുള്ള ഉദ്ദേശ്യമാണ്, അല്ലാതെ പ്രമാണം ചമച്ച ആളിന്റെ മനസ്സിലുണ്ടായിരുന്ന ഉദ്ദേശ്യത്തെയല്ല. ലിഖിതമായ പ്രമാണങ്ങളുടെ എല്ലാ സ്പഷ്ടീ കരണങ്ങളുടേയും ലക്ഷ്യം, പ്രകടമാക്കിയിട്ടുള്ള അർത്ഥം അല്ലെങ്കിൽ എഴുതിയ ആളിൻെറ ഉദ്ദേശ്യം കണ്ടെത്തുക എന്നത് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്; പ്രകടമാക്കിയിട്ടുള്ള അർത്ഥം ഉദ്ദേശ്യത്തിനു തുല്യമാണ്.......''.

22. തിയോബാൾഡ് (2010-ലെ 17-ാം പതിപ്പ്) മരണപത്രങ്ങളെക്കുറിച്ച് എന്ന പുസ്തകത്തിൽ മരണപത്രകരണങ്ങളുടെ സ്വഭാവവിശേഷങ്ങളെ വിശദമായി പരിശോധിച്ചിട്ടുണ്ട്. ആ പുസ്തകത്തിന്റെ 15-ാം അദ്ധ്യായം, വ്യാഖ്യാനത്തിന്റെ പൊതു തത്വങ്ങളെ വിശദീകരിക്കുന്നു. ലോർഡ് ജസ്റ്റീസ് ലിൻഡ്‌ലി-യെ പരാമർശിച്ചുകൊണ്ട് മുസ്തർ, റി (1889) പറഞ്ഞത് മരണപത്ര വ്യാഖ്യാനത്തിന്റെ ആദ്യ ചട്ടം ഓരോ മരണപത്രവും വ്യത്യസ്തമാണെന്നുള്ളതും മുൻ കേസ്സുകൾ അതിന് വളരെ ചെറിയ സഹായം മാത്രമേ നൽകുകയുള്ളു എന്നുമാണ്. സാംമുട്ടും മാൻക്സിയും തമ്മിലുള്ള കേസ്സ് (2009) റഫർ ചെയ്തുകൊണ്ട്, ആധികാരികതയ്ക്ക് പ്രാഥമിക പരിഗണന നൽകാതെ മരണപത്രത്തിലെ വാക്കുകൾക്ക് പ്രഥമ പരിഗണന നൽകുന്ന സമീപനത്തെ പ്രിവികൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്നും ഗ്രന്ഥകർത്താവ് സൂചിപ്പിക്കുകയും, ''മറ്റ് കേസ്സുകളിൽ അതേ വാക്കുകളെ മറ്റ് ന്യായാധിപൻമാർ എങ്ങനെ വ്യാഖ്യാനിച്ചിരുന്നു എന്ന് പഠിക്കുന്നത് ഒരു മരണപത്രം വ്യാഖ്യാനിക്കുന്നതിന് ചെറിയ സഹായകമാകുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.''

## സുവർണ്ണചട്ടം

23. ഞങ്ങൾക്ക്, അതുകൊണ്ട്, എക്സിബിറ്റ്-എ1-ന്റെ മിശ്രസ്വഭാവത്തെ പരിശോധിക്കേണ്ടതായും ആ പ്രമാണത്തിൽ ദൃശ്യമായ സാധാരണമായതും സ്വാഭാവികവുമായ അർത്ഥത്തിനനുസൃതമായി അതിനെ വ്യാഖ്യാനിക്കേണ്ടതായും ഉണ്ട്. മരണപത്രമെഴുതിയ ആളിന്റെ ഉദ്ദേശ്യം തീർച്ചപ്പെടുത്തുന്നതിന് പരിഗണിക്കേണ്ടുന്ന സംഗതി പ്രമാണമെഴുതിയ ആൾ എന്തർത്ഥമാക്കി എന്നതല്ല മറിച്ച് അയാൾ എഴുതിയത് അർത്ഥമാക്കുന്നത് എന്താണെന്നാണ്. പ്രകടമാക്കിയിട്ടുള്ള ഉദ്ദേശ്യമാണ് യഥാർത്ഥ ഉദ്ദേശ്യമെന്ന് പല സന്ദർഭങ്ങളിലും അനുമാനിക്കാറുണ്ട്. ഈ കോടതി, എ. ശ്രീനിവാസപൈയും മറ്റൊരാളും സരസ്വതി അമ്മാൾ എന്ന ജി. കമലാബായിയും തമ്മിലുള്ള കേസ്സിൽ [(1985) (4 എസ്സിസി 85)] വിധിച്ചത്, ഒരു പ്രമാണത്തെ വ്യാഖ്യാനിക്കുമ്പോൾ, അത് ഇംഗ്ളീഷിലോ മറ്റേതെങ്കിലും ഇൻഡ്യൻ ഭാഷയിലോ ആണെങ്കിലും, സ്വീകരിക്കേണ്ടുന്ന മൗലികമായ നിയമം അതിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളിൽ നിന്നും അതിൻെറ ഉദ്ദേശ്യം തീർച്ചപ്പെടുത്തുക എന്നുള്ളതാണ്, പ്രിവികൗൺസിലിൻെറ രാജേന്ദ്ര പ്രസാദ് ബോസും മറ്റൊരാളും വി. ഗോപാൽ പ്രസാദ് സെൻ-ഉം തമ്മിലുള്ള കേസ്സിന്റെയും (എഐആർ 1930 പി.സി.242) സി ചെറിയത്താനും പി. നാരായണൻ എമ്പ്രാന്തിരിയും മറ്റുള്ളവരും [(2009) (2.എസ്സിസി 673)] തമ്മിലുള്ള കേസ്സിന്റെയും വിധിന്യായത്തിലും ഈ പരാമർശമുണ്ട്.

## എക്സിബിറ്റ് എ1 -അർത്ഥവും ഫലവും

എക്സിബിറ്റ് എ1-രേഖയുടെ അർത്ഥവും ഫലവും ഞങ്ങൾ ഇപ്പോൾ പരിശോധിക്കുകയാണ്. എക്സിബിറ്റ്-എ1-ൽ ഉപയോഗിച്ചിട്ടുള്ള പദങ്ങളായ ''പൂർണ്ണമായും തീർപ്പാക്കിയിട്ടുള്ളത്'', ''ഞങ്ങളുടെ ജീവിതകാലത്ത്'', ''വെവ്വേറെയും നിശ്ചിതമായും'' എന്നിവയ്ക്കും മലയാളം വാക്കുകളായ ''അധീനത'' ''സ്വാതന്ത്ര്യം'' എന്നിവയ്ക്കും പ്രത്യേകം പ്രാധാന്യം നൽകേണ്ടത് ആവശ്യമായിരിക്കുന്നു. ഒരു പ്രമാണത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്ക് അതിൽ ഉപയോഗിച്ചിരിയ്ക്കുന്ന ഭാഷയ്ക്ക് നൽകാവുന്ന സാധാരണവും സ്വാഭാവികവുമായ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. ഒരു പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾക്കും ശൈലികൾക്കും അവയുടെ സാധാരണമായ അർത്ഥമാണ് നൽകേണ്ടത്. പ്രമാണം ചമയ്ക്കുമ്പോൾ, പ്രമാണത്തിന് അതിന് പ്രസക്തമായ സാധാരണമായ

അർത്ഥമാണ് നല്കേണ്ടത്. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ, മലയാളപദങ്ങളായ ''അധീനതയിലും'' ''സ്വാതന്ത്ര്യത്തോടെയും'' എന്ന വാക്കുകൾ ഉപയോഗിച്ചത് പ്രമാണം ചമച്ച കാലത്ത് സാധാരണയായി ഉപയോഗിക്കുന്ന പ്രയോഗങ്ങൾ അനുസരിച്ചായിരിക്കണം. മലയാള ഭാഷയിൽ പ്രയോഗത്തിലുള്ള വാക്കുകൾക്ക്, അതിനാൽ, അവയുടെ പതിവായി ഉപയോഗിക്കുന്നതും സാധാരണമായതും സ്വാഭാവികമായതുമായ അർത്ഥം നൽകുകയും അല്ലെങ്കിൽ അംഗീകാരമുള്ള പ്രയോഗം അനുസരിച്ച് പ്രാധാന്യം നൽകേണ്ടതുമാണ്. എന്തെന്നാൽ, പ്രാഥമികമായി നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യം നിർണ്ണയിക്കുന്ന ഘടകം അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയാണ്. തത്ഫലമായി, 'അധീനത'യിലും എന്ന വാക്കിന്റെ അർത്ഥം ''നിയന്ത്രണ''ത്തിലും ''സ്വാധീനതയിലും'' ''ആധിപത്യത്തിലും'' ''സൂക്ഷിപ്പിലും'' എന്നാണ്. ''സ്വാതന്ത്ര്യത്തോടെ'' എന്നാൽ ''വിശേഷാധികാരത്തോടെ'', ''സ്വൈരതയോടെ'', ''തന്നിഷ്ടത്തോടെ'' എന്നാണ് അർത്ഥമാക്കുന്നത്. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ തർക്കസംഗതിയിലെ വസ്തുക്കളിന്മേൽ സമ്പൂർണ്ണ അവകാശം കൈവശം വെച്ചിരുന്നു, അല്ലാതെ ഭാഗികമായിട്ടല്ല എന്ന വസ്തുതയ്ക്ക് ആ വാക്കുകൾ പ്രത്യേക പ്രാധാന്യം നൽകുന്നു.

25. എക്സിബിറ്റ്-എ1 രേഖയെ 1 മുതൽ 9 വരെ പട്ടികകളായി വിഭജിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ സൂചിപ്പിച്ചിരുന്നു. 1 മുതൽ 6 വരെ പട്ടികകളിൽ വിവരിക്കുന്ന വസ്തുക്കൾ പ്രമാണത്തിലെ വ്യവസ്ഥകൾ പ്രകാരം ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ പുത്രന്മാർക്ക് പൂർണ്ണമായും നിക്ഷിപ്തമായിട്ടുള്ളതും അവർക്ക് അനുകൂലമായി തീർപ്പുകൽപ്പിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട്, സ്പഷ്ടമായും, പ്രമാണത്തിന്റെ ആ ഭാഗത്തിന് ഒരു ധനനിശ്ചയത്തിന്റെ സ്വഭാവവിശേഷമാണുള്ളത്. ശേഷിക്കുന്ന 7, 8, 9 പട്ടികകൾക്ക് 1 മുതൽ 6 വരെ പട്ടികകളിൽ നിന്നും വ്യത്യസ്തമായ സ്വഭാവവിശേഷമാണുള്ളത്. എക്സിബിറ്റ്-എ1-ലെ 7-ാം പട്ടിക, ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ തങ്കമ്മ എന്ന പേരുള്ള മകളുടെ വിവാഹത്തിനും സ്ത്രീധനത്തിനുമായി ആവശ്യമുണ്ടെന്ന് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. അത് അവരുടെ ഉത്തരവാദിത്വമായതിനാൽ ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾതന്നെ അവരുടെ മകളുടെ വിവാഹം നടത്തിക്കൊടുക്കുന്നതാണെന്ന് പ്രമാണം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, അവരുടെ ജീവിതകാലത്ത് മകൾ വിവാഹിത

യായില്ലെങ്കിൽ 7-ാം പട്ടികയിലെ വസ്തു അവരുടെ ജീവിതകാലത്തിനുശേഷം പൂർണ്ണമായും മകളുടേതായിത്തീരുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

26. 9-ാം പട്ടികയെ സംബന്ധിച്ചിടത്തോളം, അത് ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ സമ്പൂർണ്ണ അധീനതയിലും സ്വാതന്ത്ര്യത്തിലും അവർ കൈവശം വെയ്ക്കുന്നതായിരിക്കും. മറ്റുവിധത്തിൽ പറഞ്ഞാൽ, 9-ാം പട്ടിക, ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ കൈവശം വെയ്ക്കുന്നതും, ആവശ്യമാണെങ്കിൽ, അവർ ആഗ്രഹിക്കുന്ന പ്രകാരം അങ്ങനെയുള്ള രേഖകൾ ചമച്ച് അത് പണയപ്പെടു ത്തുന്നതുവഴി ലഭിക്കുന്ന വരുമാനം അവർ നേരിട്ടെടുക്കുന്നതുമാണ്. കൂടാതെ, 9-ാം പട്ടികയെ സംബന്ധിച്ച് ''ഞങ്ങളുടെ ജീവിതകാലത്തിനു''ശേഷം വസ്തു ശേഷിക്കുന്നുണ്ടെങ്കിൽ, ''നിങ്ങൾ എല്ലാപേരും'' (എല്ലാ പുത്രന്മാരും) തുല്യ ഓഹരികളായി അത് വീതിച്ചെടുക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു.

27. ഞങ്ങൾ ഇപ്പോൾ പരിശോധിക്കുന്നത് വളരെ പ്രാധാന്യമുള്ള വിഷയത്തിൽ തീരുമാനമെടുക്കുന്നതിനെയാണ്, അതായത്, എക്സിബിറ്റ്-എ.1-ലെ 8-ാം പട്ടികയിലെ 1-ാം ഉപഇനത്തെ സംബന്ധിച്ചാണ്. ആ ഇനത്തെ സംബന്ധിച്ച്, പ്രമാണത്തിൽ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ 8-ാം പട്ടിക വസ്തു കൈവശം വെയ്ക്കുന്നതും അതിൽ നിന്നും നേരിട്ടോ അത് പണയപ്പെടുത്തുന്നതുവഴി ലഭിക്കുന്ന വരുമാനം ബാങ്കിന് നൽകേണ്ടതായ കടം വീട്ടുന്നതിനും വീട്ടിയതിനുശേഷമുള്ള തുക ''ഞങ്ങളുടെ ഉപജീവനത്തിനായി'' വിനിയോഗിക്കുന്നതുമാണ് എന്നാണ്. കൂടാതെ, ''ഞങ്ങളുടെ ജീവിതകാല'' ത്തിനുശേഷം 8-ാം പട്ടികയിലെ 2-ാം ഇനം പൂർണ്ണമായും 3-ാം കക്ഷിയുടേതാകുമെന്നും 1-ഉം 3-ഉം ഇനങ്ങൾ നിങ്ങൾ ''പൂർണ്ണമായും'' ''വെവ്വേറെ''യും തുല്യ ഓഹരികളായി നിങ്ങളുടേതാകുമെന്നും അതനുസരിച്ച് വസ്തുക്കളുടെ കരമൊടുക്കി ആയത് കൈവശം വെച്ച് അനുഭവിക്കേണ്ടതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. നിലവിൽ അവകാശങ്ങൾ ഒന്നുംതന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല, മറിച്ച്, കൈവശാവകാശം ഉൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും ഒപ്പിട്ടു പൂർത്തീക രിച്ചവർക്ക് തന്നെയാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ, എക്സിബിറ്റ് എ1-ലെ 8-ാം പട്ടികയിലെ 1-ാം ഇനത്തെ സംബന്ധിച്ചിടത്തോളം, ഒപ്പിട്ടു പൂർത്തീകരിച്ചവർ കൈവശാവകാശവും പൂർണ്ണ അധികാരവും അത് കൈകാര്യം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും അവർക്കുതന്നെ നിലനിർത്തിയിരുന്നു. ഒപ്പിട്ടു പൂർത്തീകരിച്ച

ആളുകൾ, 7-ാം പട്ടികയിൽ നിന്നും വ്യത്യസ്തമായി, 8-ാം പട്ടികയെ അന്യാധീനപ്പെടുത്തുന്നതിനുള്ള അധികാരം മനഃപൂർവ്വം ഒഴിവാക്കിയെന്നുള്ള എതിർകക്ഷിയുടെ വാദം ശരിയല്ലാത്തതാണ്. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ എന്തെങ്കിലും അവകാശം നിലനിർത്തിയിരുന്നോ എന്നല്ല മറിച്ച് ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ ഗുണഭോക്താക്കൾക്ക് എന്തെങ്കിലും അവകാശം അനുവദിച്ചു നൽകിയിരുന്നോ എന്നതാണ് ചോദ്യം. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾക്കുള്ള അവകാശവും അവകാശപ്രമാണവും അവകാശബന്ധവും ഉടമസ്ഥാവകാശവും അന്യാധീനപ്പെടുത്തുന്നതിനുള്ള അധികാരവും, ഒട്ടുംതന്നെ സംശയമില്ല, അവർ ആ അവകാശങ്ങളെ എല്ലായ്പ്പോഴും കൈവശം വെച്ചിരുന്നു, അവരുടെ ജീവിതകാലത്ത് കൈവശാവകാശവും അനുഭവാവകാശവും ഒഴിവാക്കിക്കൊണ്ട് പുത്രന്മാർക്ക് പൂർണ്ണമായും ധനനിശ്ചയം ചെയ്തിരുന്നോ എന്നതാണ് തർക്ക സംഗതി. ഞങ്ങളുടെ കാഴ്ചപ്പാടിൽ, പ്രമാണം ചമയ്ക്കുന്ന വേളയിലോ ഒപ്പിട്ടു പൂർത്തീകരിച്ച ആളുകളുടെ ജീവിതകാലത്തോ എക്സിബിറ്റ്-എ1-ലെ എട്ടാം പട്ടികയിലെ ഒന്നാം ഇനത്തെ സംബന്ധിച്ച് അവകാശമോ അവകാശപ്രമാണമോ അവകാശബന്ധമോ ഉടമസ്ഥാവകാശമോ അവരുടെ പുത്രന്മാർക്ക് അനുവദിച്ചു നൽകിയിരുന്നില്ല എന്നുള്ളതാണ്. 1 മുതൽ 6 വരെ പട്ടികയിൽ ഉൾപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ചും മറ്റ് പട്ടികയിൽ ഉൾപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ചും പ്രത്യക്ഷത്തിൽ വ്യത്യസ്തമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. 7-ഉം 9-ഉം പട്ടികകൾ മരണപത്രത്തിന്റെ സ്വഭാവത്തിലുള്ളതാണെന്നത് സമ്മതിക്കുന്നു. എട്ടാം പട്ടികയിൽ ഉപയോഗിച്ചിരിക്കുന്ന വിവിധ വാക്കുകൾക്കും പ്രയോഗിച്ചിരിക്കുന്ന ഭാഷയ്ക്കും കല്പിച്ചിട്ടുള്ള അർത്ഥം പരിശോധിക്കുമ്പോൾ പ്രസ്തുത പട്ടികയും അത്തരത്തിലുള്ളതാണെന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. അതുകൊണ്ട്, കെ. ബാലകൃഷ്ണനും കെ. കമലവും മറ്റുള്ളവരും തമ്മിലുള്ള കേസ്സിലും [2004 (1) കെഎൽറ്റി 623 (എസ് സി) (2004)1 എസ്സിസി 581] കലെയും മറ്റുള്ളവരും കൺസോളിഡേഷൻ ഡെപ്യൂട്ടി ഡയറക്ടറും മറ്റുള്ളവരും തമ്മിലുള്ള കേസ്സിലേയും [(1976) 3 എസ്സിസി 119] വിധിന്യായങ്ങൾ ഈ കേസ്സിലെ വസ്തുതകൾക്ക് ബാധകമല്ലാത്തതാണ്.

**പിന്നീടുണ്ടായ സംഭവങ്ങൾ:**

28. ഒരു പ്രമാണം വ്യാഖ്യാനിക്കുമ്പോൾ, പ്രമാണം ഒപ്പിട്ടു പൂർത്തീകരിച്ചതിനു ശേഷമുണ്ടായ സംഭവങ്ങളോ കക്ഷികളുടെ പെരുമാറ്റമോ, പ്രത്യേകിച്ചും, പ്രമാണത്തിലെ ഭാഷയിൽ യാതൊരു അവ്യക്തതയും ഇല്ലാത്തപ്പോൾ പരിഗണിയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ, പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയ്ക്ക് യാതൊരു അവ്യക്തതയുമില്ല എന്ന വസ്തുത ഉറപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് അത്തരം സംഭവങ്ങൾ ഞങ്ങൾ പരാമർശിക്കുന്നത്.

29. എക്സിബിറ്റ്-എ.1-രേഖയുടെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിൽ ഈപ്പന്റേയും ശോശാമ്മയുടേയും പിന്നീടുള്ള പെരുമാറ്റവുമായി യാതൊരു ബന്ധവുമില്ല. ഒപ്പിട്ടു പൂർത്തീകരിച്ച ആളുകൾ കൂട്ടായിചേർന്ന് 12-11-1955-ൽ (എക്സിബിറ്റ്-ബി2) ഒരു മാത്യുവിന്റെ പേരിൽ പണയാധാരം ചമയ്ക്കുകയും അതിൽ പണയപ്പെടുത്തു ന്നതിനുള്ള അവരുടെ അവകാശത്തെ അവർ ഉറപ്പിക്കുന്നതായും ആയത് എക്സിബിറ്റ്-എ1 പ്രമാണത്തിൽ കുറിച്ചിട്ടുമുണ്ട് എന്നത് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കൂടാതെ, എക്സിബിറ്റ് എ1-ലെ 8-ാം പട്ടികയിലെ 1-ാം ഇനത്തിന്റെ കൈവശാവകാശം ഒപ്പിട്ടു പൂർത്തീകരിച്ചവർ അവരുടെ പുത്രന്മാർക്ക് ഒരു സമയത്തും വിഭജിച്ച് നൽകിയിട്ടില്ലാത്തതും ഉടമസ്ഥാവകാശം അവർ കൈവശം വെയ്ക്കുകയുമാണ് ചെയ്തത്. 18-7-1964-ൽ 3-ാം എതിർകക്ഷിയുടെ പേർക്ക് എക്സിബിറ്റ്-ബി3 പ്രമാണം ചമയ്ക്കുകയും പിന്നീട് അയാൾ 23-1-1978-ൽ വസ്തു 4-ാം എതിർകക്ഷിക്ക് വിൽക്കുകയും ചെയ്തു (എക്സിബിറ്റ്-ബി1). ഇപ്പോൾ 1978 മുതൽ ഇങ്ങോട്ട്, വസ്തുവിന്റെ അനന്യമായ കൈവശാവകാശവും ഉടമസ്ഥാവകാശവും കുടുംബാംഗമല്ലാത്ത ഒരന്യനായ 4-ാം എതിർകക്ഷിക്ക് ആയിരുന്നു. 18-7-1964-ൽ എക്സിബിറ്റ്-ബി3 ചമച്ചിരുന്നുവെങ്കിലും അന്യായം ഫയൽ ചെയ്തത് 6-2-1978-ൽ മാത്രമാണ്. അതായത്, പതിമൂന്നിലധികം വർഷങ്ങൾക്ക് ശേഷമാണ് എന്നതുകൂടി ഞങ്ങൾക്ക് സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്രയും കാലത്തിനുശേഷം അയാളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ഇല്ലാതാക്കുന്നത് അനീതിയുമായിരിക്കും.

30. അതുകൊണ്ട്, എക്സിബിറ്റ്-എ1-ലെ 8-ാം പട്ടികയിലെ 1-ാം ഇനത്തിന്റെ അവകാശവും അവകാശപ്രമാണവും അവകാശബന്ധവും കൈവശാവകാശവും ഉടമസ്ഥാവകാശവും ഒപ്പിട്ടു പൂർത്തീകരിച്ചവർക്കായിരുന്നു എന്നും, 1 മുതൽ 6 വരെ

പട്ടികയിൽ നിന്നും വ്യത്യസ്തമായി, ആ വസ്തു കൈകാര്യം ചെയ്യുന്നതിന് അവർക്ക് പൂർണ്ണ അധികാരവും സ്വാതന്ത്ര്യവും ഉണ്ടെന്നും ഞങ്ങൾ വിധിക്കുന്നു. അതുകൊണ്ട്, ആ ഇനത്തെ സംബന്ധിച്ചിടത്തോളം തർക്ക പ്രമാണത്തെ ഒരു ധനനിശ്ചയമാണെന്നോ ഒരു ഇഷ്ടദാനമാണെന്നോ വ്യാഖ്യാനിക്കാൻ കഴിയുന്നതല്ലായെന്ന് വിധിക്കുന്നതിൽ ഞങ്ങൾക്ക് ഒരു ശങ്കയുമില്ല. എന്തുകൊണ്ടെന്നാൽ, സ്ഥാവര വസ്തുക്കളിലെ എന്തെങ്കിലും അവകാശത്തെ അവരുടെ പുത്രന്മാർക്കനുകൂലമായി കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥയും പ്രമാണത്തിൽ ഇല്ല.

31. അതുകൊണ്ട്, ഹൈക്കോടതി ശരിവച്ച കീഴ്അപ്പലേറ്റ് കോടതിയുടെ വിധിന്യായവും ഡിക്രിയും ഞങ്ങൾ റദ്ദാക്കുകയും വിചാരണ വിധിന്യായവും ഡിക്രിയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ അനുവദിച്ചിരിക്കുന്നതും ചെലവിനെ സംബന്ധിച്ച് യാതൊരു ഉത്തരവില്ലാത്തതുമാകുന്നു.

## സുപ്രീം കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് എസ്. എച്ച്. കപാഡിയ, ബഹു. ജസ്റ്റിസ് ഡി. കെ. ജെയിൻ, ബഹു. ജസ്റ്റിസ് സുരിന്ദർ സിംഗ് നിജ്ജാർ, ബഹു. ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി, ബഹു. ജസ്റ്റിസ് ജഗദീഷ് സിംഗ് ഖെഹാർ

**2005-ലെ സിവിൽ അപ്പീൽ നം. 6660**

2012 മേയ് 8-ന് വിധി പ്രസ്താവിച്ചത്

**കേരള സംസ്ഥാനവും മറ്റുള്ളവരും – അപ്പീൽവാദികൾ**

**അഭി**

**മെസ്സേർസ് മാർ അപ്രേം കുറി കമ്പനി ക്ലിപ്തവും മറ്റൊരാളും } എതിർകക്ഷികൾ**

**വിധിന്യായത്തിന്റെ ചുരുക്കക്കുറിപ്പ്**

കേരള സംസ്ഥാനവും മറ്റുള്ളവരും, സർവ്വശ്രീ മാർ അപ്രേം കുറി കമ്പനി ക്ലിപ്തവും മറ്റൊരാളും തമ്മിലുള്ള കേസ്സായ 2005-ലെ 6660-ാം നമ്പർ സിവിൽ അപ്പീലിലെ 18-2-2009-ലെ ഉത്തരവിൽ, ഈ കോടതിയുടെ മൂന്ന് ന്യായാധിപന്മാരടങ്ങിയ റഫറിംഗ് ബഞ്ച്, **പണ്ഡിറ്റ് ഋഷികേശും മറ്റൊരാളും ശ്രീമതി. സൽമാ ബീഗവും** തമ്മിലുള്ള കേസ്സിൽ [(1995)4 എസ്സിസി 718] ഈ കോടതിയിലെ മൂന്നംഗ ന്യായാധിപന്മാരടങ്ങിയ ബഞ്ച് നടത്തിയ നിരീക്ഷണങ്ങൾ ശരിയായിരുന്നോ എന്നതു സംബന്ധിച്ച് സംശയം ഉന്നയിച്ചിരുന്നു. അതനുസരിച്ച്, ഭരണഘടനയിലെ 254-ാം അനുച്ഛേദം(1)-ാം ഖണ്ഡപ്രകാരം താഴെ പ്രതിപാദിക്കുന്ന ഭരണഘടനാ പ്രാധാന്യമുള്ള കാതലായ തർക്കവിഷയങ്ങൾ സംശയരഹിതമായി തീരുമാനിക്കുന്നതിന് വേണ്ടിയാണ് ഈ വിഷയം ഭരണഘടനാ ബഞ്ചിനു മുൻപാകെ വന്നത്.

ഭരണ ഘടനയിലെ 254(1)-ാം അനുച്ഛേദ പ്രകാരം 1975-ലെ 23-ാം നമ്പർ കേരള ചിട്ടികൾ ആക്റ്റ്, 1982-ലെ 40-ാം നമ്പർ കേന്ദ്ര ചിട്ടിഫണ്ടുകൾ ആക്റ്റിന് വിരുദ്ധമായത്, പ്രസ്തുത കേന്ദ്ര ആക്റ്റിന് രാഷ്ട്രപതി അനുമതി നൽകിയ 19-8-1982-ൽ ആണോ അതോ കേന്ദ്ര ആക്റ്റിലെ 1(3)-ാം വകുപ്പ് പ്രകാരം കേരള

സംസ്ഥാനത്ത് കേന്ദ്ര ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചപ്പോഴാണോ എന്നുള്ളതാണ് കേസ്സിലെ തർക്ക വിഷയം.

ഇനിപ്പറയുന്ന സാഹചര്യങ്ങളിലാണ് **ശ്രീമതി ചന്ദ്രറാണിയും മറ്റുള്ളവരും വിക്രം സിംഗും മറ്റുള്ളവരും** തമ്മിലുള്ള കേസ്സിൽ (1979 അലഹബാദ് എൽ. ജെ. 401) അലഹബാദ് ഹൈക്കോടതിയുടെ ഫുൾബഞ്ച് മുൻപാകെ ഈ ചോദ്യം ഉയർന്നത്— സംസ്ഥാന ആക്റ്റായ 1976-ലെ 57-ാം നമ്പർ ഉത്തർപ്രദേശ് സിവിൽ നിയമങ്ങൾ (പരിഷ്കരണങ്ങളും ഭേദഗതിയും) ആക്റ്റ് 13-12-1976-ൽ ഉണ്ടാക്കുകയും 30-12-1976-ൽ അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും അത് 31-12-1976-ൽ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 1-1-1977 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ കേന്ദ്ര ആക്റ്റായ 1976-ലെ 104-ാം നമ്പർ സിവിൽ നടപടി നിയമസംഹിത (ഭേദഗതി) ആക്റ്റ് 9-9-1976-ൽ നിയമമാക്കുകയും അതിന് അതേ ദിവസം തന്നെ രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും അത് 10-9-1976-ൽ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 1-2-1977 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു (അതായത്, സംസ്ഥാന ആക്റ്റ് നിലവിൽ വന്നതിനു ശേഷം). അലഹബാദ് ഹൈക്കോടതിയുടെ ഫുൾബഞ്ച് മുകളിൽ പറഞ്ഞ ചന്ദ്രറാണി കേസിൽ വിധിച്ചത് 1976-ലെ 57-ാം നമ്പർ ഉത്തർപ്രദേശ് ആക്റ്റ് 1976-ലെ 104-ാം നമ്പർ കേന്ദ്ര ആക്റ്റിനു ശേഷമാണ് നിലവിൽ വന്നത് എന്നാണ്. മേൽപ്പറഞ്ഞ രണ്ട് നിയമങ്ങളുടെയും സംഗതിയിൽ നിർണ്ണായകമായ തീയതി അവ രണ്ടിനും രാഷ്ട്രപതിയുടെ അനുമതി ലഭിച്ച തീയതികളാണ്; കേന്ദ്ര ആക്റ്റിന്റെ സംഗതിയിൽ 9-9-1976-ലും ഉത്തർപ്രദേശ് ആക്റ്റിന്റെ സംഗതിയിൽ, 30-12-1976-ലുമാണ് അനുമതി ലഭിച്ചത്. മുകളിൽ പറഞ്ഞ പണ്ഡിറ്റ് ഋഷികേശ് കേസ്സ് ഈ കോടതി പരിഗണിക്കുമ്പോൾ മുകളിൽ പറഞ്ഞ ചന്ദ്രറാണി കേസ്സിലെ അലഹബാദ് ഹൈക്കോടതിയുടെ ഫുൾബഞ്ചിന്റെ തീരുമാനവും പരിഗണനയ്ക്കായി വന്നു.

മുകളിൽ പറഞ്ഞ പണ്ഡിറ്റ് ഋഷികേശ് കേസ്സിലെ നിയമപ്രസ്താവം ഇനി പറയും പ്രകാരമായിരുന്നു: —

"17....പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് രാഷ്ട്രപതി അനുമതി നൽകുമ്പോൾ അത് നിയമമായി തീരുന്നു. ആക്റ്റിൽ തന്നെ ആക്റ്റിന്റെ പ്രാരംഭം വ്യക്തമാക്കാവുന്നതാണ്, അതായത് രാഷ്ട്രപതി അനുമതി നൽകുകയും അത് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന നിമിഷം മുതൽ അത് പ്രവർത്തനത്തിൽ

വരുന്നതാണ്. മറ്റു തരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, എക്സിക്യൂട്ടീവിന് അധികാരം നൽകിക്കൊണ്ടോ ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരത്താലോ ഒരു പ്രത്യേക സമയത്ത് ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായി അതിന്റെ പ്രവർത്തനം നീട്ടിവെക്കാവുന്നതാണ്. രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതിയിൽ കേന്ദ്ര ആക്റ്റ് നിലവിൽ വരുന്നതും അത് ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപുള്ള ദിവസം അവസാനിച്ചാലുടൻതന്നെ അത് പ്രവർത്തനത്തിൽ വരുന്നതുമാണ്. ആയതിനാൽ കേന്ദ്ര ആക്റ്റ് ഭാരത ഗസറ്റിൽ പ്രസിദ്ധീകരിച്ച ദിവസത്തിന്റെ അർദ്ധരാത്രി മുതൽ അത് നിയമമായി തീരുന്നു. 9-9-1976-ൽ കേന്ദ്ര ആക്റ്റിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചു എന്നതും 10-9-1976-ൽ അത് ഭാരത ഗസറ്റിൽ പ്രസിദ്ധീകരിച്ചു എന്നതും തർക്കമില്ലാത്ത വിഷയമാണ്. ഒരു ബിൽ ലോക്സഭ പാസ്സാക്കിയാൽ അത് രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതാണെന്നും ആ ബില്ലിന് അദ്ദേഹം അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്ന ഭരണഘടനയുടെ 111-ാം അനുച്ഛേദത്തിലെ രാഷ്ട്രപതിയുടെ അനുമതിയും, 107 മുതൽ 109 വരെയുള്ള അനുച്ഛേദങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന നിയമനിർമ്മാണ നടപടിക്രമങ്ങളും കാണുമ്പോൾ ഇത് വ്യക്തമാകുന്നതാണ്. ഈ കേസ്സിന്റെ ആവശ്യത്തിലേക്ക് പ്രസ്തുത അനുച്ഛേദത്തിന്റെ ക്ലിപ്തനിബന്ധന അപ്രസക്തമാണ്. ഒരു തവണ രാഷ്ട്രപതി അനുമതി നൽകിയാൽ അത് നിയമമാകുന്നതും അത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ പ്രാബല്യത്തിൽ വരുകയും ചെയ്യുന്നു. ഭരണഘടനയിലെ 107 മുതൽ 109 വരെയുള്ള അനുച്ഛേദങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം അനുസരിച്ച് ഭേദഗതി ചെയ്യാത്തപക്ഷം നിയമനിർമ്മാണ പ്രക്രിയ പൂർത്തിയാകുന്നതാണ്. സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തെ സംബന്ധിച്ചും നടപടിക്രമങ്ങൾ ഇതുപോലെ തന്നെയാണ്. സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിലുള്ള നിയമങ്ങളിൽ 254-ാം അനുച്ഛേദത്തിലെ (1)-ഉം (2)-ഉം ഖണ്ഡങ്ങൾ പ്രകാരമുള്ള പൊരുത്തമില്ലായ്മ അല്ലെങ്കിൽ വൈരുദ്ധ്യം ഉണ്ടാകുന്നത് പാർലമെന്റും സംസ്ഥാന നിയമസഭയും ഉണ്ടാക്കിയ ബന്ധപ്പെട്ട നിയമങ്ങളുടെ പ്രാരംഭത്തെ ആശ്രയിച്ചല്ല. അതിനാൽ, 254 (1)-ാം അനുച്ഛേദത്തിന്റെ വെളിച്ചത്തിൽ ഒരു ആക്റ്റ് അസാധുവാണോ എന്ന് തീരുമാനിക്കേണ്ടതായിവരുമ്പോൾ അതിന്റെ പ്രാരംഭത്തിന് ഊന്നൽ നൽകുന്നതും അതിനുശേഷം അത് പ്രവർത്തനത്തിൽ വരുമ്പോഴുണ്ടാകുന്ന



GCPT. 34/4787/2013/TP.

പൊരുത്തമില്ലായ്മയും പ്രസക്തമായി വരുന്നില്ല. കൂടാതെ നിയമം ഉണ്ടാക്കുക എന്ന വിലയേറിയ പൊതുജനസമയവും ഭാരിച്ച ചെലവും അനിവാര്യമാക്കുന്ന നിയമനിർമ്മാണകാര്യം ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച് എക്സിക്യൂട്ടീവ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനെ ആശ്രയിച്ച് ആയിരിക്കരുത്. ആക്റ്റ് പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന പൊരുത്തമില്ലായ്മ അല്ലെങ്കിൽ വൈരുദ്ധ്യം ഒരു താരതമ്യപഠനം നടത്തുന്നതിലൂടെ മാത്രമേ പ്രകടമാകുകയുള്ളൂ.''

മുകളിൽ പറഞ്ഞ പണ്ഡിറ്റ് ഋഷികേശ് കേസ്സിലെ നിയമ പ്രസ്താവം റഫർ ചെയ്ത ന്യായാധിപൻമാർക്കിടയിൽ സംശയം ജനിപ്പിക്കുകയും അക്കാരണത്താൽ മേൽപറഞ്ഞ നിയമപ്രസ്താവം ഈ കോടതിയുടെ ഭരണഘടനാബെഞ്ച് മുമ്പാകെ അതിന്റെ ആധികാരിക തീരുമാനത്തിനായി വരുകയും ചെയ്തു.

## ഇപ്പോഴത്തെ കേസ്സിലെ വസ്തുതകൾ

ഇനിപ്പറയുന്ന സാഹചര്യങ്ങളിലാണ് ഇപ്പോഴത്തെ കേസ്സിലെ തർക്കം ഉണ്ടായത്. സ്വകാര്യ ചിട്ടിസ്ഥാപനങ്ങളിൽ അധികവും കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്യുകയും എന്നാൽ അവ കേരളത്തിൽ പ്രവർത്തിക്കുന്നത് തുടരുകയും അങ്ങനെ 1975-ലെ കേരള ചിട്ടികൾ ആക്റ്റിൽ നിർണ്ണയിച്ചിട്ടുള്ള നിയന്ത്രണ സംവിധാനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു. ഇതുകാരണം നിക്ഷേപകരുടെ താത്പര്യസംരക്ഷണം ബുദ്ധിമുട്ടിലായി. തത്ഫലമായി, 1975-ലെ പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് 2002-ലെ 7-ാം നമ്പർ ധനകാര്യ ആക്റ്റ് മുഖേന ഭേദഗതി ചെയ്തു. പ്രസ്തുത ഭേദഗതി വഴി, 4-ാം വകുപ്പിൽ (1എ) ഉപവകുപ്പ് കൂട്ടിച്ചേർക്കപ്പെട്ടു. സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടികളിൽ 20 ശതമാനമോ അതിൽ അധികമോ വരുന്ന അതിന്റെ വരിക്കാർ സാധാരണയായി സംസ്ഥാനത്തിനകത്ത് താമസിക്കുന്നവരാണെങ്കിൽ ആ ചിട്ടികളെ 1975-ലെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. പ്രസ്തുത ഭേദഗതിയിൽ പരാതിയുള്ള സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ 1975-ലെ ആക്റ്റിന്റെ 4(1എ) വകുപ്പിന്റെ അധികാരങ്ങൾ 254(1)-ാം അനുച്ഛേദ പ്രകാരം 1982-ലെ കേന്ദ്ര ചിട്ടിഫണ്ടുകൾ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ആയതിനെ ചോദ്യം ചെയ്യുകയുണ്ടായി.

**തീരുമാനിക്കേണ്ട സംഗതികൾ**

(i) ഭരണഘടനയുടെ 254 (1)-ാം അനുച്ഛേദത്തിൽ വിവക്ഷിച്ചിരിക്കുന്നതുപോലെ പൊരുത്തമില്ലായ്മ അല്ലെങ്കിൽ വൈരുദ്ധ്യം ഉണ്ടാകുന്നത് നിയമം ഉണ്ടാക്കുമ്പോഴാണോ അതോ അത് നിലവിൽ വരുമ്പോഴാണോ?

(ii) റദ്ദാക്കപ്പെടുമ്പോൾ ഉണ്ടാകുന്ന പരിണതഫലം.

2002-ലെ 7-ാം നമ്പർ സംസ്ഥാന ധനകാര്യ ആക്റ്റ് വഴിയാണ് 4(1എ) വകുപ്പ് 4(1) വകുപ്പിൽ ചേർക്കപ്പെട്ടത്. 4(1എ) വകുപ്പ് പ്രകാരം സംസ്ഥാനത്തിനുപുറത്ത് ഒരു ചിട്ടി രജിസ്റ്റർ ചെയ്യുന്ന സംഗതിയിൽ, ഉദാഹരണമായി—ജമ്മു കാശ്മീരിൽ രജിസ്റ്റർ ചെയ്യുകയും അതിലെ ഇരുപതു ശതമാനമോ അതിൽ കൂടുതലോ വരിക്കാർ സാധാരണയായി കേരള സംസ്ഥാനത്തിനകത്ത് താമസിക്കുകയും ചെയ്യുന്നിടത്ത്, കേരള സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടിത്തലയാൾ (ഫോർമാൻ) കേരള സംസ്ഥാനത്തിനകത്ത് ഒരു ശാഖ തുറക്കേണ്ടതായിട്ടുള്ളതും അത്, 1975-ലെ കേരള ചിട്ടികൾ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പ്രസ്തുത ആക്റ്റിൽ ഉണ്ടായിരുന്ന ഒരു പഴുത് അടയ്ക്കുന്നതിന് വേണ്ടിയായിരുന്നു ഈ ഉപവകുപ്പ് ചേർത്തത്. പല സംഗതികളിലും കേരള സംസ്ഥാനത്തിനകത്തുതന്നെയാണ് വരിക്കാരിൽ അധികവും താമസിച്ചിരുന്നതെങ്കിൽ പോലും ചിട്ടികൾ രജിസ്റ്റർ ചെയ്തത് കേരള സംസ്ഥാനത്തിന് പുറത്തായിരുന്നു. 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റിന് സമസ്ത മേഖലയിലും വ്യാപ്തി ഉള്ളതിനാൽ 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റ് ഉണ്ടാക്കിയതിന് ശേഷം സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്, സംസ്ഥാന ആക്റ്റിൽ 254 (2)-ാം അനുച്ഛേദത്തിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം രാഷ്ട്രപതിയുടെ അനുമതി ലഭിക്കാതെ 2002-ലെ 7-ാം നമ്പർ ധനകാര്യ ആക്റ്റ് വഴി, സംസ്ഥാന ആക്റ്റിൽ 4(1എ) എന്ന വകുപ്പ് ചേർക്കാൻ കഴിയുമായിരുന്നില്ല എന്നത് വാസ്തവമാണ്. എന്നിരുന്നാലും, യാതൊരു ചിട്ടിയും, 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റിലെ 4(1) വകുപ്പ് പ്രകാരം ഏത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിക്കകത്താണോ ഒരു ചിട്ടി ആരംഭിക്കേണ്ടത് അല്ലെങ്കിൽ നടത്തേണ്ടത്, പ്രസ്തുത സംസ്ഥാന സർക്കാരിന്റെ അനുമതി നേടാതെയും, അങ്ങനെയുള്ള ചിട്ടി 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ആ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷവും, ആരംഭിക്കുവാനോ നടത്തുവാനോ പാടുള്ളതല്ല എന്ന് വ്യവസ്ഥ

ചെയ്തിരിക്കുന്നത്രത്തോളം, 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റിന്റെ 4(1)-ാം വകുപ്പ്, 2002-ലെ 7-ാം നമ്പർ ധനകാര്യ ആക്റ്റ് വഴി ഭേദഗതി ചെയ്ത പ്രകാരമുള്ള 1975-ലെ കേരള ചിട്ടികൾ ആക്റ്റിലെ 4 (1എ) വകുപ്പിനെക്കാളും വളരെ വ്യാപ്തിയുള്ളതും ശക്തവുമാണെന്ന് കാണുകയുണ്ടായി.

**തീരുമാനം**

(i) പണ്ഡിറ്റ് ഋഷികേശും മറ്റൊരാളും ശ്രീമതി സൽമാ ബീഗവും തമ്മിലുള്ള കേസ്സിലെ [(1995) 4 എസ്സിസി 718] വിധിന്യായത്തിൽ ഈ കോടതി വിധി പ്രസ്താവിച്ചിട്ടുള്ളത് പോലെ, പൊരുത്തമില്ലായ്മ ഉണ്ടാകുന്നത് നിയമം ഉണ്ടാക്കുമ്പോഴാണ് അല്ലാതെ നിയമം നിലവിൽ വരുന്നത് മുതലല്ല എന്ന് വിധി പ്രസ്താവിച്ചു.

(ii) മുകളിൽ പറഞ്ഞ തീരുമാനം ബാധകമാക്കിക്കൊണ്ട്, ഭരണഘടനയിലെ ലിസ്റ്റ് III-ലെ 7-ാം ഉൾക്കുറിപ്പിലെ വിഷയങ്ങളിൽ 'ചിട്ടികൾ' എന്നതിന്റെ സമസ്ത മേഖലയും ഉൾപ്പെട്ടുവരുന്നതിനാൽ 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റ് 19-8-1982-ൽ നിയമമാക്കിയപ്പോൾ 254(1)-ാം അനുച്ഛേദത്തിൽ വിവക്ഷിച്ചിരിക്കുന്ന പൊരുത്തമില്ലായ്മ കാരണം 1975-ലെ കേരള ചിട്ടികൾ ആക്റ്റ് അസാധുവായി തീർന്നു എന്നും ആയതിനാൽ പരോക്ഷമായി റദ്ദാക്കപ്പെട്ടിരിക്കുന്നു എന്നും വിധി പ്രസ്താവിക്കുന്നു. 'ചിട്ടികൾ' എന്നതിന്റെ സമസ്ത മേഖലയും ഉൾപ്പെട്ടുവന്നു കഴിഞ്ഞിട്ടുള്ളതിനാൽ 1975-ലെ കേരള ചിട്ടികൾ ആക്റ്റിൽ 4(1എ) എന്ന വകുപ്പ് ചേർത്തുകൊണ്ട് 2002-ലെ 7-ാം നമ്പർ സംസ്ഥാന ധനകാര്യ ആക്റ്റ് ഉണ്ടാക്കുവാൻ, പ്രത്യേകിച്ചും, 254(2)-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതി വാങ്ങുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടിട്ടുള്ളതിനാൽ, സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന് കഴിയുമായിരുന്നില്ല.

(iii) 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റ്, കേരള സംസ്ഥാനത്തിൽ പ്രാബല്യത്തിൽ കൊണ്ടു വന്നിട്ടില്ലായെങ്കിലും അത് ഉണ്ടാക്കപ്പെട്ടിട്ടുള്ളതും ഇപ്പോഴും പ്രാബല്യത്തിലുള്ളതുമായ ഒരു നിയമം തന്നെയാണ്. ഭരണഘടനയുടെ 367-ാം അനുച്ഛേദം അനുസരിച്ച് റദ്ദാക്കലിന് 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ് ബാധകമാകുന്നതാണ്. ആയതിനാൽ, 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റിലെ 6-ാം വകുപ്പ്, പ്രത്യേകിച്ചും 6 (ബി) വകുപ്പും 6 (സി) വകുപ്പും പ്രസക്തമാണ്; തത്ഫലമായി

1975-ലെ കേരള ചിട്ടികൾ ആക്റ്റിന്റെ മുമ്പുള്ള പ്രാബല്യത്തെയോ റദ്ദാക്കപ്പെട്ട 1975-ലെ സംസ്ഥാന ആക്റ്റ് പ്രകാരം ആർജ്ജിച്ചിട്ടുള്ളതോ ഉണ്ടായിട്ടുള്ളതോ ആയ അവകാശത്തെയോ വിശേഷാവകാശത്തെയോ ധാർമ്മികബാധ്യതയെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്. അപ്രകാരം 19-8-1982-നു ശേഷം, 1975-ലെ കേരള ചിട്ടികൾ ആക്റ്റ്, 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റിലെ 6-ാം വകുപ്പിന്റെ പരിമിതമായ ആവശ്യങ്ങൾക്കൊഴികെ റദ്ദാക്കപ്പെട്ടിരിക്കുന്നു. 1(3) വകുപ്പ് അനുസരിച്ചുള്ള ഒരു വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ 1982-ലെ കേന്ദ്ര ചിട്ടി ഫണ്ടുകൾ ആക്റ്റ് കേരള സംസ്ഥാനത്ത് എപ്പോഴാണോ പ്രാബല്യത്തിൽ കൊണ്ടുവരുന്നത് അപ്പോൾ 90(2)-ാം വകുപ്പ് പ്രവർത്തനത്തിൽ വരുന്നതും അതുവഴി 1982-ലെ കേന്ദ്ര ചിട്ടിഫണ്ടുകൾ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പ്രവർത്തനത്തിലുള്ള ചിട്ടികൾക്ക് മാത്രം 1975-ലെ കേരള ചിട്ടികൾ ആക്റ്റ്, അപ്രകാരമുള്ള പ്രാരംഭത്തിന് മുമ്പ് 1975-ലെ കേരള ചിട്ടികൾ ആക്റ്റ് ബാധകമായിരുന്ന അതേ രീതിയിൽ തുടർന്നും ബാധകമാകുന്നതുമാണ്.



GCPT. 34/4787/2013/TP.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ*

**മുഹമ്മദ് സാജിത്ത്**

അഭി

**വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ**

**റിട്ട് പെറ്റീഷൻ (സി) നം. 28388/2012**

2012 ഡിസംബർ 17–ാം തീയതി വിധി പ്രസ്താവിച്ചത്

**2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, ചട്ടം 10— ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നടത്തിയ വിവാഹം—വിവാഹ തീയതിയിൽ ഭാര്യ പ്രായപൂർത്തിയായിട്ടില്ലായിരുന്നു എന്ന കാരണത്തിന്മേൽ വിവാഹം രജിസ്റ്റർ ചെയ്തു കിട്ടുന്നത് നിരസിക്കാൻ പാടുള്ളതല്ല.**

**വിധിന്യായം**

2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ (ചുരുക്കത്തിൽ ചട്ടങ്ങൾ) പ്രകാരം പരാതിക്കാരുടെ (ഹർജിക്കാരുടെ) വിവാഹം രജിസ്റ്റർ ചെയ്യുന്നത് എതിർകക്ഷി നിരസിച്ചത് സംബന്ധിച്ചാണ് ഹർജിക്കാരുടെ പരാതി. ഹർജിക്കാർ ഭാര്യാഭർത്താക്കന്മാരാണ്. ഹർജിക്കാരുടെ വിവാഹം 4-9-2003-ൽ ഒറ്റപ്പാലം വാരോട് ജുമാമസ്ജിദിൽ വെച്ച് ആചാരപ്രകാരം നടന്നിട്ടുള്ളതാണ്. അന്നുമുതൽ അവർ രണ്ടു പേരും ഭാര്യാഭർത്താക്കന്മാരായി ഒരുമിച്ച് താമസിച്ചുവരുന്നു. അവർക്ക് ഇപ്പോൾ മൂന്ന് വയസ്സ് പ്രായമുള്ള റസീക്ക് എന്ന് പേരുള്ള ഒരു ആൺകുട്ടിയുണ്ട്. ഹർജിക്കാരുടെ വിവാഹം വീട്ടുകാർ ആലോചിച്ച് ഉറപ്പിച്ച ഒന്നായിരുന്നു. ഹർജിക്കാർ വിദേശത്ത് പോകുവാൻ തീരുമാനിച്ചതിനാൽ അവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി ഒരു അപേക്ഷ സമർപ്പിച്ചു. എന്നാൽ എതിർകക്ഷി അവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് വിസമ്മതിച്ചു. മുൻപറഞ്ഞ ആവശ്യത്തിലേക്കായി അവർ സമർപ്പിച്ച അപേക്ഷയാണ് എക്സിബിറ്റ്–പി.1 ഇതിലെ ഹർജിക്കാരിൽ രണ്ടാം ഹർജിക്കാരിയ്ക്ക് വിവാഹസമയത്ത് പ്രായപൂർത്തി ആയിട്ടില്ലായിരുന്നു എന്നുള്ളതാണ് അവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നത്

നിരസിക്കുവാനുള്ള കാരണം. മുകളിൽ പരാമർശിച്ച പ്രകാരം, വിവാഹം 2003-ൽ ആയിരുന്നു. 8-3-2004-ൽ രണ്ടാം ഹർജിക്കാരി പ്രായപൂർത്തി ആയി. ആയതിനാൽ, ഹർജിക്കാർ ഭാര്യാഭർത്താക്കന്മാരായി ഒരുമിച്ച് ജീവിക്കുന്നു എന്ന വസ്തുത പ്രത്യേകമായി കണക്കിലെടുക്കുമ്പോൾ, ഇത്രയും കാലത്തിനുശേഷം വിവാഹം രജിസ്റ്റർ ചെയ്യുന്നത് നിരസിക്കുന്നതിൽ യാതൊരു അർത്ഥവും ഇല്ല എന്ന എതിർവാദവുമുണ്ട്.

2. ഹർജിക്കാർ സമർപ്പിച്ച അപേക്ഷയിൽ ധാരാളം ന്യൂനതകൾ ഉണ്ടെന്ന ആക്ഷേപം ഉന്നയിച്ചു കൊണ്ട് എതിർകക്ഷിഭാഗം അഭിഭാഷകൻ ഒരു സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയുണ്ടായി. ഹർജിക്കാരുടെ വിവാഹം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നടന്നിട്ടുള്ളതിനാൽ, പ്രസ്തുത വിവാഹം ചട്ടം 9-ന്റെ ഉപചട്ടം (3)-നു വിധേയമായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ പിഴ ഒടുക്കുന്നതിന്മേൽ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളു. മേൽപ്പറഞ്ഞ നടപടിക്രമം പാലിച്ചതിനുശേഷം ഹർജിക്കാർ അപേക്ഷ വീണ്ടും സമർപ്പിക്കുകയാണെങ്കിൽ എതിർകക്ഷി ആയതു പരിഗണിക്കുന്നതാണെന്ന് അദ്ദേഹം ഉറപ്പ് നൽകുന്നുമുണ്ട്.

3. തർക്കിക്കുന്ന കക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ വാദം കേട്ടു. മുമ്പ് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ചട്ടങ്ങളിലെ 10-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു. അപ്രകാരമുള്ള വിവാഹങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി അതിൽ പറഞ്ഞിട്ടുള്ള പിഴ ഒടുക്കുന്നതിന്മേൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഹർജിക്കാരുടെ വിവാഹം ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്നിട്ടുള്ളതിനാൽ, അവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി പ്രസ്തുത നടപടിക്രമങ്ങളാണ് പാലിക്കേണ്ടിയിരുന്നത്.

4. ഹർജിക്കാർ ഭാര്യാഭർത്താക്കന്മാരായി അന്നുമുതൽ ഒരുമിച്ച് ജീവിച്ച് വരുന്നതിനാലും വിവാഹത്തിന് തടസ്സമായി ശാരീരികമായി പ്രായപൂർത്തിയായിട്ടില്ല എന്ന വസ്തുത രണ്ടാം എതിർകക്ഷി ഉന്നയിച്ചിട്ടില്ലാത്തതിനാലും ഹർജിക്കാരി വിവാഹസമയത്ത് പ്രായപൂർത്തി ആയിട്ടില്ലായിരുന്നു എന്നുള്ള വസ്തുത ഹർജിക്കാരെ അവരുടെ വിവാഹം രജിസ്റ്റർ ചെയ്തുകിട്ടുന്നതിന് അർഹരല്ലാതാക്കുന്നില്ല. മറിച്ച്, രണ്ടാം ഹർജിക്കാരി ഒന്നാം ഹർജിക്കാരനോടൊപ്പം ജീവിച്ചുപോരുന്നത് സൂചിപ്പിക്കുന്നത് ശാരീരികമായി പ്രായപൂർത്തിയാകൽ എന്ന

വസ്തുത വിവാഹത്തിന് അനുകൂലമായ ഒരു ഘടകമായി സ്വീകരിച്ചു എന്നതാണ്. അവൾ ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. വിവാഹബന്ധം നിലനിൽക്കുന്നതിനാൽ ചട്ടങ്ങളിലെ 10-ാം ചട്ടത്തിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യുന്നത് മാത്രമാണ് ഉചിതമായിട്ടുള്ളത്.

അതിനാൽ, ചട്ടങ്ങളിലെ 10-ാം ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചതിനുശേഷം ഒരു പുതിയ അപേക്ഷ സമർപ്പിക്കുവാൻ ഹർജിക്കാരോട് നിർദ്ദേശിച്ചുകൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു. അപ്രകാരമുള്ള ഒരു അപേക്ഷ സമർപ്പിച്ചാൽ എതിർകക്ഷി ആയത് നിയമാനുസൃതം പരിഗണിക്കേണ്ടതും എത്രയുംവേഗം അതിന്മേൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ചീഫ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ*

*ബഹു. ജസ്റ്റിസ് എ. എം. ഷഫീഖ്*

**കേരള സർക്കാർ**

അഭി

**ഫ്രാൻസിസ്**

**റിട്ട് അപ്പീൽ നമ്പർ 425/2010**

2012 നവംബർ 1-ാം തീയതി വിധി പ്രസ്താവിച്ചത്

**വിധിന്യായം**

**സർവ്വീസ്—ജനനതീയതി തിരുത്തൽ—30-12-91 തീയതിയിലെ സ.ഉ. (പി) നമ്പർ 45/91/പി&എആർഡി— അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖ എസ്.എസ്.എൽ.സി. ബുക്ക് അല്ലെങ്കിൽ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ നൽകിയ ജനന സർട്ടിഫിക്കറ്റോ മറ്റേതെങ്കിലും സമാനമായ രേഖയോ ആകാവുന്നതാണ്—ഓരോ സംഗതിയിലും എസ്.എസ്.എൽ.സി. ബുക്ക് ഹാജരാക്കേണ്ട ആവശ്യമില്ല.**

സർക്കാർ അഭിഭാഷകന്റെയും അതുപോലെ എതിർകക്ഷിയുടെ അഭിഭാഷകന്റെയും വാദം കേട്ടു.

2. സിംഗിൾ ജഡ്ജി മുമ്പാകെ സർവ്വീസ് രേഖയിൽ തന്റെ ജനനതീയതി തിരുത്തികിട്ടണമെന്ന് ആവശ്യപ്പെട്ടിരുന്ന റിട്ട് ഹർജിക്കാരൻ ആണ് ഇതിലെ എതിർകക്ഷി. ഇതിലെ എതിർകക്ഷി എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടർ ആയി ജോലിയിൽ പ്രവേശിച്ചു എന്നുളളതിനും ഇപ്പോൾ എക്സൈസ് കമ്മീഷണറായി അതതു സമയങ്ങളിൽ അദ്ദേഹത്തിന് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് എന്നുളളതിനും തർക്കം ഇല്ല. അദ്ദേഹത്തിന്റെ യഥാർത്ഥ ജനനതീയതി 25-12-1956 ആയിരുന്നെങ്കിലും സർവ്വീസിൽ പ്രവേശിച്ച സമയത്ത് 30-11-1956 എന്നാണ് ജനനതീയതിയായി നൽകിയിരുന്നത്. ഇത് സംബന്ധിച്ച്, 1991-ൽ സർവ്വീസ് രേഖയിലെ ജനനതീയതി തിരുത്തികിട്ടണമെന്ന് അപേക്ഷിച്ചുകൊണ്ട്



GCPT. 34/4787/2013/TP.

എക്സിബിറ്റ്-പി.5. അപേക്ഷ 1-12-1992-ൽ സമർപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ, 20-11-1991-ൽ എക്സിബിറ്റ്-പി 1 പ്രകാരം മാമോദിസ സർട്ടിഫിക്കറ്റിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് എസ്.എസ്.എൽ.സി. ബുക്കിലെ ജനനതീയതി തിരുത്തിക്കിട്ടുന്നതിനായുള്ള പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയോടൊപ്പം, അദ്ദേഹം സമർപ്പിക്കുകയുണ്ടായി. 20-1-1992 തീയതിയിലെ എക്സിബിറ്റ്-പി 2 പ്രകാരം എസ്.എസ്.എൽ.സി ബുക്കിലെ ജനനതീയതി തിരുത്തിക്കിട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം സർക്കാർ മാപ്പാക്കിയിരുന്നു എന്നതും തർക്കമില്ലാത്ത വിഷയമാണ്.

3. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് സർവ്വീസ് രേഖയിലെ ജനനതീയതി തിരുത്തുന്നതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരുന്ന ചട്ടം ഒരു സർക്കാർ ഉദ്യോഗസ്ഥൻ വിരമിക്കുന്നതിന് രണ്ട് വർഷങ്ങൾക്ക് മുമ്പ്, സർവ്വീസ് രേഖയിലെ ജനനതീയതിയിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടാൻ കഴിയും എന്നുള്ളതായിരുന്നു. എന്നാൽ, എക്സിബിറ്റ്-പി 4-ലുള്ള 30-12-1991-ലെ ഉത്തരവ് മുഖേന ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളതും, സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് രേഖയിലെ ജനനതീയതി തിരുത്തികിട്ടുന്നതിനുള്ള മുഴുവൻ നടപടിക്രമങ്ങളും പരിഷ്കരിച്ചിട്ടുള്ളതുമാണ്. എക്സിബിറ്റ്-പി 4 പ്രകാരം, ഒരു സർക്കാർ ഉദ്യോഗസ്ഥന് സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ സർവ്വീസ് ബുക്കിലെ ജനനതീയതി തിരുത്തികിട്ടണമെന്ന് ആവശ്യപ്പെടാൻ കഴിയുന്നതാണ്. സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവ് ഇതിനകം പൂർത്തീകരിച്ചതും, ജനനതീയതിയിൽ തിരുത്തൽ വരുത്തേണ്ടതുമായ സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു ഇളവ് കൂടി അനുവദിച്ചിട്ടുണ്ട്. അതായത്, സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് രണ്ട് വർഷങ്ങൾക്ക് മുമ്പ് അവർ അപേക്ഷിച്ചിരിക്കണം എന്ന വ്യവസ്ഥയോടെ എക്സിബിറ്റ്-പി 4 സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തേക്ക് അപ്രകാരമുള്ള തിരുത്തലുകൾ ആവശ്യപ്പെടാൻ കഴിയും.

4. നിലവിലുള്ള ഈ കേസ്സിൽ, യഥാർത്ഥത്തിൽ, സർവ്വീസ് ബുക്കിൽ ജനനതീയതിയിലെ തെറ്റ് തിരുത്തികിട്ടുന്നതിനായി 1-12-1992 തീയതിയിലെ എക്സിബിറ്റ്-പി 5 പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചപ്പോൾ എസ്.എസ്.എൽ.സി. ബുക്കിനെ സംബന്ധിച്ചിടത്തോളം അതിലെ ജനനതീയതിയിൽ തിരുത്തൽ

വരുത്തിയിട്ടില്ലാത്തതിനാൽ തിരുത്തൽ വരുത്തിയ എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം അനുബന്ധമായി ഹാജരാക്കിയിട്ടില്ലായിരുന്നു. റിട്ട് ഹർജിക്കാരന്റെ വാദപ്രകാരം അദ്ദേഹം 20-11-1991-ൽ ഒരു അപേക്ഷ സമർപ്പിക്കുകയും ആ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം സർക്കാർ മാപ്പാക്കുകയും ചെയ്തിരുന്നുവെങ്കിലും മേൽപ്പറഞ്ഞ അപേക്ഷ 30-6-1997-ൽ തീർപ്പാക്കുന്നതിൽ പരീക്ഷാ കമ്മീഷണർ അദ്ദേഹത്തിന്റേതായ സമയമെടുത്തിട്ടുള്ളതും ആയത് റിട്ട് ഹർജിക്കാരന്റെ വീഴ്ചകൊണ്ടല്ലാത്തതുമാണ്. റിട്ട് ഹർജിക്കാരന്റെ വാദപ്രകാരം എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തികിട്ടിയശേഷം സർവ്വീസ് രേഖകളിൽ തിരുത്തൽ വരുത്തുന്നതിനായി അദ്ദേഹം അപേക്ഷ സമർപ്പിച്ചപ്പോൾ ആയത് വകുപ്പ് നിരസിക്കുകയുണ്ടായി. എന്നിരുന്നാലും, സമാനമായ സ്ഥിതിയിലുള്ള വ്യക്തികൾക്ക് അനുകൂലമായ ഉത്തരവ് സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലായപ്പോൾ എക്സിബിറ്റ്-പി11, എക്സിബിറ്റ്-പി 12 എന്നിവയെ ആസ്പദമാക്കിക്കൊണ്ട് എക്സിബിറ്റ്-പി 8, എക്സിബിറ്റ്-പി 9 എന്നിവയെ ചോദ്യം ചെയ്തുകൊണ്ട് മുൻപ് ഒരവസരത്തിൽ ഇദ്ദേഹം 19264/2004-ാം നമ്പർ ഹർജി ഫയൽ ചെയ്തുകൊണ്ട് കോടതിയെ സമീപിക്കുകയുണ്ടായി. എന്നാൽ, ഹർജിക്കാരന്റെ കേസ്സ്, മറ്റ് സർക്കാർ ജീവനക്കാരെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എക്സിബിറ്റ്-പി 11-ഉം പി 12-ഉം ഉത്തരവുകളുടെ വെളിച്ചത്തിൽ പുന:പരിശോധിക്കുവാൻ ഈ കോടതി സർക്കാരിന് നിർദ്ദേശം നൽകി. നിർഭാഗ്യവശാൽ, അപ്രകാരമുള്ള തിരുത്തൽ വരുത്തുന്നതിനുള്ള പ്രസക്ത രേഖയായ, തിരുത്തൽ വരുത്തിയ എസ്.എസ്.എൽ.സി. ബുക്ക് അപേക്ഷയോടൊപ്പം ഇല്ലാതിരുന്നു എന്നതിനാൽ എക്സിബിറ്റ്-പി 4 സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിക്കൊണ്ടാണ് അപേക്ഷ സമർപ്പിച്ചത് എന്ന കാരണത്താൽ എക്സിബിറ്റ്-പി 14 ഉത്തരവ് മുഖേന അദ്ദേഹത്തിന്റെ അപേക്ഷ വീണ്ടും നിരസിക്കുകയുണ്ടായി.

5. ഈ ഉത്തരവിൽ പരാതിയുള്ള റിട്ട് ഹർജിക്കാരൻ സിംഗിൾ ജഡ്ജിയെ സമീപിക്കുകയുണ്ടായി. എക്സിബിറ്റ്-പി 4-ൽ പരാമർശിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും കർശനമായി പിൻതുടർന്നുവേണം എക്സിബിറ്റ്-പി 4 നിർദ്ദേശം പാലിക്കുവാൻ എന്ന സർക്കാരിന്റെ ശക്തമായ വാദം ഉൾപ്പെടെ ഈ കാര്യത്തിലെ എല്ലാ വശങ്ങളും പരാമർശിച്ചതിനുശേഷം സർക്കാർ പരീക്ഷാ കമ്മീഷണർ

എസ്.എസ്.എൽ.സി. ബുക്കിലെ ജനനതീയതി തിരുത്തി ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആറു വർഷത്തോളം സമയം എടുത്തു എന്നും ഈ അപ്പീലിനെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള കാലതാമസത്തിന് റിട്ട് ഹർജിക്കാരൻ ഉത്തരവാദിയല്ലായിരുന്നു എന്നും അല്ലെങ്കിൽ അപ്രകാരമുള്ള കാലതാമസം വരുത്തുന്നതിനായി റിട്ട് ഹർജിക്കാരൻ യാതൊന്നും ചെയ്തിട്ടില്ലായിരുന്നു എന്നുമുള്ള കാരണത്താൽ മാത്രം സിംഗിൾ ജഡ്ജി റിട്ട് ഹർജി അനുവദിക്കുവാൻ തീരുമാനിച്ചു. വിധിന്യായത്തിന്റെ പകർപ്പ് കിട്ടിയ തീയതി മുതൽ മൂന്നു മാസത്തിനകം റിട്ട് ഹർജിക്കാരന്റെ വാദം കേട്ടതിനുശേഷം ഉചിതമായ ഒരു ഉത്തരവ് പുറപ്പെടുവിയ്ക്കുവാൻ ജഡ്ജി സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

6. ഈ വിധിന്യായത്തിൽ പരാതിപ്പെട്ടാണ് സർക്കാർ ഞങ്ങൾക്ക് മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. സർക്കാർ അഭിഭാഷകന്റെ വാദപ്രകാരം മറ്റ് സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ച എക്സിബിറ്റ്-പി 11-ഉം പി 12-ഉം സർക്കാർ ഉത്തരവുകളെ ആശ്രയിക്കുവാൻ റിട്ട് ഹർജിക്കാരന് സാധ്യമല്ലാത്തതും തെറ്റുകൾ വീണ്ടും തുടരുന്നതിനായി എക്സിബിറ്റ്-പി 11-ലും പി 12-ലും സർക്കാർ ചെയ്തിട്ടുള്ള ക്രമവിരുദ്ധമോ നിയമവിരുദ്ധമോ ആയിട്ടുള്ള കാര്യങ്ങൾ ചെയ്യണമെന്ന് നിർബന്ധിക്കുവാനോ സാദ്ധ്യമല്ല. ഗുർശരൺ സിംഗും ന്യൂഡൽഹി മുനിസിപ്പൽ കമ്മിറ്റിയും തമ്മിലുള്ള [(1996) 2 എസ്‌സിസി 459] കേസ്സിലെ വിധിന്യായത്തെ അദ്ദേഹം അടിസ്ഥാനമാക്കിയിരിക്കുന്നു. വസ്തുതകൾ പരിഗണിക്കുമ്പോൾ, സർക്കാർ അഭിഭാഷകന്റെ വാദപ്രകാരം എക്സിബിറ്റ്-പി 5 അപേക്ഷ 1-12-1992-ൽ, 30-12-1991 തീയതിയിലെ എക്സിബിറ്റ്-പി 4 ഉത്തരവിലുള്ള വിജ്ഞാപന തീയതി മുതൽ ഒരു വർഷം കഴിയുന്നതിനു മുമ്പായി സമർപ്പിച്ചിരുന്നെങ്കിലും ആയതു റിട്ട് ഹർജിക്കാരന്റെ ജനനതീയതി സംബന്ധിച്ചുള്ള തിരുത്തൽ വരുത്തിയ ഏതെങ്കിലും രേഖ സഹിതം ആയിരുന്നില്ല. ആയതിനാൽ, എക്സിബിറ്റ്-പി 4-ൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

7. സർക്കാർ അഭിഭാഷകന്റെ അഭിപ്രായത്തിൽ സർവ്വീസ് ബുക്കിലെ ജനനതീയതി തിരുത്തുന്നതിന് മുമ്പുണ്ടായിരുന്ന നടപടിക്രമങ്ങൾ പരിഷ്ക്കരിക്കാൻ കാരണം പ്രസ്തുത നടപടിക്രമത്തിൽ ധാരാളം ന്യൂനതകൾ ഉണ്ടായിരുന്നു എന്നതിനാലാണ്. ആയതിനാൽ, എക്സിബിറ്റ്-പി 4-ലുള്ള നിർദ്ദേശങ്ങൾ

കർശനമായി പാലിക്കപ്പെടേണ്ടതാണ്. മറിയാമ്മയും കേരള സർക്കാരും തമ്മിലുള്ള [1997(2) കെഎൽറ്റി 115] കേസ്സിലെ റിപ്പോർട്ട് ചെയ്തിട്ടുള്ള വിധിന്യായത്തിന് ഊന്നൽ നൽകികൊണ്ട് അദ്ദേഹം അദ്ദേഹത്തിന്റെ വാദത്തെ ബലപ്പെടുത്തുന്നു.

8. ഇതിന് എതിരായി, സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവ് കഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ ഒരു വർഷ കാലയളവിനുള്ളിൽ ഒരു അപേക്ഷ സമർപ്പിക്കാം എന്നതാണ് എക്സിബിറ്റ്-പി 4-ലുള്ള നടപടിക്രമം പറയുന്നതെന്ന് റിട്ട് ഹർജിക്കാരന്റെ/എതിർകക്ഷിയുടെ അഭിഭാഷകൻ വാദിക്കുന്നു. ആയതിനാൽ, അപേക്ഷ സമയത്ത് സമർപ്പിച്ചിട്ടുള്ളതും എക്സിബിറ്റ്-പി 1 -ലുള്ള അപേക്ഷ സർക്കാർ പരീക്ഷാ കമ്മീഷണർ സമയത്ത് തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയത് റിട്ട് ഹർജിക്കാരന്റെ തെറ്റുകൊണ്ട് അല്ലാത്തതും മറ്റാരെങ്കിലും ചെയ്ത തെറ്റ് കാരണം അദ്ദേഹത്തിന്റെ അവകാശം ആർക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. എക്സിബിറ്റ്-പി 4-ൽ പറയുന്ന പ്രകാരം ഒരിക്കൽ അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിനെ ബലപ്പെടുത്തുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുക എന്നതല്ലാതെ ഹർജിക്കാരൻ മറ്റൊന്നും ചെയ്യേണ്ടതില്ലാത്തതും ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ ഒരു വർഷത്തിനുള്ളിൽ ഹാജരാക്കിയിട്ടുണ്ടെങ്കിൽ രേഖകളുടെ ഹാജരാക്കൽ അപേക്ഷയോടൊപ്പം ആയിരിക്കേണ്ട ആവശ്യമില്ല എന്നും അദ്ദേഹം വാദിക്കുന്നു.

9. ഞങ്ങൾ സിംഗിൾ ജഡ്ജിയുടെ വിധിന്യായവും 30-12-1991-ലെ എക്സിബിറ്റ്-പി 4 ഉത്തരവും പരിശോധിച്ചു. അതിലെ പ്രസക്തമായ ഖണ്ഡങ്ങൾ 3-ഉം 4-ഉം 5-ഉം ആണ്. ആയത് ഇനി പറയും പ്രകാരമാണ്:

"3. ഉത്തമ വിശ്വാസമുള്ള കേസ്സുകളിൽ ഒരാളുടെ സർവ്വീസിന്റെ ആരംഭകാലങ്ങളിൽ തിരുത്തൽ വരുത്തുന്നതിന് ഇപ്പോഴും ഒരവസരം നൽകുവാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ ഭാരത സർക്കാർ പിൻതുടർന്നുവരുന്ന സമ്പ്രദായം സ്വീകരിക്കുന്നതിന് സർക്കാർ താൽപര്യപ്പെടുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ, ആർക്കെങ്കിലും ആവശ്യമാണെങ്കിൽ, ഇതിനുശേഷം സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം സമർപ്പിക്കേണ്ടതാണെന്ന നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് പരിഷ്ക്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. ഈ പരിധി കടന്നിട്ടുള്ള ആളുകളുടെ കാര്യത്തിൽ, സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതിയെ

അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ വിരമിക്കുന്നതിന് രണ്ട് വർഷങ്ങൾക്ക് മുമ്പ് അപേക്ഷിച്ചിരിക്കണം എന്ന വ്യവസ്ഥയോടെ, ഈ ഉത്തരവിന്റെ തീയതിമുതൽ ഒരു വർഷക്കാലം അനുവദിക്കേണ്ടതാണ്. സർവ്വീസ് ബുക്കിൽ ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ സർക്കാരിലെ ബന്ധപ്പെട്ട ഭരണ വകുപ്പിലേക്ക് മേലധികാരി വഴി അയയ്ക്കേണ്ടതാണ്.

4. അപ്രകാരമുള്ള അപേക്ഷകൾ, ഒരു സ്കൂളിൽ പഠിച്ചിട്ടുള്ള ആളുകളുടെ കാര്യത്തിൽ എസ്.എസ്.എൽ.സി./എസ്.എസ്.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി അല്ലെങ്കിൽ സ്കൂൾ രേഖകളുടെ എക്സ്ട്രാക്റ്റിൽ തിരുത്തൽ വരുത്തിയിട്ടുള്ളതും, ജനനതീയതിയിൽ കൂടുതൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട് എന്നതും സർവ്വീസ് ബുക്കിൽ ജനനതീയതി തിരുത്തുന്നതിന് ജീവനക്കാരനെ അർഹനാക്കുന്നില്ല എന്ന വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നു. ഓരോ കേസ്സും മെരിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിഗണിക്കുന്നതും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമാണ്.

5. കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷകളും സമയപരിധി സംബന്ധിച്ച വ്യവസ്ഥയിൽ അയവ് വരുത്തുന്നതിനുള്ള അപേക്ഷകളും ആദ്യമേ തള്ളിക്കളയേണ്ടതാണ്.''

10. ജനനതീയതി തിരുത്തുന്നതിനുള്ള നടപടിക്രമം ഏത് സാഹചര്യത്തിലാണ് പരിഷ്ക്കരിക്കേണ്ടത് എന്നത് ഈ കോടതി മുകളിൽ പരാമർശിച്ച മറിയാമ്മയുടെ കേസ്സിൽ അപ്രകാരമുള്ള സന്ദർഭം എന്തുകൊണ്ട് ഉണ്ടാകുന്നു എന്നും അപ്രകാരമുള്ള പരിഷ്ക്കരണത്തിന്റെ ഉദ്ദേശ്യം എന്താണെന്നും ആഴത്തിൽ പരിശോധിച്ചിട്ടുണ്ട്. ഖണ്ഡിക 8-ഉം 9-ഉം 10-ഉം പ്രസക്തമാണ്. ആയത് ഇനി പറയുംപ്രകാരമാണ്:

''8. സർക്കാർ ഉദ്യോഗസ്ഥർ, അവർ വിരമിക്കാറാകുമ്പോൾ ജനനതീയതി തിരുത്തിക്കിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന പ്രവണത തടയുന്നതിനായി സർക്കാർ 30-12-1991-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും പ്രസ്തുത സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിയ്ക്കുവാനുള്ള കാരണവും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതിന്റെ ആവശ്യകതയും ആ ഉത്തരവിൽ നിന്നും വ്യക്തമായി

ഗ്രഹിക്കാവുന്നതാണ്. സർക്കാർ ജീവനക്കാർ അവർ വിരമിക്കുന്നതിനു തൊട്ട് മുമ്പായി അവരുടെ ജനനതീയതി തിരുത്തി വാങ്ങുന്നതിനുള്ള പ്രവണത വർദ്ധിച്ചു വരുന്നതിനാലാണ് ഈ ഉത്തരവ് ആവശ്യമായി വന്നത്. ഒരാളുടെ ജനനതീയതി ഒരിക്കൽ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയാൽ ആയതിനെ തിരുത്തേണ്ട ആവശ്യമേ ഇല്ല. എന്തെന്നാൽ ആ തീയതി ആ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിന് അയാൾതന്നെ നൽകിയിട്ടുള്ളതും, ജീവനക്കാരൻ നൽകിയ തെളിവിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും ആണ്. ഒരാൾ അയാളുടെ ജീവിതകാലത്ത് പല സന്ദർഭങ്ങളിലും അയാളുടെ ജനനതീയതി ഓർമ്മിക്കുന്നു. അതായത്, എസ്.എസ്.എൽ.സി. ബുക്ക് ലഭിക്കുമ്പോൾ അല്ലെങ്കിൽ സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പ്രസക്തഭാഗം വാങ്ങുമ്പോൾ. ആധുനിക കാലത്ത്, ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുമ്പോഴോ പാസ്പോർട്ടിന് അപേക്ഷിക്കുമ്പോഴോ മറ്റുപല സന്ദർഭങ്ങളിലോ അയാൾ അയാളുടെ ജനനതീയതിയെക്കുറിച്ച് ബോധവാനാകുന്നു. ആയതിനാൽ, അങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം ഒരു ആൾ അയാളുടെ ജനനതീയതിയെക്കുറിച്ച് ബോധവാനല്ല എന്ന് പറയുവാൻ കഴിയുന്നതല്ല. ഒരാൾ ഉന്നത വിദ്യാഭ്യാസത്തിന് അപേക്ഷിയ്ക്കുമ്പോഴും വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിയ്ക്കുമ്പോഴും തന്റെ ജനനതീയതിയെക്കുറിച്ച് ബോധവാനാണ്. ധാരാളം സന്ദർഭങ്ങളിൽ വിവിധ ജോലികൾക്ക് അപേക്ഷിക്കുന്നതിന് എസ്.എസ്.എൽ.സി. ബുക്കിലെയോ കോളേജ് രേഖകളിലെയോ ജനനതീയതി വളരെ പ്രസക്തമാണ്. ചില വിജ്ഞാപനങ്ങളിൽ പ്രായപരിധി കുടി ഏർപ്പെടുത്തുന്നുണ്ട്. ചില സംഗതികളിൽ എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതിയെ അടിസ്ഥാനപ്പെടുത്തിയാണ് ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുന്നത്. പ്രായപരിധി ഉള്ളതിനാൽ ചില സംഗതികളിൽ ജീവനക്കാർ പ്രായപരിധി ഏർപ്പെടുത്തിയിട്ടുള്ള തസ്തികകളിലേക്ക് അപേക്ഷിക്കുന്നില്ല. ഉദാഹരണത്തിന്, 18-നും 25-നും ഇടയിൽ പ്രായമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചാൽ എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനതീയതിയുടെ അടിസ്ഥാനത്തിൽ പ്രായപരിധി കഴിഞ്ഞിട്ടുണ്ടെങ്കിലും അയാൾക്ക് പ്രായം പതിനെട്ടു വയസ്സിന് താഴെയാണെങ്കിലും അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ, ജനനതീയതി നിയമനത്തിന്റെ കാര്യത്തിൽ പോലും വളരെ നിർണ്ണായകമാണ്. അതിനാൽ, സ്കൂൾ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതി അടിസ്ഥാനപ്പെടുത്തി ജോലി നേടിയതിനുശേഷം സർവ്വീസ് നീട്ടിക്കിട്ടുന്നതിനുവേണ്ടി

പിന്നീട് ജനനതീയതി തിരുത്തുന്നത് നീതിക്ക് നിരക്കാത്തതും ന്യായ പൂർവ്വകമല്ലാത്തതുമാണ്. ആയതിനാൽ, സർവ്വീസ് ബുക്ക്, എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തിയ ജനനതീയതിയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തിയാൽ പ്രായപരിധിയുള്ളതു കാരണം ജീവനക്കാരന് ആ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സാധിക്കാത്ത സന്ദർഭങ്ങൾപോലും ഉണ്ടാകാം. അഡ്മിഷൻ രജിസ്റ്ററിലും അതുപോലെ എസ്.എസ്.എൽ.സി. ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതിയുടെ പ്രാധാന്യത്തെ ഇത് കാണിക്കുന്നു. എന്തെന്നാൽ ഒരു ജോലിക്കുവേണ്ടി അപേക്ഷിക്കുന്ന സമയത്ത് ഒരാളുടെ ഭാവി വ്യക്തമായി തീരുമാനിക്കുന്നത് ജനനതീയതിയാണ്.

9. ധാരാളം കേസ്സുകളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരോ സർവ്വീസിൽ തുടരുന്നവരോ ആയ ആളുകൾ അവരുടെ ഭാവി നേട്ടങ്ങളെപ്പറ്റി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ, ജൂനിയറായവർ അവർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അവരുടെ സീനിയറായവരുടെ വിരമിക്കൽ പ്രായം സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കുന്നതാണ്. ഒരാൾ, നിയമനം നേടുമ്പോൾ തന്റെ തൊട്ടു മുമ്പിലുള്ള ആളുടെ വിരമിക്കൽ പ്രായം നോക്കി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന സംഗതി അറിവില്ലാത്തതല്ല. ആയതിനാൽ, ഒരു സീനിയറായ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ സർവ്വീസിന്റെ അവസാന നാളുകളിൽ തന്റെ ജനനതീയതിയിൽ തിരുത്തൽ വരുത്തി സർവ്വീസിൽ തുടരുകയാണെങ്കിൽ അത് അദ്ദേഹത്തിന്റെ ജൂനിയറായ ആളുകളുടെ സ്ഥാനക്കയറ്റത്തിനുള്ള സാദ്ധ്യതയെയും ബാധിക്കുന്നതാണ്. സെക്രട്ടറി ആന്റ് കമ്മീഷണറും കിരുബകരണും തമ്മിലുള്ള കേസ്സിൽ [1994 എസ്‌യുപിപി.(1) എസ്‌സിസി 155] സുപ്രീംകോടതി, ഇക്കാര്യം പരിഗണിച്ചിട്ടുള്ളതാണ്.

10. മുകളിൽ പറഞ്ഞ തത്വങ്ങൾ പരിശോധിക്കുമ്പോൾ, സർക്കാർ ഉത്തരവ് കർശനമായി പാലിക്കപ്പെടേണ്ടതാണ്. 30-12-1991-ലെ സർക്കാർ ഉത്തരവ് പ്രകാരം, ജീവനക്കാരൻ സമർപ്പിക്കുന്ന ഒരു അപേക്ഷയോടൊപ്പം തിരുത്തൽ വരുത്തിയ പ്രകാരമുള്ള എസ്.എസ്.എൽ.സി./എസ്.എസ്.സി. ബുക്കിന്റെയോ സ്കൂൾ രേഖയുടെ എക്സ്ട്രാക്റ്റിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതും അങ്ങനെ സ്കൂൾ രേഖകളിൽ ജനനതീയതിയിൽ തിരുത്തൽ വരുത്തിയിട്ടു ണ്ടെന്നുള്ളതുകൊണ്ടു മാത്രം അതിനനുസരിച്ച് സർവ്വീസ് രേഖയിലും

ജനനതീയതിയിൽ തിരുത്തൽ വരുത്തിക്കിട്ടുന്നതിന് ജീവനക്കാരനെ അർഹനാക്കുന്നില്ല. ആയതിനാൽ, സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന സംഗതി മാത്രം പര്യാപ്തമല്ല. ഹർജിക്കാരൻ, അയാളുടെ കേസ്സ് തെളിയിക്കുന്നതിന് ആവശ്യമായ എല്ലാ പ്രസക്തമായ രേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഹർജിക്കാരൻ ഹാജരാക്കുന്ന ആ തെളിവുകൾ അദ്ദേഹത്തിന്റെ ജനനതീയതി സംബന്ധിച്ചുള്ള അനിഷേധ്യമായ തെളിവ് ആയിരിക്കേണ്ടതാണ്. ഹർജിക്കാരന് സർക്കാരിനു മുമ്പിൽ ഏതെങ്കിലും അപേക്ഷയോ നിവേദനമോ നൽകിയതിനുശേഷം, അതു സംബന്ധിച്ചുള്ള തെളിവ് ശേഖരിക്കുന്നതിന് പോകുവാൻ പാടുള്ളതല്ല. എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തൽ വരുത്തിയ പ്രകാരമുള്ള ജനനതീയതിയിൽ അദ്ദേഹം വിശ്വാസമർപ്പിക്കുന്നുണ്ടെങ്കിൽ, സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തിനുള്ളിൽ അത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ, തെളിവ് ശേഖരിക്കുന്നതിനും അവരുടെ ശരിയായ ജനനതീയതി തെളിയിക്കുന്നതിനും ഒരു വർഷത്തെ സമയം സർക്കാർ ജീവനക്കാരന് നൽകിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ സർവ്വീസ് രേഖകളിലെ ജനനതീയതി തിരുത്തിക്കിട്ടുന്നതിന് എന്തെല്ലാം രേഖകൾ ആവശ്യമുണ്ടോ അതെല്ലാം ഹർജിക്കാരനാണ് ഹാജരാക്കേണ്ടത്. ജനനതീയതി തിരുത്തിക്കിട്ടുന്നതിന് ഹർജിക്കാരൻ സർക്കാർ പരീക്ഷാ കമ്മീഷണർ മുമ്പാകെ യഥാസമയം അപേക്ഷിച്ചിരുന്നതായും കാലതാമസം ഉണ്ടായത് സർക്കാർ പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ ആണെന്നുമുള്ള ഹർജിക്കാരന്റെ അഭിഭാഷകന്റെ വാദത്തെ അനുകൂലിക്കാൻ, എന്റെ അഭിപ്രായത്തിൽ, കഴിയുന്നതല്ല. സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷയോടൊപ്പം എല്ലാ രേഖകളും ഹാജരാക്കിയിരിക്കേണ്ടത് ജീവനക്കാരന്റെ ഉത്തരവാദിത്വമാണ്. ആയതിനാൽ, സർക്കാർ പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ കാലതാമസം ഉണ്ടായതിനാൽ അവരുടെ അപേക്ഷ സർക്കാർ പരിഗണിക്കേണ്ടതായിരുന്നു എന്ന ഹർജിക്കാരന്റെ അഭിഭാഷകന്റെ വാദം സ്വീകാര്യമല്ല''.

11. എക്സിബിറ്റ്–പി.4 ഏത് ആവശ്യത്തിലേക്കാണ് പ്രവർത്തനത്തിൽ കൊണ്ടുവന്നത് എന്നതിന് ഊന്നൽ നൽകുമ്പോൾ എക്സിബിറ്റ്–പി.4-ന്റെ

ഗൗരവവും ആയത് പുറപ്പെടുവിച്ചതിന്റെ ഉദ്ദേശ്യവും മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ആണെന്നും ആയതിനാൽ നടപടിക്രമങ്ങളുടെ പരിഷ്ക്കരണം ലക്ഷ്യപ്രാപ്തിയിലെത്തുന്നത് എക്സിബിറ്റ്-പി.4-ൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ കർശനമായി പാലിയ്ക്കുന്നുവെങ്കിൽ മാത്രമാണെന്നും ഈ കോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആയതിനാൽ, സർവ്വീസ് ബുക്കിലെ ജനനതീയതിയിൽ തിരുത്തൽ വരുത്താൻ ആവശ്യപ്പെടുന്ന ഏതു സമയത്തും എക്സിബിറ്റ്-പി.4-ൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ട താണെന്ന് പറയേണ്ട ആവശ്യമില്ല. ജനനതീയതിയിൽ തിരുത്തൽ വരുത്തുന്നതിനു വേണ്ടി ആശ്രയിക്കുന്ന അത്യാവശ്യ രേഖകൾ ഹാജരാക്കുക എന്നത് ഒരു അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഒരു അപേക്ഷകൻ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്. സർവ്വീസിൽ പ്രവേശിച്ച സമയത്ത് ഒരു പ്രത്യേക ജനനതീയതി നൽകിയിട്ടുള്ളത് കണക്കിലെടുക്കുമ്പോൾ ഇപ്രകാരമുള്ള തിരുത്തൽ വരുത്തുന്നതിന് എന്തിനാണ് ആവശ്യപ്പെട്ടത് എന്നതിന് ഒരു രേഖ അതോടൊപ്പം അത്യാവശ്യമായി ഉണ്ടായിരിയ്ക്കേണ്ടതാണ്. അത് എസ്.എസ്.എൽ.സി. ബുക്കോ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ നൽകിയ ജനന സർട്ടിഫിക്കറ്റോ സമാനമായ മറ്റേതെങ്കിലും രേഖയോ ആകാവുന്നതാണ്. ഇക്കാരണങ്ങളാൽ, ആയത് എല്ലാ സംഗതിയിലും എസ്.എസ്.എൽ.സി. ബുക്ക് ആയിരിയ്ക്കേണ്ട ആവശ്യമില്ല. ആയത് അപേക്ഷകന് ആശ്രയിക്കുവാൻ കഴിയുന്ന വ്യത്യസ്തമായ മറ്റേതെങ്കിലും രേഖ ആയിരുന്നാലും മതി.

12. ഇപ്പോഴുള്ള കേസ്സിൽ, അപേക്ഷകൻ 1-12-1992-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാണെങ്കിലും ജനനതീയതിയിൽ തിരുത്തൽ വരുത്തണമെന്ന് സൂചിപ്പിച്ചിട്ടുള്ളതിന് ആവശ്യമായ രേഖകൾ നൽകിയിരുന്നില്ല. അദ്ദേഹം ആശ്രയിക്കുന്ന രേഖ തീർച്ചയായും എസ്.എസ്.എൽ.സി. ബുക്കാണ്. 20-11-1991-ൽ അദ്ദേഹം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും, സർക്കാർ പരീക്ഷാ കമ്മീഷണർ അപേക്ഷ തീർപ്പാക്കിയിട്ടുള്ളത് 1997-ൽ മാത്രമാണ്. ആയതിനാൽ, യഥാർത്ഥത്തിൽ എക്സിബിറ്റ്-പി.5 അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തിരുത്തിയ എസ്.എസ്.എൽ.സി. ബുക്ക് ഹാജരാക്കുക എന്നത് അപേക്ഷകന് അസാദ്ധ്യമായിരുന്നു. സർക്കാർ പരീക്ഷാ കമ്മീഷണർ അപേക്ഷ തീർപ്പാക്കിയി ട്ടുണ്ടെങ്കിലും അപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷവും എക്സിബിറ്റ്-പി.5

പ്രകാരം ജനനതീയതിയിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷം അദ്ദേഹത്തിന് ഏകദേശം 11 മാസത്തെ സമയം ഉണ്ടായിരുന്നു എന്നത് ഞങ്ങൾ ശ്രദ്ധിക്കുന്നു. 1-12-1992-ൽ തിരുത്തിയ എസ്.എസ്.എൽ.സി. ബുക്ക് അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല; എന്നാൽ, മേൽപ്പറഞ്ഞ പതിനൊന്നു മാസക്കാലയളവിനുള്ളിൽ അദ്ദേഹത്തിന്റെ അപേക്ഷ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കമ്മീഷണർക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ കോടതിയെ സമീപിക്കുന്നതിന് റിട്ട് ഹർജിക്കാരന് യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. അപ്രകാരം ചെയ്യാതെയും എക്സിബിറ്റ്-പി.4-ൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാതിരിക്കുകയും ചെയ്തതിനുശേഷം എക്സിബിറ്റുകളായ പി.11-നെയും പി.12-നെയും ആശ്രയിച്ചുകൊണ്ട് സമാനമായ പരിഗണന റിട്ട് ഹർജിക്കാരന് നൽകണമെന്ന് ആവശ്യപ്പെടാൻ അദ്ദേഹത്തിന് കഴിയുമോ. ഗുരുശരൺ സിംഗിന്റെ കേസ്സിലെ 9-ാം ഖണ്ഡിക ഇവിടെ പ്രസക്തമാണ്. ആയത് ഇനി പറയും പ്രകാരമാണ്.

"9. അതിൽ നിന്നും വ്യത്യസ്തമായി, എൻ.ഡി.എം.സി. അങ്ങനെയുള്ള സ്റ്റാൾ ഉടമകൾക്ക് ഇളവ് നൽകി എന്ന് അനുമാനിക്കാമെങ്കിലും അപ്പീൽ വാദികൾക്ക് ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം വിവേചനം ഉണ്ടായി എന്ന് പരാതിപ്പെടാൻ കഴിയുന്നതല്ല. അലോട്ട്മെന്റിലെ വ്യവസ്ഥകൾ സമ്മതിച്ചിട്ടുള്ളതുകൊണ്ട് അവരെയുംകൂടി സമാനമായ രീതിയിൽ കണക്കാക്കണമെന്ന് അവർക്ക് നിയമപരമായി ആവശ്യപ്പെടാൻ കഴിയുന്നതല്ല. നിയമത്തിന്റെ മുൻപാകെ എല്ലാ പൗരൻമാർക്കും സമത്വം ഉറപ്പ് നൽകുന്ന ഭരണഘടനയുടെ അനുച്ഛേദം 14-ന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ച് കുറച്ച് ചിന്താകുഴപ്പം ഉണ്ടെന്നു കാണുന്നു. നിയമത്തിനു മുമ്പാകെ സമത്വം എന്ന ഈ ഉറപ്പ് ഒരു യഥാർത്ഥമായ ആശയമാണ്. അതിനെ വിപരീതമായ രീതിയിൽ ഒരു വ്യക്തിയ്ക്കോ കോടതിയ്ക്കോ നടപ്പിലാക്കുവാൻ സാധിക്കുന്നതല്ല. മറ്റ് വിധത്തിൽ പറഞ്ഞാൽ, ഏതെങ്കിലും ഒരു വ്യക്തിയ്ക്കോ ഒരു കൂട്ടം വ്യക്തികൾക്കോ അനുകൂലമായി നിയമവിരുദ്ധമോ ക്രമവിരുദ്ധമോ ആയ ഒരു കാര്യം രാഷ്ട്രമോ ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിന്റെ വ്യാഖ്യാനത്തിൽ വരുന്ന ഒരു രാഷ്ട്രമായി കണക്കാക്കാവുന്ന അധികാരസ്ഥാനമോ ചെയ്തിട്ടുള്ളതാണെങ്കിൽ പോലും അങ്ങനെയുള്ള അപേക്ഷകരെ സംബന്ധിച്ചിട ത്തോളം, മറ്റുള്ളവർക്ക് നിയമ വിരുദ്ധമോ ക്രമവിരുദ്ധമോ ആയ രീതിയിൽ

നൽകിയതായാൽ പോലും അവർക്ക് ആ ആനുകൂല്യം നിഷേധിച്ചു എന്ന കാരണത്താൽ ഈ കോടതിയുടെയോ ഹൈക്കോടതിയുടെയോ ആധികാരിതയെ ഉപയോഗപ്പെടുത്താവുന്നതല്ല. അപ്രകാരമുള്ള പരാതിക്കാർക്ക് ഇങ്ങനെയുള്ള ഉത്തരവ് ലഭിക്കുവാൻ അർഹതയില്ലാത്തവർക്ക് നൽകിയതായി പറയുന്ന ആ ഉത്തരവിന്റെ സാധുതയെ ചോദ്യം ചെയ്യാവുന്നതാണ്. എന്നാൽ, മറ്റുള്ളവർ അനർഹമായി നേടിയ ഉത്തരവുകൾ അവർക്ക് അനുകൂലമായി നിയമം അനുവദിയ്ക്കാതിരിക്കുമ്പോൾ നിയമത്തിനു മുൻപിൽ എല്ലാവരും സമൻമാരാണ് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ അവർക്കും അത് അനുവദിച്ചുകിട്ടണം എന്ന് ആവശ്യപ്പെടാൻ കഴിയുന്നതല്ല. ഭരണഘടനയുടെ അനുച്ഛേദം 14 എന്ന സമത്വഖണ്ഡത്തിൽ ഈ ആശയം ഉൾക്കൊള്ളിക്കുകയോ നിയമത്തിനു മുൻപാകെ സമത്വം എന്ന അവകാശം നടപ്പിലാക്കുന്നതിനു ഭരണഘടനയുടെ അനുച്ഛേദം 226 ഹൈക്കോടതിയെ അധികാരപ്പെടുത്തുകയോ ചെയ്യുന്നില്ല. അപ്രകാരമുള്ള അവകാശങ്ങൾ അനുവദിച്ചാൽ സമാനമായ ആനുകൂല്യം ക്രമവിരുദ്ധമായ നടപടികളിലൂടെയും നിയമപരമല്ലാത്ത ഉത്തരവിലൂടെയും മറ്റുള്ളവർക്കുകൂടി നൽകുന്നതിനും ആയത് തുടരുന്നതിനും ശാശ്വതമാക്കുന്നതിനുമുള്ള നിർദ്ദേശം നൽകുന്നതിന് കാരണമാകുന്നതാണ്. സമത്വ ഖണ്ഡത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ആവശ്യം അനുവദിക്കുന്നതിനു മുമ്പായി, പരാതിക്കാരൻ അയാളുടെ ആവശ്യം നീതിപൂർവ്വവും നിയമപരവും ആണെന്നും അത് അദ്ദേഹത്തിന് നിഷേധിച്ചുവെന്നും മറ്റുള്ളവർക്ക് അത് നൽകിയിട്ടുണ്ടെന്നും ഈ നടപടിയിൽ വിവേചനം ഉണ്ടെന്നും സ്ഥാപിയ്ക്കേണ്ടതാണ്. 98 സ്റ്റാൾ ഉടമകളിൽ ആരെയും റിട്ട് ഹർജിയിൽ കക്ഷിചേർത്തിട്ടില്ല. അപ്പീൽ വാദികൾ അലോട്ട്മെന്റിന്റെ സാധുതയെ ചോദ്യം ചെയ്ത 98 സ്റ്റാൾ ഉടമകളെയും റിട്ട് ഹർജിയിൽ കക്ഷിചേർത്തു. പഞ്ച്കിയൻ റോഡിലെ സ്റ്റാൾ ഉടമകൾക്ക് വാണിജ്യമേഖലാ നിയന്ത്രണങ്ങൾ ഇല്ലാതെ അനുകൂലമായി കുറഞ്ഞ നിരക്കിൽ 98 കടകൾ അനുവദിച്ചതിന്റെ സാധുതയെ അപ്പീൽ വാദികൾ ചോദ്യം ചെയ്തു. എന്നാൽ, അവർ ഒന്നാമതായി ആവശ്യപ്പെട്ടത് എന്തെന്നാൽ ലൈസൻസ് ഫീസ് ഇളവും വാണിജ്യ മേഖലാ നിയന്ത്രണ ഇളവും സംബന്ധിച്ച അതേ ആനുകൂല്യം അവർക്കുംകൂടി നൽകണം എന്നതാണ്. ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൽ വിഭാവനം ചെയ്ത പ്രകാരം നിയമത്തിന് മുൻപാകെ സമത്വം എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി അവർക്കനുകൂലമായി അങ്ങനെയുള്ള ഏതെങ്കിലും അവകാശം അനുവദിക്കാവുന്നതല്ല.''

13. മുകളിൽ പറഞ്ഞ വിധിന്യായം വായിക്കുമ്പോൾ, മുൻപ് ഒരവസരത്തിൽ നിയമപരമായ ഉത്തരവോ തീരുമാനമോ ഉണ്ടെങ്കിൽ പോലും അധികാരസ്ഥാനം ആ തെറ്റ് എപ്പോഴും തുടരുമെന്ന് ഒരാൾക്ക് പ്രതീക്ഷിക്കുവാൻ കഴിയുന്നതല്ല എന്നത് വളരെ വ്യക്തമാണ്. എക്സിബിറ്റ്-പി.4-ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചതിന്റെ വെളിച്ചത്തിൽ എക്സിബിറ്റ്-പി.11-ഉം പി.12-ഉം പ്രകാരം അവർ ചെയ്തിട്ടില്ലെങ്കിൽ കൂടി എക്സിബിറ്റ്- പി.4-ലെ 4-ഉം 5-ഉം ഖണ്ഡ പ്രകാരം അപ്പീൽ അധികാരികൾക്ക് തടസ്സം ഉണ്ടാകുമായിരുന്നില്ല. അക്കാരണത്താൽ, റിട്ട് ഹർജിക്കാരന്, അദ്ദേഹത്തിന്റെ അപേക്ഷയിൽ തുല്യ പരിഗണന ലഭിക്കണമെന്ന് ആവശ്യപ്പെടാൻ കഴിയുന്നതല്ല. ഇക്കാരണത്താൽ, ഞങ്ങളുടെ അഭിപ്രായത്തിൽ എക്സിബിറ്റ്-പി.5 അപേക്ഷയുമായി അധികാരസ്ഥാനങ്ങളെ സമീപിക്കുന്നതിനു മുമ്പായി അദ്ദേഹത്തിന് എസ്.എസ്.എൽ.സി. ബുക്കിലെ ജനനതീയതി തിരുത്തിക്കിട്ടുന്നതിന് ആവശ്യമായ സമയം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം അപ്രകാരം ചെയ്യുകയുണ്ടായില്ല. ആയതിനാൽ, എക്സിബിറ്റ്- പി.4-ലെ 4-ഉം 5-ഉം ഖണ്ഡങ്ങൾ കർശനമായി പാലിക്കാതിരുന്നതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, സിംഗിൾ ജഡ്ജി നിർദ്ദേശിച്ചതുപോലെയുള്ള യാതൊരു ആനുകൂല്യങ്ങൾക്കും അദ്ദേഹം അർഹനല്ല. അതനുസരിച്ച്, സിംഗിൾ ജഡ്ജിയുടെ വിധിന്യായം അസ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളതാണ് എന്നതാണ് ഞങ്ങളുടെ അഭിപ്രായം.

ആയതിനാൽ, അപ്പീൽ അനുവദിച്ചുകൊണ്ട് സിംഗിൾ ജഡ്ജിയുടെ വിധിന്യായം അസ്ഥിരപ്പെടുത്തുന്നു.



GCPT. 34/4787/2013/TP.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹുമാനപ്പെട്ട ജസ്റ്റിസ് റ്റി. ആർ. രാമചന്ദ്രൻനായർ*

**ജസ്റ്റിസ് (റിട്ടയേർഡ്) സി. എൻ. രാമചന്ദ്രൻനായർ**

**അഭി**

**കേരള ബാർ കൗൺസിൽ**

**ഡബ്ളിയു.പി.(സി) നമ്പർ 29342/2012**

2012 ഡിസംബർ 12-ാം തീയതി വിധി പ്രസ്താവിച്ചത്

**1975-ലെ ഇൻഡ്യൻ ബാർ കൗൺസിൽ ചട്ടങ്ങൾ—1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് 30-ാം വകുപ്പ്—ഭാരതത്തിന്റെ ഭരണഘടന അനുച്ഛേദം 220(2)—കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ന്യായാധിപന്, അദ്ദേഹത്തിന് പ്രാക്ടീസ് ചെയ്യുവാൻ അർഹമായ മറ്റേതെങ്കിലും സംസ്ഥാന കൗൺസിലിന്റെ രജിസ്റ്ററിൽ (റോളിൽ) ഒരഭിഭാഷകനായി പേര് ചേർക്കുന്നതിന് കേരള ബാർ കൗൺസിലിന്റെ അനുമതി ആവശ്യമില്ല.**

**വിധിന്യായം**

ഈ കോടതിയിൽ നിന്നും 1-10-2012-ന് വിരമിച്ചിട്ടുള്ള ഒരു മുൻന്യായാധിപനായ ഹർജിക്കാരനാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. കേരള ബാർ കൗൺസിൽ പുറപ്പെടുവിച്ച എക്സിബിറ്റ് പി.3 അറിയിപ്പിനെയാണ് ചോദ്യം ചെയ്തിരിക്കുന്നത്. ഭാരതത്തിന്റെ ഭരണഘടനയുടെ 220(2)-ാം അനുച്ഛേദവും 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിലെ 30-ാം വകുപ്പും കൂട്ടിച്ചേർത്ത് വായിച്ച പ്രകാരം ഹർജിക്കാരന് പ്രാക്ടീസ് ചെയ്യുവാൻ അർഹമായ ഭാരതത്തിലെ കോടതികളിൽ ഒരു സീനിയർ അഭിഭാഷകനായി പ്രാക്ടീസ് പുനരാരംഭിക്കുന്നതിന് അദ്ദേഹത്തിന് അവകാശമുണ്ടെന്നും ഭാരതത്തിന്റെ ഭരണഘടനയുടെ 220(2)-ാം അനുച്ഛേദവും 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിലെ 30-ാം വകുപ്പും കൂട്ടിച്ചേർത്ത് വായിച്ച പ്രകാരം

ഹർജിക്കാരന് പ്രാക്ടീസ് ചെയ്യുവാൻ അർഹമായ ഭാരതത്തിലെ കോടതികളിൽ ഒരു സീനിയർ അഭിഭാഷകനായി പ്രാക്ടീസ് പുനരാരംഭിക്കുന്നതിന് ഒരു മുൻഉപാധി എന്ന നിലയിൽ എതിർ കക്ഷിയിൽ നിന്നും എന്തെങ്കിലും അനുവാദം വാങ്ങിക്കേണ്ട ആവശ്യകത ഇല്ലെന്നും പ്രഖ്യാപിക്കുന്നതിനുവേണ്ടി അപേക്ഷിച്ചുകൊണ്ടുള്ളതാണ് മറ്റൊരു ആവശ്യം.

2. 27-11-2012-ലെ എക്സിബിറ്റ് പി. 2 പ്രകാരം ബഹു. സുപ്രീംകോടതിയിലെ ഒരു സീനിയർ അഭിഭാഷകനായി ഹർജിക്കാരനെ സ്ഥാന നിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ഹർജിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് മുമ്പായി, ബഹു. സുപ്രീംകോടതി മുമ്പാകെ ഒരു അഭിഭാഷകനായി പ്രാക്ടീസ് പുനരാരംഭിക്കുന്നതിനുള്ള ഉദ്ദേശ്യം അറിയിച്ചുകൊണ്ട് ഹർജിക്കാരൻ എതിർകക്ഷിക്ക് എക്സിബിറ്റ് പി.1 കത്ത് അയയ്ക്കുകയുണ്ടായി. സംസ്ഥാന റോളിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള ഓരോ അഭിഭാഷകനും 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് ബാധകമാകുന്ന പ്രദേശങ്ങളിലൊട്ടാകെ പ്രാക്ടീസ് ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത ആക്റ്റിലെ 30-ാം വകുപ്പിനെയാണ് ഹർജിക്കാരൻ ആശ്രയിച്ചത്. വിരമിച്ച ഒരു ന്യായാധിപനെ അദ്ദേഹം ഹൈക്കോടതി ജഡ്ജി ആയിരുന്ന സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതു തടയുന്നത് വ്യവസ്ഥ ചെയ്യുന്ന ഭാരതത്തിന്റെ ഭരണഘടനയിലെ 220(2)-ാം അനുച്ഛേദത്തെയും ആശ്രയിച്ചിട്ടുണ്ട്. മേൽപറഞ്ഞ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് കേരള ഹൈക്കോടതി ഒഴികെയുള്ള വിവിധ ഹൈക്കോടതികളിലും സുപ്രീംകോടതിയിലും ഒരു അഭിഭാഷകനായി പ്രാക്ടീസ് പുനരാരംഭിക്കുന്നതിനുള്ള ഉദ്ദേശ്യം ഹർജിക്കാരൻ അറിയിച്ചത് എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

3. കേരള ബാർ കൗൺസിൽ സെക്രട്ടറി, പ്രാക്ടീസ് പുനരാരംഭിക്കുന്നതിനുള്ള അപേക്ഷ ഈ ഘട്ടത്തിൽ അനുവദിക്കാൻ കഴിയുന്നതല്ല എന്ന വിവരം എക്സിബിറ്റ് പി.3 മുഖേന അറിയിക്കുകയും എൻറോൾമെന്റ് സർട്ടിഫിക്കറ്റിൻെറ അസ്സലും 3-10-2012-ാം തീയതിയിലെ പതിനായിരം രൂപയുടെ ചെക്കും തിരിച്ചയയ്ക്കുകയും ചെയ്തു.

4. നോട്ടീസ് ലഭിച്ചതിനുശേഷം ബാർ കൗൺസിലിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ, കേരള ബാർ കൗൺസിൽ സെക്രട്ടറിയുടെ ഒരു സത്യവാങ്മൂലം ഫയൽ ചെയ്യുകയുണ്ടായി.

5. ഹർജിക്കാരനുവേണ്ടി ഹാജരാകുന്ന സീനിയർ അഭിഭാഷകൻ ശ്രീ. എ. കെ. ജയശങ്കർ നമ്പ്യാരുടേയും എതിർകക്ഷിക്കുവേണ്ടി ഹാജരാകുന്ന ശ്രീ. എം. കെ. ദാമോദരൻെറയും വാദം കേട്ടു.

6. ഏതൊരു ഹൈക്കോടതിയിലേയും മുൻന്യായാധിപന്മാരെ സംബന്ധിച്ചിടത്തോളം, ഇൻഡ്യൻ ബാർ കൗൺസിൽ ചട്ടങ്ങളുടെ ഭാഗം II അദ്ധ്യായം VIII പ്രകാരം, "ഭാരതത്തിലെ ഏതെങ്കിലും ഹൈക്കോടതിയിൽ ഒരു ന്യായാധിപനായി ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുള്ള ഏതൊരാളിനും വിരമിച്ചതിനുശേഷം, അദ്ദേഹത്തിന് പ്രാക്ടീസ് ചെയ്യുവാൻ അർഹതയുള്ള ഏതൊരു സംസ്ഥാന കൗൺസിലിൻെറ റോളിലും ഒരു അഭിഭാഷകനായി പേര് ചേർക്കാവുന്നതാണ്" എന്ന് ഒരു വ്യവസ്ഥയുണ്ടെന്ന് ബാർ കൗൺസിലിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ശ്രീ എം. കെ. ദാമോദരൻ വാദിച്ചു. ആയതിനാൽ, ഹർജിക്കാരൻ എൻറോൾമെന്റ് ഡൽഹി ബാർ കൗൺസിലിലേക്ക് മാറ്റുന്നതിനുള്ള ഒരപേക്ഷ കേരള ബാർ കൗൺസിലിനെ അറിയിച്ചുകൊണ്ട് ഇൻഡ്യൻ ബാർ കൗൺസിലിൽ സമർപ്പിക്കേണ്ടതായിരുന്നു. പ്രസ്തുത ചട്ടം മാത്രമെ ബാധകമാകുകയുള്ളു എന്ന് ഹർജിക്കാരനു വേണ്ടിയുള്ള സീനിയർ അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

7. എതിർ സത്യവാങ്മൂലത്തിലെ 10-ഉം 15-ഉം ഖണ്ഡികകളിലെ പ്രസ്താവനകളുടെ വെളിച്ചത്തിൽ എതിർകക്ഷിയായ ബാർ കൗൺസിലിൻെറ യാതൊരു അനുവാദവും ആവശ്യമില്ലാത്തതാണെന്നും ഹർജിക്കാരന് ആവശ്യമാണെങ്കിൽ, എൻറോൾമെന്റ് ഡൽഹി ബാർ കൗൺസിലിലേക്ക് മാറ്റുന്നതിനുവേണ്ടി, കേരള ബാർ കൗൺസിലിനെ അറിയിച്ചുകൊണ്ട് ഇന്ത്യൻ ബാർകൗൺസിൽ മുമ്പാകെ ഉചിതമായ ഒരു അപേക്ഷ ഫയൽ ചെയ്യാവുന്നതാണെന്നും കാണുന്നു.

മുകളിൽപ്പറഞ്ഞ നിരീക്ഷണത്തോടുകൂടി ഈ റിട്ട് ഹർജി തീർപ്പാക്കുന്നു.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ*

*ബഹു. ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള*

**സെൽവരാജ്**

**അഭി**

**വാസുദേവൻ ബാലകൃഷ്ണൻ**

**ഒ. പി. (സി) നമ്പർ 2711/2011**

2012 ഡിസംബർ 6-ാം തീയതി വിധി പ്രസ്താവിച്ചത്

**സിവിൽ നടപടി നിയമ സംഹിത, 1908, 141-ാം വകുപ്പും ഓർഡർ XXIII റൂൾ.1—സിവിൽ റൂൾസ് ഓഫ് പ്രാക്ടീസ് (കേരള), ഒരു വ്യവഹാരത്തിൽ നിന്നും പിൻമാറുന്നതിനുള്ള അപേക്ഷയിൻമേലുള്ള നോട്ടീസ് ആ വ്യവഹാരത്തിൽ ഹാജരായിട്ടുള്ള എല്ലാ കക്ഷികൾക്കും നൽകേണ്ടതാണ്.**

**വിധിന്യായം**

ഒരു പ്രമാണം അസ്ഥിരപ്പെടുത്തുന്നതിനും വസ്തു ഭാഗം ചെയ്യുന്നതിനുമുള്ള ഒരു വ്യവഹാരത്തിലെ 26-ഉം 27-ഉം പ്രതികളാണ് അപ്പീൽ വാദികൾ. അവർ 3-ാം പ്രതിയുടെ തീറുകാരായിരുന്നു എന്നാരോപിച്ച് വാദി അവരെ കക്ഷിചേർത്തിട്ടുള്ളതാണ്. വ്യവഹാരം എക്സ്-പാർട്ടിയായി വിധിയായപ്പോൾ, എക്സ്-പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് അവർ അപേക്ഷ നൽകി. അപ്രകാരമുള്ള അപേക്ഷ നൽകുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നും അവർ അപേക്ഷിച്ചു. വാദിഭാഗം അഭിഭാഷകൻ കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതുപേലെ എക്സ്-പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷിക്കുന്നതിലുണ്ടായ കാലതാമസം 1700 ദിവസത്തിൽ കൂടുതലാണെന്നുള്ളത് ശരിയാണ്.

2. എന്നിരുന്നാലും, ഭരണഘടനയിലെ 227-ാം അനുച്ഛേദപ്രകാരം ഈ ഒറിജിനൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ള 26-ഉം 27-ഉം പ്രതികളുടെ ഇപ്പോഴത്തെ പരാതി വാസ്തവത്തിൽ കാലതാമസം മാപ്പാക്കുന്നതിനും എക്സ്-പാർട്ടി വിധി



GCPT. 34/4787/2013/TP.

അസ്ഥിരപ്പെടുത്തുന്നതിനുമുള്ള ബന്ധപ്പെട്ട അപേക്ഷയിന്മേൽ അവരുടെ വാദം കേൾക്കുകയുണ്ടായില്ല എന്നതാണ് എന്ന വസ്തുത നിലനിൽക്കുന്നു. വളരെയധികം കാലങ്ങൾക്കുശേഷം അവരുടെ അപേക്ഷകൾ ''പിൻവലിച്ചു'' എന്ന് കാണിച്ച് തള്ളിയിരിക്കുന്നതായിട്ടാണ് അവർക്ക് കാണാൻ കഴിഞ്ഞത് എന്ന് അവർ വാദിക്കുന്നു. എക്സ്-പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിനും കാലതാസം മാപ്പാക്കുന്നതിനുമുള്ള അപേക്ഷകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളിന്മേൽ പ്രസ്തുത അപേക്ഷകൾ പിൻവലിച്ചതായിട്ടുള്ള എന്തെങ്കിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല. അതുമാത്രമല്ല, രേഖകൾ പരിശോധിച്ചതിൽ നിന്നും നിലവിലെ കേസ്സിൽ ബാറിലെ അംഗങ്ങൾക്ക് എതിരായി പോലും ഗുരുതരമായ ആരോപണങ്ങൾ ഉള്ളതായി ഞങ്ങൾ കാണുന്നു. പ്രത്യേകിച്ചും, ഈ കേസ്സിലെ ഭൂരിഭാഗം കക്ഷികളും അഭിഭാഷകരാണ് എന്നതിനാലും.

3. 26/68-ാം നമ്പർ പരിപത്രത്തിലേക്കും കണ്ണനും ലക്ഷ്മിയും (1970 കെഎൽറ്റി 731) തമ്മിലുള്ള കേസ്സിൽ ഈ കോടതിയുടെ വിധിന്യായത്തിലേക്കും ഹർജിക്കാരുടെ (26-ഉം, 27-ഉം പ്രതികൾ) അഭിഭാഷകൻ പരാമർശം നടത്തുകയുണ്ടായി. ആ കേസ്സിൽ അന്നത്തെ ജസ്റ്റിസ്സായിരുന്ന വി. ആർ. കൃഷ്ണയ്യർ, പ്രസ്തുത കേസ്സ് 'ദ്രോഹത്തെ'പ്പറ്റി (mischief) വിവരിക്കുന്ന ഒരു കേസ്സാണിതെന്ന് രേഖപ്പെടുത്തുകയുണ്ടായി. ദ്രോഹത്തെ സംബന്ധിച്ച് മുകളിൽപ്പറഞ്ഞ സർക്കുലർ, കോടതി നടപടികൾക്കിടയിൽ അഭിഭാഷകർ സമ്മതമോ സമ്മതിച്ചു നൽകലോ നടത്തുമ്പോൾ കീഴ്ക്കോടതികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ചുള്ളതാണ്.

4. അങ്ങനെയായിരുന്നാലും, മറ്റ് ചില പ്രസക്തമായ നിയമ പ്രശ്നങ്ങൾ ഞങ്ങൾക്ക് പരിഗണിക്കേണ്ടതായിട്ടുണ്ട്.

5. സിവിൽ നടപടി നിയമസംഹിതയിൽ വ്യവസ്ഥചെയ്തിട്ടുള്ള വ്യവഹാരങ്ങളെ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ, ബാധകമാക്കാൻ കഴിയുന്നിടത്തോളം, സിവിൽ അധികാരിതയുള്ള ഏതൊരു കോടതിയിലേയും എല്ലാ നടപടിക്രമങ്ങളിലും പാലിക്കേണ്ടതാണെന്ന് 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ 'നിയമസംഹിത') 141-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഓർഡർ IX-ലെ 13-ാം ചട്ടപ്രകാരമുള്ള അപേക്ഷയും എക്സ്-പാർട്ടി വിധി അസ്ഥിരപ്പെടുത്തു ന്നതിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട കാലഹരണ ആക്റ്റിലെ 5-ാം വകുപ്പ്

പ്രകാരമുള്ള അപേക്ഷയും സിവിൽ നടപടി നിയമസംഹിതയിലെ 141-ാം വകുപ്പിന്റെ പരിധിയിൽ വരുന്ന നടപടികളാണ്. ഓർഡർ XXIII-ലെ 1-ാം ചട്ടത്തിലേക്ക് വരുമ്പോൾ, ഉന്നയിക്കുന്ന ഏതെങ്കിലും ആവശ്യം ഉപേക്ഷിക്കലോ പിൻവലിക്കലോ (ഈ കേസ്സിൽ എക്സ്-പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിനുള്ള ആവശ്യം ഉന്നയിക്കുന്ന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിയതിനുശേഷം പ്രസ്തുത വിധി അസ്ഥിരപ്പെടുത്തുന്നതിനുള്ള ആവശ്യം ഉന്നയിക്കൽ) മറ്റ് കക്ഷികൾക്ക് നോട്ടീസ് നൽകിയതിനുശേഷം മാത്രമേ ചെയ്യുവാൻ കഴിയുമായിരുന്നുള്ളു. ഓർഡർ XXIII-ലെ 1-ാം ചട്ടത്തിന്റെ പശ്ചാത്തലത്തിൽ, ഒരു വ്യവഹാരം പിൻവലിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയിന്മേലുള്ള നോട്ടീസ് അപ്പീലിലെ എല്ലാ കക്ഷികൾക്കും നൽകണമെന്ന് അനുശാസിക്കുന്ന കേരള സിവിൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 148-ാം ചട്ടത്തെ സംബന്ധിച്ച് പരാമർശിക്കുന്നത് ഉചിതമാണ്. ഈ വ്യവസ്ഥകളുടെ സാരാംശം എന്തെന്നാൽ കോടതിയിൽ നിന്നും ഒരു അപേക്ഷ പിൻവലിക്കുന്നത് ഔപചാരികതകളില്ലാതെ ആണ് എന്നല്ല. കോടതിയുടെ അനുമതിയോടെയോ അല്ലാതെയോ ഉള്ള പിൻവലിക്കലിന്റെയോ വേണ്ടെന്ന് വയ്ക്കലിന്റെയോ പരിണതഫലങ്ങൾക്ക് വളരെയേറെ പ്രാധാന്യം ഉണ്ടെന്നും വ്യവഹാരം ഫയൽ ചെയ്യുന്നതിനുള്ള അവകാശം ഇല്ലാതാക്കുന്നത് ഉൾപ്പെടെയുള്ള ദോഷകരമായ പരിണതഫലങ്ങൾ പോലും ഉണ്ടായേക്കാമെന്നുകൂടി ഓർമ്മിയ്ക്കേണ്ടതാണ്.

6. മുൻപറഞ്ഞവ മനസ്സിൽവെച്ചുകൊണ്ട്, നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ രേഖയിലുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ പിൻവലിക്കൽ 26-ഉം 27-ഉം പ്രതികൾ അധികാരപ്പെടുത്തിയ പ്രകാരം ആയിരുന്നു എന്നു കാണിക്കുവാൻ യാതൊന്നുംതന്നെയില്ല. പിൻവലിച്ചതായികണ്ട് തള്ളിയിട്ടുള്ള അവരുടെ അപേക്ഷകൾ അവയുടെ മെരിറ്റ് നോക്കിയാൽ തുടർന്നുകൊണ്ടുപോകുന്നതിന് അർഹതയുള്ളവയായിരുന്നു. തർക്കവിധേയമായ ഉത്തരവുകൾ പ്രകടമായ നീതി നിഷേധം ഉളവാക്കിയിട്ടുള്ളതും നിയമാനുസൃതമുള്ള നീതി ലഭ്യമാക്കുന്നതിനായി അവയെ അസ്ഥിരപ്പെടുത്തേണ്ടതുമുണ്ട്. തൽഫലമായി, തർക്കവിധേയമായ എക്സിബിറ്റ്-പി-5 ഉം എക്സിബിറ്റ്-പി-6 ഉം റദ്ദാക്കിയിട്ടുള്ളതും ആ ഉത്തരവുകൾ ഏത് അപേക്ഷയിന്മേലാണോ പുറപ്പെടുവിച്ചിട്ടുള്ളത് അവ പരിഗണിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും അവസരം നൽകികൊണ്ട് അവയിൽ നടപടി

സ്വീകരിക്കുന്നതിനും നിയമാനുസൃതം അവയിൽ തീരുമാനമെടുക്കുന്നതിനും കീഴ്ക്കോടതിക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ IX-ലെ 13-ാം ചട്ടപ്രകാരമുള്ളതോ അതോടൊപ്പം കാലഹരണ ആക്റ്റിലെ 5-ാം വകുപ്പനുസരിച്ച് ഫയൽ ചെയ്തിട്ടുള്ള അപേക്ഷയിലെ വാദങ്ങളെയോ എതിർ വാദങ്ങളെയോ സംബന്ധിച്ച് ഞങ്ങൾ ഒരഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ല.

മറ്റെല്ലാ തർക്കങ്ങളിലും തീരുമാനമെടുക്കാതെ ഒറിജിനൽ പെറ്റീഷൻ ഇപ്രകാരം അനുവദിച്ചു.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹുമാനപ്പെട്ട ജസ്റ്റിസ് ആന്റണി ഡൊമിനിക്ക്*

**സോമശേഖരൻ**

**അഭി**

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

**ഡബ്ള്യൂ. പി (സി) നമ്പർ 27710/2012**

2012 നവംബർ 27-ാംതീയതി വിധി പ്രസ്താവിച്ചത്

**1968-ലെ റവന്യു റിക്കവറി ആക്റ്റ്(കേരള) 34-ഉം 36-ഉം 74-ഉം വകുപ്പുകൾ—പണയാധാരത്തിൽ കാണിച്ചിട്ടുള്ള മേൽവിലാസത്തിൽ ഭവന വായ്പ വസൂലാക്കുന്നതിനുവേണ്ടി വീഴ്ച വരുത്തിയ ആളിന് രജിസ്ട്രേഡ് തപാൽ മുഖേന നോട്ടീസ് അയച്ചത് ''അറിവില്ല'' എന്ന മേലെഴുത്തോടുകൂടി തിരിച്ചുവന്നത്—34-ഉം 36-ഉം വകുപ്പുകൾ പ്രകാരം ഇത് മതിയായ നോട്ടീസാണ്**

വിധിന്യായം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അവർക്ക് കിട്ടേണ്ടതായ തുകകൾ ഈടാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള നികുതി വസൂലാക്കൽ നടപടികൾക്കെതിരെയാണ് ഹർജിക്കാരൻ ഹർജി സമർപ്പിച്ചിരിക്കുന്നത്. വസൂലാക്കൽ നടപടികളെ എതിർത്തുകൊണ്ട്, ഹർജിക്കാരന് വേണ്ടി ഹാജരായ അഭിഭാഷകൻ രണ്ടു വാദങ്ങളാണ് ഉന്നയിച്ചത്. അതിലൊന്ന് കടബാദ്ധ്യത കാലഹരണപ്പെട്ട ഒന്നായിരുന്നു എന്നും രണ്ടാമത്തേത് വീഴ്ചവരുത്തിയ ആളിന് നോട്ടീസ് നൽകണമെന്ന് വ്യവസ്ഥചെയ്യുന്ന 34-ഉം 36-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല എന്നുള്ളതുമായിരുന്നു.



GCPT. 34/4787/2013/TP.

2. ഈ സംഗതിയിൽ, ബോർഡിൻെറ അഭിഭാഷകന് നിർദ്ദേശം ലഭിക്കുകയുണ്ടായി. ബോർഡിൻെറ അഭിഭാഷകൻെറ വാദമനുസരിച്ച്, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പണയപ്രകാരം, 6-12-1990-ന് എതിർകക്ഷിയിൽ നിന്നും ഹർജിക്കാരൻ വായ്പ എടുത്തു. വായ്പയുടെ കാലാവധി പതിനാലു വർഷമായിരുന്നു. അഭിഭാഷകൻ വാദിച്ചതുപോലെ കാലഹരണ ആക്റ്റ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള കാലഹരണ കാലാവധി പന്ത്രണ്ട് വർഷമാണ്. മുമ്പൊരവസരത്തിൽ, നികുതിവസൂലാക്കൽ നടപടികൾ ആരംഭിച്ചപ്പോൾ, വീഴ്ച വരുത്തിയ ആൾക്ക് നോട്ടീസ് നൽകിയില്ല എന്ന വാദമുന്നയിച്ചുകൊണ്ട്, ഡബ്ള്യുപി..സി 7454/10, ഹർജിക്കാരൻ ഫയൽ ചെയ്യുകയുണ്ടായി എന്നു പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത റിട്ട് ഹർജി 7-ഉം 34-ഉം വകുപ്പുകളിൽ വിവക്ഷിച്ചിരിക്കുന്ന നിയമാധിഷ്ഠിത നിബന്ധനകൾ പാലിച്ചുകൊണ്ട് പുതിയ നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകികൊണ്ട് എക്സിബിറ്റ് പി.4 വിധിന്യായപ്രകാരം തീർപ്പാക്കുകയുണ്ടായി. അതനുസരിച്ച്, 26-5-2011-ൽ 34-ാം വകുപ്പുപ്രകാരമുള്ള നോട്ടീസ് ഹർജിക്കാരന് അയയ്ക്കുകയും, ഹർജിക്കാരൻ സ്ഥലത്തില്ല എന്ന കാരണത്താൽ നോട്ടീസ് നൽകാൻ കഴിഞ്ഞില്ല എന്നും പ്രസ്താവിച്ചിരിക്കുന്നു. 19-7-2011-ന് ഹർജിക്കാരന് രജിസ്ട്രേഡ് തപാൽ മുഖേന വീണ്ടും നോട്ടീസ് അയയ്ക്കുകയും, ''അറിവില്ല'' എന്ന് മേലെഴുത്തോടുകൂടി തപാൽ അധികാരികൾ അത് തിരിച്ചയ്ക്കുകയും ചെയ്തു എന്നും പ്രസ്താവിച്ചിരിക്കുന്നു. പണയാധാരത്തിൽ ഹർജിക്കാരൻ തന്നെ പറഞ്ഞിട്ടുള്ള മേൽവിലാസമാണ് രണ്ടു നോട്ടീസുകളിലും നല്കിയിരുന്നത്. നോട്ടീസുകൾ നല്കിയിട്ടും ബാദ്ധ്യത അടച്ചുതീർക്കാത്തതിനാൽ 36-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയും 25-4-2012-ൽ കെട്ടിട പരിസരത്ത് 20-1-2012-ാം തീയതിയിലെ നോട്ടീസ് പതിക്കുകയും ചെയ്തു എന്നും പറഞ്ഞിരിക്കുന്നു. ഇതിലേക്കായി രജിസ്ട്രേഡ് തപാൽ മുഖേന 14-5-2012-ന് വീണ്ടും നോട്ടീസ് അയയ്ക്കുകയും ''അറിവില്ല'' എന്ന് മേലെഴുത്തോടു കൂടി തപാൽ അധികാരികൾ അത് തിരിച്ചയയ്ക്കുകയും ചെയ്തു എന്നും പ്രസ്താവിച്ചിരിക്കുന്നു.

3. നികുതി വസൂലാക്കൽ ആക്റ്റിലെ 74-ാം വകുപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു രീതിയാണ് രജിസ്ട്രേഡ് തപാൽ മുഖേനയുള്ള നോട്ടീസ് നൽകൽ എന്നത് തർക്കമില്ലാത്ത കാര്യമാണ്. ഈ കേസ്സിൽ 34-ഉം 36-ഉം

വകുപ്പുകൾ പ്രകാരമുള്ള രണ്ടു നോട്ടീസുകളും പണയാധാരത്തിൽ ഹർജിക്കാരൻ സൂചിപ്പിച്ചിട്ടുള്ള മേൽവിലാസത്തിൽ തന്നെയാണ് നല്കിയിട്ടുള്ളത്. രണ്ടു നോട്ടീസുകളും, ''അറിവില്ല'' എന്ന മേലെഴുത്തോടുകൂടി തിരിച്ചുവരുകയാണുണ്ടായത്. എന്റെ അഭിപ്രായത്തിൽ, ഈ രണ്ടു നോട്ടീസുകളും നൽകിയതോടെ 34-ഉം 36-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന, വീഴ്ചവരുത്തിയ ആളിന് നോട്ടീസ് നൽകുക എന്ന നിബന്ധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. കാലഹരണവാദത്തെ സംബന്ധിച്ചിടത്തോളം, വസൂലാക്കൽ നടപടികൾ ആരംഭിച്ചത് ഒരു രജിസ്ട്രേഡ് പണയത്തിന്റെ അടിസ്ഥാനത്തിലാണ്. ആ സംഗതിയിൽ ഹർജിക്കാരൻ വാദിച്ചതുപോലെ കാലഹരണകാലാവധി മൂന്നു വർഷക്കാലയളവല്ല മറിച്ച് 12 വർഷമാണ്. വായ്പ കാലാവധി 14 വർഷമായതിനാൽ 2009-2010-ൽ ആരംഭിച്ചിട്ടുള്ള വസൂലാക്കൽ നടപടികൾ കാലഹരണ കാലാവധിയ്ക്കകത്ത് തന്നെയാണ്. ആയതിനാൽ, ഞാൻ ഈ റിട്ട് ഹർജിയിൽ ഇടപെടുന്നില്ല.

5. റിട്ട് ഹർജി തള്ളിയിരിക്കുന്നു. അപ്രകാരമായിരുന്നാൽ തന്നെയും, റിട്ട് ഹർജി തള്ളിക്കളഞ്ഞത് നികുതി വസൂലാക്കൽ ആക്റ്റ് പ്രകാരം ഹർജിക്കാരന് ലഭ്യമായ നിയമാധിഷ്ഠിത നിവൃത്തികൾക്ക് ഭംഗം വരാതെ ആയിരിക്കുന്നതാണ്.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ*

**ഫ്രാൻസിസ്**

**അഭി**

**ആലുവാ മുൻസിപ്പാലിറ്റി**

**ഡബ്ലിയു.പി.സി. നമ്പർ 24203/2012**

2012-നവംബർ 7-ാം തീയതി വിധി പ്രസ്താവിച്ചത്

**ജനനവും മരണവും രജിസ്ട്രേഷൻ ആക്റ്റ്, 1969 (കേരള), വകുപ്പ് 15— ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകവഴി ഒരാളുടെ പേര് മാറ്റിയത്—പുതിയ പേര് സ്വീകരിച്ചതിന്റെ ഫലമായി ജനന രജിസ്റ്ററിലുള്ള മുൻ ഉൾക്കുറിപ്പ് തെറ്റായിത്തീരുകയും 15-ാം വകുപ്പ് പ്രകാരം അത് തിരുത്തപ്പെടേണ്ടതുമാണ്.**

**വിധിന്യായം**

ഒന്നാം എതിർകക്ഷി സൂക്ഷിച്ചുപോരുന്ന ജനന രജിസ്റ്ററിൽ രണ്ടാം ഹർജിക്കാരന്റെ പേര് തിരുത്തുന്നത് മൂന്നാം എതിർകക്ഷി നിരാകരിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ജനന രജിസ്റ്ററിൽ രണ്ടാം ഹർജിക്കാരന്റെ പേര് 'ഷനൽ ഫ്രാൻസിസ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഹർജിക്കാരുടെ വാദമനുസരിച്ച് എക്സിറ്റ് പി.1 പ്രകാരം പേര് പിന്നീട് സർക്കാർ ഗസറ്റ് പ്രസിദ്ധീകരണം വഴി 'ഷാൻ ഫ്രാൻസിസ്' എന്ന് മാറ്റിയിരുന്നു. ഗസറ്റ് വിജ്ഞാപനത്തിൽ ഹർജിക്കാരന്റെ ജനന സർട്ടിഫിക്കറ്റും പ്രത്യേകം പരാമർശിക്കുന്നുണ്ട്. എന്നിരുന്നാലും, ഹർജിക്കാരന്റെ ജനന സർട്ടിഫിക്കറ്റായ എക്സിബിറ്റ് പി.2-ൽ രണ്ടാം ഹർജിക്കാരന്റെ പേര് 'ഷനൽ ഫ്രാൻസിസ്' എന്ന് തന്നെ തുടർന്നും കാണിച്ചുപോന്നു. ആയതിനാൽ, ഒന്നാം ഹർജിക്കാരൻ എക്സിബിറ്റ് പി.5 സത്യവാങ്മൂലം സഹിതം രണ്ടാം ഹർജിക്കാരന്റെ പേര്

തിരുത്തുന്നതിനുള്ള എക്സിബിറ്റ് പി.4 അപേക്ഷ സമർപ്പിക്കുകയുണ്ടായി. നാളിതുവരെ അതിന്മേൽ യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല എന്നാണ് പരാതിപ്പെട്ടിരിക്കുന്നത്.

2. ഹർജിക്കാരുടെ വാദമനുസരിച്ച്, ഹർജിക്കാർ അപേക്ഷിച്ച പ്രകാരമുള്ള തിരുത്തലുകൾ വരുത്തുവാൻ മൂന്നാം എതിർകക്ഷി നിരാകരിച്ചത് ശരിയല്ലാത്തതും, ഭരണഘടനയുടെ 226-ാം അനുച്ഛേദമനുസരിച്ച് ഈ കോടതിയുടെ അധികാരം വിനിയോഗിച്ച് തിരുത്തൽ വരുത്തേണ്ടതുമാണെന്നാണ്.

3. എതിർകക്ഷികൾക്കുവേണ്ടി ഒരു എതിർസത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. ഹർജിക്കാർ ആവശ്യപ്പെട്ടപ്രകാരമുള്ള തിരുത്തലുകൾ വരുത്തുവാൻ, 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിന്റെ (ഇതിനുശേഷം ചുരുക്കത്തിൽ 'ആക്റ്റ്' എന്നാണ് പരാമർശിക്കപ്പെടുക) 15-ാം വകുപ്പ് പ്രകാരം മൂന്നാം എതിർകക്ഷിക്ക് ലഭ്യമായ അധികാര പരിധിയ്ക്കുള്ളിൽ സാധിക്കുകയില്ല എന്ന വാദമുന്നയിക്കുകയുണ്ടായി. 15-ാം വകുപ്പ് തെറ്റായ ഒരു ഉൾക്കുറിപ്പ് തിരുത്തുന്നതിനുവേണ്ടി മാത്രമാണ് വ്യവസ്ഥചെയ്യുന്നത്. നിലവിലുള്ള ഈ കേസ്സിൽ രണ്ടാം ഹർജിക്കാരന്റെ പേര് ശരിയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പേരിൽ പിന്നീട് ഹർജിക്കാർ ബോധപൂർവ്വം ഒരു മാറ്റം വരുത്തി എന്ന കാരണത്താൽ മാത്രമാണ് തിരുത്തൽ ആവശ്യപ്പെട്ടിരിക്കുന്നത്. അപ്രകാരം സ്വയം വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തുവാൻ വ്യവസ്ഥയില്ല എന്ന വാദമാണ് ഉന്നയിച്ചിരിക്കുന്നത്. തിരുവനന്തപുരത്തെ ജനന മരണ രജിസ്ട്രാർ 8-12-2010-ാം തീയതി പുറപ്പെടുവിച്ച എക്സിബിറ്റ് ആർ.3(എ) സർക്കുലറിനെയും ആശ്രയിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ 7.10-ാം ഖണ്ഡിക പ്രകാരം, പേരിൽ സ്വയം മാറ്റം വരുത്തിയിട്ടുള്ള രണ്ടാം ഹർജിക്കാരന്റേതുപോലുള്ള സംഗതികളിൻമേൽ ജനന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള യഥാർത്ഥപേരും പിന്നീട് മാറ്റം വരുത്തിയിട്ടുള്ള പേരും കാണിച്ചുകൊണ്ടു മാത്രമേ ജനന സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുകയുള്ളു എന്ന് വാദിക്കുകയുണ്ടായി, ഈ സംഗതിയിൽ ഷനൽ ഫ്രാൻസിസ് എന്ന ഷാൻ ഫ്രാൻസിസ്.

4. ഹർജിക്കാർക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ജി. പി. ഷിനോദ് എതിർ കക്ഷികൾക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ വി. എം. കുര്യൻ എന്നിവരുടെ വാദം ഞാൻ കേൾക്കുകയുണ്ടായി. ആക്റ്റിലേയും ചട്ടങ്ങളിലേയും

പ്രസക്തമായ വ്യവസ്ഥകൾ ഞാൻ വായിക്കുകയുണ്ടായി. 15-ാം വകുപ്പ് ഇനി പറയും പ്രകാരമാണ്:-

"15. <u>**ജനന മരണ രജിസ്റ്ററിലെ ഉൾക്കുറിപ്പ് തിരുത്തുന്നത് അല്ലെങ്കിൽ റദ്ദ് ചെയ്യുന്നത്.-**</u> ഈ ആക്റ്റ് പ്രകാരം വച്ചുപോരുന്ന ഏതെങ്കിലും രജിസ്റ്ററിൽ ജനനത്തെ സംബന്ധിച്ചോ മരണത്തെ സംബന്ധിച്ചോ ഉള്ള ഏതെങ്കിലും ഉൾക്കുറിപ്പ് അതിന്റെ രൂപത്തിൽ അല്ലെങ്കിൽ സാരാംശത്തിൽ തെറ്റായോ വ്യാജമായോ ശരിയല്ലാതെയോ ആണ് രേഖപ്പെടുത്തിയത് എന്ന് രജിസ്ട്രാർക്ക് ബോധ്യം വരത്തക്കവിധം തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്, അപ്രകാരമുള്ള ഉൾക്കുറിപ്പുകൾ തിരുത്തുന്നതോ റദ്ദ് ചെയ്യുന്നതോ സംബന്ധിച്ചുള്ള നിബന്ധനകളോ സാഹചര്യങ്ങളോ സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി അദ്ദേഹത്തിന് ആദ്യത്തെ ഉൾക്കുറിപ്പിൽ മാറ്റം വരുത്താതെ, മാർജിനിൽ വരുത്തുന്ന അനുയോജ്യമായ ഉൾക്കുറിപ്പിലൂടെ ഉൾക്കുറിപ്പ് റദ്ദ് ചെയ്യുകയോ അതിൽ തിരുത്തൽ വരുത്തുകയോ ചെയ്യാവുന്നതും, മാർജിനിലെ ഉൾക്കുറിപ്പിൽ ഒപ്പുവെയ്ക്കേണ്ടതും, തിരുത്തൽ വരുത്തിയതിന്റെയോ റദ്ദ് ചെയ്തതിന്റെയോ തീയതി അതിൽ ചേർക്കേണ്ടതുമാണ്."

മേൽപ്പറഞ്ഞ വ്യവസ്ഥയെ സംബന്ധിച്ച് ഇനി പറയുന്നവ ചൂണ്ടിക്കാണിക്കുന്നു. അതായത് ഒരു ഉൾക്കുറിപ്പ്,-

i) രൂപത്തിലോ സാരംശത്തിലോ തെറ്റാണെങ്കിൽ; അല്ലെങ്കിൽ

ii) വ്യാജമായോ ശരിയല്ലാതെയോ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ

സംസ്ഥാന സർക്കാർ, അപ്രകാരമുള്ള ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യാവുന്ന നിബന്ധനകളെയോ സാഹചര്യങ്ങളെയോ സംബന്ധിച്ച് ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, മാർജിനിൽ വരുത്തുന്ന അനുയോജ്യമായ ഉൾക്കുറിപ്പിലൂടെ തെറ്റ് തിരുത്തുകയോ ഉൾക്കുറിപ്പ് റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

5. 1970-ലെ ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ (ചുരുക്കത്തിൽ ചട്ടങ്ങൾ) 12-ാം ചട്ടത്തിൽ, രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് വ്യാജമായോ

ശരിയല്ലാതെയോ ആണ് രേഖപ്പെടുത്തിയത് എന്ന് രജിസ്ട്രാർക്ക് ബോധ്യം വരത്തക്കവിധം തെളിയിക്കപ്പെടുന്നിടത്ത്, അദ്ദേഹത്തിന് അത് തിരുത്താവുതാണ്.

6. ഗുജറാത്ത് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച്, 2008 കെ.എച്ച്.സി 7699-ൽ റിപ്പോർട്ട് ചെയ്ത സൊഹം സനത്ഭായി ശുക്ലയും ഗുജറാത്ത് സംസ്ഥാനവും തമ്മിലുള്ള കേസ്സിൽ, മേൽപ്പറഞ്ഞ വ്യവസ്ഥകൾ പരിഗണനക്കെടുക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ, ഒരു വനിതാ സംരക്ഷണ കേന്ദ്രത്തിൽ നിന്നും ഒരു കുട്ടിയെ ദത്തെടുക്കുകയുണ്ടായി. അവിടെ 'സുരഭി' എന്നായിരുന്നു അവൾക്ക് ആദ്യം പേര് നൽകിയിരുന്നത്. ദത്തെടുത്തതിനുശേഷം, ദത്തെടുത്ത രക്ഷിതാക്കൾ അവളുടെ പേര് 'റെനി' എന്നാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ടു. കുട്ടിയുടെ പേര് സംബന്ധിച്ച് തെറ്റായതോ വ്യാജമായതോ ആയ യാതൊരു ഉൾക്കുറിപ്പുമില്ല എന്ന് പ്രസ്താവിച്ചുകൊണ്ട് പ്രസ്തുത തിരുത്തൽ അനുവദിക്കുകയുണ്ടായില്ല. അപേക്ഷിച്ചിട്ടുള്ള തിരുത്തൽ വരുത്തുന്നതിന് കേസ്സിന്റെ സാഹചര്യങ്ങൾ ന്യായീകരിക്കത്തക്കതാണെന്നായിരുന്നു കോടതി വിധി പ്രസ്താവിച്ചത്. 2011 കെ.എച്ച്.സി. 2480 റിപ്പോർട്ട് ചെയ്ത ശ്വേതാ ശർമ്മയും ഹരിയാന സംസ്ഥാനവും മറ്റുള്ളവരും തമ്മിലുള്ള കേസ്സിൽ നിലവിലുള്ള കേസ്സിലേതു പോലുള്ള ഒരു തർക്കം സിംഗിൾ ബഞ്ചിന് പരിഗണിക്കേണ്ടതായി വരികയും പഞ്ചാബ് ഹരിയാന ഹൈക്കോടതി സമാന രീതിയിലുള്ള ഒരു നിലപാട് എടുക്കുകയും ചെയ്തു. ഈ കേസ്സിൽ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് 'അനിറ്റിക' എന്നത് 'ശ്വേതാശർമ്മ' എന്നാക്കി മാറ്റണമെന്നായിരുന്നു. കോടതി, തർക്കം ഇനി പറയും പ്രകാരം പരിഗണിക്കുകയുണ്ടായി: —

"ജനന സമയത്ത് ചേർത്തിരുന്ന പേര് പിന്നീട് ഏതെങ്കിലും കാരണത്താൽ മാറ്റുകയും നാളിതുവരെ അപ്രകാരം തുടരുകയും ചെയ്തിട്ടുണ്ടെങ്കിൽ പേരിൽ മാറ്റം വരുത്തുവാൻ വിസമ്മതിക്കുന്നതിനുള്ള കാരണങ്ങൾ ഒരാൾക്കും മനസ്സിലാകുന്നതല്ല. ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ പേരിൽ മാറ്റം വരുത്തുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്. മറിച്ച്, ആക്റ്റിന്റെ 14-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത് എന്തെന്നാൽ ഒരു കുട്ടിയുടെ പേര് ചേർക്കാതെ ജനനം രജിസ്റ്റർ ചെയ്യുകയാണെങ്കിൽ പിന്നീട്, നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ, കുട്ടിയുടെ പേര് ചേർക്കാവുന്നതാണ്. 10-ാം ചട്ട പ്രകാരം കുട്ടിയുടെ പേര് മുൻപ് രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ, ജനനം രജിസ്റ്റർ ചെയ്ത തീയതി മുതൽ 12 മാസക്കാലയളവിനുള്ളിൽ കുട്ടിയുടെ പേര് ചേർക്കാവുന്നതും, 10(1)-ാം ചട്ടത്തിലെ ക്ലിപ്തനിബന്ധന പ്രകാരം 12 മാസക്കാലയളവിനുള്ളിൽ, വിവരം നല്കിയിട്ടില്ലാ യെങ്കിൽ, ഈ ചട്ടത്തിന്റെ പിന്നീട് വരുന്ന ഭാഗത്ത് പറയുന്ന പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ 15 വർഷക്കാലയളവിനുള്ളിൽ പേര് നൽകാ വുന്നതാണെന്നാണ്. അങ്ങനെ ആദ്യം പേര് ചേർത്തിട്ടില്ലാത്തിടത്ത് പിന്നീട് പേര് ചേർക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. അതിന് സമാനമായി, ജനനത്തിനുശേഷം ഒരു കുട്ടി സ്വീകരിച്ചേക്കാവുന്ന പേര് ചേർക്കുന്നതിൽ യാതൊരു തടസ്സമോ നിരോധനമോ ഉണ്ടാകുവാൻ പാടുള്ളതല്ല. പേരിൽ മാറ്റം വരുത്തുന്നത് സമൂഹത്തിലെ ഒരു പുതിയ പ്രതിഭാസമല്ല. ഏതൊരു രജിസ്റ്ററിലേയും ജനനത്തെയോ മരണത്തെയോ സംബന്ധിച്ച ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ അല്ലെങ്കിൽ ശരിയല്ലാതെയോ വ്യാജമായോ ആണ് അത് ചേർത്തിട്ടുള്ളത് എന്ന് രജിസ്ട്രാർക്ക് ബോധ്യം വരത്തക്കവിധം തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിൽ തിരുത്തൽ വരുത്താവുന്നതാണെന്ന് ആക്റ്റിലെ 15-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അതുപോലെ, 11-ാം ചട്ടത്തിലെ (4)-ാം ഉപചട്ടം തെറ്റായ വസ്തുതകളുള്ള ഒരു ഉൾക്കുറിപ്പ് തിരുത്തുന്നതിനെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. ജനന സമയത്ത് അതൊരു ബോധപൂർവ്വമുള്ള ഉൾക്കുറിപ്പായിരുന്നു എന്നു അനുമാനിച്ചാലും അതിനുശേഷം കുട്ടിയുടെ പേര് മാറ്റുന്നതിന് തടസ്സമില്ലാത്തതും അതിന്റെ വെളിച്ചത്തിൽ ഉൾക്കുറിപ്പ്, കുട്ടിയുടെ പേരിനെ സംബന്ധിച്ചിടത്തോളം, വസ്തുതകളിൽ തെറ്റായ ഒന്നായിത്തീർന്നു. ഹർജിക്കാരി ഹാജരാക്കിയ രേഖകളിൽ ഹർജിക്കാരിയുടെ അറിയപ്പെടുന്നതും പ്രചാരത്തിലുള്ളതുമായ പേര് ശ്വേതശർമ്മ എന്നാണ് എന്ന് തെളിയിക്കുവാൻ ധാരാളം തെളിവുകളുണ്ട്. ഹർജിക്കാരിയുടെ പിതാവിന്റെ സർവ്വീസ് രേഖകളിലും റേഷൻ കാർഡിലും സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റിലും ഹെൽത്ത് കാർഡിലും ഇതേ പേര് തന്നെയാണ് ചേർത്തിരിക്കുന്നത്. ജനനസമയത്ത് കുട്ടിയുടെ യഥാർത്ഥ പേരിൽ മാറ്റം വരുത്തിയിരുന്നു എന്ന് അനുമാനിച്ചാലും രജിസ്റ്ററിൽ തിരുത്തൽ വരുത്താതിരിക്കുന്നതിന് യാതൊരു കാരണവുമില്ല. എതിർകക്ഷികൾ നിരത്തുന്ന വ്യാഖ്യാനം യാതൊരു രീതിയിലും നീതി ലഭ്യമാക്കുകയില്ല. മറിച്ച് നീതി നിഷേധിക്കലായിരിക്കും. യഥാർത്ഥത്തിൽ, 15-ാം വകുപ്പും 11-ാം വകുപ്പും ചേർത്തു വായിച്ച പ്രകാരം, ഉൾക്കുറിപ്പ് വ്യാജമായതോ കൃത്യമല്ലാത്തതോ ആകുമ്പോൾ

മാത്രമല്ല, രൂപത്തിലോ സാരാംശത്തിലോ അത് തെറ്റായിരുന്നാലും 3-ാം എതിർകക്ഷിക്ക് ബോധ്യം വരത്തക്കവിധം തെളിയിക്കപ്പെടുകയാണെങ്കിൽ ഉൾക്കുറിപ്പിൽ മാറ്റം വരുത്തുന്നതിന് അനുവദിക്കുന്നു. അപ്രകാരം, 15-ാം വകുപ്പും 11-ാം വകുപ്പും പേരിൽ പിന്നീട് വരുത്തിയ മാറ്റത്തെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പ് ഉൾപ്പെടെയുള്ള ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ തിരുത്തപ്പെടേണ്ടതാണെന്നോ തർക്കമുണ്ടെങ്കിൽ, മൂന്നാം എതിർകക്ഷിയെ ഒരന്വേഷണം നടത്തുന്നതിന് അധികാരപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ പേര് മാറ്റം വരുത്തണമെന്ന് കോടതി നിർദ്ദേശിക്കുന്നു.

7. എതിർകക്ഷികളുടെ അഭിഭാഷകൻ എക്സിബിറ്റ് ആർ3 സർക്കുലറിനെ അവലംബമായി എടുത്തിട്ടുള്ളതും അതിൽ, വ്യക്തികളുടെ ആദ്യപേരും പിന്നീടുള്ള പുതിയ പേരും കാണിച്ചുകൊണ്ട്, പ്രസ്തുത സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തിരുത്തൽ വരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും വാദിച്ചു. ചാലക്കുടി മുനിസിപ്പാലിറ്റിയും മറ്റുള്ളവരും മൈനർ മാളവികയും മറ്റുള്ളവരും എന്ന കേസ്സിൽ 2009(4) കെഎൽറ്റി 714-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിധിന്യായത്തിൽ ഈ കോടതിയിലെ ഡിവിഷൻ ബഞ്ച് പ്രസ്തുത സർക്കുലറിന്റെ ഉദ്ദേശ്യം പരിഗണിക്കുകയുണ്ടായി. നിയമം മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായിട്ടുള്ളതാണെന്നും അല്ലാതെ ജനങ്ങളുടെ ജീവിതത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കാനുള്ളതല്ലെന്നും പ്രസ്താവിച്ചുകൊണ്ട് ജസ്റ്റിസ് കുര്യൻ ജോസഫ് വിധിന്യായത്തിന്റെ നാലാമത്തെ ഖണ്ഡികയിൽ ഇനി പറയുന്ന ഭാഗത്ത് അദ്ദേഹത്തിന്റെ ന്യായവാദങ്ങൾ സംക്ഷിപ്തമായി പറഞ്ഞു.

''ജനന രജിസ്റ്ററിലോ മരണ രജിസ്റ്ററിലോ ഒരു വ്യക്തിയെ സംബന്ധിച്ച് തെറ്റായ ഒരു പേരോ തെറ്റായ ഒരു തിരിച്ചറിയലോ, തീയതി, സ്ഥലം മുതലായവ സംബന്ധിച്ച് തെറ്റായ വിവരങ്ങളോ ഉണ്ടാവണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നില്ല. 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് ഏതെങ്കിലും അവകാശം സൃഷ്ടിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്ന പ്രക്രിയയും നടപടിക്രമങ്ങളും ക്രമീകരിക്കുകയും അപ്രകാരമുള്ള ഏതെങ്കിലും ഉൾക്കുറിപ്പ് തിരുത്തുകയും ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ആക്റ്റ്. രൂപത്തിലോ സാരാംശത്തിലോ, അപ്രകാരമുള്ള തിരുത്തൽ ആക്റ്റ്

അനുവദിച്ചാൽ ചട്ടങ്ങൾ നടപടിക്രമം ലഘൂകരിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ്, അല്ലാതെ അപ്രകാരമുള്ള തിരുത്തൽ വരുത്തുന്നത് തടയുന്നതിനുള്ളതല്ല. ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, സർക്കുലറുകൾ മുതലായവ മുഖാന്തിരമുള്ള സബോർഡിനേറ്റ് നിയമനിർമ്മാണത്തിന് മുഖ്യനിയമനിർമ്മാണത്തിന്റെ വ്യാപ്തി പരിമിതപ്പെടുത്തുവാൻ കഴിയുന്നതല്ല. നേരെമറിച്ച്, ജനന രജിസ്റ്ററിലോ മരണ രജിസ്റ്ററിലോ ഉള്ള ഉൾക്കുറിപ്പുകളുടെ തിരുത്തൽ സംബന്ധിച്ചിടത്തോളം അവയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും കഴിയുന്നതല്ല. രജിസ്ട്രാർക്ക് ഉൾക്കുറിപ്പിന്റെ പിശകിനെ സംബന്ധിച്ച് ബോധ്യമുണ്ടായിരിക്കണം എന്നു മാത്രമാണ് 15-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്. രൂപത്തിലോ സാരാംശത്തിലോ തിരുത്തൽ ആകാമെന്ന് വകുപ്പ് വ്യക്തമായി പറയുന്നുണ്ട്. ജനന രജിസ്റ്ററിലോ മരണ രജിസ്റ്ററിലോ ഉള്ള ഏതെങ്കിലും ഉൾക്കുറിപ്പിൽ തിരുത്തൽ വരുത്തുന്നതിനായി രജിസ്ട്രാർ ഒരിക്കൽ നടപടി തുടങ്ങുകയാണെങ്കിൽ, പ്രസ്തുത സംഗതി സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഒരു അന്വേഷണം നടത്തേണ്ടത് നിർബന്ധമാണെന്നും 11-ാം ചട്ടം സൂചിപ്പിക്കുന്നു. കൂടാതെ, ഉൾക്കുറിപ്പ് തെറ്റാണെന്ന് അദ്ദേഹത്തിന് ബോധ്യം വരുകയാണെങ്കിൽ, ആക്റ്റിലെ 15-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരമുള്ള തിരുത്തലുകൾ വരുത്തേണ്ടതാണെന്നും ചട്ടം അനുശാസിക്കുന്നു.''

8. നിലവിലുള്ള കേസ്സിൽ എക്സിബിറ്റ് പി1-ൽ സ്പഷ്ടമാക്കപ്പെട്ട പ്രകാരം ഗസറ്റ് പ്രസിദ്ധീകരണം വഴി, ഹർജിക്കാർ തന്റെ പേര് മാറ്റിയിട്ടുണ്ട്. നിയമം മുഖേന നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ടാണ് പേര് മാറ്റം നടത്തിയിട്ടുള്ളത്. ആയതിനാൽ, പുതിയ ഒരു പേര് സ്വീകരിച്ചതിനെത്തുടർന്ന്, നിയമത്തിൽ ഹർജിക്കാരന്റെ തിരിച്ചറിയലിന് ഒരു മാറ്റം സംഭവിച്ചുകഴിഞ്ഞു. ഒരു പുതിയ പേര് സ്വീകരിച്ചതിന്റെ ഫലമായി ജനന രജിസ്റ്ററിലെ നിലവിലുള്ള ഉൾക്കുറിപ്പ് തെറ്റായിത്തീർന്നു. അതിനാൽ, ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം അത് തിരുത്തപ്പെടേണ്ടതാണ്. പ്രസ്തുത തിരുത്തൽ വരുത്തുന്നതിനുള്ള കാലതാമസത്തിന് യാതൊരു ന്യായീകരണവും ഇല്ല.

9. മേൽപ്പറഞ്ഞ കാരണങ്ങളാൽ റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. രണ്ടാം ഹർജിക്കാരന്, തന്റെ പേര് 'ഷാൻ ഫ്രാൻസിസ്' എന്ന് കാണിച്ചുകൊണ്ടുള്ള ജനന സർട്ടിഫിക്കറ്റ് നൽകുവാൻ 3-ാം എതിർകക്ഷിയെ നിർദ്ദേശിച്ചുകൊള്ളുന്നു.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് വി. കെ. മോഹനൻ*

**വിജയകുമാർ**

**അഭി**

**രാമചന്ദ്രൻ നായർ**

**ക്രിമിനൽ അപ്പീൽ നമ്പർ 560/2007**

2012 ഡിസംബർ 10-ാം തീയതി വിധി പ്രസ്താവിച്ചത്

**1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിലെ (ബി) ക്ലിപ്ത നിബന്ധന—തപാൽ സാധനം രജിസ്റ്റർ ചെയ്തത് സംബന്ധിച്ചുളള രസീത് തപാൽ ആഫീസിൽ നിന്നും ഹാജരാക്കിയതു കൊണ്ടു മാത്രം പ്രതിയുടെ ശരിയായ മേൽ വിലാസത്തിൽ നോട്ടീസ് നല്കുകയുണ്ടായി എന്ന് വിധിക്കുന്നതിന് മതിയായ കാരണമല്ല.**

**വിധിന്യായം**

നെയ്യാറ്റിൻകര ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ്-VI കോടതിയിലെ സി.സി. നമ്പർ 376/2005 എന്ന കേസ്സിലെ 22-6-2006-ലെ വിധിന്യായപ്രകാരം, ബഹു. മജിസ്ട്രേറ്റ് പ്രതിയെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 255(1)-ാം വകുപ്പു പ്രകാരം കുറ്റവിമുക്തനാക്കിയതിൽ സങ്കടപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത, 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റത്തിനുവേണ്ടിയുളള പ്രോസിക്യൂഷനിലെ, പരാതിക്കാരനാണ് ഈ കേസ്സിലെ അപ്പീൽവാദി.

2. പ്രതി പരാതിക്കാരനിൽനിന്നും 65000 രൂപ കടം വാങ്ങുകയും ആയതിന്റെ ബാദ്ധ്യത തീർക്കുന്നതിനുവേണ്ടി 31-7-1998-ലെ എക്സിബിറ്റ് പി.1 ചെക്ക് നൽകിയിട്ടുളളതും ആ ചെക്ക് മാറിയെടുക്കുന്നതിനായി ഹാജരാക്കിയപ്പോൾ

'അക്കൗണ്ട് അവസാനിപ്പിച്ചു' എന്ന കാരണത്താൽ അത് മടങ്ങി എന്നതാണ് പരാതിക്കാരന്റെ കേസ്സ്. നിയമാധിഷ്ഠിത നോട്ടീസ് പ്രതിക്ക് നല്കിയിട്ടുണ്ടായിരുന്നെങ്കിലും ബാദ്ധ്യത തീർക്കാത്തതിനാൽ പ്രതി കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തു എന്നതാണ് പരാതിക്കാരന്റെ വീണ്ടുമുള്ള കേസ്സ്. കേസ്സിന്റെ വിചാരണ സമയത്ത്, പരാതിക്കാരന്റെ ഭാഗത്തു നിന്നും 1 മുതൽ 4 വരെയുള്ള പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിക്കുകയും പി 1 മുതൽ പി 6 വരെയുള്ള എക്സിബിറ്റുകൾ ഹാജരാക്കുകയും ചെയ്തു. പ്രതിഭാഗത്തുനിന്ന് 1-ാം പ്രതിഭാഗം സാക്ഷിയെ വിസ്തരിക്കുകയും ഡി1 മുതൽ ഡി3 വരെയുള്ള എക്സിബിറ്റുകൾ ഹാജരാക്കുകയും ചെയ്തു. വിചാരണ കോടതി മുഴുവൻ തെളിവുകളും റെക്കാർഡിലുള്ള രേഖകളും പരിഗണിച്ചതിനുശേഷം നാല് സംഗതികൾ അതിന്റെ പരിഗണനയ്ക്കായി ആവിഷ്കരിക്കുകയും, അതിൽ ഒന്നാമത്തെ സംഗതി, പരാതിക്കാരൻ പരാതി ഫയൽ ചെയ്യുന്നതിനുള്ള എല്ലാ നിയമപരമായ ഔപചാരികതകളും പാലിച്ചിരുന്നോ എന്നുള്ളതായിരുന്നു. പ്രസ്തുത ചോദ്യത്തിന് ഉത്തരമായി, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിലെ (ബി) ക്ലിപ്തനിബന്ധനയിൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരമുള്ള നിയമാധിഷ്ഠിത നോട്ടീസ് ഡിസ്ഹോണർ മെമ്മോ കൈപ്പറ്റിയതിനുശേഷം 15 ദിവസത്തിനുള്ളിൽ പരാതിക്കാരൻ നൽകിയിട്ടില്ലെന്ന് ബഹു. മജിസ്ട്രേറ്റ് കണ്ടെത്തുകയും അങ്ങനെ പരാതിക്കാരൻ പരാതി ഫയൽ ചെയ്യുന്നതിനുവേണ്ട നിയമപരമായ എല്ലാ ഔപചാരികതകളും പാലിച്ചിട്ടില്ലെന്നും അങ്ങനെ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് പരാതിക്കാരനെതിരായി പ്രസ്തുത സംഗതി കണ്ടെത്തുകയും ചെയ്തു.

3. അപ്പീൽ വാദിയുടെ അഭിഭാഷകന്റെ വാദം കേട്ടു. വിചാരണ കോടതിയുടെ വിധിന്യായവും തെളിവുകളും റെക്കാർഡിലുള്ള രേഖകളും ഞാൻ പരിശോധിക്കുകയുണ്ടായി.

4. വിചാരണകോടതി പരിഗണിച്ചതും അപ്പീൽവാദിക്കെതിരായി കണ്ടെത്തിയതുമായ ഒന്നാമത്തെകാര്യം ഈ പ്രോസിക്യൂഷന്റെ പ്രധാന ഘടകത്തെ ബാധിക്കുന്നതായതിനാൽ, എന്റെ കാഴ്ചപ്പാട് എന്തെന്നാൽ, ആ കാര്യത്തിൽ തന്നെ ഈ അപ്പീൽ തീർപ്പാക്കാൻ കഴിയുമായിരുന്നു എന്നതാണ്. 23-11-1998-ലെ എക്സിബിറ്റ് പി.3 അഡ്വക്കേറ്റ് നോട്ടീസ് പ്രതിയുടെ പേർക്ക് അയച്ചുവെന്നതും

ആയത് നടത്താൻ കഴിയാതെ മടങ്ങിയെന്നും ഉള്ള പരാതിക്കാരന്റെ കേസ്സ് തർക്കമില്ലാത്ത സംഗതിയാണ്. എന്നാൽ, നോട്ടീസ് മടങ്ങിവന്ന കവർ വിചാരണകോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതാണ്. കൈപ്പറ്റ് രസീതും ഹാജരാക്കിയതായി കാണുന്നില്ല. പ്രതി താമസിക്കുന്ന സ്ഥലത്തെ തപാൽ ആഫീസിലെ അധികാരികളെയും വിസ്തരിച്ചിട്ടില്ലാത്തതാണ്. ഫലത്തിൽ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിലെ (ബി) ക്ലിപ്തനിബന്ധനയിൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരം ശരിയായതും സാധുവായതുമായ നിയമാധിഷ്ഠിത നോട്ടീസ് പ്രതിക്ക് നടത്തിയെന്ന് കാണിക്കുന്നതിനുള്ള തെളിവൊന്നുമില്ലാത്തതുമാണ്. തപാൽ ഉരുപ്പടി രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് തപാൽ ആഫീസിൽ നിന്നുള്ള രസീത് ഹാജരാക്കിയതുകൊണ്ട് മാത്രം പ്രതിയുടെ ശരിയായ മേൽവിലാസത്തിൽ നോട്ടീസ് നടത്തുകയുണ്ടായി എന്ന് പ്രസ്താവിക്കുന്നതിനുള്ള മതിയായ കാരണമല്ല. നിരസിക്കപ്പെട്ട ചെക്കിലെ തുക മടക്കി നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലമുള്ള ഒരു നോട്ടീസ് മുഖേന ചെക്ക് എഴുതിക്കൊടുത്ത ആളോട് ആവശ്യപ്പെടുകയും അതിൽ നിഷ്കർഷിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ തുക അയാൾ മടക്കി നൽകാതിരിക്കുകയും ചെയ്താൽ മാത്രമേ കുറ്റകൃത്യം നടന്നതായി പറയാനാവൂ എന്നാണ് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിലെ (ബി) ക്ലിപ്തനിബന്ധന വായിക്കുന്നതിലൂടെ വ്യക്തമാകുന്നത്. നിലവിലുള്ള കേസ്സിൽ നിരസിക്കപ്പെട്ട ചെക്കിലെ തുക മടക്കി നൽകുവാൻ പ്രതിയോട് ആവശ്യപ്പെട്ടു എന്നുള്ളതിന് വിശ്വസനീയവും നിയമപരവുമായ യാതൊരു തെളിവും ഇല്ലാത്തതും, അതിനാൽ, നിയമാധിഷ്ഠിത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. അങ്ങനെയാണെങ്കിൽ എന്റെ അഭിപ്രായത്തിൽ, ഒന്നാമത്തെ കാര്യത്തിൽ പ്രതിക്ക് അനുകൂലമായും അപ്പീൽവാദി/പരാതിക്കാരന് എതിരായുമുള്ള ബഹു. മജിസ്ട്രേറ്റിന്റെ കണ്ടെത്തലുകൾ ശരിയായിരുന്നു. സാധുതയുള്ള ഒരു പരാതി നൽകുന്നതിനുവേണ്ട നിയമാധിഷ്ഠിത ആവശ്യകതകൾ പാലിക്കുന്നതിൽ പരാതിക്കാരൻ ദയനീയമായി പരാജയപ്പെട്ടതിനാൽ, എന്റെ അഭിപ്രായത്തിൽ, ഈ കേസ്സിൽ ഉൾപ്പെട്ട മറ്റു സംഗതികളുടെ വിശദാംശങ്ങളിലേക്ക് ഈ കോടതി പോകേണ്ട ആവശ്യമില്ല എന്നുള്ളതാണ്.

5. അങ്ങനെ, വിചാരണ കോടതിയുടെ വിധിന്യായവും തെളിവുകളും രേഖകളും പരിശോധിച്ചതിൽ നിന്നും വിചാരണകോടതി തെളിവുകളും റെക്കാർഡിലുള്ള രേഖകളും അടിസ്ഥാനമാക്കിയാണ് സ്പഷ്ടമായ കണ്ടെത്തൽ നടത്തിയതെന്ന് കാണുന്നതിനാൽ കീഴ്ക്കോടതിയുടെ കണ്ടെത്തൽ ന്യായരഹിതമാണെന്നോ നിയമവിരുദ്ധമാണെന്നോ പറയുവാൻ കഴിയുകയില്ല.

6. രാജസ്ഥാൻ സംസ്ഥാനവും ദർശൻ സിങ്ങ് എന്ന ദർശൻലാലും തമ്മിലുള്ള കേസ്സിൽ [2012 (2) കെഎൽറ്റി എസ് എൻ 125 (സി.നമ്പർ 120) എസ് സി - 2012(4) സുപ്രീം 72], കുറ്റവിമുക്തനാക്കി ക്കൊണ്ടുള്ള ഉത്തരവിൽ ഇടപെടാനുള്ള അപ്പീൽ കോടതിയുടെ അധികാരിത വളരെ പരിമിതമാണെന്ന് പരമോന്നത കോടതി വിധിയ്ക്കുകയുണ്ടായി. പരമോന്നത കോടതി ഇപ്രകാരം വിധിച്ചു:

''നിർബന്ധിത സാഹചര്യങ്ങളുള്ള അസാധാരണ കേസ്സുകളിലും അപ്പീലിലെ വിധിന്യായം ന്യായമാർഗ്ഗത്തിൽ നിന്നും മനപ്പൂർവ്വം വ്യതിചലിക്കുന്ന ഒന്നാണെന്ന് കണ്ടെത്തിയാലും, കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള ഉത്തരവിൽ അപ്പീൽ കോടതിക്ക് ഇടപെടാവുന്നതാണ്. പ്രതി നിരപരാധിയാണെന്നുള്ള തോന്നൽ അപ്പീൽ കോടതി മനസ്സിൽ വെയ്ക്കേണ്ടതും കൂടാതെ വിചാരണക്കോടതിയുടെ കുറ്റവിമുക്തമാക്കൽ അയാൾ നിരപരാധിയാണെന്നുള്ള തോന്നലിനെ ശക്തിപ്പെടുത്തുന്നതുമാണ്.'' അതിനാൽ, നിലവിലുള്ള കേസ്സിലെ വസ്തുതകളും സാഹചര്യങ്ങളും പരിശോധിച്ചതിൽ നിന്നും ബഹുമാനപ്പെട്ട പരമോന്നത കോടതി വിധിച്ചതിന്റെ വെളിച്ചത്തിലും വിചാരണകോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിനെതിരെ പ്രഥമദൃഷ്ട്യാ കേസ്സ് ഉണ്ടെന്ന് സ്ഥാപിച്ചെടുക്കുന്നതിൽ അപ്പീൽവാദി ദയനീയമായി പരാജയപ്പെട്ടു എന്നതാണ് എന്റെ കാഴ്ചപ്പാട്. പ്രതിക്ക് അനുകൂലമായി വിചാരണ കോടതിയുടെ കുറ്റ വിമുക്തമാക്കൽ ഉത്തരവിൽ ഇടപെടാൻ തക്കതായ അസാധാരണമായ കേസ്സുകളോ നിർബന്ധിത കാരണങ്ങളോ സ്ഥാപിച്ചെടുക്കുന്നതിന് സാധിച്ചിട്ടില്ല.

ആയതിനാൽ, ഈ അപ്പീലിൽ ഞാൻ യാതൊരു കഴമ്പും കാണുന്നില്ല. അതനുസരിച്ച് ഈ അപ്പീൽ തള്ളിയിരിക്കുന്നു.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് വി. ചിദംബരേഷ്*

**സുചിത്ര മധുസൂദനൻ**

**അഭി**

**നവീൻ ആർ നായർ**

**ട്രാൻസ്ഫർ പെറ്റീഷൻ (സിവിൽ) നമ്പർ 130/2012**

2012 ഡിസംബർ 12-ാം തീയതി വിധി പ്രസ്താവിച്ചത്

**1890-ലെ രക്ഷകർത്താക്കന്മാരും വാർഡുകളും ആക്റ്റിലെ 9-ാം വകുപ്പ്—തൊഴിലുമായി ബന്ധപ്പെട്ട് കുട്ടിയുടെ അച്ഛനോ അമ്മയോ വിവിധ സ്ഥലങ്ങളിൽ താല്കാലികമായി താമസിക്കുന്നുവെന്ന വസ്തുത മാത്രം കോടതിയുടെ അധികാരിത തീരുമാനിക്കുന്നതിന് അപ്രസക്തമാണ്—പ്രായപൂർത്തിയാകാത്തയാൾ സാധാരണയായി താമസിക്കുന്ന സ്ഥലത്തെ കോടതിക്കുമാത്രമേ രക്ഷകർത്തൃത്വത്തിനായുള്ള 9-ാം വകുപ്പ് പ്രകാരമുള്ള ഒരു പരാതി സ്വീകരിക്കുവാൻ കഴിയുകയുള്ളു.**

**ഉത്തരവ്**

തിരുവനന്തപുരത്തെ കുടുംബകോടതിയിലെ, ഒ.പി. (ജി&ഡബ്ല്യൂ) നമ്പർ 193/2012 കേസ്സ്, ഭാര്യ തന്റെ പ്രായപൂർത്തിയാകാത്ത മകളായ ഇപ്പോൾ 4 ½ വയസ്സുള്ള അമുദ നവീനിന്റെ സ്ഥിരമായ സംരക്ഷണത്തിനുവേണ്ടി ഫയൽ ചെയ്തതാണ്. ഭാര്യ തിരുവനന്തപുരത്തെ യു.എസ്.റ്റി ഗ്ലോബൽ ടെക്നോപാർക്കിൽ നോൺ ടെക്നിക്കൽ സീനിയർ എക്സിക്യൂട്ടീവായും അവരുടെ ഭർത്താവ് തിരുവനന്തപുരത്ത് സിഎൻഎൻ ഐബിഎൻ-ൽ ബ്യൂറോ ചീഫായും ജോലി ചെയ്തുവരുന്നു. ഭാര്യയ്ക്ക് എറണാകുളത്തേക്ക് സ്ഥലം മാറ്റ ഉത്തരവ് ലഭിച്ചുവെന്നും വീട്ടിൽ

നിന്നുതന്നെ തന്റെ സേവനം ലഭ്യമാക്കുവാൻ തന്റെ ജോലി സാധ്യമാക്കുന്നുവെന്നും പ്രധാനപ്പെട്ട യോഗങ്ങളുമായി ബന്ധപ്പെട്ടുമാത്രം ആഫീസിൽ ഹാജരായാൽ മതിയാകുന്നതാണെന്നും ബോധിപ്പിച്ചു. തിരുവനന്തപുരം ശാസ്തമംഗലത്തെ വാടകവീട്ടിൽ താമസിച്ചിരുന്നപ്പോഴാണ് സ്ഥിരമായ സംരക്ഷണത്തിനുവേണ്ടി ഹർജി തിരുവനന്തപുരത്ത് ഫയൽ ചെയ്തത് എന്നും പിന്നീട് അത് 2012 സെപ്തംബർ മാസം ഒഴിഞ്ഞു കൊടുക്കുകയുണ്ടായി എന്നും തുടർന്ന് പ്രസ്താവിച്ചിട്ടുണ്ട്. പത്തനംതിട്ടയുടെ സമീപ ജില്ലയായ ആലപ്പുഴയാണ് കേസ്സ് കൈമാറ്റം ചെയ്യുന്നതിനായി ഹർജിയിലെ അപേക്ഷയിൽ പരാമർശിക്കുന്നതെങ്കിലും തിരുവനന്തപുരം കുടുംബകോടതിയിൽ നിന്നും പത്തനംതിട്ട കുടുംബ കോടതിയിലേക്ക് കേസ്സ് മാറ്റിക്കിട്ടുന്നതിനാണ് ഭാര്യ ആവശ്യപ്പെടുന്നത്.

2. കുട്ടിയുടെ സ്ഥിരം സംരക്ഷണത്തിനുവേണ്ടി ഭാര്യ തിരുവനന്തപുരത്ത് ഹർജി നല്കിയത് സ്വന്തം താല്പര്യപ്രകാരമാണെന്നും ജോലിയെ അടിസ്ഥാനമാക്കി മറ്റൊരു സ്ഥലത്തേക്ക് കേസ്സ് മാറ്റിക്കിട്ടുന്നതിന് ഭാര്യയെ അനുവദിക്കരുതെന്നുമാണ് ഭർത്താവ് വാദിക്കുന്നത്. എറണാകുളത്തോ മറ്റ് സ്ഥലങ്ങളിലോ ഉള്ള വാടക കെട്ടിടങ്ങളിൽ അവർക്ക് താമസിക്കാമെങ്കിലും അടിസ്ഥാന ജോലിസ്ഥലം തിരുവനന്തപുരം തന്നെയാണെന്നും പ്രസ്താവിച്ചിരിക്കുന്നു. കുട്ടിയായ അമുദ നവീൻ പത്തനംതിട്ടയിലെ മലക്കരയുള്ള ഭാര്യയുടെ അമ്മയോടൊപ്പമാണെന്നും കേസ്സ് സ്ഥലംമാറ്റികൊടുക്കേണ്ട യാതൊരു സാഹചര്യവും ഇല്ലെന്നും ഭർത്താവ് ചൂണ്ടിക്കാട്ടുന്നു. കുട്ടിയായ അമുദ നവീനിന്റെയും തന്റെ ഭാര്യയുടേയും ഒപ്പം (ഇപ്പോൾ വേർപിരിഞ്ഞ) കൂടുതൽ സമയം ചിലവഴിക്കുന്നതിനു വേണ്ടി മാത്രമാണ് താൻ ന്യൂഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേക്ക് സ്ഥലമാറ്റം വാങ്ങി വന്നത് എന്ന് ഭർത്താവ് വാദിക്കുന്നു.

3. കുട്ടിയുടെ ഇടക്കാല സംരക്ഷണം സംബന്ധിച്ചും കുട്ടിയുടെ ആഗ്രഹം സംബന്ധിച്ചുള്ള ന്യായാധിപന്റെ അന്വേഷണങ്ങൾക്കുമായി കുട്ടിക്ക് പല പ്രാവശ്യം കുടുംബകോടതി മുമ്പാകെ ഹാജരാകേണ്ടതായിവരും എന്ന കാര്യം അടിയന്തിരമായി ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടി നിലവിൽ പത്തനംതിട്ടയിലെ ചെങ്ങന്നൂർ വാണി പബ്ലിക്ക് സ്കൂളിൽ പഠിക്കുകയാണെന്ന് ഇനിപ്പറയുന്ന രേഖകളിൽ നിന്ന് വ്യക്തമാകുന്നതാണ്.

(i) വാണി പബ്ലിക്ക് സ്കൂളിൽ നിന്നുള്ള ഫീസ് കൈപ്പറ്റിയ രസീത് (അനുബന്ധം 7)

(ii) ഏഷ്യാ സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടി നൽകിയ സ്കൂളിന്റെ പേര് പരാമർശിച്ചിട്ടുള്ള ഹാൾടിക്കറ്റ് (അനുബന്ധം 11)

(iii) സ്കൂളിൽ നിന്നും നല്കിയിട്ടുള്ള മെരിറ്റ് കാർഡ് (അനുബന്ധം 12)

(iv) സ്കൂൾ സൂക്ഷിച്ചുപോരുന്ന ഹാജർ രജിസ്റ്റർ (അനുബന്ധം 14)

(v) സ്കൂൾ നല്കിയിട്ടുള്ള ഫീസ് രസീത് (അനുബന്ധം 15)

(vi) കുട്ടി അനധികൃതമായി ഹാജരാകാതിരിക്കുന്നതിൽ പരാതി പ്പെട്ടുകൊണ്ട് സ്കൂളിൽ നിന്നും നല്കിയിട്ടുള്ള കത്ത്. [അനുബന്ധം ആർ 1 (എച്ച്)] പത്തനംതിട്ട കുടുംബകോടതിയുടെ അധികാരിതയിൽ വരുന്ന ചെങ്ങന്നൂരിലെ വാണി പബ്ലിക്ക് സ്കൂളിലാണ് കുട്ടി പഠിക്കുന്നതെന്ന് ഈ രേഖകൾ പ്രഥമദൃഷ്ട്യാ കാണിക്കുന്നു.

4. ഭാര്യയുടെ അമ്മ പത്തനംതിട്ടയിലെ മലക്കരയിലാണ് താമസിക്കുന്നതെന്ന് സമ്മതിച്ചിട്ടുണ്ട്. ഭാര്യയുടെ സ്ഥിരതാമസവും പത്തനംതിട്ടയിലെ മലക്കരയിലാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ താമസസ്ഥല സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമാണ് (അനുബന്ധം 6). പ്രായപൂർത്തിയാകാത്തയാൾ സാധാരണയായി താമസിക്കുന്നത് ഇപ്പോൾ കേസ്സ് സ്ഥലം മാറ്റികിട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന കോടതിയായ പത്തനംതിട്ട കുടുംബകോടതിയുടെ അധികാര പരിധിക്കുള്ളിലാണ്. പ്രായപൂർത്തിയാകാത്തയാൾ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ള കോടതിക്കുമാത്രമേ 1890-ലെ രക്ഷകർത്താക്കൻമാരും വാർഡുകളും ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരമുള്ള ഒരു പരാതി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. തൊഴിലുമായി ബന്ധപ്പെട്ട് കുട്ടിയുടെ അച്ഛനും അമ്മയും വിവിധ സ്ഥലങ്ങളിൽ താല്ക്കാലികമായി താമസിക്കുന്നുവെന്നത് അപ്രസക്തമാണ്. ഈ അവസരത്തിൽ റ്റി. ജെ. ചാണ്ടിയും മേരി ബനീനയും മറ്റുള്ളവരും തമ്മിലുള്ള കേസ്സിലെ വിധിന്യായത്തെ [1988(1) കെഎൽറ്റി 611–1988(1) കെഎൽജെ 529] സംബന്ധിച്ച് പരാമർശിക്കുന്നത് ഉചിതമായിരിക്കും. അതിൽ ഇനിപറയും പ്രകാരം വിധി പ്രസ്താവിക്കുകയുണ്ടായി:



GCPT. 34/4787/2013/TP.

''ആക്റ്റ് പ്രകാരം അപേക്ഷ ഫയൽ ചെയ്യുന്ന സമയത്തെ താമസസ്ഥലം സാധാരണയായി താമസിക്കുന്ന സ്ഥലം നിജപ്പെടുത്തുന്നതിൽ നിർണ്ണായകമല്ല എന്നത് ശരിയാണ്. എന്തെന്നാൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്കും ഒരു അധികാരിതയിൽ നിന്നും മറ്റൊരു അധികാരിതയിലേക്കും എളുപ്പം മാറ്റാവുന്നതാണ്. ''സാധാരണയായി താമസിക്കുന്നു'' എന്ന പ്രയോഗം സ്ഥിരമായി താമസിക്കുന്ന വീടിനെയാണ് സൂചിപ്പിക്കുന്നത്. അല്ലാതെ സാഹചര്യങ്ങളുടെ സമ്മർദ്ദം മുലമോ മാതാപിതാക്കളുടെ തൊഴിൽ മൂലമോ കുട്ടികൾ താമസിക്കുവാൻ നിർബന്ധിതരാകുന്ന സ്ഥലത്തെയല്ല.''

5. കുട്ടിക്ക് അപ്പോൾ 4½ വയസ്സ് പൂർത്തിയാവാത്തതുകൊണ്ട് മലക്കരയിലെ ശ്രീ അദമനാദ മെമ്മോറിയൽ സ്കൂളിൽ പ്രവേശനം നേടുവാൻ സാധ്യമായില്ല എന്ന് ഭാര്യ വിശദീകരിക്കുകയുണ്ടായി. പത്തനംതിട്ട കുടുംബകോടതിയുടെ അധികാരിതയിലുള്ള വാണി പബ്ലിക് സ്കൂളിലാണ് അമുദ നവീൻ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത് എന്ന് മേൽപ്പറഞ്ഞ രേഖകളിൽ നിന്നും പ്രഥമദൃഷ്ട്യാ വ്യക്തമാണ്. കേസ്സു നടത്തുന്നതിനായി, ഭാര്യയും കുട്ടിയും പത്തനംതിട്ടയിൽനിന്നും തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുന്നത് അപ്രായോഗികമാണ്. ഈ ആവശ്യത്തിനായി തിരുവനന്തപുരത്തു നിന്നും പത്തനംതിട്ടയിലേക്ക് യാത്ര ചെയ്യേണ്ടിവരുന്നത് ഭർത്താവിന് വളരെ ചെറിയ അസൗകര്യം മാത്രമേ ഉണ്ടാക്കുന്നുള്ളു.

6. അതിനാൽ, തിരുവനന്തപുരം കുടുംബകോടതി മുമ്പാകെയുള്ള ഒ.പി. (ജി&ഡബ്ല്യു) നമ്പർ 193/2012 തിരുവല്ലയിലുള്ള പത്തനംതിട്ട കടുംബ കോടതിയിലേക്ക് മാറ്റുവാൻ ഞാൻ ഉത്തരവിടുന്നു. വാരാന്ത്യങ്ങളിലും ഓണാവധികളിലും ക്രിസ്തുമസ് അവധികളിലും വേനൽക്കാല അവധികളിലും സന്ദർശിക്കുന്നതിനുള്ള അവകാശങ്ങൾക്കു വേണ്ടി പത്തനംതിട്ട കുടുംബകോടതിയെ സമീപിക്കുവാൻ ഇരു കക്ഷികൾക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

7. 2012-ലെ ക്രിസ്തുമസ് അവധിക്കാലത്ത് കുട്ടിയുടെ ഇടക്കാല സംരക്ഷണത്തിനുവേണ്ടി കേസ്സ് മാറ്റിയിട്ടുള്ള കോടതിയെ സമീപിക്കുവാനുള്ള

സമയക്കുറവ് ഭർത്താവ് ചൂണ്ടിക്കാണിച്ചു. കുട്ടിയായ അമുദ നവീൻ കേസ്സിന്റെ നടപടികൾ നടക്കുന്ന സമയം മുഴുവനും ഭാര്യയുടെ കൂടെയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാൽ, 2012-ലെ ക്രിസ്തുമസ് അവധിക്കാലത്തെ എട്ട് ദിവസത്തേക്ക് കുട്ടിയുടെ ഇടക്കാല സംരക്ഷണം ഞാൻ എതിർകക്ഷിയായ അച്ഛന് അനുവദിക്കുന്നു. കുട്ടിയായ അമുദ നവീനിനെ 20-12-2012-ന് രാവിലെ 10 മണിക്ക് ഭാര്യ ഭർത്താവിന് കൈമാറേണ്ടതാണ്. 28-12-2012-ന് 10 മണിക്ക് ഭർത്താവ് കുട്ടിയെ തിരിച്ച് ഏല്പ്പിക്കേണ്ടതാണ്. ഈ രണ്ട് അവസരങ്ങളിലും കുട്ടിയെ കൈമാറുന്നതിനുള്ള സ്ഥലം തിരുവല്ലയിലെ പത്തനംതിട്ട കുടുംബ കോടതിയിൽ ആയിരിക്കേണ്ടതാണ്. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിലെ ഇടക്കാല സംരക്ഷണം സംബന്ധിച്ച് തിരുവനന്തപുരം കുടുംബ കോടതിയുടെ ഉത്തരവ്, ഭാര്യ കർശനമായി പാലിച്ചുവരുന്നില്ല എന്ന പരാതി ഭർത്താവ് ഉന്നയിക്കുന്നുണ്ട്. കേസ്സ് സ്ഥലം മാറ്റപ്പെട്ട കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട സംഗതിയാണ് ഇത്. പ്രസ്തുത കോടതി ഈ സംഗതിയുടെ എല്ലാ വശങ്ങളും കൈകാര്യം ചെയ്യുന്നതാണ്. സ്ഥലമാറ്റ ഹർജി (സിവിൽ) തീർപ്പാക്കിയിരിക്കുന്നു. ചെലവ് സംബന്ധിച്ച ഉത്തരവുകളൊന്നുമില്ല.

**കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു ജസ്റ്റിസ് സി. കെ. അബ്ദുൾ റഹീം*

**ദീപുദേവും മറ്റൊരാളും**

**അഭി**

**കേരള സംസ്ഥാനവും മറ്റൊരാളും**

**ഡബ്ലിയു പി.(സി) നമ്പർ 5197/2012,**

2012 മാർച്ച് 14-ാം തീയതി വിധി പ്രസ്താവിച്ചത്

**പ്രത്യേക വിവാഹ ആക്റ്റ് (1954-ലെ 43), 15-ാം വകുപ്പ്—ഹിന്ദു വിവാഹ ആക്റ്റ് (1955-ലെ 25), 8-ാം വകുപ്പ്—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, 6-ാം ചട്ടം- വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുളള വിവാഹം—രജിസ്റ്റർ ചെയ്യൽ—കക്ഷികളുടെ ജാതിമത ഭേദമന്യേ എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്നുളള പൊതു ചട്ടങ്ങൾ സംസ്ഥാന സർക്കാർ ഉണ്ടാക്കിയത്—പൊതു ചട്ടങ്ങൾ പ്രകാരം എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുന്നത് സർക്കാരിന്റെ എക്സിക്യൂട്ടീവ് ഉത്തരവായ ഒരു പരിപത്രത്തിലൂടെ തടയുവാൻ കഴിയുകയില്ല- ചട്ടങ്ങളുടെ ഉദ്ദേശ്യത്തിലും ബാധകതയിലും ഒരു നിയന്ത്രണവും വരുത്തുവാൻ എക്സിക്യൂട്ടീവ് ഉത്തരവിന് സാധിക്കുകയില്ല. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെടുന്നവർ തമ്മിൽ മതാചാരപ്രകാരം നടത്തുന്ന വിവാഹങ്ങൾ പൊതു ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാൻ പാടുളളതല്ലായെന്നുളള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ പൊതുചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും എതിരാണെന്നും വിധിച്ചു. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിന് യാതൊരു അധികാരവുമില്ലാത്തതാണ്.**

## ഉത്തരവ്

വ്യത്യസ്ത മതങ്ങളിൽപ്പെടുന്ന രണ്ടു പേർ തമ്മിൽ നടന്ന വിവാഹം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ (ഇതിനുശേഷം പൊതുചട്ടങ്ങൾ എന്ന് പറയുന്നതാണ്) വ്യവസ്ഥകൾ പ്രകാരം രജിസ്ററർ

ചെയ്യാനാകുമോ എന്ന നിയമ പ്രാധാന്യമുള്ള ഒരു ചോദ്യം ഈ റിട്ട് ഹർജിയിൽ മുന്നിട്ടുനിൽക്കുന്നു.

2. മതപരമായ ചടങ്ങുകൾ അനുസരിച്ച്, ആലുവ സൗത്ത് വാഴക്കുളം ഇൻഫന്റ് ജീസസ് പള്ളിയിൽവച്ച് 16-2-2012-ൽ, നടത്തപ്പെട്ട വിവാഹത്തിലെ ഭാര്യയും ഭർത്താവുമാണ് ഹർജിക്കാർ. 1-ാം ഹർജിക്കാരൻ ഹിന്ദു മതത്തിലും 2-ാം ഹർജിക്കാരി ക്രിസ്തു മതത്തിലും പെട്ടവരാണ്. അതുകൂടാതെ, അന്നേ ദിവസം ഹർജിക്കാർ ആലുവ കിഴക്കേ കടുങ്ങല്ലൂരിലെ ശ്രീ ശങ്കര ആഡിറ്റോറിയത്തിൽവച്ച് ഹിന്ദുമതപ്രകാരമുള്ള വിവാഹത്തിലെ മതപരമായ ആചാരങ്ങളും ചടങ്ങുകളും അനുസരിച്ച് വിവാഹിതരായി എന്നും പ്രസ്താവിച്ചിരിക്കുന്നു. എക്സിബിറ്റ് പി.3 പള്ളിയിൽ നിന്നു നൽകിയ വിവാഹ സർട്ടിഫിക്കറ്റും എക്സിബിറ്റ് പി.4 ആഡിറ്റോറിയത്തിന്റെ അധികാരികൾ നൽകിയ വിവാഹ സർട്ടിഫിക്കറ്റുമാണ്.

3. പൊതു ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷനുവേണ്ടി ഹർജിക്കാർ അപേക്ഷിച്ചു. 28-2-2011-ലെ 63882/ആർ.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കാർ പരിപത്ര പ്രകാരം വ്യത്യസ്ത മതങ്ങളിൽപ്പെടുന്ന വ്യക്തികൾ തമ്മിലുള്ള വിവാഹങ്ങൾ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതായതിനാൽ അങ്ങനെയുള്ള കേസ്സുകൾ പൊതുചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുന്നതല്ല എന്ന കാരണം പറഞ്ഞുകൊണ്ട് എക്സിബിറ്റ് പി.6 മുഖേന 2-ാം എതിർകക്ഷിയായ പഞ്ചായത്ത് സെക്രട്ടറി (രജിസ്ട്രാർ) അവരുടെ അപേക്ഷ നിരസിക്കുകയുണ്ടായി. ഈ റിട്ട് ഹർജിയിൽ ഹർജിക്കാരൻ എക്സിബിറ്റ് പി6 -നെ ചോദ്യം ചെയ്യുന്നു.

4. ഒന്നാം എതിർകക്ഷിക്കുവേണ്ടിയുള്ള സർക്കാർ അഭിഭാഷകന്റെയും 2-ാം എതിർകക്ഷിയായ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകന്റെയും വാദങ്ങൾ കേട്ടു. പ്രസ്തുത വിഷയം നിയമവകുപ്പുമായി കൂടിയാലോചിക്കേണ്ട ആവശ്യമുള്ളതിനാൽ വിശദമായ എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് സർക്കാർ അഭിഭാഷകൻ കൂടുതൽ സമയം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രശ്ന വിഷയം തികച്ചും നിയമപരമായ ഒന്നാണെന്നും ആയതിന് ഏതെങ്കിലും തർക്കമുള്ള വസ്തുതകളുടെ വിശകലനം ആവശ്യമില്ലാത്തതാണെന്നും എനിക്ക് തോന്നുന്നു.

5. സർക്കാർ പരിപത്രമായ എക്സിബിറ്റ് പി.7 പരിശോധിച്ചതിൽ നിന്നും വ്യത്യസ്ത മതങ്ങളിൽപ്പെടുന്ന ആളുകൾ 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം അവരുടെ വിവാഹം രജിസ്റ്റർ ചെയ്യണമെന്നും പൊതുചട്ടങ്ങൾ പ്രകാരം അങ്ങനെയുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതല്ല എന്നും വ്യക്തമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിക്കഴിഞ്ഞു എന്നും വ്യക്തമാണ്. എക്സിബിറ്റ് പി.7, പൊതുചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ബഹു. സുപ്രീംകോടതിയുടെ സീമയും അശ്വനികുമാറും (2006 (1)കെഎൽറ്റി 791: എഐആർ 2006 എസ്സി 1158) തമ്മിലുള്ള കേസ്സിലെ വിധിന്യായത്തിൽ അടങ്ങിയിരിക്കുന്ന നിയമതത്വങ്ങൾക്കും നിർദ്ദേശങ്ങൾക്കും എതിരാണെന്നുമുള്ള കാരണങ്ങളാൽ ഹർജിക്കാർ എക്സിബിറ്റ് പി.7 പരിപത്രത്തിന്റെ നിലനിൽപ്പിനേയും ചോദ്യം ചെയ്യുന്നു. പരിപത്രം സാധുവായിരിക്കുന്നിടത്തോളം കാലം എതിർകക്ഷിയായ പഞ്ചായത്ത് സെക്രട്ടറി അത് പാലിക്കുവാൻ ബാദ്ധ്യസ്ഥനാണെന്നും അപേക്ഷ നിരസിച്ചത് പരിപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണെന്നും രണ്ടാം എതിർകക്ഷിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ബോധിപ്പിച്ചു.

6. തർക്കപ്രശ്നം തീരുമാനിക്കുന്നതിനായി, പ്രസക്തമായ ചട്ടങ്ങൾ പരിശോധിക്കുന്നത് ഗുണകരമായിരിക്കും. പൊതുചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചടങ്ങനുസരിച്ച് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 6-ാം ചട്ടം നിഷ്കർഷിക്കുന്നു. മറ്റേതെങ്കിലും നിയമാധിഷ്ഠിത വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ ഈ ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതും, അപ്രകാരമുള്ള വിവാഹങ്ങൾ ബന്ധപ്പെട്ട നിയമാധിഷ്ഠിത വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണെന്നുമാണ് പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്തനിബന്ധനയിൽ വ്യവസ്ഥ ചെയ്യുന്നത്. മറ്റേതെങ്കിലും നിയമാധിഷ്ഠിത വ്യവസ്ഥകൾ പ്രകാരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ലാത്തിടത്ത് അങ്ങനെയുള്ള നിയമാധിഷ്ഠിത വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം, ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് 2-ാം ക്ലിപ്തനിബന്ധന വ്യവസ്ഥ ചെയ്യുന്നു. 9-ാം ചട്ടത്തിൽ നിർണ്ണയിച്ചിട്ടുള്ള രജിസ്ട്രേഷനുള്ള നടപടിക്രമം അനുസരിച്ച് രജിസ്റ്റർ

ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികളും പ്രസ്തുത വിവാഹത്തിന് സാക്ഷ്യം വഹിച്ച മറ്റ് രണ്ട് ആളുകളും ഒപ്പിട്ടിരിക്കേണ്ടതാണെന്നാണ്. മതാചാരപ്രകാരമുള്ള ചടങ്ങുകൾ അനുസരിച്ച് നടന്ന വിവാഹങ്ങളുടെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകിയ വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പും മെമ്മോറാണ്ടത്തിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്പോഴത്തെ കേസ്സിൽ മെമ്മോറാണ്ടത്തിനോടൊപ്പം എക്സിബിറ്റ് പി.3-യും എക്സിബിറ്റ് പി.4 സർട്ടിഫിക്കറ്റുകളും ഹർജിക്കാർ ഹാജരാക്കിയിട്ടുണ്ട്. ഇൻഫന്റ് ജീസസ് പള്ളിയുടെ വികാരി നല്കിയ സർട്ടിഫിക്കറ്റാണ് എക്സിബിറ്റ് പി.3. പ്രസ്തുത സർട്ടിഫിക്കറ്റിലെ വാചകങ്ങൾ ഇനിപ്പറയും പ്രകാരമാണ്:

ഹിന്ദുമതത്തിൽപ്പെട്ട ശ്രീ പി. പി. ദേവദാസിന്റെയും ഷൈലജാ ദേവദാസിന്റെയും മകനായ ദീപുദേവ് പതിയപ്പറമ്പിലിന്റെയും പി. റ്റി. ജോസഫിന്റെയും സിസിലി ജോസഫിന്റെയും മകളായ ആൻസി ജോസഫ് പ്രാണശ്ശേരിലിന്റെയും വിവാഹം ഈ പള്ളിയിൽവച്ച് 2012 ഫെബ്രുവരി 16-ാം തീയതി നടന്നതായി ഇവിടുത്തെ രേഖകൾ പ്രകാരം ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ശ്രീ ശങ്കരാ ആഡിറ്റോറിയത്തിലെ മാനേജർ നൽകിയ സർട്ടിഫിക്കറ്റ് ആണ് എക്സിബിറ്റ് പി.4, ആയത് ഹർജിക്കാർ തമ്മിലുള്ള വിവാഹം പ്രസ്തുത ആഡിറ്റോറിയത്തിൽവച്ച് 16-2-2012-ന് രാവിലെ 11.30-നും ഉച്ചയ്ക്ക് 12.15-നും ഇടയിലുള്ള സമയത്ത് നടന്നതായി സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ, മതാചാര പ്രകാരം വിവാഹം നടന്നെന്ന് വ്യക്തമാണ്. ബന്ധപ്പെട്ട മതാധികാര സ്ഥാനം നല്കിയ വിവാഹ സർട്ടിഫിക്കറ്റും ഹർജിക്കാർ ഹാജരാക്കിയിട്ടുണ്ട്.

7. പൊതുചട്ടങ്ങൾ പ്രകാരമുള്ള തദ്ദേശ രജിസ്ട്രാറെ വിവാഹത്തിന്റെ സാധുത പരിശോധിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ടോയെന്നും മറ്റ് വിധത്തിൽ പറഞ്ഞാൽ, രജിസ്റ്റർ ചെയ്തു നൽകുന്ന ആവശ്യത്തിലേക്കായി അപ്രകാരമുള്ള സാധുത പരിശോധിക്കേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടോ എന്നുള്ളതുമാണ് ഉയർന്നുവരുന്ന ചോദ്യം. സീമയുടെ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി (എഐആർ 2006 എസ്സി 1158) (മുകളിൽ ഉദ്ധരിച്ചത്) പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതു ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വിധിന്യായത്തിലെ നിരീക്ഷണങ്ങൾ ഇനിപ്പറയും പ്രകാരമാണ്:

"ഭൂരിഭാഗം സംസ്ഥാനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യണമെന്നുള്ളത് പല സംസ്ഥാനങ്ങളിലും നിർബന്ധമല്ല. വിവാഹം നടന്നത് സംബന്ധിച്ചുള്ള ഒരു രേഖ സൂക്ഷിക്കുകയാണെങ്കിൽ, രണ്ടു പേർ തമ്മിൽ മതാചാരപ്രകാരം വിവാഹം നടന്നു എന്നുള്ളതു സംബന്ധിച്ച തർക്കങ്ങൾ ഒരു വലിയ പരിധി വരെ ഒഴിവാക്കാവുന്നതാണ്. ദേശീയ കമ്മീഷൻ ശരിയായി വാദിച്ചതുപോലെ ഭൂരിഭാഗം കേസ്സുകളിലും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാത്തത് ഒരു വലിയ പരിധിവരെ ബാധിക്കുന്നത് സ്ത്രീകളെയാണ്. വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ വിവാഹം നടന്നു എന്നതിന്റെ ഒരു തെളിവ് നൽകുന്നതും വിവാഹം നടന്നിട്ടുണ്ട് എന്ന ഖണ്ഡിക്കാനാവാത്ത അനുമാനം നല്കുകയും ചെയ്യുന്നതാണ്. രജിസ്ട്രേഷൻ സ്വയമേവ സാധുവായ വിവാഹത്തിന്റെ തെളിവാവുകയില്ലെങ്കിലും വിവാഹത്തിന്റെ സാധുത സംബന്ധിച്ച് നിർണ്ണായകമായ ഘടകമല്ലെങ്കിൽ കൂടിയും കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച വിഷയത്തിലും രണ്ട് പേർ തമ്മിൽ രജിസ്റ്റർ ചെയ്ത വിവാഹത്തിലുണ്ടായ കുട്ടികളുടെ അവകാശം, വിവാഹത്തിലെ കക്ഷികളുടെ പ്രായം എന്നീ കാര്യങ്ങളിൽ രജിസ്ട്രേഷനുള്ള തെളിവിന്റെ മൂല്യം വലുതാണ്. അങ്ങനെയാണെങ്കിൽ, പൊതുതാല്പര്യ പ്രകാരമായിരിക്കണം വിവാഹം നിർബന്ധമായും രജിസ്റ്റർ ചെയ്യണം എന്നു കൊണ്ടുവന്നത്".

8. ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ രജിസ്ട്രേഷൻ പ്രധാനമായും ലക്ഷ്യമിടുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്ന ആവശ്യത്തിനായാണ്. വിവാഹത്തിന്റെ സാധുതയുടെ തെളിവായി രജിസ്റ്റർ ചെയ്യൽ മാത്രം മതിയാവില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. പൊതു ചട്ടങ്ങൾ പ്രകാരം ഒരു വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിനാൽ സ്വാഭാവികമായും അസാധുവായ ആ വിവാഹത്തെ ഏതെങ്കിലും രീതിയിൽ സാധുവാക്കുന്നതിന് സാധിക്കുന്നതല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

9. ഹർജിക്കാരന്റെ അഭിഭാഷകൻ 1872-ലെ ക്രിസ്ത്യൻ വിവാഹ ആക്റ്റിന്റെ 4-ാം വകുപ്പിലേക്ക് എന്റെ ശ്രദ്ധ ക്ഷണിക്കുകയും, ക്രിസ്ത്യൻ മതത്തിൽ നിഷ്കർഷിച്ചിട്ടുള്ള മതാചാരപ്രകാരം നടത്തിയ ഹർജിക്കാർ തമ്മിലുള്ള വിവാഹം

സാധുവാണെന്ന് വാദിക്കുകയും ചെയ്തു. എന്നാൽ, ഉന്നയിക്കപ്പെട്ടിട്ടുള്ള തർക്കം തീരുമാനിക്കുന്ന ആവശ്യത്തിലേക്ക്, വിവാഹത്തിന്റെ സാധുതയെ സംബന്ധിച്ച് ഞാൻ ന്യായനിർണ്ണയം നടത്തേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് എല്ലാ വിവാഹങ്ങളും, കക്ഷികളുടെ മതഭേദമന്യേ (ഊന്നൽ നൽകുന്നു) രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ പൊതുചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് എന്ന വസ്തുത ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ, ഒരു എക്സിക്യൂട്ടീവ് ഉത്തരവായ എക്സിബിറ്റ് പി.7 പരിപത്രത്തിലൂടെ, സർക്കാരിന് ചട്ടങ്ങളുടെ ലക്ഷ്യത്തിലും ബാധകമാകലിലും യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുവാൻ കഴിയുന്നതല്ല. മറ്റേതെങ്കിലും നിയമ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള ഒരു വിവാഹം പൊതുചട്ടങ്ങൾ പ്രകാരം വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല എന്ന് മാത്രമാണ് പൊതു ചട്ടങ്ങളിലെ 6-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധന പോലും വ്യവസ്ഥചെയ്യുന്നത്. സംസ്ഥാനത്ത് മതാചാരപ്രകാരം നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്ന 6-ാം ചട്ടപ്രകാരമുള്ള കടമയിൽ നിന്നുള്ള ഇളവ് മാത്രമാണ് ആയതിൽ വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ, എല്ലാ വിവാഹങ്ങളും കക്ഷികളുടെ ജാതി മതഭേദമന്യേ അത് സംസ്ഥാനത്തിനുള്ളിൽ നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്, പ്രത്യേകിച്ചും 6-ാം ചട്ടത്തിലെ വാക്പ്രയോഗം കണക്കിലെടുക്കുമ്പോൾ മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെങ്കിൽ കൂടി സംസ്ഥാനത്തിനുള്ളിൽ മതാചാര പ്രകാരം നടന്ന ഒരു വിവാഹം രജിസ്റ്റർ ചെയ്യുന്നത് തടയുന്നതായി ഏതെങ്കിലും തരത്തിൽ ആയതിനെ വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല.

10. അതിനാൽ, വ്യത്യസ്ത മതങ്ങളിൽപ്പെടുന്നവർ തമ്മിൽ മതാചാരപ്രകാരം നടന്ന വിവാഹങ്ങൾ പൊതുചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല എന്ന് എക്സിബിറ്റ് പി.7-ലൂടെ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ, എന്റെ കാഴ്ചപ്പാടിൽ, പൊതുചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധവും എതിരുമാണ്. ഒരു നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അത്തരത്തിലുള്ള ഏതെങ്കിലും എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള ഒരു അധികാരവും സംസ്ഥാന സർക്കാരിനില്ല. ആയതിനാൽ, എക്സിബിറ്റ് പി.7 റദ്ദാക്കപ്പെടേണ്ടതാണ്.

11. വിവാഹം രജിസ്റ്റർ ചെയ്യുന്നതിലേക്കായി സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ട ത്തിനൊപ്പം ഹർജിക്കാർ പള്ളിയിൽനിന്ന് നല്കിയ എക്സ്ബിറ്റ് പി.3 സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതാണെന്ന് 2-ാം എതിർകക്ഷിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ചൂണ്ടിക്കാണിച്ചിരുന്നു. ഏതെങ്കിലും മതാധികാര സ്ഥാനം നൽകിയ ഒരു സർട്ടിഫിക്കറ്റായി എക്സിബിറ്റ് പി.4 സർട്ടിഫിക്കറ്റിനെ കണക്കാക്കാൻ കഴിയുകയില്ല, എന്നതാണ് വാദം. എക്സിബിറ്റ് പി.3 സർട്ടിഫിക്കറ്റിന്റെ അസ്സലോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കാൻ തയ്യാറാണെന്ന് ഹർജിക്കാർക്ക് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിക്കുക യുണ്ടായി. എക്സിബിറ്റ് പി.3 ഹാജരാക്കുകയാണെങ്കിൽ ഈ സംഗതി വീണ്ടും പരിഗണിക്കണമെന്ന് 2-ാം എതിർകക്ഷിക്ക് നിർദ്ദേശം നൽകാവുന്നതാണെന്നാണ് എന്റെ അഭിപ്രായം.

12. മുകളിൽ പരാമർശിച്ച സാഹചര്യങ്ങളിൽ റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ എക്സിബിറ്റ് പി.7 പരിപത്രവും പ്രസ്തുത പരിപത്രത്തെ അടിസ്ഥാനമാക്കി 2-ാം എതിർകക്ഷി എടുത്ത പി.6 തീരുമാനവും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. എക്സിബിറ്റ് പി.7 പരിപത്രത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തുതന്നെയായാലും, ഇവിടെ മുകളിൽ പറഞ്ഞിരിക്കുന്ന നിരീക്ഷണങ്ങൾ കണക്കിലെടുത്തുകൊണ്ട്, എക്സിബിറ്റ് പി.5 അപേക്ഷ ഒന്നുകൂടി പുതുതായി തീർപ്പാക്കുന്നതിന് പൊതുചട്ടങ്ങൾ പ്രകാരമുള്ള തദ്ദേശ രജിസ്ട്രാർ ആയ രണ്ടാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. എക്സിബിറ്റ് പി.3 സർട്ടിഫിക്കറ്റിന്റെ അസ്സലോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ മറ്റ് പുതിയ രേഖകളോ ആവശ്യമാണെങ്കിൽ, 3-ാം എതിർകക്ഷി മുമ്പാകെ ഹാജരാക്കുന്നതിന് ഹർജിക്കാരന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനം കഴിയുന്നത്ര വേഗത്തിൽ എടുക്കേണ്ടതാണ്, അതായത്, ഏത് വിധേനയും ഈ വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ ആയിരിക്കേണ്ടതാണ്.

ഹർജി അനുവദിച്ചിരിക്കുന്നു.

# ആക്റ്റുകളും ചട്ടങ്ങളും

## 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ്

### (*1996-ലെ 11-ാം ആക്റ്റ്)

കേരള സംസ്ഥാനത്തെ പട്ടികജാതിയിലും പട്ടിക ഗോത്ര വർഗ്ഗത്തിലും പെടുന്ന അംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതും ക്രമപ്പെടുത്തുന്നതും വ്യവസ്ഥചെയ്യുന്ന ഒരു ആക്റ്റ്

*പീഠിക.*—കേരള സംസ്ഥാനത്തെ പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലും പെടുന്ന അംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തുന്നതിന് കർശനമായ ഒരു നടപടിക്രമം ആവിഷ്കരിക്കേണ്ടതും വ്യവസ്ഥ ചെയ്യേണ്ടതും ആവശ്യമായതിനാലും;

പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെടുന്നവർക്കായുള്ള സംവരണ ആനുകൂല്യങ്ങളും അങ്ങനെയുള്ള മറ്റ് ആനുകൂല്യങ്ങളും അവകാശപ്പെടുന്നതിനു വേണ്ടി പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടുന്നവർ ഒഴികെയുള്ള മറ്റ് ആളുകൾ അങ്ങനെയുള്ള സർട്ടിഫിക്കറ്റുകൾ ഹീനമായ നിരന്തര പ്രവൃത്തികളിലൂടെ കൈവശപ്പെടുത്തുന്നത് ഫലപ്രദമായി തടയുന്നതിനും അതിനുള്ള ശിക്ഷ നിർണ്ണയിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും;

ഭാരത റിപ്പബ്ലിക്കിന്റെ നാൽപത്തിഏഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

---

*1996 സെപ്റ്റംബർ 24-ാം തീയതി പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 1996 ഒക്ടോബർ 1-ാം തീയതിയിലെ 1151-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.



GCPT. 34/4787/2013/TP.

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.* — (1) ഈ ആക്റ്റിന് 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

[1](3) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. *നിർവ്വചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, —

(എ) 'പബ്ലിക് സർവ്വീസിലെ നിയമനം' എന്നാൽ സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഒരു സേവനത്തിലേയ്ക്കോ തസ്തികയിലേയ്ക്കോ ഉള്ള നിയമനം എന്നർത്ഥമാകുന്നതും സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ സംരംഭങ്ങളിലെ ഏതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനവും ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു സേവനം അല്ലെങ്കിൽ തസ്തികയുമായി ബന്ധപ്പെട്ട 'നിയമന അധികാരി' എന്നാൽ അങ്ങനെയുള്ള സേവനത്തിലേയ്ക്കോ തസ്തികയിലേയ്ക്കോ നിയമനം നടത്താൻ അധികാരപ്പെടുത്തിയ അധികാരസ്ഥാനം എന്നർത്ഥമാകുന്നതും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന-കേന്ദ്ര സർക്കാർ സംരംഭങ്ങളിലേയും കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളിലേയ്ക്കും തസ്തികകളിലേയ്ക്കും നിയമനം നടത്തുന്ന അധികാരികളും ഉൾപ്പെടുന്നതുമാകുന്നു;

(സി) 'സമുദായ സർട്ടിഫിക്കറ്റ്' എന്നാൽ ക്ഷമതയുള്ള അധികാരസ്ഥാനം ഒരാൾ, അതതു സംഗതിപോലെ, പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാണെന്ന് കാണിച്ചു കൊണ്ട് നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ നൽകുന്ന സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

---

[1] 1996 നവംബർ 28-ാം തീയതിയിലെ ജി.ഒ. (പി) 60/96/പജപവവിവ എന്ന നമ്പരായി പുറപ്പെടുവിച്ചതും 1996 നവംബർ 29-ാം തീയതിയിലെ 1371-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 827/96 ആയി പ്രസിദ്ധപ്പെടുത്തിയ പ്രകാരം ഈ ആക്റ്റ് 1.12.1996-ൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

(ഡി) 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നാൽ ഈ ആക്റ്റ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പ്രദേശങ്ങൾക്കോ അങ്ങനെയുള്ള ആവശ്യങ്ങൾക്കോ വേണ്ടി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നു;

(ഇ) 'സഹകരണ സ്ഥാപനം' എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘം അല്ലെങ്കിൽ സംഘം എന്നർത്ഥമാകുന്നു;

(എഫ്) 'വിദ്യാഭ്യാസ സ്ഥാപനം' എന്നാൽ സർക്കാർ, കാലാ കാലങ്ങളിൽ, ഗസറ്റു വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്ന ഏതെങ്കിലും സ്കൂൾ, കോളേജ്, പോളിടെക്നിക്ക്, വ്യാവസായിക പരിശീലന കേന്ദ്രം, വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, ഫൈൻ ആർട്സ് കോളേജ്, സംഗീത കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, ഹോമിയോപതി കോളേജ്, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ്, നഴ്സുമാരുടെ പരിശീലന സ്കൂൾ, ഹെൽത്ത് വിസിറ്റേഴ്സ് ട്രെയിനിംഗ് സ്കൂൾ, കേരള കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൻ കീഴിലുള്ള കോളേജുകളും സംസ്ഥാന നിയമസഭ പാസ്സാക്കിയ ആക്റ്റ് പ്രകാരം സ്ഥാപിതമായ ഏതെങ്കിലും സർവ്വകലാശാലയുടെ നിയന്ത്രണത്തിൻകീഴിലുള്ള വിവിധ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും വിദ്യാഭ്യാസം നൽകുന്ന മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളും എന്നർത്ഥമാകുന്നു;

*(ജി) 'വിദഗ്ദ്ധ ഏജൻസി' എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി, വിജിലൻസ് സെല്ലിലെ വിജിലൻസ് ആഫീസറായി പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ (നരവംശശാസ്ത്രം) നിയന്ത്രണത്തിൻ കീഴിൽ പട്ടികജാതിക്കാരുടെയും പട്ടികഗോത്ര വർഗ്ഗക്കാരുടെയും

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്.

ഗവേഷണവും പരിശീലനവും വികസനപഠനവും ഭരമേല്പിച്ചിട്ടുള്ള സർക്കാരിന്റെ, പട്ടികജാതി പട്ടികഗോത്രവർഗ്ഗ വികസന വകുപ്പിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്)-ലെ നരവംശ ശാസ്ത്ര വിഭാഗത്തിൽപ്പെടുന്ന ഒരു ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥൻമാരുടെ സംഘമോ എന്നർത്ഥമാകുന്നു;

(എച്ച്) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഐ) 'തദ്ദേശാധികാരസ്ഥാനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20), അതതു സംഗതിപോലെ, നിർവ്വചിച്ചിട്ടുള്ളതുപോലെയുള്ള ഒരു തദ്ദേശാധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ജെ) 'വിജ്ഞാപനം' എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും 'പ്രസിദ്ധപ്പെടുത്തിയത്' എന്ന വാക്ക് അതതനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുമാണ്;

(കെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) 'പട്ടികജാതി'യ്ക്കും 'പട്ടികഗോത്രവർഗ്ഗ'ത്തിനും ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 366-ലെ ഖണ്ഡം (24)-ലും ഖണ്ഡം (25)-ലും യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(എം) 'സ്ക്രീനിംഗ് സമിതി' എന്നാൽ 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു സമിതി എന്നർത്ഥമാകുന്നു;

(എൻ) 'സൂക്ഷ്മപരിശോധന സമിതി' എന്നാൽ ഈ ആക്റ്റ് പ്രകാരം സൂക്ഷ്മപരിശോധന സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പ്രദേശത്തേയ്ക്ക് വേണ്ടിയോ അങ്ങനെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയോ 8-ാം വകുപ്പു പ്രകാരം, വിജ്ഞാപനം വഴി, സർക്കാർ രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു;

(ഒ) 'പ്രത്യേക കോടതി' എന്നാൽ 21-ാം വകുപ്പ് പ്രകാരം ഒരു പ്രത്യേക കോടതി ആയി വിനിർദ്ദേശിച്ചിട്ടുള്ള ഒരു സെഷൻസ് കോടതി എന്നർത്ഥമാകുന്നു;

(പി) 'പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ' എന്നാൽ 22-ാം വകുപ്പു പ്രകാരം, വിജ്ഞാപനം വഴി, ഒരു പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറായോ ഒരു അഭിഭാഷകനായോ സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള ഒരു പബ്ലിക് പ്രോസിക്യൂട്ടർ എന്നർത്ഥമാകുന്നു.

3. *പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗ പദവിയുടെ തെളിവ്.* —തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ഏതെങ്കിലും ആൾ പട്ടികജാതിയിലേയോ പട്ടിക ഗോത്രവർഗ്ഗത്തിലേയോ അംഗങ്ങൾക്ക് മാത്രമായി മാറ്റിവച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യത്തിനോ സൗജന്യത്തിനോ സംരക്ഷണത്തിനോ ഒഴിവാക്കലിനോ പബ്ലിക്ക് സർവ്വീസിലെ ഏതെങ്കിലും നിയമനത്തിനോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനോ വേണ്ടി അങ്ങനെയുള്ള ജാതിക്കാർക്കോ ഗോത്രവർഗ്ഗത്തിനോ നൽകിയിട്ടുള്ള സംവരണത്തിന് അല്ലെങ്കിൽ സംസ്ഥാനത്തിലേയോ തദ്ദേശാധികാരസ്ഥാനത്തിലേയോ സഹകരണ സ്ഥാപനത്തിലേയോ വിദ്യാർത്ഥികൾക്കായി സംസ്ഥാനത്തിന് അകത്തോ സംസ്ഥാനത്തിന് പുറത്തോ ഉള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് മത്സരിക്കുന്നതിന് ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയ ഒരു സർട്ടിഫിക്കറ്റിലൂടെ അയാളുടെ അവകാശവാദം തെളിയിക്കേണ്ടതാണ്.

4. *സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ.*—ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ഏതൊരാൾക്കും, അയാൾ, അതതു സംഗതിപോലെ, പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാണെന്നുള്ള അവകാശവാദം, ഏതെങ്കിലും ആവശ്യത്തിന് തെളിയിക്കുന്നതിനായി ഒരു സമുദായ സർട്ടിഫിക്കറ്റ് കിട്ടുന്നതിനുവേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും, ഒരു അപേക്ഷ നൽകേണ്ടതാണ്.



GCPT. 34/4787/2013/TP.

5. *സമുദായ സർട്ടിഫിക്കറ്റ് ക്ഷമതയുള്ള അധികാരസ്ഥാനം മാത്രമേ നൽകാൻ പാടുള്ളു.*—(1) 4-ാം വകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ലഭിച്ച ഒരു അപേക്ഷയിൻമേൽ അത്, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമം പാലിച്ചുകൊണ്ട്, അതിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അവകാശവാദം യഥാർത്ഥമാണോ അല്ലയോ എന്ന് സ്വയം ബോദ്ധ്യപ്പെടേണ്ടതും അതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിലും അങ്ങനെയുള്ള ഫാറത്തിലും ഒരു സമുദായ സർട്ടിഫിക്കററ് നൽകാവുന്നതും അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അപേക്ഷ നിരസിക്കാവുന്നതുമാണ്.

(2) ക്ഷമതയുള്ള അധികാരസ്ഥാനം ഒഴികെ, ഏതെങ്കിലും ആളോ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ നൽകുന്ന ഒരു സമുദായ സർട്ടിഫിക്കറ്റ് അസാധുവായിരിക്കുന്നതാണ്.

(3) ക്ഷമതയുള്ള അധികാരസ്ഥാനം, പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ഒരു അംഗത്തിന് ഏതെങ്കിലും ഉപാധിയ്ക്കോ അത്യാവശ്യ സന്ദർഭങ്ങൾക്കോ വിധേയമായി, ഒരു സമുദായ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളതല്ല.

6. *സമുദായ സർട്ടിഫിക്കറ്റിന്റെ പരിശോധനയ്ക്കായി സ്ക്രീനിംഗ് സമിതിയുടെ രൂപീകരണം.*—(1) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോപെടുന്നവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന അംഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ അയാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടുന്നതാണെന്നുള്ള അപേക്ഷകന്റെ അവകാശവാദത്തിനു പിൻബലമായി ഹാജരാക്കിയിട്ടുള്ള സമുദായസർട്ടിഫിക്കറ്റ് യഥാർത്ഥമാണെന്ന് ഉറപ്പു വരുത്തുന്നതിനായി നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് സമിതിയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തിക്കേണ്ടതാണ്.

(2) സ്ക്രീനിംഗ് സമിതി, അപേക്ഷകൻ യഥാർത്ഥത്തിൽ പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ആളാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് വിദഗ്ദ്ധ ഏജൻസി മുഖേന വിശദമായ അന്വേഷണം നടത്തിക്കാവുന്നതും അപേക്ഷകൻ, അവകാശവാദം ഉന്നയിച്ചതുപോലെ, അതതു സംഗതിപോലെ,

പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്നയാളല്ലെങ്കിൽ അപേക്ഷ നിരസിക്കേണ്ടതുമാണ്:

എന്നാൽ അപേക്ഷ നിരസിക്കുന്നത് 11-ഉം 15-ഉം 16-ഉം വകുപ്പുകൾ പ്രകാരം എടുക്കാവുന്ന നടപടികൾക്ക് ഹാനികരമാകാത്തവിധം ആയിരിക്കേണ്ടതാണ്.

*6എ. *മുൻപ് നല്കിയിട്ടുള്ള സമുദായ സർട്ടിഫിക്കറ്റ് റദ്ദാക്കൽ.* —ഈ ആക്റ്റിലോ മറ്റ് ഏതെങ്കിലും വ്യവസ്ഥകളിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ, 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ നിരസിക്കലും സ്ക്രീനിംഗ് സമിതിയുടെ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം ഒരു അപേക്ഷയുടെ നിരസിക്കലും ഏതെങ്കിലും അധികാരസ്ഥാനം മുൻപ് നൽകിയിട്ടുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ റദ്ദാക്കലായി കരുതേണ്ടതും 7-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനം പരിശോധനയിൽ സർട്ടിഫിക്കറ്റ് കളവായോ തെറ്റായോ വഞ്ചനാപരമായോ നേടിയിട്ടുള്ളതാണെന്ന് കാണുകയും അനന്തരഫലമായി ആ വ്യക്തിയുടെ പട്ടികജാതി-പട്ടികഗോത്രവർഗ്ഗ അവകാശവാദം നിരസിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള നിരസിക്കലും കൂടി സർട്ടിഫിക്കറ്റിന്റെ റദ്ദാക്കലായി കരുതപ്പെടേണ്ടതാണ്.

7. *സമുദായ സർട്ടിഫിക്കറ്റുകളുടെ വീണ്ടുമുള്ള പരിശോധന.*—ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയ ഒരു സമുദായ സർട്ടിഫിക്കറ്റിന്റെ ഹാജരാക്കൽ നിയമനാധികാരിയേയോ വിദ്യാഭ്യാസസ്ഥാപനത്തിന്റെ തലവനെയോ നിയമനാധികാരിയുടെ മേലധികാരിയായ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ അധികാരസ്ഥാനത്തെയോ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനെയോ ആദ്യ നിയമനത്തിന്റെയോ തിരഞ്ഞെടുക്കലിന്റെയോ പ്രവേശനത്തിന്റെയോ സമയത്ത് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതൊരു ഘട്ടത്തിലും ഒരു വ്യക്തി, അതതു സംഗതിപോലെ, പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോപെട്ട ആളാണെന്നുള്ള അദ്ദേഹത്തിന്റെ അവകാശവാദത്തെ പരിശോധിക്കുന്നതിൽ നിന്നോ പരിശോധിപ്പിക്കുന്നതിൽ നിന്നോ തടയുന്നതല്ല.

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്.

8. *സമുദായ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനുള്ള സൂക്ഷ്മ പരിശോധന സമിതിയുടെ രൂപീകരണം.*—സർക്കാർ, സമുദായ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിന് ഒരു സൂക്ഷ്മ പരിശോധന സമിതി രൂപീകരിക്കേണ്ടതാണ്. പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ഏതൊരാളിന് അല്ലെങ്കിൽ ഏതെങ്കിലും നിയമനാധികാരിക്ക് അല്ലെങ്കിൽ തദ്ദേശാധികാരിക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവൻമാർക്ക് സമുദായ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കായി സൂക്ഷ്മപരിശോധന സമിതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്.

*8എ. *സമുദായ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് കണ്ടാൽ റദ്ദ് ചെയ്യേണ്ടതാണ്.*—(1). പരിശോധനയിൽ, ഒരു വ്യക്തിയുടെ, പട്ടിക ജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാണെന്നുള്ള അവകാശവാദത്തിന് പിൻബലമായി നൽകിയ സമുദായ സർട്ടിഫിക്കറ്റ് യഥാർത്ഥമല്ലെന്ന് സൂക്ഷ്മപരിശോധന സമിതി കണ്ടെത്തിയാൽ സമിതി ആയത് റദ്ദാക്കേണ്ടതും അങ്ങനെയുള്ള റദ്ദാക്കൽ നിയമനമോ പ്രവേശനമോ, അതത് സംഗതിപോലെ, റദ്ദാക്കുന്നതിനുള്ള ഒരു അഭ്യർത്ഥനയോടൊപ്പം നിയമനാധികാരിയേയോ തദ്ദേശാധികാരസ്ഥാനത്തെയോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനെയോ, അതത് സംഗതിപോലെ, അറിയിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരറിയിപ്പ് ലഭിക്കുമ്പോൾ, നിയമനാധികാരിയോ തദ്ദേശാധികാരസ്ഥാനമോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനോ, അതത് സംഗതിപോലെ, ബന്ധപ്പെട്ട വ്യക്തിയ്ക്ക് വീണ്ടും യാതൊരു നോട്ടീസും നൽകാതെ നിയമനമോ പ്രവേശനമോ റദ്ദാക്കേണ്ടതും അദ്ദേഹത്തെ ഉദ്യോഗത്തിൽ തുടരുന്നതിൽ നിന്നോ തുടർന്നു പഠിക്കുന്നതിൽ നിന്നോ പുറത്താക്കേണ്ടതുമാണ്.

---

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്.

9. *വിദഗ്ദ്ധ ഏജൻസിയുടെ അന്വേഷണം.* —(1) വിദഗ്ദ്ധ ഏജൻസിക്ക് ഒരു വ്യക്തിയുടെയോ ഒരു കൂട്ടം വ്യക്തികളുടെയോ അദ്ദേഹമോ അവരോ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്നുവെന്ന അവകാശവാദത്തെപ്പറ്റി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ നടത്താവുന്നതാണ്, —

(i) ജാതികൾ, സമുദായങ്ങൾ അല്ലെങ്കിൽ വർഗ്ഗങ്ങൾ അല്ലെങ്കിൽ നരവംശ ശാസ്ത്രപഠനത്തിന്റെയോ സാമൂഹിക ശാസ്ത്ര പഠനത്തിന്റെയോ അന്വേഷണങ്ങളുടെയോ ഒരു ഭാഗമായിട്ടുള്ളതോ അനുബന്ധമായിട്ടുള്ളതോ ആയ മേഖലാപഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്വമേധയാ ഉള്ള അന്വേഷണങ്ങൾ;

(ii) പട്ടികജാതിക്കാരേയോ പട്ടികഗോത്രവർഗ്ഗക്കാരേയോ സംബന്ധിച്ചു ള്ളതും, അതതു സംഗതിപോലെ, പട്ടികജാതിക്കാർ അല്ലാത്തവരുടെയോ പട്ടിക ഗോത്രവർഗ്ഗക്കാർ അല്ലാത്തവരുടെയോ അവകാശവാദങ്ങളെ സംബന്ധിച്ചും ഏതു ഉറവിടത്തിൽ നിന്നും അതിന് ലഭിച്ചുകൊണ്ടിരിയ്ക്കുന്ന ഹർജികളിൻമേലും പരാതികളിൻമേലും;

(iii) കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നോ ക്ഷമതയുള്ള അധികാരസ്ഥാനങ്ങളിൽ നിന്നോ സ്ക്രീനിംഗ് സമിതിയിൽ നിന്നോ സൂക്ഷ്മ പരിശോധന സമിതിയിൽ നിന്നോ ലഭിക്കുന്ന പരാമർശങ്ങളിൻമേലോ അഭ്യർത്ഥനകളിൻമേലോ നിർദ്ദേശങ്ങളിൻമേലോ അഭിപ്രായങ്ങളിൻമേലോ;

*(2) സൂക്ഷ്മ പരിശോധന സമിതി നിയമാനുസൃതമായ നടപടി ക്രമത്തിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട ആളുടെ കാര്യത്തിൽ വിപരീതമായി കാണുന്നില്ലെങ്കിൽ, അതതു സംഗതിപോലെ, പട്ടിക ജാതിക്കാരുടെയോ പട്ടികഗോത്രവർഗ്ഗക്കാരുടെയോ അവകാശവാദങ്ങൾക്ക് വിദഗ്ദ്ധ ഏജൻസിയുടെ അനുകൂലമായോ പ്രതികൂലമായോ ഉള്ള റിപ്പോർട്ട് നിർണ്ണായകമായ തെളിവ് ആയിരിക്കുന്നതാണ്.

(3) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് വിദഗ്ദ്ധ ഏജൻസിയുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അദ്ദേഹം അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ അന്വേഷണത്തിന്

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്.

നിയോഗിച്ചിട്ടുള്ള അധികാര സ്ഥാനത്തുനിന്നും സൗജന്യമായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

10. *തെളിയിക്കേണ്ട ഭാരം.* —4-ാം വകുപ്പ് പ്രകാരം പട്ടിക ജാതിയെയോ പട്ടിക ഗോത്രവർഗ്ഗത്തെയോ സംബന്ധിച്ച ഒരു സമുദായ സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ഒരു അപേക്ഷസമർപ്പിച്ചിട്ടുള്ളിടത്ത് അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനമോ വിദഗ്ദ്ധ ഏജൻസിയോ സൂക്ഷ്മപരിശോധന സമിതിയോ നടത്തിയ അന്വേഷണത്തിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും വിചാരണയിലോ കുറ്റത്തിലോ അവകാശപ്പെടുന്ന ആൾ അങ്ങനെയുള്ള ജാതിയിലോ ഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാണെന്നു തെളിയിക്കേണ്ട ഭാരം അയാൾക്ക് ആയിരിക്കുന്നതാണ്.

11. *വ്യാജ സമുദായ സർട്ടിഫിക്കറ്റിന്റെ റദ്ദാക്കൽ.* —(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ അതിനുശേഷമോ, ഏതെങ്കിലും പട്ടിക ജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരു ആൾ അദ്ദേഹം അങ്ങനെയുള്ള ജാതിയിലോ ഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാണെന്ന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ കുട്ടികൾ പട്ടിക ജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടുന്നവരാണെന്നുള്ള വ്യാജ സമുദായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളിടത്ത്, സൂക്ഷ്മപരിശോധന സമിതിയ്ക്ക് സ്വമേധയായോ ഏതെങ്കിലും ആളുടെയോ അധികാരസ്ഥാനത്തിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലോ റിപ്പോർട്ടിന്മേലോ രേഖകൾ വിളിച്ചു വരുത്താവുന്നതും അങ്ങനെയുള്ള സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതിയെ കുറിച്ച് അന്വേഷിക്കാവുന്നതും സമിതിയുടെ അഭിപ്രായത്തിൽ സർട്ടിഫിക്കറ്റ് വഞ്ചനാപരമായി നേടിയിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട ആൾക്ക് അവകാശവാദം, എന്തെങ്കിലുമുണ്ടെങ്കിൽ, ആയത് സമർപ്പിക്കുവാൻ ഒരവസരം നൽകിയതിനു ശേഷം, സൂക്ഷ്മപരിശോധനാ സമിതി ഉത്തരവ് മൂലം, സർട്ടിഫിക്കറ്റ് റദ്ദാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പാരാമർശിക്കപ്പെട്ടിട്ടുള്ള അധികാരങ്ങൾ സർക്കാരിനും വിനിയോഗിക്കാവുന്നതാണ്.

(3) സൂക്ഷ്മപരിശോധനാ സമിതി, സമുദായ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കും റദ്ദാക്കലിനുമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

*(4) സൂക്ഷ്മപരിശോധനാ സമിതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് അന്തിമവും വാദമറ്റതും ആയിരിക്കുന്നതാണ്. സൂക്ഷ്മപരിശോധനാ സമിതി പുറപ്പെടുവിച്ച ഉത്തരവിനെതിരായി യാതൊരു വ്യവഹാരമോ അപ്പീലോ നിലനിൽക്കുന്നതല്ല.

12. *അപ്പീലും പുനഃപരിശോധനയും.* —(1) ക്ഷമതയുള്ള അധികാര സ്ഥാനം, അതിന് 4-ാം വകുപ്പു പ്രകാരം നൽകിയിട്ടുള്ള ഒരു അപേക്ഷ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിരസിച്ചുകൊണ്ട് പാസ്സാക്കിയ ഒരു ഉത്തരവിൽ സങ്കടമുള്ള ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 30 ദിവസത്തിനകം തൊട്ടു മുകളിലുള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അപ്പീൽ നൽകാവുന്നതും ആ അധികാരസ്ഥാനം, അപ്പീൽ വാദിയ്ക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ചുകൊണ്ട്, എതിരായി അപ്പീൽ നൽകിയിട്ടുള്ള ഉത്തരവിനെ സ്ഥിരീകരിക്കുകയോ പ്രസ്തുത ഉത്തരവിനെ അസ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) സമുദായ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള ഒരു അപേക്ഷ നിരസിക്കുന്ന ക്ഷമതയുള്ള അധികാരസ്ഥാനം ജില്ലാ കലക്ടർ ആകുമ്പോൾ, ജില്ലാ കലക്ടറുടെ പ്രസ്തുത തീരുമാനത്തിൽ പരാതിയുള്ള ആളിന് ജില്ലാ കലക്ടറുടെ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം സർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതും സർക്കാർ, അപ്പീൽ വാദിയ്ക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, ജില്ലാ കലക്ടറുടെ ഉത്തരവിനെ സ്ഥിരീകരിക്കാവുന്നതും അല്ലെങ്കിൽ വിദഗ്ദ്ധ ഏജൻസി മുഖേന ഒരു അന്വേഷണം നടത്തുകയും വിദഗ്ദ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിക്കാവുന്നതുമാണ്.

* (3) (2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞു).

---

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം പകരം കൂട്ടിചേർത്തത്.

(4) സർക്കാരിന്, 11-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം അവർ പാസ്സാക്കിയ ഉത്തരവിൽ സങ്കടമുള്ള ഏതൊരാളിൽ നിന്നും മേൽപ്പറഞ്ഞ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസത്തിനകം ലഭിക്കുന്ന ഒരു അപേക്ഷയിൻമേൽ, ആ ഉത്തരവ് വസ്തുതാപരമായോ നിയമപരമായോ തെറ്റായോ ഏതെങ്കിലും സാരമായ വസ്തുതയുടെ അറിവില്ലായ്മയോ ഏതെങ്കിലും പ്രസക്തമായ തെളിവിനെപ്പറ്റി അറിയാതെയോ ആണ് അവർ ആ ഉത്തരവ് പാസ്സാക്കിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള ഏതൊരു ഉത്തരവും പുനഃപരിശോധിക്കാവുന്നതാണ്.

(5) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപ്പീലോ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള പുനഃപരിശോധനയോ തീർപ്പാക്കുന്നതിന് നിലവിലിരിക്കെ, സർക്കാരിന്, ഏത് ഉത്തരവിന് എതിരായാണോ അപ്പീലോ പുനഃപരിശോധനയോ, അതത് സംഗതിപോലെ, സമർപ്പിച്ചിട്ടുള്ളത് ആ ഉത്തരവ് നടപ്പിലാക്കുന്നതു നിർത്തിവയ്ക്കുന്നതിന് ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

13. *നിർത്തിവയ്പ്പിക്കുന്നതിനും റിവിഷനുമുള്ള സർക്കാരിന്റെ അധികാരം.—* സർക്കാരിന്, സൂക്ഷ്മ പരിശോധനാ സമിതിയുടെ തീരുമാനങ്ങൾ ഒഴികെയുള്ള സംഗതികളിൽ, ഏത് സമയത്തും സ്വമേധയായോ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അവർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേലോ ഏതെങ്കിലും ആളോ, അവർക്ക് കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ എടുത്തിട്ടുള്ള ഏതെങ്കിലും തീരുമാനം അല്ലെങ്കിൽ പാസ്സാക്കിയിട്ടുള്ള ഉത്തരവുമായി ബന്ധപ്പെട്ടുള്ള, അങ്ങനെയുള്ള ഉത്തരവിന്റെയോ തീരുമാനത്തിന്റെയോ നിയമസാധുതയേയോ കൃത്യതയേയോ ഔപചാരികതയേയോ കുറിച്ച് അവർക്കു തന്നെ ബോദ്ധ്യപ്പെടുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, രേഖകൾ വിളിച്ചു വരുത്താവുന്നതും പരിശോധിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും തീരുമാനമോ ഉത്തരവോ പരിഷ്കരിക്കേണ്ടതോ റദ്ദാക്കേണ്ടതോ, മറിച്ച് വിധിക്കുകയോ പുനഃപരിശോധനയ്ക്ക് തിരിച്ചയയ്ക്കേണ്ടതോ അല്ലെങ്കിൽ വിദഗ്ദ്ധ ഏജൻസിയുടെയോ സൂക്ഷ്മപരിശോധന സമിതിയുടെയോ അന്വേഷണത്തിന് വിധേയമാക്കേണ്ടതോ ആണെന്ന് ഏതെങ്കിലും സംഗതിയിൽ സർക്കാരിന് തോന്നുന്ന പക്ഷം അവർക്ക് അപ്രകാരം ചെയ്യാവുന്നതാണ്:

എന്നാൽ സർക്കാർ സ്വമേധയാ വിഷയം വിദഗ്ദ്ധ ഏജൻസിയുടെയോ സൂക്ഷ്മപരിശോധന സമിതിയുടെയോ അന്വേഷണത്തിന് റഫർ ചെയ്യുന്നിടത്ത്, ആയത് വിദഗ്ദ്ധ ഏജൻസിയുടെയോ സൂക്ഷ്മപരിശോധനാ സമിതിയുടെയോ അന്വേഷണത്തിന് റഫർ ചെയ്യുന്ന സംഗതിയിൽ ഒഴികെ, സർക്കാർ, ഏതെങ്കിലും കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാത്തപക്ഷം അങ്ങനെയുള്ള കക്ഷിക്ക് ഹാനിവരത്തക്ക വിധം, യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

(2) സർക്കാരിന് (i) വിദഗ്ദ്ധ ഏജൻസി സമർപ്പിച്ച റിപ്പോർട്ടിന് അനുസൃതമായോ അതിനെ അടിസ്ഥാനപ്പെടുത്തിയോ, സർക്കാർ പാസ്സാക്കിയിട്ടുള്ള ഉത്തരവുകൾ (ii) 6-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് സമിതിയുടെ തീരുമാനം (iii) 8-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള സൂക്ഷ്മപരിശോധനാ സമിതിയുടെ തീരുമാനം എന്നീകാര്യങ്ങളിൽ ഒഴികെ സർക്കാരിന്, ഇത് സംബന്ധിച്ച് (1)-ാം ഉപവകുപ്പു പ്രകാരമുള്ള അവരുടെ അധികാരങ്ങൾ വിനിയോഗിച്ച് തീർപ്പാക്കേണ്ട അങ്ങനെയുള്ള ഏതൊരു ഉത്തരവോ തീരുമാനമോ നടപ്പിലാക്കുന്നത്, നിർത്തിവയ്ക്കാവുന്നതാണ്.

14. *ക്ഷമതയുള്ള അധികാരസ്ഥാനവും വിദഗ്ദ്ധ ഏജൻസിയും സൂക്ഷ്മ പരിശോധനാ സമിതിയും സിവിൽ കോടതിയുടെ അധികാരങ്ങൾ വിനിയോഗിക്കണമെന്ന്.*—ക്ഷമതയുള്ള അധികാരസ്ഥാനത്തിനും വിദഗ്ദ്ധ ഏജൻസിയ്ക്കും സൂക്ഷ്മ പരിശോധനാ സമിതിയ്ക്കും ഈ ആക്റ്റ് പ്രകാരം ഒരു അന്വേഷണം നടത്തുന്ന സമയത്ത്, 1908-ലെ സിവിൽ നടപടി നിയമ സംഹിതയ്ക്ക് കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഇനിപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്നതാണ്, അതായത്: —

(1) സംസ്ഥാനത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതൊരാളേയും വിളിച്ചു വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പു വരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(2) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;



GCPT. 34/4787/2013/TP.

(3) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(4) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(5) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ അയയ്ക്കുന്നതിനും; കൂടാതെ

(6) ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും കാര്യത്തിനും.

15. *ശിക്ഷകൾ.* —(1) ആരെങ്കിലും ഒരു സമുദായ സർട്ടിഫിക്കറ്റ്, —

(എ) തെറ്റായ വിവരങ്ങൾ നൽകി; അല്ലെങ്കിൽ

(ബി) തെറ്റായ സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്ത്; അല്ലെങ്കിൽ

(സി) തന്റെ ജാതിയേയോ ഗോത്ര വർഗ്ഗ പദവിയെയോ, സംബന്ധിച്ചുള്ള സാരവത്തായ വസ്തുതകളേയോ പ്രസക്തമായ തെളിവുകളെയോ മറച്ചുവച്ചു കൊണ്ട്; അല്ലെങ്കിൽ

(ഡി) മറ്റേതെങ്കിലും വ്യാജ മാർഗ്ഗങ്ങൾവഴി, നേടിയെടുക്കുകയാണെങ്കിൽ, കുറ്റസ്ഥാപന ത്തിൻമേൽ, ആറു മാസത്തിൽ കുറയാത്തതും എന്നാൽ രണ്ടു വർഷം വരെയാകാവുന്ന കാലാവധിയിലേയ്ക്ക് കഠിന തടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ മതിയായതും പ്രത്യേകവുമായ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ഒരു കുറഞ്ഞ കാലാവധിയിലേക്ക് തടവു ശിക്ഷയോ പിഴയോ ചുമത്തി ശിക്ഷിക്കാ വുന്നതാണ്.

(2) 9-ാം വകുപ്പ് പ്രകാരം ഒരന്വേഷണത്തിൽ വിദഗ്ദ്ധ ഏജൻസിക്ക് അല്ലെങ്കിൽ 11-ാം വകുപ്പ് പ്രകാരം ഒരന്വേഷണത്തിൽ സൂക്ഷ്മ പരിശോധനാ സമിതിയ്ക്ക് ജാതി അല്ലെങ്കിൽ ഗോത്രവർഗ്ഗ പദവിയെക്കുറിച്ച് തന്റെ വ്യക്തിപരമായ വിവരങ്ങൾ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകുന്നതും അല്ലെങ്കിൽ തന്റെ വ്യക്തിപരമായതും ജാതിയുടേയോ ഗോത്രവർഗ്ഗത്തിന്റെയോ പദവി സംബന്ധിച്ചുള്ള വസ്തുതകളോ തെളിവോ ശേഖരിക്കുന്നതിൽനിന്നും വിദഗ്ദ്ധ ഏജൻസിയേയോ

സൂക്ഷ്മപരിശോധനാ സമിതിയേയോ തടയുന്നതും അല്ലെങ്കിൽ അന്വേഷണത്തിന്റെ നടപടിക്രമത്തിൽ എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയോ തടസ്സപ്പെടുത്തുകയോ ഏതെങ്കിലും വിധത്തിൽ ഇടപെടുകയോ ചെയ്യുന്നതുമായ ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നു മാസത്തിൽ കുറയാത്തതും എന്നാൽ ആറ് മാസം വരെ ആകാവുന്ന കാലാവധിയിലേക്ക് കഠിന തടവും അഞ്ഞൂറ് രൂപയിൽ കുറയാത്തതും എന്നാൽ ആയിരം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*15എ. *പട്ടികജാതിയിൽപ്പെട്ട ഒരംഗം പട്ടികഗോത്രവർഗ്ഗമാണെന്നും നേരെ തിരിച്ചും വഞ്ചനാപരമായി ഒരു സമുദായ സർട്ടിഫിക്കറ്റ് നേടിയാലുള്ള ശിക്ഷ.*—ഏതെങ്കിലും പട്ടികജാതിയിൽപ്പെട്ട ഒരാൾ അയാൾ ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ആളാണെന്ന് വഞ്ചനാപരമായി ഒരു സമുദായ സർട്ടിഫിക്കറ്റ് നേടിയെടുക്കുകയും അല്ലെങ്കിൽ ഏതെങ്കിലും പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട ഒരാൾ അയാൾ ഏതെങ്കിലും പട്ടികജാതിയിൽപ്പെട്ടയാളാണെന്ന് വഞ്ചനാപരമായി ഒരു സമുദായ സർട്ടിഫിക്കറ്റ് നേടിയെടുക്കുകയും ചെയ്താൽ, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാത്തതും എന്നാൽ രണ്ട് വർഷം വരെയാകാവുന്ന കാലാവധിയിലേയ്ക്ക് കഠിന തടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

16. *വ്യാജ സമുദായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നേടിയ ആനുകൂല്യങ്ങൾ പിൻവലിക്കണമെന്ന്.*—(1) ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരാൾ അങ്ങനെയുള്ള ജാതിക്കാർക്കോ ഗോത്രവർഗ്ഗക്കാർക്കോ മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒരു സീറ്റിലേയ്ക്ക് ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടുകയോ സർക്കാരിലോ സർക്കാർ സംരംഭങ്ങളിലോ തദ്ദേശാധികാരസ്ഥാനത്തോ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള മറ്റ് ഏതെങ്കിലും കമ്പനിയിലോ കോർപ്പറേഷനിലോ അങ്ങനെയുള്ള ജാതിക്കാർക്കോ ഗോത്രവർഗ്ഗക്കാർക്കോ മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒരു തസ്തികയിൽ ഏതെങ്കിലും എയ്ഡഡ് സ്ഥാപനത്തിൽ ഏതെങ്കിലും നിയമനം നേടുകയോ ഒരു വ്യാജ സമുദായ

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

സർട്ടിഫിക്കറ്റ് ഹാജരാക്കിക്കൊണ്ട് അങ്ങനെയുള്ള ജാതിക്കാർക്കോ ഗോത്ര വർഗ്ഗങ്ങൾക്കോ മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റ് ഏതെങ്കിലും ആനുകൂല്യങ്ങൾ അനുഭവിക്കുകയുമാണെങ്കിൽ, ആ വ്യാജ സമുദായ സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുമ്പോൾ, ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിൽ ക്രമവിരുദ്ധമായി നേടിയ പ്രവേശനം റദ്ദു ചെയ്തുകൊണ്ട് അവിടെ നിന്നും നീക്കം ചെയ്യേണ്ടതും അല്ലെങ്കിൽ, അതതു സംഗതിപോലെ, പ്രസ്തുത സേവനത്തിൽ നിന്നും ഉടനടി നീക്കം ചെയ്യേണ്ടതും മുകളിൽ പറഞ്ഞതുപോലെ അയാൾ അനുഭവിക്കുന്ന മറ്റ് ഏതെങ്കിലും ആനുകൂല്യങ്ങളും ഉടനടി പിൻവലിക്കേണ്ടതുമാണ്.

(2) സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ സ്കോളർഷിപ്പ്, ഗ്രാന്റ്, അലവൻസ്, സ്റ്റൈപ്പന്റ് അല്ലെങ്കിൽ മറ്റേതെങ്കിലും സാമ്പത്തിക ആനുകൂല്യം എന്നിവയായി അങ്ങനെയുള്ള ആളിന് നൽകിയിട്ടുള്ള ഏതൊരു തുകയും ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കേണ്ടതാണ്.

(3) ഒരു വ്യാജ സമുദായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടിയതിനുശേഷം അങ്ങനെയുള്ള ആൾ നേടിയ ഏതെങ്കിലും ഡിഗ്രിയോ ഡിപ്ലോമയോ മറ്റേതെങ്കിലും വിദ്യാഭ്യാസ യോഗ്യതയോ കൂടി അയാൾ നേടിയ സമുദായ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യപ്പെടുമ്പോൾ റദ്ദ് ചെയ്യപ്പെടുന്നതാണ്.

(4) ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ സംസ്ഥാന സർക്കാരിനോ, അങ്ങനെയുള്ള ആളിന്റെ വ്യാജ പട്ടികജാതിയുടേയോ പട്ടികഗോത്രവർഗ്ഗത്തിന്റെയോ പേരിന് പകരം യഥാർത്ഥ ജാതിപ്പേര് പകരം ചേർക്കുന്നത് ഉൾപ്പെടെ ആ ആൾ പട്ടികജാതിക്കാരുടെയോ പട്ടികഗോത്രവർഗ്ഗത്തിന്റെയോ ആനുകൂല്യങ്ങൾ വീണ്ടും അനുഭവിക്കുന്നതിൽ നിന്നും തടയുന്നതിനായി ഉചിതമായ നടപടികൾക്ക് ഉത്തരവിടാവുന്നതാണ്.

(5) ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരാൾ, 17-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവർ ഒഴികെ, വഞ്ചനാപരമായി നേടിയ ഒരു സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കി, പട്ടികജാതിക്കാർക്കോ പട്ടികഗോത്ര വർഗ്ഗക്കാർക്കോ സംവരണം ചെയ്തിട്ടുള്ള ഏതെങ്കിലും ആനുകൂല്യം

നേടിയാൽ, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാത്തതും എന്നാൽ രണ്ടു വർഷം വരെയാകാവുന്ന കാലാവധിയിലേക്ക് കഠിനതടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ മതിയായതും പ്രത്യേകവുമായ കാരണങ്ങൾ രേഖപ്പെടുത്തി ക്കൊണ്ട്, ഒരു കുറഞ്ഞ കാലാവധിയിലേക്ക് തടവു ശിക്ഷയോ പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്.

*16എ. *പെൻഷൻ ആനുകൂല്യങ്ങളുടെ തടഞ്ഞുവെയ്ക്കൽ.*—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, വഞ്ചനാപരമായി നേടിയ ഒരു സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കി പട്ടികജാതിയ്ക്കോ പട്ടികഗോത്ര വർഗ്ഗത്തിനോ സംവരണം ചെയ്തിട്ടുള്ള ഒരു തസ്തികയിലോ സർക്കാരിലോ ഏതെങ്കിലും സർക്കാർ സംരംഭങ്ങളിലോ തദ്ദേശാധികാരസ്ഥാനത്തിലോ മറ്റേതെങ്കിലും അധികാരസ്ഥാന ത്തിലോ ഒരാൾ നിയമനം നേടുന്നിടത്തും, വിദഗ്ദ്ധ ഏജൻസിയുടെ അന്വേഷണത്തിൽ അയാളുടെ അവകാശവാദം യഥാർത്ഥമല്ല എന്നു കാണുന്ന പക്ഷവും സർക്കാരിന്റേയോ സൂക്ഷ്മപരിശോധനാ സമിതിയുടേയോ അന്വേഷണം നടന്നു കൊണ്ടിരിക്കുന്ന സമയത്ത് ഉദ്യോഗം വഹിക്കുന്ന ആൾ വിരമിക്കുകയുമാണെങ്കിൽ, സർക്കാരിനോ സർക്കാർ സംരംഭത്തിനോ തദ്ദേശാധികാരസ്ഥാനത്തിനോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ, അതതു സംഗതിപോലെ, സർക്കാരിന്റേയോ സൂക്ഷ്മപരിശോധന സമിതിയുടേയോ തീരുമാനം ഉണ്ടാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിച്ച ആളിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നീട്ടിവയ്ക്കുന്നതിനും തടഞ്ഞുവയ്ക്കുന്നതിനും അധികാരമുണ്ടാ യിരിക്കുന്നതാണ്.

17. *വഞ്ചനാപരമായി നേടിയ സമുദായസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു നിയമനം നേടുകയോ തദ്ദേശ നികായങ്ങൾ മുതലായവയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയോ ചെയ്താലുള്ള ശിക്ഷ.*—ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരാൾ, പട്ടികജാതിക്കാർക്കോ പട്ടികഗോത്ര

*2008-ലെ 32-ാം ഭേദഗതി ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

വർഗ്ഗക്കാർക്കോ സംവരണം ചെയ്ത 16-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ സർക്കാരിലോ മറ്റു സ്ഥാപനങ്ങളിലോ നിയമനം നേടുകയും അല്ലെങ്കിൽ ഒരു വ്യാജ സമുദായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള ജാതിക്കാർക്കോ അല്ലെങ്കിൽ ഏതെങ്കിലും ഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിലേക്ക് ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിലേയ്ക്കോ സഹകരണ സംഘത്തിലേയ്ക്കോ തെരഞ്ഞെടുക്കപ്പെടേണ്ട ആഫീസുകളിലേയ്ക്കോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്താൽ, കുറ്റസ്ഥാപന ത്തിന്മേൽ, ആറുമാസത്തിൽ കുറയാത്തതും എന്നാൽ രണ്ടു വർഷം വരെയാകാവുന്ന കാലാവധിയിലേയ്ക്ക് കഠിന തടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ മതിയായതും പ്രത്യേകവുമായ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ഒരു കുറഞ്ഞ കാലാവധിയിലേയ്ക്ക് തടവു ശിക്ഷയോ പിഴയോ ചുമത്തി ശിക്ഷിയ്ക്കാവുന്നതാണ്.

18. *വ്യാജ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ശിക്ഷ.*—(1) ഈ ആക്റ്റു പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന എതെങ്കിലും ആളോ അധികാര സ്ഥാനമോ ഒരു വ്യാജ സമുദായ സർട്ടിഫിക്കറ്റ് കരുതിക്കൂട്ടി നൽകിയാൽ, കുറ്റസ്ഥാപനത്തിന്മേൽ, ആറുമാസത്തിൽ കുറയാത്തതും എന്നാൽ രണ്ടു വർഷംവരെയാകാവുന്ന കാലാവധിയിലേയ്ക്ക് കഠിന തടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ മതിയായതും പ്രത്യേകവുമായ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ഒരു കുറഞ്ഞ കാലാവധിയിലേയ്ക്ക് തടവു ശിക്ഷയോ പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്.

(2) ഒരു കോടതിയും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, ഈ വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റവും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

19. *വിദഗ്ദ്ധ സമിതി തെറ്റായ റിപ്പോർട്ട് തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്താലുള്ള ശിക്ഷ.*—(1) ഈ ആക്റ്റ് പ്രകാരം വിദഗ്ദ്ധ ഏജൻസിയുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥവൃന്ദമോ കരുതിക്കൂട്ടി

ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കുകയും അത് ഏതെങ്കിലും അധികാരസ്ഥാനത്തിനോ സർക്കാരിനോ സമർപ്പിക്കുന്നതുവഴി ഏതെങ്കിലും പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ അംഗമല്ലാത്ത ഒരാൾ ക്ഷമതയുള്ള അധികാര സ്ഥാനത്തുനിന്നും സമുദായ സർട്ടിഫിക്കറ്റ് നേടുന്നതിന് ഇടയാവുകയോ പട്ടികജാതിക്കാർക്കോ പട്ടികഗോത്ര വർഗ്ഗക്കാർക്കോ, അതതു സംഗതിപോലെ, മാത്രമായി ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യങ്ങൾ നേടുകയോ ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപ്പെടുന്ന അങ്ങനെയുള്ള അംഗമെന്ന നിലയിൽ കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ഏതെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ, അതതു സംഗതിപോലെ, പെടുന്ന ഒരംഗത്തിന് നഷ്ടപ്പെടുത്തുന്ന തരത്തിൽ കരുതിക്കൂട്ടി ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ഏതെങ്കിലും അധികാരസ്ഥാനത്തിനോ സർക്കാരിനോ സമർപ്പിക്കുന്നതുമായ ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറുമാസത്തിൽ കുറയാത്തതും, എന്നാൽ രണ്ടു വർഷം വരെയാകാവുന്ന കാലാവധിയിലേയ്ക്ക് കഠിന തടവും ആയിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ മതിയായതും പ്രത്യേകവുമായ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ഒരു കുറഞ്ഞ കാലാവധിയിലേക്ക് തടവു ശിക്ഷയോ പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്.

(2) ഒരു കോടതിയും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, ഈ വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റവും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

20. *പ്രേരിപ്പിക്കുന്നവർക്കുള്ള ശിക്ഷ.*—ഈ ആക്റ്റു പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളേയും അങ്ങനെയുള്ള കുറ്റങ്ങൾക്ക് ഈ ആക്റ്റു പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കേണ്ടതാണ്.

21. *പ്രത്യേക കോടതികൾ സ്ഥാപിക്കൽ.*—സംസ്ഥാന സർക്കാർ, ഈ ആക്റ്റു പ്രകാരമുള്ള കുറ്റങ്ങൾ വേഗത്തിൽ വിചാരണ നടത്തുന്ന ആവശ്യത്തിലേയ്ക്കായി, ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ സമ്മതത്തോടുകൂടി, ഗസറ്റു വിജ്ഞാപനം വഴി,

ഓരോ ജില്ലയിലേയ്ക്കും ഒരു സെഷൻസ് കോടതിയെ ഒരു പ്രത്യേക കോടതിയായി വിനിർദ്ദേശിക്കേണ്ടതാണ്.

22. *പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ.* —സംസ്ഥാന സർക്കാർ, ഓരോ പ്രത്യേക കോടതികൾക്കും, ഗസറ്റ് വിജ്ഞാപനം വഴി, ഒരു പബ്ലിക് പ്രോസിക്യൂട്ടറെ വിനിർദ്ദേശിക്കേണ്ടതും; അല്ലെങ്കിൽ ഏഴ് വർഷത്തിൽ കുറയാതെ പ്രാക്ടീസുള്ള ഒരു അഭിഭാഷകനെ ആ കോടതിയിൽ ഈ ആക്റ്റ് പ്രകാരമുള്ള കേസുകൾ നടത്തുന്ന ആവശ്യത്തിലേയ്ക്കായി നിയമിക്കേണ്ടതുമാണ്.

23. *ആക്റ്റിൻ കീഴിലുള്ള കുറ്റകൃത്യം കൊഗ്നൈസബിളും ജാമ്യം ലഭിക്കാത്തവയും ആയിരിക്കുമെന്ന്.*—1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള എല്ലാ കുറ്റങ്ങളും കൊഗ്നൈസബിളും ജാമ്യം ലഭിക്കാത്തവയുമായിരിക്കുന്നതാണ്.

24. *സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.*—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് യാതൊരു സിവിൽ കോടതിയ്ക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ഈ ആക്റ്റിനാലോ ആക്റ്റിൻ കീഴിലോ നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം അനുസരിച്ച് അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ എടുത്തതോ എടുക്കുവാൻ പോകുന്നതോ ആയ ഏതെങ്കിലും നടപടി സംബന്ധിച്ച് യാതൊരു നിരോധന ഉത്തരവോ ഇൻജംക്ഷനോ ഒരു കോടതിയും നൽകുവാൻ പാടുള്ളതല്ല.

25. *ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.* —ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ നിയമനടപടിയോ നിലനിൽക്കുന്നതല്ല.

26. *ആക്റ്റിന് മറ്റ് നിയമങ്ങൾക്ക്മേൽ അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.*—ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റിലെ

വ്യവസ്ഥകൾക്ക്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ആചാരങ്ങളിലോ വഴക്കത്തിലോ അങ്ങനെയുള്ള നിയമം ഹേതുവായി പ്രഭാവത്തിലുള്ള ഏതെങ്കിലും കരണത്തിലോ, അതിനു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

27. *ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.*—1) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ എല്ലാമോ അവയിലേതെങ്കിലുമോ നടപ്പിലാക്കുന്നതിനുവേണ്ടി, ഗസറ്റു വിജ്ഞാപനംവഴി, പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ ഇനിപ്പറയുന്ന സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്: —

(എ) 3-ാം വകുപ്പു പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതായിട്ടുള്ള സർട്ടിഫിക്കറ്റിന്റെ രീതി;

(ബി) 4-ാം വകുപ്പു പ്രകാരം സമുദായ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയുടെ രീതി;

(സി) 5-ാം വകുപ്പു (1)-ാം ഉപവകുപ്പ് പ്രകാരം സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമവും രീതിയും;

(ഡി) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സമുദായ സർട്ടിഫിക്കറ്റിന്റെ പരിശോധനയ്ക്കായുള്ള സ്ക്രീനിംഗ് സമിതിയുടെ രൂപീകരണത്തിന്റെ രീതി;

(ഇ) 8-ാം വകുപ്പുപ്രകാരം സമുദായ സർട്ടിഫിക്കറ്റുകളുടെ പരിശോധനായ്ക്കായുള്ള സൂക്ഷ്മപരിശോധനാ സമിതിയുടെ രൂപീകരണത്തിന്റെ രീതിയും 11-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളതുപോലെ അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വിശദമായ നടപടിക്രമവും;

(എഫ്) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അപ്പീലിനുള്ള നടപടിക്രമം;

(ജി) ഈ ആക്റ്റിനാൽ നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ മറ്റേതെങ്കിലും കാര്യം.



GCPT. 34/4787/2013/TP.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തി ലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് എതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ചട്ടപ്രകാരം മുമ്പു ചെയ്തിട്ടുള്ള യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

28. *വകുപ്പുതല നടപടികൾക്ക് പ്രോസിക്യൂഷൻ തടസ്സമാകുന്നതല്ല.*—ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റത്തിന് ഏതെങ്കിലും ആൾക്കെതിരെയുള്ള പ്രോസിക്യൂഷൻ ആ ആൾക്ക് ബാധകമായ തത്സമയം പ്രാബല്യത്തിലുള്ള പ്രസക്തമായ സേവന നിബന്ധനകളോ അച്ചടക്കനടപടി ചട്ടങ്ങളോ പ്രകാരം ആ ആൾക്കെതിരായി ആരംഭിക്കുന്നതിനുള്ള വകുപ്പുതല നടപടികൾക്ക് തടസ്സമാകുന്ന തല്ലാത്തതാണ്.

29. *ഒരു ആളിന് നല്കിയിട്ടുള്ള സമുദായ സർട്ടിഫിക്കറ്റിന്റെ റദ്ദാക്കൽ അയാളുടെ രക്തബന്ധത്തിലുള്ളവർക്കെതിരെയുള്ള തെളിവായിരിക്കുന്നതാണ്.*—ഒരു ആളിന് ഏതെങ്കിലും ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയിട്ടുള്ള ഒരു സമുദായ സർട്ടിഫിക്കറ്റിന്റെ റദ്ദാക്കൽ ആ വ്യക്തിയുടെ രക്തബന്ധത്തിലുള്ളവരുടെ, അതതു സംഗതി പോലെ, പട്ടികജാതിയോ പട്ടികഗോത്ര വർഗ്ഗമോ ആണെന്നുള്ള അവകാശ വാദങ്ങൾക്കെതിരായുള്ള തെളിവായിരിക്കുന്നതും അങ്ങനെയുള്ള കുടുംബത്തിലെ അംഗങ്ങൾക്കെതിരായി സൂക്ഷ്മ പരിശോധനാ സമിതിയ്ക്ക് 11-ാം വകുപ്പിലെ (1)-ാം ഉപവകുപ്പപ്രകാരമോ സർക്കാരിന് അതിലെ (2)-ാം ഉപവകുപ്പു പ്രകാരമോ നടപടിയെടുക്കുന്നതിന് കാരണമാകുന്നതാണ്.

30. *പരിവർത്തന വ്യവസ്ഥ.*—ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് പ്രസക്തമായ ചട്ടങ്ങളോ ഉത്തരവുകളോ പ്രകാരം ഒരു സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ക്ഷമതയുള്ള ഏതെങ്കിലും അധികാര സ്ഥാനം നൽകിയ സമുദായ സർട്ടിഫിക്കറ്റ് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം റദ്ദാക്കപ്പെടാത്ത പക്ഷം, സാധുവായിരിക്കുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ളതായി കരുതപ്പെടേണ്ടതുമാണ്.

*31. *സാധൂകരിക്കൽ.*—ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഭാരതത്തിന്റെ സുപ്രീം കോടതിയിലെ 5854/1994-ാം നമ്പർ സിവിൽ അപ്പീലിലെ 1994 സെപ്തംബർ 2-ാം തീയതിയിലെ വിധിന്യായത്തിന്റെ അനന്തരഫലമായി 1995 മേയ് 8-ാം തീയതിയിലെ സ.ഉ.(പി)16/95/(എസ്.സി.എസ്.റ്റി.ഡി.ഡി) വിജ്ഞാപന പ്രകാരം രൂപീകരിച്ച സൂക്ഷ്മ പരിശോധനാ സമിതി, 1995 മേയ് 8-ാം തീയതി മുതൽ 2002 ഏപ്രിൽ 24-ാം തീയതി വരെയുള്ള കാലയളവിൽ, പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ് 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ആക്റ്റ് പ്രകാരം ഭേദഗതി വരുത്തിയ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചതായി കരുതപ്പെടേണ്ടതും അതനുസരിച്ച് ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ നൽകപ്പെട്ട അധികാരം വിനിയോഗിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1995 മേയ് 8-ാം തീയതി രൂപീകരിച്ച സൂക്ഷ്മപരിശോധനാ സമിതി ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സൂക്ഷ്മപരിശോധനാ സമിതി രൂപീകരിച്ചിട്ടില്ല എന്ന കാരണത്താൽ അസാധുവായതായി കരുതപ്പെടാൻ പാടില്ലാത്തതാണ്.

---

* 2008-ലെ 32-ാം ഭേദഗതിആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

## 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ

വിജ്ഞാപനം*

1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ (1955-ലെ 25-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഹന്ദുവിവാഹം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഇനിപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്: —

### ചട്ടങ്ങൾ

1. ഈ ചട്ടങ്ങൾക്ക് 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

2. [1]ഗസറ്റ് വിജ്ഞാപനംമൂലം, സർക്കാർ നിശ്ചയിച്ചേക്കാവുന്ന തീയതിയിൽ ഇവ പ്രാബല്യത്തിൽ വരുന്നതാണ്.

3. നിർവ്വചനങ്ങൾ.- ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) ''രജിസ്ട്രാർ ജനറൽ'' എന്നാൽ 1886-ലെ ജനന-മരണ-വിവാഹ ആക്റ്റിന്റെ (1886-ലെ VI-ാം കേന്ദ്ര ആക്റ്റ്) 6-ാം വകുപ്പു പ്രകാരം സർക്കാർ നിയമിച്ചിട്ടുള്ള ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.

(ബി) ''തദ്ദേശ രജിസ്ട്രാർ'' എന്നാൽ 4-ാം ചട്ടം അനുസരിച്ച്,

(i) തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ വരുന്ന മൊത്തം തദ്ദേശ പ്രദേശത്തിലേയോ അതിന്റെ ഭാഗത്തിലേയോ, അല്ലെങ്കിൽ

---

* 1957 ഒക്ടോബർ 22-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 43-ൽഭാഗം I, വിഭാഗം iv ആയി പ്രസിദ്ധപ്പെടുത്തിയത്.

[1] 1959 മേയ് 20-ാം തീയതിയിൽ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവന്നു. 1959 മേയ് 19-ാം തീയതിയിലെ ഗസറ്റിന്റെ 1196-ാം പുറത്ത് പ്രസിദ്ധീകരിച്ച 1959 മേയ് 11-ാം തീയതിയിലെ എച്ച്.എൽ.എ.6-101907/58/ഇ.എച്ച്.ഡി എൽ വിജ്ഞാപനം കാണുക.

(ii) തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപിക്കപ്പെട്ട കേരള സംസ്ഥാനത്തെ ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന മൊത്തം തദ്ദേശ പ്രദേശത്തിലേയോ അതിന്റെ ഭാഗത്തിലേയോ, അല്ലെങ്കിൽ

(iii) ഒരു റവന്യൂ വില്ലേജിന്റെ മൊത്തം പ്രദേശത്തിലേയോ അതിന്റെ ഭാഗത്തിലേയോ, അല്ലെങ്കിൽ ഒരു കൂട്ടം റവന്യൂ വില്ലേജുകളിലേയോ, വിവാഹങ്ങളുടെ രജിസ്ട്രാർ ആയി സർക്കാർ നിയമിച്ചിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

[1] (ബിബി) ''ജില്ലാ രജിസ്ട്രാർ'' എന്നാൽ ചട്ടം 4എ അനുസരിച്ച് ഒരു ജില്ലാ രജിസ്ട്രാർ ആയി നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(സി) ''തദ്ദേശ രജിസ്ട്രേഷൻ പ്രദേശം'' എന്നാൽ ഒരു 'തദ്ദേശ രജിസ്ട്രാർ'ക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ള അധികാരപരിധി എന്നർത്ഥമാകുന്നു;

(ഡി) ''നിർബന്ധിത രജിസ്ട്രേഷൻ പ്രദേശം'' എന്നാൽ 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് അനുസരിച്ച് ഏതെല്ലാം തദ്ദേശ രജിസ്ട്രേഷൻ പ്രദേശത്ത് വിവാഹങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതായ പ്രദേശം എന്നർത്ഥമാകുന്നു;

(ഇ) ''വിവാഹം'' എന്നാൽ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ആചാരപ്രകാരം നടത്തപ്പെട്ട ഒരു വിവാഹം എന്നർത്ഥമാകുന്നു;

(എഫ്) ''രജിസ്റ്റർ'' എന്നാൽ 8-ാം വകുപ്പനുസരിച്ച് II-ാം നമ്പർ ഫാറത്തിൽ സൂക്ഷിച്ചുപോരുന്ന ഹിന്ദു വിവാഹ രജിസ്റ്റർ എന്നർത്ഥമാകുന്നു;

(ജി) ''ആക്റ്റ്'' എന്നാൽ 1955-ലെ ഹിന്ദു വിവാഹ ആക്റ്റ് (1955-ലെ XXV-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

---

[1] 2005 നവംബർ 7-ാം തീയതിയിലെ 2388-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 986/2005 ആയി 2005 നവംബർ 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 215/2005/നിയമം എന്ന വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.



GCPT. 34/4787/2013/TP.

(എച്ച്) ''വകുപ്പ്'' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഐ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജെ) ''പരിശോധനാ ഉദ്യോഗസ്ഥൻ'' എന്നാൽ വിവാഹ രേഖകൾ പരിശോധിക്കുന്നതിനായി രജിസ്ട്രാർ ജനറൽ നിയോഗിച്ച ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(കെ) ''ഫാറം'' എന്നാൽ ഈ ചട്ടങ്ങളോട് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു.

4. സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഏതൊരാളെയും അദ്ദേഹത്തിന്റെ പേരുവെച്ചോ അദ്ദേഹം വഹിക്കുന്ന ഔദ്യോഗിക പദവിവെച്ചോ ഒരു ''തദ്ദേശ രജിസ്ട്രാർ'' ആയി നിയമിക്കാവുന്നതും അദ്ദേഹത്തിന്റെ അധികാരപരിധിയിൽ വരുന്ന ''തദ്ദേശ രജിസ്ട്രേഷൻ പ്രദേശം'' നിർവ്വചിക്കാവുന്നതുമാണ്.

[1]4എ. സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഏതൊരാളെയും അദ്ദേഹത്തിന്റെ പേരുവെച്ചോ അദ്ദേഹം വഹിക്കുന്ന ഔദ്യോഗിക പദവിവെച്ചോ, ഓരോ റവന്യൂ ജില്ലയ്ക്കുംവേണ്ടിയുള്ള ഒരു ജില്ലാ രജിസ്ട്രാർ ആയി നിയമിക്കാവുന്നതാണ്.

5. രജിസ്ട്രാർ ജനറൽ മറ്റു വിധത്തിൽ അനുവദിക്കാത്ത പക്ഷം, തദ്ദേശ രജിസ്ട്രാർ തന്റെ അധികാരപരിധിക്കുള്ളിൽ താമസിക്കേണ്ടതും ഒരു ആഫീസ് പ്രവർത്തിപ്പിക്കേണ്ടതും അതിന്റെ പുറംവാതിലിൽ തന്റെ ഉദ്യോഗപ്പേരും പ്രവർത്തന സമയവും സൂചിപ്പിക്കുന്ന ഒരു നാമഫലകം പ്രദർശിപ്പിക്കേണ്ടതുമാണ്.

6. നിർബന്ധിത രജിസ്ട്രേഷൻ പ്രദേശത്ത്, ആചാര പ്രകാരമുള്ള ഒരു വിവാഹം കഴിഞ്ഞതിനു ശേഷം, കഴിയുന്നത്ര വേഗവും പതിനഞ്ച് ദിവസങ്ങൾക്കുള്ളിലും ഭർത്താവ് വിവാഹത്തെക്കുറിച്ച് ഒരു റിപ്പോർട്ട് I-ാം നമ്പർ ഫാറത്തിൽ (അസ്സലിലും ഡ്യൂപ്ലിക്കേറ്റിലും) ആചാര പ്രകാരം വിവാഹം നടന്ന പ്രദേശത്ത് അധികാരികതയുള്ള തദ്ദേശ രജിസ്ട്രാർക്ക് നൽകുകയോ നൽകാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണ്. ആ റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് തപാലിൽ അയച്ചുകൊടുക്കുകയോ നേരിട്ടോ ദൂതൻ മുഖാന്തിരമോ

---

[1] 2005 നവംബർ 7-ാം തീയതിയിലെ 2388-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 986/2005 ആയി 2005 നവംബർ 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 215/2005/നിയമം എന്ന വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.

നൽകുകയോ ചെയ്യാവുന്നതാണ്. ഒരു വിവാഹ റിപ്പോർട്ട് നേരിട്ടോ ദൂതൻ മുഖാന്തിരമോ നൽകുന്ന സംഗതിയിൽ തദ്ദേശ രജിസ്ട്രാർ, അദ്ദേഹത്തിന് റിപ്പോർട്ട് ലഭിച്ചു എന്ന വിവരം കാണിക്കുന്ന ഒരു രസീത് നൽകേണ്ടതാണ്. വിവാഹ റിപ്പോർട്ട് കൈപ്പറ്റിയ തീയതി, രസീതിലും വിവാഹ റിപ്പോർട്ടിലും രേഖപ്പെടുത്തേണ്ടതും തദ്ദേശ രജിസ്ട്രാറുടെ ചുരുക്കൊപ്പോടുകൂടി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്:

[1]എന്നാൽ തദ്ദേശ രജിസ്ട്രാർക്ക്, നേരിട്ടോ ദൂതൻ മുഖാന്തിരമോ, തപാലിൽ രജിസ്റ്റേർഡ് തപാൽ വഴിയോ, പ്രസ്തുത 15 ദിവസക്കാലയളവ് കഴിഞ്ഞതിനുശേഷം എന്നാൽ വിവാഹ തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ ബോധിപ്പിക്കുന്ന ഒരു അപേക്ഷ, കാലതാമസത്തിന് മതിയായ കാരണമുണ്ട് എന്ന് അദ്ദേഹത്തിന് ബോദ്ധ്യമാകുന്ന പക്ഷം, സ്വീകരിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷ 30 ദിവസക്കാലയളവിനുശേഷം സമർപ്പിക്കുന്നിടത്ത്, [2]ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ അങ്ങനെയുള്ള അപേക്ഷകൾ സ്വീകരിക്കാവുന്നതാണ്.

7. 6-ാം ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള വിവാഹ റിപ്പോർട്ടിലെ ഉൾക്കുറിപ്പുകൾ കൃത്യതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടി പരിശോധിച്ചതിനുശേഷം, തദ്ദേശ രജിസ്ട്രാർ II-ാം നമ്പർ ഫാറത്തിലുള്ള ഒരു രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും നിർദ്ദിഷ്ട സ്ഥലത്ത് അദ്ദേഹം ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഓരോ വിവാഹവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പുകൾക്കും ജനുവരി ഒന്നാം തീയതി മുതൽ ആരംഭിച്ച് ഡിസംബർ അവസാനദിവസംവരെ അവസാനിക്കുന്ന തുടർച്ചയായിട്ടുള്ള ക്രമനമ്പറുകൾ നൽകേണ്ടതാണ്.

---

[1] 2001 ഫെബ്രുവരി 2-ാം തീയതിയിലെ 185-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 104/2001 ആയി 2001 ഫെബ്രുവരി 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 92/2001/നിയമം എന്ന വിജ്ഞാപനപ്രകാരം ചേർത്തത്.

[2] 2005 നവംബർ 7-ാം തീയതിയിലെ 2388-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 986/05 ആയി 2005 നവംബർ 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 215/2005/നിയമം എന്ന വിജ്ഞാപനപ്രകാരം പകരം ചേർത്തത്.

8. 7-ാം ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്റർ, നമ്പറിംഗ് മെഷിൻ കൊണ്ട് നമ്പരുകൾ മുദ്രണം ചെയ്ത പേജുകളടങ്ങിയ ബയന്റുചെയ്ത ഒരു പുസ്തകമായിരിക്കേണ്ടതാണ്.

9. ഒരു പരിശോധനാ ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയല്ലാതെ രജിസ്റ്ററിലെ ഉൾക്കുറിപ്പുകളിൽ യാതൊരു തിരുത്തലും വരുത്താൻ പാടില്ലാത്തതും പേര്, വയസ്സ്, തീയതി എന്നിവ പോലുള്ള വസ്തുതാപരമായ വിവരങ്ങളിൽ സ്ഥിരമായ മാറ്റങ്ങൾ രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രം വരുത്തേണ്ടതുമാണ്:

[1]എന്നാൽ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വിവാഹത്തിലെ പങ്കാളികളിൽ ഒരാൾ ഒരു ഹിന്ദു അല്ലാ എന്നോ പങ്കാളികൾ രണ്ടുപേരും ഹിന്ദുക്കളല്ലാ എന്നോ കാണുകയാണെങ്കിൽ, രജിസ്ട്രാർ ജനറലിന്റെ മുൻകൂർ അനുമതി വാങ്ങിയതിനുശേഷവും ബാധിക്കപ്പെട്ട കക്ഷികൾക്ക് ഇക്കാര്യം സംബന്ധിച്ച് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷവും, തദ്ദേശ രജിസ്ട്രാർ, ആ വിവാഹവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പുകൾ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

10 (1) ഓരോ മാസവും അവസാനിച്ചശേഷം ഒരാഴ്ചയ്ക്കകം തദ്ദേശ രജിസ്ട്രാർ തനിക്കു ലഭിച്ചതും, താൻ കൈപ്പറ്റിയതും, താൻ രജിസ്റ്റർ ചെയ്തതുമായ വിവാഹ റിപ്പോർട്ടുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ വിഛേദിച്ചെടുക്കേണ്ടതും രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്:

എന്നാൽ റിപ്പോർട്ടുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ ഒരു വിനിർദ്ദേശിക്കപ്പെട്ട അധികാരസ്ഥാനം മുഖാന്തിരം അയച്ചുകൊടുക്കേണ്ടതാണെന്ന് രജിസ്ട്രാർ ജനറൽ നിർദ്ദേശിക്കുന്നു എങ്കിൽ അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട അധികാരസ്ഥാനം മുഖാന്തിരം റിപ്പോർട്ടുകൾ അയച്ചുകൊടുക്കേണ്ടതാണ്.

(2) തദ്ദേശ രജിസ്ട്രാർ, തനിക്കു ലഭിച്ച വിവാഹ റിപ്പോർട്ടിന്റെ അസ്സലുകൾ ഒരു സ്ഥിരം റിക്കാർഡ് ആയി ഫയൽ ചെയ്യേണ്ടതാണ്.

---

[1] 1969 ഏപ്രിൽ 22-ാം തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച 1969 ഏപ്രിൽ 7-ാം തീയതിയിലെ 70694/ജി4/68/ആഭ്യന്തരം എന്ന നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

11. രജിസ്ട്രാർ ജനറൽ, തദ്ദേശ രജിസ്ട്രാർമാരിൽ നിന്നും താൻ കൈപ്പറ്റിയ എല്ലാ വിവാഹ റിപ്പോർട്ടുകളുടേയും ഡ്യൂപ്ലിക്കേറ്റുകൾ കൃത്യതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടി സൂക്ഷ്മ പരിശോധന നടത്തേണ്ടതും അവ സ്ഥിരം റിക്കാർഡുകളായി തന്റെ ആഫീസിൽ ഫയൽ ചെയ്യേണ്ടതുമാണ്.

12. രജിസ്ട്രാർ ജനറൽ, താൻ കൈപ്പറ്റിയ വിവാഹ റിപ്പോർട്ടുകളുടെ സൂചികകൾ തയ്യാറാക്കേണ്ടതും തന്റെ ആഫീസിൽ സൂക്ഷിച്ചുപോരേണ്ടതുമാണ്. സൂചിക രജിസ്റ്ററുകൾ ബയന്റു ചെയ്തതായിരിക്കേണ്ടതും അതിന്റെ പേജുകൾ മെഷിനിൽ മുദ്രണം ചെയ്ത നമ്പറുകളോടു കൂടിയതായിരിക്കേണ്ടതും ആഫീസ് സമയത്ത് അത് പരിശോധിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും അത് പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

13. രജിസ്റ്ററിലെ പ്രസക്തഭാഗങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് വേണ്ടിയുള്ള അപേക്ഷയിൽ ഇനിപ്പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്,—

(i) അത് രജിസ്ട്രാർ ജനറലിനേയോ തദ്ദേശ രജിസ്ട്രാറെയോ സംബോധന ചെയ്തുകൊണ്ടുള്ളതായിരിക്കണം.

(ii) അതിൽ വിവാഹം ചെയ്ത കക്ഷികളുടെ പേരുകളും അപേക്ഷകന്റെ പേരും മേൽവിലാസവും വിവാഹം നടന്ന സ്ഥലവും തീയതിയും ഉണ്ടായിരിക്കേണ്ടതാണ്.

(iii) അതിൽ[1] മൂന്ന് രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ചിരിക്കേണ്ടതാണ്.

(iv) [2]രജിസ്റ്ററിലെ പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പിനും പത്തു രൂപ ഫീസ് ഒടുക്കേണ്ടതാണ്.

---

[1] 1986 ജനുവരി 21-ാം തീയതിയിലെ 3-ാം നമ്പർ ഗസറ്റിൽ എസ്.ആർ.ഒ. 123/86 ആയി 1985 ഡിസംബർ 19-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 221/85/നിയമം എന്ന വിജ്ഞാപനപ്രകാരം പകരം ചേർത്തത്.

[2] 2002 ജനുവരി 22-ാം തീയതിയിലെ 106-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 48/2002 ആയി 2002 ജനുവരി 19-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 30/2002/നിയമം എന്ന വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.



GCPT. 34/4787/2013/TP.

[1] കുറിപ്പ്:- രജിസ്റ്ററിന്റെ പ്രസ്ക്ത ഭാഗത്തിന്റെ പകർപ്പ് മുദ്രപത്രത്തിൽ ലഭിക്കാനാഗ്രഹിക്കുന്ന അപേക്ഷകർ, ഈ ആവശ്യത്തിലേക്ക് വേണ്ടതായ മുദ്രപത്രംകൂടി രജിസ്ട്രാർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

14. III-ാം നമ്പർ ഫാറത്തിൽ പ്രസക്ത ഭാഗത്തിന്റെ പകർപ്പുകൾ തദ്ദേശ രജിസ്ട്രാർ തയ്യാറാക്കേണ്ടതും അതിൽ തന്റെ ഒപ്പും മുദ്രയും വെച്ചു നൽകേണ്ടതുമാണ്:

എന്നാൽ താൻ യഥാവിധി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും അധികാരി പ്രസക്ത ഭാഗത്തിന്റെ പകർപ്പിൽ മേലൊപ്പിടേണ്ടതാണെന്ന് രജിസ്ട്രാർ ജനറൽ നിർദ്ദേശിക്കുന്നുവെങ്കിൽ അത്തരം നിർദ്ദേശം അപേക്ഷകന് പ്രസക്ത ഭാഗത്തിന്റെ പകർപ്പ് നൽകുന്നതിന് മുൻപ് തദ്ദേശാധികാരി പാലിച്ചിരിക്കേണ്ടതാണ്.

15 (1) സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി, ചട്ടങ്ങളുടെ ആവശ്യങ്ങൾക്കായി, രജിസ്ട്രാർ ജനറലിന്, ഏതൊരു ഉദ്യോഗസ്ഥനേയും 'പരിശോധനാ ഉദ്യോഗസ്ഥനായി' പ്രാധികാരപ്പെടുത്താവുന്നതും പരിശോധനാ ഉദ്യോഗസ്ഥന്റെ അധികാരപരിധി നിർണ്ണയിച്ചു നൽകാവുന്നതുമാണ്.

(2) രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശങ്ങളനുസരിച്ച്, തദ്ദേശ രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും ബന്ധപ്പെട്ട റിക്കാർഡുകളുടേയും കാലികമായ പതിവ് പരിശോധന, പരിശോധനാ ഉദ്യോഗസ്ഥൻമാർ നടത്തേണ്ടതാണ്.

(3) തദ്ദേശ രജിസ്ട്രാർമാരുടെ ഉപയോഗത്തിനുവേണ്ടി ആവശ്യമായ ഫാറങ്ങളുടെയും രജിസ്റ്ററുകളുടെയും അച്ചടിയും വിതരണവും രജിസ്ട്രാർ ജനറൽ ഏർപ്പാടാക്കേണ്ടതാണ്.

16 (1) ഈ ചട്ടങ്ങളിൽ എന്തുതന്നെ വ്യവസ്ഥകൾ അടങ്ങിയിരുന്നാലും, ഒരു നിർബന്ധിത രജിസ്ട്രേഷൻ പ്രദേശത്തിനുള്ളിൽ ആചാരപ്രകാരം നടന്ന വിവാഹമാണെങ്കിൽ 6-ാം ചട്ടത്തിലെ നിർദ്ദേശം പാലിക്കുന്നതിൽ ഒരു വിവാഹത്തിലേർപ്പെട്ട ഒരു കക്ഷിയുടെ പരാജയം ഒരു മജിസ്ട്രേറ്റിനാലുള്ള കുറ്റസ്ഥാപനത്തിന്മേൽ ഇരുപത്തിയഞ്ച് രൂപവരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

---

[1] 1986 ജനുവരി 21-ാം തീയതിയിലെ 3-ാം നമ്പർ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 123/86 ആയി 1985 ഡിസംബർ 19-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 221/85/നിയമം എന്ന വിജ്ഞാപനപ്രകാരം ചേർത്തത്.

(2) രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി മാത്രമേ (1)-ാം ഉപചട്ടത്തിൽ പരാമർശിച്ചിട്ടുള്ള കുറ്റങ്ങൾ സംബന്ധിച്ച പ്രോസിക്യൂഷൻ ആരംഭിക്കുവാൻ പാടുള്ളൂ.

(3) ഹിന്ദുക്കളിലെ ഏതെങ്കിലും വിഭാഗത്തിന്റെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിൽ നിർബന്ധിത രജിസ്ട്രേഷൻ പ്രദേശത്തിനുവേണ്ടി സർക്കാർ ഏതെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അവ റദ്ദാക്കപ്പെടുന്നതാണ്.

## കേരള സംസ്ഥാന ഹിന്ദു വിവാഹ ചട്ടങ്ങൾ

### ഫാറം നമ്പർ I

കൈപ്പറ്റിയ തീയതി..................................

തദ്ദേശ രജിസ്ട്രാറുടെ ചുരുക്കൊപ്പ്..........................................................................................

വിവാഹ തീയതി........................

വിവാഹസ്ഥലം
- താലൂക്ക്.......................................................
- ഠൗൺ .......................................................
- വില്ലേജ് .......................................................

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| പേര് | എ. ബി. | സി. ഡി. |
| വയസ്സ് | | |
| ജനനസ്ഥലം (ലഭ്യമാണെങ്കിൽ) | | |
| സിവിൽ അവസ്ഥ (വിവാഹസമയത്ത്) | | |
| തൊഴിൽ | | |
| താമസസ്ഥലം | | |
| പിതാവിന്റെയോ രക്ഷാകർത്താവിന്റെയോ പേര് | | |

മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഭർത്താവിന്റെ ഒപ്പ് :

ഭാര്യയുടെ ഒപ്പ് :

(ഭാര്യ ഒരു മൈനറാണെങ്കിൽ വിവാഹസമയത്തെ
നിയമാനുസൃത രക്ഷാകർത്താവിന്റെ ഒപ്പ്)

*രണ്ട് സാക്ഷികൾ*

1. പേര് :
   മേൽവിലാസം :
   ഒപ്പ് :

2. പേര് :
   മേൽവിലാസം :
   ഒപ്പ് :

*തദ്ദേശ രജിസ്ട്രാറുടെ ഒപ്പ്*

കേരള സംസ്ഥാന ഹിന്ദു വിവാഹ ചട്ടങ്ങൾ

ഫാറം നമ്പർ II

(7-ാം ചട്ടം കാണുക)

വിവാഹ തീയതി...................

വിവാഹസ്ഥലം
- താലൂക്ക്.............................................
- ടൗൺ ................................................
- വില്ലേജ് .............................................

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| പേര് | എ. ബി. | സി. ഡി. |
| വയസ്സ് | അവിവാഹിതൻ/ | അവിവാഹിത/ |
| ജനനസ്ഥലം (ലഭ്യമാണെങ്കിൽ) | വിഭാര്യൻ/ | വിധവ/ |
| സിവിൽ അവസ്ഥ (വിവാഹസമയത്ത്) | വിവാഹമോചിതൻ | വിവാഹമോചിത |
| പൗരത്വസ്ഥിതി | | |
| തൊഴിൽ | | |
| താമസസ്ഥലം | | |
| പിതാവിന്റെയോ രക്ഷാകർത്താവിന്റെയോ പേര് | | |

മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഭർത്താവിന്റെ ഒപ്പ് :

ഭാര്യയുടെ ഒപ്പ് :

(ഭാര്യ ഒരു മൈനറാണെങ്കിൽ വിവാഹസമയത്തെ
നിയമാനുസൃത രക്ഷാകർത്താവിന്റെ ഒപ്പ്)

*രണ്ട് സാക്ഷികൾ :*

| | | | |
|---|---|---|---|
| 1. പേര് | : | 2. പേര് | : |
| മേൽവിലാസം | : | മേൽവിലാസം | : |
| ഒപ്പ് | : | ഒപ്പ് | : |

.............................................................................................. നമ്പരായി രജിസ്റ്റർ ചെയ്തു.

തീയതി.............................................

*തദ്ദേശ രജിസ്ട്രാറുടെ ഒപ്പ്*



GCPT. 34/4787/2013/TP.

കേരള സംസ്ഥാന ഹിന്ദു വിവാഹ ചട്ടങ്ങൾ

ഫാറം നമ്പർ III

(14-ാം ചട്ടം കാണുക)

**വിവാഹ സർട്ടിഫിക്കറ്റ്**

വിവാഹസ്ഥലം { താലൂക്ക്............................................ / ടൗൺ ................................................ / വില്ലേജ് ............................................ }

വിവാഹ തീയതി.............................

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| പേര് | എ. ബി. | സി. ഡി. |
| വയസ്സ് | | |
| ജനനസ്ഥലം | | |
| സിവിൽ അവസ്ഥ | | |
| തൊഴിൽ | | |
| താമസസ്ഥലം | | |
| പിതാവിന്റെയോ രക്ഷാകർത്താവിന്റെയോ പേര് | | |

*രണ്ട് സാക്ഷികൾ :*

1. പേര് : 
   മേൽവിലാസം : 
2. പേര് : 
   മേൽവിലാസം : 

.................................................................................. നമ്പറായി രജിസ്റ്റർ ചെയ്തു.

തീയതി .........................................................

രജിസ്റ്ററിലെ പ്രസക്ത ഭാഗത്തിന്റെ പകർപ്പിന്റെ തീയതി..................................................

നമ്പർ......................................................................................

*തദ്ദേശ രജിസ്ട്രാറുടെ ഒപ്പ്*

# ലേഖനങ്ങൾ

# ഭാഷയ്ക്ക് വേണ്ടത് വർത്തമാനത്തിന്റെ ജീവൻ

**സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.**

കേരളത്തിലെ ഭരണഭാഷ മലയാളമാണ്. 2013 മേയ് 23 മലയാളിക്ക് എന്നും ഹൃദയത്തോട് ചേർത്തു വയ്ക്കാവുന്ന ഒരു സുദിനം, മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ച സുവർണ്ണ നിമിഷം. ഭാരതത്തിന്റെ ദക്ഷിണ ദേശത്തെ പുരാതന ദ്രാവിഡ ഗോത്രഭാഷകളിൽ നാലെണ്ണമാണ് പരിഷ്കൃത ഭാഷകളായി പരിണമിച്ചത്- തമിഴ്, കന്നഡ, തെലുങ്ക്, മലയാളം. ഇവയിൽ മൂന്നു ഭാഷകളെ നേരത്തെതന്നെ ശ്രേഷ്ഠഭാഷാ പദവി നൽകി ആദരിക്കുകയുണ്ടായി. ഇന്നിപ്പോൾ മലയാള ഭാഷയ്ക്കും ശ്രേഷ്ഠഭാഷാ പദവി ലഭിക്കുകയും ഭാഷാ പഠനത്തിനായി മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനും സർവ്വകലാശാലകളിൽ മലയാളം ചെയർ സ്ഥാപിക്കുന്നതിനും യു.ജി.സി.ക്ക് നിർദ്ദേശം നൽകുകയും ഭാഷാ വികസനത്തിനും ഗവേഷണത്തിനുമായി 100 കോടി രൂപ കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്തിരിക്കുന്നു. 2012 നവംബർ 1-ാം തീയതി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിലവിൽ വന്നു. മലയാള ഭാഷക്ക് ഒരു സർവ്വകലാശാല എന്ന സ്വപ്ന സാക്ഷാത്കാരമാണ് കൈവന്നത്.

1950-ൽ തുടങ്ങിയതാണ് മാതൃഭാഷയിലേയ്ക്ക് മടങ്ങാനുള്ള ഭരണ രംഗത്തെ ശ്രമങ്ങൾ. കേരള സംസ്ഥാനത്തിന്റെ പിറവി ഭാഷാടിസ്ഥാനത്തിലായിരുന്നു. ഒരു ഭാഷ ഒരു ജനത എന്ന പ്രായോഗിക സിദ്ധാന്തമായിരുന്നു അതിന് അടിസ്ഥാനം. 1957-ൽ ശ്രീ. ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ് മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രീ. കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായുള്ള സമിതിയെ നിയോഗിച്ചത്. ഏഴു വർഷം കൊണ്ട് മലയാളം സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഔദ്യോഗിക ഭാഷയാക്കാനായിരുന്നു നിർദ്ദേശം.

ഇരുപതു വർഷങ്ങൾക്കുശേഷം 1977-ൽ ശ്രീ. സി. അച്യുതമേനോൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനെക്കുറിച്ച് വീണ്ടും സജീവമായ ചർച്ചകൾ ആരംഭിച്ചത്. പിന്നീട് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയ ഘട്ടത്തിലാണ് മലയാളത്തെകുറിച്ച് വീണ്ടും ചിന്ത ഉണ്ടായത്.



GCPT. 34/4787/2013/TP.

ശ്രീ. എ. കെ. ആന്റണിയുടെ നിർദ്ദേശപ്രകാരം മലയാളം ഭരണഭാഷ ആക്കുവാൻ പദ്ധതികൾ തയ്യാറാക്കപ്പെട്ടു. സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുവാൻ തുടങ്ങുക വഴി ശ്രമങ്ങൾക്ക് കുറച്ചെങ്കിലും ഫലപ്രാപ്തിയുണ്ടായി. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിലമതിക്കപ്പെട്ട സംഭാവന നൽകിയിട്ടുള്ളത് വിസ്മരിക്കാനാവില്ല. കേരള നിയമസഭയിൽ ആദ്യമായി മലയാളത്തിൽ ബിൽ അവതരിപ്പിച്ചത് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. കാന്തലോട്ടു കുഞ്ഞമ്പുവാണ്.

സർക്കാർ ഉത്തരവുകൾ മലയാളത്തിൽ ആയാൽ പോലും അത് വായിച്ച് പൂർണ്ണമായി മനസ്സിലാക്കാൻ സാക്ഷരർ എന്ന മേലാപ്പ് നാം ചാർത്തികൊടുത്ത എത്രയാളുകൾക്കാവും. ഭരണഭാഷ മലയാളമാക്കുക എന്നതിന്റെ അർത്ഥം കേവലം മലയാളം വായിക്കാൻ അറിയുന്ന ഒരു മലയാളിക്ക് സർക്കാരിന്റെ നടപടികൾ പരസഹായം കൂടാതെ വായിച്ചു മനസ്സിലാക്കാൻ കഴിയുന്ന വിധം ലളിതമായ ഭാഷാ പ്രയോഗമാണ്.

പൊയ്പോയ വർഷങ്ങളിൽ ഭാഷയ്ക്ക് എന്തു സംഭവിച്ചു എന്നു പരിശോധിച്ചു നോക്കാം. ഭാഷ എന്നത് ആശയ വിനിമയത്തിനുള്ള ഉപാധി ആണല്ലോ. ആശയങ്ങൾ അനുവാചകരിലേയ്ക്ക് വാമൊഴിയായോ വരമൊഴിയായോ കൈമാറുകയാണു വേണ്ടത്. മലയാള ഭാഷയിൽ ഏറ്റവും അധികമായി കടന്നുകൂടിയത് തമിഴ് ഭാഷയാണ്. സംസ്കൃതത്തെയും ഒഴിച്ചുനിർത്താനാവില്ല. വിദേശ മേൽക്കോയ്മ വഴി ഇംഗ്ലീഷിന്റെ സ്വാധീനവും ഏറെയാണ്. ചുരുക്കത്തിൽ ശുദ്ധമലയാളം ഇന്ന് ശരാശരി മലയാളിക്ക് അനുവർത്തിക്കാൻ ആവാത്ത അവസ്ഥയിലാണ്. സർക്കാർ വിജ്ഞാപനങ്ങൾ, നിയമസഭാകുറിപ്പുകൾ, നിയമങ്ങൾ തുടങ്ങിയവ ശുദ്ധ മലയാളത്തിൽ തയ്യാറാക്കാൻ എത്ര മലയാളിക്ക് കഴിയും എന്നതും ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്. കോടതി വ്യവഹാരങ്ങളും കോടതി വിധികളും ഇപ്പോഴും ആംഗലേയ ഭാഷയിലാണല്ലോ, അതിനും ഒരു മാറ്റം ഉണ്ടാകേണ്ടതല്ലേ?

കേരള സർവ്വീസിലേയ്ക്ക് വരുന്ന ഐ.എ.എസ്, ഐ.പി.എസ്. പോലെ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരും ഈ കടമ്പ എങ്ങനെ മറികടക്കാം എന്നതും ചിന്തിക്കേണ്ടതുതന്നെ. കേരള സർക്കാർ ജോലിക്ക് മലയാളം അറിഞ്ഞിരിക്കണം എന്ന പുതിയ വ്യവസ്ഥയും നിലവിൽവന്നു. സ്കൂൾ പഠനത്തിൽ മലയാളം രണ്ടാം ഭാഷയായി സ്വീകരിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ പല സ്കൂൾ

മാനേജ്മെന്റുകളും തയ്യാറാകുന്നില്ല. മലയാളം മീഡിയം സ്കൂളിൽ മക്കളെ പഠിപ്പിക്കുന്നത് സാധാരണക്കാരനുപോലും താത്പര്യമില്ലാതായിരിക്കുന്നു. ഇംഗ്ലീഷ് എന്ന ആഗോളഭാഷയുടെ സ്വാധീനവും ആകർഷണവും നമുക്കിടയിൽ അത്രമാത്രം വലുതാണ്.

ഭരണഭാഷ മലയാളം ആയാൽ മാത്രം പ്രതിസന്ധി തീരുന്നില്ല. ഭാഷയെ പരിപോഷിപ്പിക്കണമെങ്കിൽ മലയാളി മലയാളത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം നമുക്കുണ്ടാകേണ്ടതുണ്ട്. നിർഭാഗ്യവശാൽ മലയാളി മലയാളത്തിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത.

ഭാഷാ പ്രയോഗങ്ങളിൽ പരമാവധി ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിക്കുകയോ ഉപയോഗിക്കപ്പെടുന്ന ഇംഗ്ലീഷ് വാക്കിനു പകരം വയ്ക്കാൻ മലയാളപദം കണ്ടെത്താനോ കഴിയാതെ വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. മലയാളികൾ സങ്കര ഭാഷയാണ് ദൈനംദിനം ഉപയോഗിക്കുന്നത്. നിത്യേന നാം ഉപയോഗിക്കുന്ന പല വാക്കുകളും ഹായ്, ഹലോ, ഗുഡ്ബൈ, സീയൂ, താങ്ക്സ്, ഗുഡ്മോർണിംഗ്, ഗുഡ്നൈറ്റ് തുടങ്ങിയ വാക്കുകൾ ഇംഗ്ലീഷിൽ നിന്നും കടം എടുത്തിട്ടുള്ളതാണല്ലോ. പുതുതലമുറ സിനിമകൾ സ്വീകരിക്കുന്നത് അധികവും ഇംഗ്ലീഷ് പേരുകളാണ്. ഭാഷ സംസ്കാരത്തിന്റെ അസ്തിത്വമാണല്ലോ. അല്ലാതെ ഭാഷ പാണ്ഡിത്യം പ്രകടിപ്പിക്കാനുള്ള ബുദ്ധിജീവികളുടെ വേദിയാകരുത്, എങ്കിൽ മാത്രമേ ഭരണഭാഷ-മാതൃഭാഷയാക്കുക എന്ന ലക്ഷ്യം സമ്പൂർണ്ണമായി കൈവരിയ്ക്കുവാൻ സാധിക്കുകയുള്ളൂ.

## ആദിവാസികളും 2006-ലെ വനാവകാശ ആക്റ്റും

ബാബു ആന്റണി, ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ നിലനിൽപ്പിനായുള്ള സമരങ്ങളിൽ ഭൂമിയ്ക്കുള്ള സ്ഥാനം എല്ലാറ്റിനും മേലെയാണ്. ആദിവാസികൾക്ക് ഭൂമി നൽകുക എന്ന അജണ്ട ഉയർത്തിപ്പിടിക്കാത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനമോ സംവിധാനമോ ഭാരതത്തിലോ വിശിഷ്യാ കേരളത്തിലോ ഇന്നേവരെ ഉണ്ടായിട്ടില്ല. ഭാരതത്തിന്റെ പൊതുവായ അവസ്ഥ എടുത്താൽ ഓരോ വികസന പദ്ധതി നടപ്പാക്കുമ്പോഴും, പിറന്നു വീണ മണ്ണിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരിൽ സിംഹഭാഗവും ആദിവാസികളാണ് എന്ന വസ്തുത ലിഖിതമായ ഒരു ഭരണഘടനയുള്ള ജനാധിപത്യരാജ്യത്ത് സംഭവിക്കുന്നു എന്നത് ആരെയും അമ്പരിപ്പക്കുന്നതാണ്. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിർമ്മിക്കപ്പെട്ട അണക്കെട്ടുപോലുള്ള വിവിധ ജലവൈദ്യുത പദ്ധതികൾകൊണ്ടുമാത്രം സ്വന്തം ഭൂമിയിൽ നിന്നും ഏകദേശം 10,00,000 ആദിവാസികളാണ് ചിതറി പോയത്. കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, ആളോഹരി വരുമാനം, സാമൂഹ്യ സുരക്ഷ, പൊതുവിതരണ സമ്പ്രദായം, ഭൂമിയിന്മേലുള്ള അവകാശം എന്നീ കാര്യങ്ങളിൽ നിന്നെല്ലാംതന്നെ ആദിവാസികൾ നിഷ്കരുണം തുടച്ചുമാറ്റപ്പെട്ടു. ഇന്ന് ആദിവാസികൾ പൊതുസമൂഹത്തിൽ നിന്നും ഏറെ അകലെയാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഭരിക്കുന്നവർക്കും, ഭരിക്കപ്പെടുന്നവർക്കും സാധിക്കുന്നില്ല. ആദിവാസികളുടെ ജന്മഭൂമിയിൽ നിന്നും ഇവർ നിഷ്ഠൂരം നിഷ്കാസനം ചെയ്യപ്പെട്ടു കഴിഞ്ഞു. അവരുടെ പരമ്പരാഗതമായ കൃഷിരീതികളിന്മേൽ നാണ്യവിളകൾ മേൽക്കോയ്മ നേടി. കാർഷിക രീതിയിലും വിളകളിലും വന്ന സമഗ്രവും സമൂലവുമായ മാറ്റം അവർക്കിടയിൽ അതിജീവനത്തിന്റെ പന്ഥാവ് ദുഷ്കരമാക്കി. ആദിവാസികളിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളായി മാറ്റപ്പെട്ടു. 2011-ൽ തദ്ദേശസ്വയംഭരണവകുപ്പും പട്ടികജാതി പട്ടികവികസനവകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്തമായി കേരളത്തിലെ 14 ജില്ലകളിലും നടത്തിയ ആദിവാസി കുടുംബ സർവ്വേ പ്രകാരം കേരളത്തിലെ 2/3 ഭാഗം ആദിവാസികൾക്ക് താമസയോഗ്യമോ കൃഷിയോഗ്യമോ ആയ ഭൂമിയില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാട് ജില്ലയിൽ മാത്രം 14031 (മൊത്തം ജനസംഖ്യയുടെ 17%) ആദിവാസി കുടുംബങ്ങൾ ഭൂമിയില്ലാത്തവരാണ്. മാത്രമല്ല, ഇന്റഗ്രേറ്റഡ് ട്രൈബൽ റീസെറ്റിൽമെന്റ് ഡവലപ്മെന്റ് മിഷന്റെ കണക്കുകൾ പ്രകാരം വയനാട്ടിൽ മാത്രം നാമമാത്രമായ ഭൂമിയുള്ള 12184 ആദിവാസി കുടുംബങ്ങൾ ഉണ്ട്. അതുകൊണ്ടുതന്നെ വയനാട്ടിലെ മുത്തങ്ങ സമരങ്ങൾ പോലുള്ള മുന്നേറ്റങ്ങളെ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ നിലനിൽപ്പിന്റെ ധീരോദാത്തമായ ഉയർത്തെഴുന്നേൽപ്പായി മാത്രമേ കാണാൻ കഴിയുകയുള്ളു. പശ്ചിമബംഗാളിലെ നന്ദിഗ്രാമിൽ സംഭവിച്ചതും മറ്റൊന്നല്ല.

ഇത്തരമൊരു സാഹചര്യത്തിലാണ് ഭൂമിക്കുവേണ്ടിയുള്ള ആദിവാസികളുടെ കാലങ്ങളായുള്ള മുറവിളികളുടെ ഫലമായി 2006 ഡിസംബർ 29-ാം തീയതി ഭാരത സർക്കാർ വനാവകാശ ആക്റ്റ് പാസ്സാക്കുന്നത്. ഇത് കാലങ്ങളായി ഇന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക ഗോത്രവർഗ്ഗജനതയുടെ തിരിച്ചുവരവിനുള്ള പോരാട്ടങ്ങൾക്ക് ആക്കം കൂട്ടുന്നതിനുള്ള ഒരു ചാലകശക്തിയായി മാറി. ഭാരതത്തിലെ മൊത്തം ജനസംഖ്യയുടെ 8.4 ശതമാനം വരുന്ന ആദിവാസി ജനതയ്ക്ക് മദ്ധ്യകാലത്തെയും ആധുനികകാലത്തെയും ഭരണസംവിധാനങ്ങൾ അവർക്ക് കാലങ്ങളായി കൈവശമുണ്ടായിരുന്ന ഭൂമിയിന്മേലും വനോത്പന്നങ്ങളിന്മേലും അവകാശം നിഷേധിക്കുക വഴി ഭൂപ്രഭുക്കന്മാരെ ഫലഭൂയിഷ്ടമായ കാർഷിക പ്രദേശങ്ങൾ കൈക്കലാക്കി അതിന്മേൽ ആധിപത്യം ഉറപ്പിക്കുന്നതിന് സഹായിച്ചു. അങ്ങനെ നോക്കുമ്പോൾ ആദിവാസികൾ വനാന്തരങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടത് ഒരു കൊളോണിയൽ പ്രതിഭാസം മാത്രമായിരുന്നില്ലെന്നും മറിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്വം വനങ്ങളുടെമേൽ അവരുടെ സർവ്വാധിപത്യം സ്ഥാപിച്ചെടുക്കുക എന്ന ആസൂത്രിത നയത്തിന്റെ ആദ്യപടിയായിരുന്നുവെന്നും തറപ്പിച്ച് പറയേണ്ടിവരും. അതിന്റെ ഫലമായി ഒരു കേന്ദ്രീകൃതവും മിക്കവാറും സ്വേച്ഛാധിപത്യപരവുമായ ഒരു ഫോറസ്റ്റ് മാനേജ്മെന്റ് ഭാരതത്തിൽ നിലവിൽവന്നു. ഇത് ആദിവാസി കർഷകരെയും വനോത്പന്നം ശേഖരിക്കുന്നവരേയും കൂലിതൊഴിലാളികളായി പരിവർത്തനം ചെയ്യപ്പെടുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു. കാലക്രമേണ പാവപ്പെട്ട ആദിവാസി ജനത മുഖ്യധാരാസാമ്പത്തിക വികസനത്തിന്റെയും വളർച്ചയുടെയും പ്രജകളും ഗുണഭോക്താക്കളും ആയി മാറുന്നതിന് പകരം അതിന്റെ നിസ്സഹായരായ ഇരകളായി തീർന്നു.



GCPT. 34/4787/2013/TP.

ഇതിന്റെയെല്ലാം ഫലമായി അവർക്കിടയിൽ പട്ടിണിമരണങ്ങൾ, കൈവശഭൂമിയുടെ അന്യാധീനപ്പെടൽ, കുടിയേറ്റവും കുടിയൊഴിപ്പിക്കൽ ഭീഷണിയും മുതലായവ വ്യാപകമായി. നാടൻ ചാരായത്തിന്റെയും തുടർന്ന് വിദേശ മദ്യത്തിന്റെയും അനിയന്ത്രിതമായ ഉപയോഗം അവർക്കിടയിലുള്ള കുടുംബ ബന്ധങ്ങളിൽ തകർച്ചയുടെ തിരി കൊളുത്തി. കയ്യേറ്റക്കാരായ ചൂഷകരാൽ 13-നും 18-നും ഇടയിൽ പ്രായമുള്ള ആദിവാസി പെൺകുട്ടികൾ അവിവാഹിതരായ അമ്മമാരായി മാറി. പോഷകാഹാരക്കുറവും ദാരിദ്ര്യവും അവർക്കിടയിൽ അരങ്ങുതകർത്ത് നൃത്തമാടി. അരിവാൾ രോഗങ്ങൾപോലുള്ള (സിക്കിൾസെൽ സിൻഡ്രോം) മാരകരോഗങ്ങൾ മൂലവും അനേകർ ആയുസ്സെത്താതെ മരണത്തിനു കീഴടങ്ങി.

ഇത്തരുണത്തിൽ ആദിവാസികൾക്കെതിരെയുള്ള വെല്ലുവിളികളെ രണ്ട് രീതിയിൽ നേരിടേണ്ടതുണ്ട്. ഒന്ന്, ആദിവാസികൾക്ക് ജീവിതമാർഗ്ഗവും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുന്നതിന് ഭൂമിയിന്മേലും വനോത്പന്നങ്ങളിന്മേലുമുള്ള പ്രാപ്യത ഉറപ്പുവരുത്തുക. മറ്റൊന്ന്, കോർപ്പറേറ്റ് നിയന്ത്രിത വികസനത്തെ നേരിടുന്നതിന് ഫോറസ്റ്റ് മാനേജ്മെന്റിനെ ജനാധിപത്യവൽക്കരിക്കുക.

ഈ പശ്ചാത്തലത്തിലാണ് സുദീർഘവും ഗഹനവുമായ ആശയവിനിമയങ്ങൾക്കുശേഷം പാസ്സാക്കിയ 2006-ലെ ദി ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അതർ ഫോറസ്റ്റ് ഡ്വല്ലേർസ് (റെകഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്റ്റ് (2007-ലെ 2-ാം നമ്പർ) ചർച്ച ചെയ്യപ്പെടേണ്ടത്. വനഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്തുവാൻ കഴിയാത്തവരുമായ വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനാവകാശങ്ങളും, വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വനഭൂമിയെ സംബന്ധിച്ച് അപ്രകാരം നിക്ഷിപ്തമാക്കിയ വനാവകാശങ്ങളും അങ്ങനെയുള്ള അംഗീകരിക്കലിനും നിക്ഷിപ്തമാക്കലിനും ആവശ്യമായ തെളിവുകളുടെ രീതിയും രേഖപ്പെടുത്തുന്നതിനും ഒരു രൂപരേഖ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ളതാണ് ഈ ആക്റ്റ്. പ്രസ്തുത ആക്റ്റ് വനപ്രദേശത്തിന്റെ സമൂല നാശത്തിന് നിമിത്തമാകുമെന്ന് പരമ്പരാഗത യാഥാസ്തികർ അവകാശപ്പെടുന്നു. എന്നാൽ ഈ ആക്റ്റിനെ അനുകൂലിക്കുന്നവർ, ആദിവാസികളെ നാശത്തിലേയ്ക്ക് വഴിതെളിച്ച

ചരിത്രപരമായ തെറ്റുകൾ തിരുത്തുന്നതിനുള്ള നാഴികക്കല്ലായി ഈ നിയമനിർമ്മാണത്തെ സാക്ഷ്യപ്പെടുത്തുന്നു.

1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ് പ്രകാരം, 1980 ഒക്ടോബർ 25-നു മുമ്പ് വനങ്ങളിൽ താമസമാക്കിയിരുന്നുവെന്ന് തെളിയിക്കാൻ കഴിയാത്തവരെ 'കയ്യേറ്റക്കാരായി' ചിത്രീകരിച്ച് അവർക്ക് 2002 മെയ് മാസത്തിൽ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ വനാവകാശ ആക്റ്റ് നിലവിൽ വന്നതോടെ ഇത്തരം ഒരു സാഹചര്യത്തെ അത് ഒഴിവാക്കി. വനാവകാശ ആക്റ്റ് ആദിവാസി വിഭാഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും പ്രസ്തുത ആക്റ്റിന്റെ 2-ാം വകുപ്പിൻ കീഴിൽ പതിനാല് വ്യത്യസ്ത അവകാശങ്ങൾ ഭൂമിയിന്മേലും വനോത്പന്നങ്ങളിന്മേലും പ്രദാനം ചെയ്യുന്നു. കൂടാതെ ഈ ആക്റ്റ് തദ്ദേശവാസികളുടെ ആവശ്യങ്ങൾക്കനുസൃതമായി ഫോറസ്റ്റ് മാനേജ്മെന്റ് ജനാധിപത്യ സ്വഭാവമുള്ളതാക്കുന്നതിന് അവസരമൊരുക്കുന്നു. മാത്രവുമല്ല, ഇതുമായി ബന്ധപ്പെട്ടുള്ള അവകാശത്തർക്കങ്ങൾക്ക് തീർപ്പുണ്ടാക്കുന്നതിന് ഗ്രാമസഭകൾ രൂപീകരിക്കുന്നതിനും ആക്റ്റിൽ വ്യവസ്ഥയുണ്ട്.

**സംയുക്ത പാർലമെന്ററി സമിതിയുടെ പ്രസക്തമായ ശുപാർശകൾ**

തദ്ദേശവാസികളുടെ താത്പര്യങ്ങൾക്കുകൂടി അനുസൃതമായി നിയമത്തിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ഇടതുപക്ഷ പാർട്ടികളുടെയും ആദിവാസി അവകാശ സംഘടനകളുടെയും ആവശ്യത്തിൻമേൽ വിഷയം സംയുക്തപാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിടുകയും പ്രസ്തുത സമിതി ഇനിപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ആദിവാസി ജനതയുടെ വനാവകാശങ്ങൾ സ്ഥാപിച്ചു നൽകുന്നതിനുള്ള കാലപരിധി 1980 ഒക്ടോബർ 25 എന്നത്, പ്രസ്തുത ബിൽ പാർലമെന്റിന്റെ മേശപ്പുറത്തു വെച്ച 2013 ഡിസംബർ 13 വരെ നീട്ടേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഇതിൽ കയ്യേറ്റക്കാരെന്നു ചിത്രീകരിക്കപ്പെടുകയും എന്നാൽ നിയമാനുസൃതമായി വനഭൂമിയിൽ അവകാശമുള്ള മറ്റ് പരമ്പരാഗത വനവാസികളെകൂടി ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്തിരുന്നു. മാത്രവുമല്ല, വനത്തിനുള്ളിലോ വനത്തിനോട് ഏറ്റവും ചേർന്ന പ്രദേശത്ത് താമസിക്കുന്ന തദ്ദേശവാസികളെകൂടി ഉൾപ്പെടുത്തി ആക്റ്റിന്റെ പരിധി വർദ്ധിപ്പിക്കണമെന്നും പട്ടികവർഗ്ഗക്കാരല്ലാത്തവരും എന്നാൽ മൂന്നു തലമുറകളായി

പരമ്പരാഗതമായി വനത്തിൽ താമസമാക്കിയവരേയും ഈ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ള സമിതിയുടെ ശുപാർശ വളരെ പ്രസക്തമാണ്. അപ്രകാരം പ്രസ്തുത ആക്റ്റിനെ 'പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ്, 2006' എന്ന് നാമകരണം ചെയ്യേണ്ടതാണെന്നും സമിതി ശുപാർശ ചെയ്തിരുന്നു. തദ്ദേശാവകാശങ്ങളുടെ മേലുള്ള തർക്കങ്ങൾ തീർപ്പാക്കുന്നതിനായി ഗ്രാമസഭകളെ അന്തിമ അധികാര സ്ഥാനങ്ങളായി രൂപപ്പെടുത്തുന്നതിനും സമിതി ശുപാർശ ചെയ്തിരുന്നു.

ഇടതുപക്ഷ അനുകൂല ഗിരിവർഗ്ഗ സംഘടനകളുടെ ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് ചെറുകിട വനോത്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിന് ഒരു പ്രൈസ് കമ്മീഷന്റെ രൂപീകരണവും സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും ആയത് സർക്കാർ അംഗീകരിച്ചില്ല.

വനാവകാശ ആക്റ്റിന്റെ 4-ാം വകുപ്പ്, (6)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന നാല് ഹെക്ടർ വരെയുള്ള കൈവശഭൂമി എന്ന ഭൂപരിധി സമിതിയുടെ ശുപാർശയാണ് എന്നതും വളരെയേറെ പ്രാധാന്യമർഹിക്കുന്നു. സമിതിയുടെ മേൽപ്പറഞ്ഞ ശുപാർശകൾ എല്ലാം നിയമത്തിൽ ഉൾപ്പെടുത്തി എന്നുള്ളതും ജനാധിപത്യ സംവിധാനത്തിന്റെ വിജയമായികാണേണ്ടതുണ്ട്.

വനാവകാശ ആക്റ്റ് നടപ്പിലാക്കുന്ന പ്രഥമ സംസ്ഥാനം എന്ന ഖ്യാതി കേരളം ആദ്യഘട്ടത്തിൽ നേടിയെടുത്തുവെങ്കിലും വനപ്രദേശത്തെ ആദിവാസികളുടെയും മറ്റ് വനവാസികളുടെയും അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കുന്നതിനോ സർവ്വേ പൂർത്തിയാക്കി പ്രസ്തുത ആക്റ്റിൻ കീഴിൽ കൈവശരേഖ നൽകുന്നതിനോ ഇതേവരെയും കഴിഞ്ഞിട്ടില്ല. ഭൂമിയില്ലാത്ത പട്ടിക ഗോത്രവർഗ്ഗക്കാർക്കോ മറ്റ് പരമ്പരാഗത വനവാസികൾക്കോ ഒരു തുണ്ട് ഭൂമിപോലും ഈ ആക്റ്റിൻ കീഴിൽ പുതിയതായി ലഭിക്കുന്നില്ല. മറിച്ച്, 2005 ഡിസംബർമാസം 13-ാം തീയതി വരെയുള്ള കാലപരിധിയിൽ കൈവശമുള്ള നാല് ഹെക്ടർ വരെയുള്ള വനഭൂമിയിൽ പട്ടിക ഗോത്രവർഗ്ഗക്കാർക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും കൈവശരേഖ നൽകുന്നു എന്നത് മാത്രമാണ് പ്രത്യേകത.

2006-ലെ വനാവകാശ ആക്റ്റ് സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ആദിവാസികൾക്കായുള്ള നിയമങ്ങളിൽ 'മാഗ്നാകാർട്ട'യായി കൊട്ടിഘോഷി ക്കുമ്പോഴും ഒരു കാര്യം മാത്രം സമസ്യയായി അവശേഷിക്കുന്നു. അതായത്,

ഏതെല്ലാം നിയമങ്ങൾ ഉണ്ടാക്കിയാലും ആദിവാസികളുടെ അതിജീവനത്തിനായുള്ള ഭൂസമരങ്ങളോ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളോ ഒരിക്കലും അവസാനിക്കുന്നില്ല. നിലനിൽപ്പിനായുള്ള ആദിവാസികളുടെ ഇത്തരം പോരാട്ടങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുന്നു.



GCPT. 34/4787/2013/TP.

## ദേശീയ പതാക: ആദരവും അനാദരവും

പി. ഇന്ദുകല, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.

ദേശീയ പതാകയോട് അനാദരവ് പ്രകടിപ്പിച്ചതിന്റെ പേരിൽ ഓരോ റിപ്പബ്ലിക് ദിനത്തിലും സ്വാതന്ത്ര്യദിനത്തിലും ശിക്ഷണ നടപടി നേരിടേണ്ടിവന്ന സർക്കാർ ഉദ്യോഗസ്ഥർ നിരവധിയാണ്. ദേശീയ പതാക കപ്പത്തണ്ടിൽ കെട്ടി ആഫീസ് ഗെയിറ്റിൽ സ്ഥാപിച്ചതിനാണ് ഒരു ആഫീസ് മേധാവിക്ക് അറസ്റ്റു നേരിടേണ്ടി വന്നത്. അശ്രദ്ധയോടെ ദേശീയ പതാക കൈകാര്യം ചെയ്ത് കേസ്സിൽ അകപ്പെട്ട സാധാരണക്കാരും കുറവല്ല. ദേശീയ പതാകയോട് എങ്ങനെയാണ് ആദരവ് പ്രകടിപ്പിക്കേണ്ടതെന്ന് അറിയില്ലെന്ന പ്രസ്താവന ശിക്ഷയ്ക്ക് ഇളവു ലഭിക്കുതിനുള്ള കാരണമല്ല. ദേശീയ പതാകയുടെ ഉപയോഗത്തെക്കുറിച്ചും ദുരുപയോഗത്തെ ക്കുറിച്ചും വ്യക്തമായ നിയമങ്ങൾ ഉണ്ടെങ്കിലും അതിനെ സംബന്ധിച്ച് പലരും ഇപ്പോഴും അജ്ഞരാണ്. ദേശീയ പതാകയോട് എങ്ങനെയാണ് ആദരവ് പ്രകടിപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ഇനിയും അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ അജ്ഞത മൂലം ഒട്ടനവധിപേർ ദേശീയ പതാകയോട് അനാദരവ് കാണിക്കുന്നു. കേന്ദ്രനിയമങ്ങൾ പ്രദേശിക ഭാഷകളിൽ പൊതുജനങ്ങൾക്ക് ലഭ്യമല്ലാത്തതാണ് ഇതിനു കാരണം.

ദേശീയ പതാകയോട് എങ്ങനെയാണ് ആദരവ് പ്രകടിപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച് ഭാരത സർക്കാർ കാലാകാലങ്ങളിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 1950-ലെ എബ്ലംസ് ആന്റ് നെയിംസ് (പ്രിവൻഷൻ ഓഫ് ഇംപ്രോപ്പർ യൂസ്) ആക്റ്റ് (1950-ലെ 12-ാം നമ്പർ), 1971-ലെ ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ് (1971-ലെ 69-ാം നമ്പർ) തുടങ്ങിയ ആക്റ്റുകളിലെയും പ്രസ്തുത ആക്റ്റുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 2002-ലെ ഇന്ത്യൻ ഫ്ളാഗ് കോഡിന്റെയും അടിസ്ഥാനത്തിലാണ് ആദരവും അനാദരവും തിരിച്ചറിയുന്നത്. നിലവിലെ നിയമം അനുസരിച്ച് ദേശീയ പതാകയോട് അനാദരവ് പ്രകടിപ്പിച്ചാൽ മൂന്ന് വർഷം വരെ തടവ് ശിക്ഷയോ പിഴയോ രണ്ടും കൂടിയോ അനുഭവിക്കേണ്ടി വരും.

നവീൻ ജിൻഡാൽ സ്വന്തം ഫാക്ടറി മന്ദിരത്തിൽ ദേശീയ പതാക ഉയർത്തിയത് സംബന്ധിച്ച് ഉണ്ടായ നിയമ നടപടിയിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി ശ്രദ്ധേയമാണ്. രാഷ്ട്രത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനായി ബഹുമാനത്തോടും ആദരവോടുംകൂടി ദേശീയ പതാക പാറിക്കുവാനുള്ള അവകാശം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 19 (1) (ക) പ്രകാരം ഒരു പൗരന്റെ മൗലികാവകാശമാണെന്നും എന്നാൽ പതാക പാറിക്കുവാനുള്ള അവകാശം ഒരു പൂർണ്ണ അവകാശമല്ല എന്നും ഭരണഘടനയുടെ അനുച്ഛേദം 19(2) പ്രകാരമുള്ള ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയവുമാണെന്നും ഉത്തരവായിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ മൂന്നാറിലുള്ള ആഫീസിൽ മേലുദ്യോഗസ്ഥരുടെ അഭാവത്തിൽ വാച്ചർ ദേശീയ പതാക ഉയർത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി (സൂര്യമുത്തുവും കേരള സംസ്ഥാനവും തമ്മിലുള്ള കേസ്സ്) യുടെ 22-1-2008-ലെ വിധിന്യായത്തിൽ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭ്യമായി ആറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ ദേശീയ ദിനങ്ങൾ എപ്രകാരം ആഘോഷിക്കണമെന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശം ഇല്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്താലാണ് ഹർജിക്കാരൻ നിയമ നടപടി നേരിടേണ്ടി വന്നത് എന്നും കോടതി പരാമർശിക്കുകയുണ്ടായി. പല ആഫീസുകളിലും ആഫീസ് മേധാവികൾ പ്രസ്തുത ദിവസങ്ങളിൽ ആഫീസിൽ ഹാജരാകാതെ പ്യൂൺ/വാച്ചർ തുടങ്ങിയ തസ്തികയിലുള്ളവരെ പതാക ഉയർത്താൻ ഏൽപ്പിക്കുകയോ പതാക ഉയർത്താതിരിക്കുകയോ ചെയ്യുന്നതാണ് പതിവ് എന്നും കോടതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ 16-1-2008-ൽ സ.ഉ.(പി) നമ്പർ 16/08/പൊതുഭരണം ആയി ഒരു ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി.

2002-ലെ ഇന്ത്യൻ ഫ്ളാഗ് കോഡ് മൂന്ന് ഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്തിൽ ദേശീയ പതാകയെ സംബന്ധിച്ച് പൊതുവായ വിവരങ്ങൾ, അതായത് അളവ്, നിറം തുടങ്ങിയവ, ഭാഗം രണ്ടിൽ പൊതുജനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ പതാക ഉയർത്തുമ്പോൾ/പ്രദർശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു. അവസാന ഭാഗത്ത് സർക്കാരും അതിന്റെ വിവിധ സ്ഥാപനങ്ങളും

ഏജൻസികളും ദേശീയ പതാക സംബന്ധിച്ച് പാലിക്കേണ്ട കാര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ദേശീയ പതാക 150 X 100, 225 X 150, 450 X 300, 900 X 600, 1350 X 900, 1800 X 1200, 2700 X 1800, 3600 X 2400, 6300 X 4200 (മില്ലീമീറ്റർ) എന്നീ അളവുകളിൽ ദീർഘചതുരാകൃതിയിൽ നീളവും വീതിയും 3:2 എന്ന അനുപാതത്തിൽ ആയിരിക്കേണ്ടതാണ്.

ഇന്ത്യയിലെ അത്യുന്നത വ്യക്തികൾ (വിവിഐപി) സഞ്ചരിക്കുന്ന വിമാനത്തിൽ 450 X 300, കാറിൽ 225 X 150 മില്ലീമീറ്റർ അളവിൽ ആയിരിക്കണം ദേശീയ പതാക സ്ഥാപിക്കേണ്ടത്. അവരുടെ മേശപ്പുറത്ത് 150 X 100 മി.മി. എന്ന അളവിലും.

കൈകൊണ്ട് നൂൽത്ത് കൈകൊണ്ട് നെയ്ത കമ്പിളി, പരുത്തി, പട്ട്, ഖാദി എന്നിവകൊണ്ട് മാത്രമേ ദേശീയ പതാക നിർമ്മിക്കാവു.

ദേശീയ പതാക കത്തിക്കുന്നതോ നശിപ്പിക്കുന്നതോ കുറ്റകരമാണ്. പതാക വികൃതമാക്കുന്നതും അതിൽ ചിത്രങ്ങൾ ഉൾപ്പെടെ എന്തെങ്കിലും ആലേഖനം ചെയ്യുന്നതും ശിക്ഷാർഹമാണ്; ദേശീയ പതാകയുടെ മാതൃകയിൽ മറ്റു വസ്തുക്കൾ നിർമ്മിക്കാനും പാടില്ല.

ഔദ്യോഗിക ബഹുമതി നൽകുന്ന ശവസംസ്കാര ചടങ്ങിന് പുറമേ സൈനിക, അർദ്ധ സൈനികരുടെ ശവമഞ്ചം, ശവപ്പെട്ടി എന്നിവയിൽ ദേശീയ പതാക പുതപ്പിയ്ക്കാവുന്നതാണ്. ശവമഞ്ചത്തിലോ ശവപ്പെട്ടിയിലോ തലഭാഗത്ത് കുങ്കുമ നിറം വരുന്ന തരത്തിലാണ് പതാക പുതപ്പിക്കേണ്ടത്.

ദേശീയ പതാക വസ്ത്രാലങ്കാരത്തിന്റെ ഭാഗമാക്കാൻ പാടില്ല. യൂണിഫോറം, കൈലേസ് തുടങ്ങിയവയൊന്നും പതാകയുടെ രൂപത്തിലുണ്ടാക്കുവാൻ പാടില്ല.

പ്രസംഗപീഠത്തിലോ പ്ലാറ്റ്ഫോറത്തിലോ സ്മാരകത്തിലോ പ്രതിമയിലോ ദേശീയ പതാക ആവരണം ചെയ്യുന്നത് ശിക്ഷാർഹമാണ്. ദേശീയ പതാക നിലത്തിഴയ്ക്കുന്നതും വാഹനത്തിനു മുകളിലോ പിന്നിലോ വശങ്ങളിലോ സ്ഥാപിക്കുന്നതും കുറ്റകരമാണ്. കൂടാതെ ദേശീയ പതാക തലകീഴായി സ്ഥാപിക്കുന്നതും കുറ്റകരമാണ്.

ദേശീയ പതാക ഏതൊരു സാധാരണ പൗരനും സ്വകാര്യ സ്ഥാപനത്തിനും വിദ്യാഭ്യാസ സ്ഥാപനത്തിനും നിലവിലുള്ള നിയമത്തിനു വിധേയമായി ആദരവോടെ ഉപയോഗിക്കാവുന്നതാണ്. കീറിയതോ കേടുപറ്റിയതോ ആയ പതാക ഉപയോഗിക്കുവാൻ പാടില്ല. 1950-ലെ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കച്ചവട ആവശ്യങ്ങൾക്കായി ദേശീയ പതാക ഉപയോഗിക്കുവാൻ പാടുള്ളതല്ല.

ദേശീയ വിശേഷാവസരങ്ങൾ, സാംസ്കാരിക-കായിക മേള തുടങ്ങിയ അവസരങ്ങളിൽ പേപ്പർ പതാക ഉപയോഗിക്കാവുന്നതാണ്. ഉപയോഗ ശേഷം പതാക കീറുകയോ നിലത്ത് എറിയുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദേശീയ പതാക ഉയർത്തുമ്പോൾ പതാകയെ ബഹുമാനിക്കേണ്ടതാണ്. പതാക സല്യൂട്ട് ചെയ്തശേഷം ദേശീയഗാനം ആലപിക്കേണ്ടതും അത്തരം സന്ദർഭങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാവരും അച്ചടക്കത്തോടുകൂടി നിൽക്കേണ്ടതുമാണ്.

ഔദ്യോഗിക പ്രദർശനങ്ങൾക്കായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിശ്ചയിച്ച പ്രകാരമുള്ള പതാക മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

സംസ്ഥാന സെക്രട്ടേറിയറ്റ്, ഹൈക്കോടതി, കളക്ടറേറ്റ്, ജയിൽ ആസ്ഥാനം, മുനിസിപ്പൽ കോർപ്പറേഷൻ തുടങ്ങിയ സർക്കാർ കെട്ടിടങ്ങളിൽ ദേശീയ പതാക നിത്യവും ഉയർത്തുന്നുണ്ട്. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയാണ് കൊടിമരത്തിൽ പതാക പാറിപ്പറക്കേണ്ടത്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണ്ണർ, ലെഫ്റ്റനന്റ് ഗവർണ്ണർ എന്നിവരുടെ ഔദ്യോഗിക വസതിയിൽ അവർ തലസ്ഥാനത്തുള്ളപ്പോൾ എല്ലാ ദിവസവും ദേശീയ പതാക ഉയർത്തേണ്ടതാണ്. അവർ തലസ്ഥാനം വിട്ടു പോകുന്നതിനായി പ്രധാന ഗെയിറ്റ് കടക്കുമ്പോൾ ദേശീയ പതാക താഴ്ത്തേണ്ടതും തിരിച്ച് തലസ്ഥാനത്തെത്തി വസതിയുടെ പ്രധാന ഗെയിറ്റിൽ പ്രവേശിക്കുമ്പോൾ പതാക ഉയർത്തേണ്ടതുമാണ്. എന്നാൽ റിപ്പബ്ലിക്ദിനം, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ദേശീയ വാരാചരണം (ഏപ്രിൽ 6 മുതൽ 13 വരെ) കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മറ്റ് പ്രത്യേക ദിവസങ്ങളിലെല്ലാം മേൽപ്പറഞ്ഞ പ്രമുഖർ തലസ്ഥാനത്ത് ഇല്ലെങ്കിലും സൂര്യോദയം മുതൽ സുര്യാസ്തമയം വരെ പതാക പാറിപ്പറക്കേണ്ടതാണ്.



GCPT. 34/4787/2013/TP.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവർ ഏതെങ്കിലും സ്ഥാപനം സന്ദർശിച്ചാൽ അവരോടുള്ള ആദരസൂചകമായി പ്രസ്തുത സ്ഥാപനത്തിൽ പതാക ഉയർത്താം.

ദേശീയ പതാക ഔദ്യോഗിക വാഹനത്തിൽ പ്രദർശിപ്പിക്കാൻ ചില ഉന്നത വ്യക്തികൾക്ക് അനുവാദമുണ്ട്. അതായത്,

1. രാഷ്ട്രപതി
2. ഉപരാഷ്ട്രപതി
3. ഗവർണ്ണർ/ ലെഫ്റ്റനന്റ് ഗവർണ്ണർ
4. ഇന്ത്യൻ നയതന്ത്രത്തലവൻ
5. പ്രധാനമന്ത്രി, മറ്റ് ക്യാബിനറ്റ് മന്ത്രിമാർ, കേന്ദ്ര സഹമന്ത്രിമാർ സംസ്ഥാനത്തേയും കേന്ദ്ര ഭരണപ്രദേശത്തേയും മുഖ്യമന്ത്രി മറ്റ് ക്യാബിനറ്റ് മന്ത്രിമാർ. സംസ്ഥാനത്തേയും കേന്ദ്ര ഭരണപ്രദേശത്തേയും സഹമന്ത്രിമാർ
6. ലോക്സഭ സ്പീക്കർ

   രാജ്യസഭ ഉപാദ്ധ്യക്ഷൻ

   ലോക്സഭ ഡെപ്യൂട്ടി സ്പീക്കർ

   സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാൻ

   സംസ്ഥാനത്തേയും കേന്ദ്ര ഭരണപ്രദേശത്തേയും നിയമസഭാ സ്പീക്കർ

   ലെജിസ്ലേറ്റീവ് കൗൺസിൽ ഡെപ്യൂട്ടി ചെയർമാൻ

   സംസ്ഥാനത്തേയും കേന്ദ്ര ഭരണപ്രദേശത്തേയും ഡെപ്യൂട്ടി സ്പീക്കർ
7. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

   സുപ്രീം കോടതി ജഡ്ജി

   ഹൈക്കോടതി ചീഫ് ജസ്റ്റിസ്

   ഹൈക്കോടതി ജഡ്ജി

മേൽപ്പറഞ്ഞ 5, 6, 7 എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ കാറിൽ ദേശീയ പതാക ആവശ്യമാണെങ്കിലോ ഉചിതമെന്നു തോന്നുന്ന പക്ഷമോ സ്ഥാപിക്കാവുന്നതാണ്. ഔദ്യോഗിക സന്ദർശനത്തിനെത്തുന്ന വിദേശ രാഷ്ട്രത്തലവൻമാർക്ക് സഞ്ചരിക്കാൻ സർക്കാർ നൽകുന്ന കാറിന്റെ വലതുവശത്ത് ഇന്ത്യൻ ദേശീയ പതാകയും ഇടതുവശത്ത് അവരുടെ രാജ്യത്തിന്റെ പതാകയും സ്ഥാപിക്കേണ്ടതാണ്.

രാജ്യത്തിന്റെ അതിർത്തിയിൽ നിയന്ത്രണമേഖലയ്ക്ക് സമീപവും അതിർത്തി ചെക്ക്പോസ്റ്റ്, പട്ടാളക്യാമ്പ് കൂടാതെ മറ്റ് പ്രധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പതാക സ്ഥാപിക്കാം.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ മരണത്തിൽ ദുഃഖാചരണം നടത്തുന്നതിന്റെ ഭാഗമായി രാജ്യം മുഴുവൻ ദേശീയ പതാക പകുതി താഴ്ത്തി കെട്ടേണ്ടതും ലോക്സഭാ സ്പീക്കർ, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവരുടെ വേർപാടിൽ ഡൽഹിയിൽ പതാക പകുതി താഴ്ത്തി കെട്ടേണ്ടതും കേന്ദ്ര ക്യാബിനറ്റ് മന്ത്രി അന്തരിച്ചാൽ, ഡൽഹി, സംസ്ഥാന-തലസ്ഥാനം എന്നിവിടങ്ങളിൽ പതാക പകുതി താഴ്ത്തി കെട്ടേണ്ടതും കേന്ദ്ര സഹമന്ത്രി അന്തരിക്കുമ്പോൾ ഡൽഹിയിൽ ദേശീയ പതാക പകുതി താഴ്ത്തികെട്ടേണ്ടതും സംസ്ഥാന ഗവർണ്ണർ/ലെഫ്റ്റനന്റ് ഗവർണ്ണർ, സംസ്ഥാന, കേന്ദ്രഭരണ പ്രദേശത്തെ മുഖ്യമന്ത്രി എന്നിവർ അന്തരിക്കുമ്പോൾ അതത് സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം മുഴുവൻ ദുഃഖം ആചരിക്കുകയും ദേശീയ പതാക പകുതി താഴ്ത്തികെട്ടുകയും ചെയ്യണം. സംസ്ഥാന ക്യാബിനറ്റ് മന്ത്രിമാർ അന്തരിക്കുമ്പോൾ സംസ്ഥാന തലസ്ഥാനത്ത് പതാക താഴ്ത്തികെട്ടുവാനും വ്യവസ്ഥ ചെയ്യുന്നു.

ദേശീയ പതാകയോട് അനാദരവ് പ്രകടിപ്പിക്കുന്നതിന്റെ പേരിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ അനവധി പരാതികൾ ലഭിക്കാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ പതാകയോടുള്ള ആദരവ് സംബന്ധിച്ച് കൃത്യത ഉറപ്പു വരുത്തുന്നതിനും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നിലവിലുള്ള നിയമങ്ങളും ഫ്ളാഗ് കോഡിലെ വ്യവസ്ഥകളും ലംഘിക്കുന്നവർക്കുമെതിരെ നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ പതാകയോട് ആദരവ് പ്രകടിപ്പിക്കുന്നതു

സംബന്ധിച്ചുള്ള നിയമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ലഘുലേഖകൾ വഴി സ്കൂൾ, കോളേജ്, ഗ്രന്ഥശാലകൾ, സർക്കാർ ആഫീസുകൾ, മറ്റ് വിവിധ ഏജൻസികൾ എന്നിവ മുഖാന്തിരം പ്രചരണം നടത്തേണ്ടത് അനിവാര്യമാണ്.

# നിയമ വകുപ്പും നിയമ നിർമ്മാണവും

കെ. മണികണ്ഠൻ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

ജനങ്ങളുടെ ക്ഷേമത്തിനും സമാധാനപരമായ ജീവിത സാഹചര്യങ്ങൾക്കുമായി ഒട്ടനവധി നിയമങ്ങൾ സമൂഹത്തിൽ നില നിൽക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തും അപ്രകാരമുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന് ആവശ്യമായ നിയമങ്ങൾ സംസ്ഥാന നിയമസഭയാണ് പൊതുവിൽ നിർമ്മിക്കുന്നത്. പ്രസ്തുത പ്രക്രിയയിൽ നിയമസഭയ്ക്കും ഭരണ വകുപ്പുകൾക്കും നിയമ വകുപ്പിനും വെവ്വേറെ ചുമതലകൾ ഉണ്ട്. ഇതിൽ പ്രത്യേകിച്ചും നിയമവകുപ്പിന്റെ ചുമതലകളെകുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഏതു വിഷയത്തിലാണോ നിയമ നിർമ്മാണം ആവശ്യമാകുന്നത് ആ വിഷയം കൈകാര്യം ചെയ്യുന്ന സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പ് അത് സംബന്ധിച്ച നയപരമായ തീരുമാനം എടുത്തതിനു ശേഷം തുടർനടപടികൾക്കായി ബന്ധപ്പെട്ട ഫയൽ നിയമ വകുപ്പിലേക്ക് അയയ്ക്കുക എന്നതാണ് പ്രാരംഭ നടപടി.

നിയമ വകുപ്പ് ആദ്യമായി ആ നിർദ്ദേശത്തിന്റെ നിയമ സാധുത പരിശോധിച്ച് അതു സംബന്ധിച്ചുള്ള പൊതുവായതും വിശദമായതുമായ ഒരു കുറിപ്പ് തയ്യാറാക്കി ഉചിതമായ തലത്തിൽ ഉത്തരവ് വാങ്ങി ഭരണ വകുപ്പിന് അയച്ചുകൊടുക്കുന്നു.

നിയമസാധുത പരിശോധിക്കുന്ന അവസരത്തിൽ നിയമ വകുപ്പ് പ്രധാനമായും ഇനിപ്പറയുന്ന കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

(i) നിയമ നിർമ്മാണം സംബന്ധിച്ച വിഷയം ഭാരത ഭരണഘടനയിലെ ഏഴാം പട്ടികയിലെ സമവർത്തിലിസ്റ്റിലോ സംസ്ഥാന ലിസ്റ്റിലോ വിവരിച്ചിട്ടുള്ള ഉൾക്കുറിപ്പുകളിലെ വിഷയവുമായി ബന്ധമുള്ളതാണോ എന്നത്.

(ii) ഭരണഘടനയിലെ മറ്റു വ്യവസ്ഥകൾ പ്രത്യേകിച്ചും മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമാണോ എന്നത്

(iii) സംസ്ഥാന നിയമസഭയ്ക്ക് അപ്രകാരം ഒരു നിയമ നിർമ്മാണം നടത്താനുള്ള ക്ഷമത സംബന്ധിച്ച്

(iv) രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമുണ്ടോ എന്നത്



GCPT. 34/4787/2013/TP.

(v) പ്രസ്തുത ആവശ്യത്തിലേയ്ക്കായി നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പര്യാപ്തമാണോ എന്നതും പ്രത്യേകിച്ച് ഒരു പുതിയ നിയമനിർമ്മാണം ആവശ്യമുണ്ടോ അതോ നിലവിലുള്ള നിയമങ്ങളിൽ അനുയോജ്യമായ ഭേദഗതി വരുത്തിയാൽ മതിയാകുമോ എന്നത്.

(vi) ഏതെങ്കിലും കേന്ദ്രനിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുമോ എന്നത്.

ഭരണഘടനയിലെ ഏഴാം പട്ടികയിലെ സമവർത്തിലിസ്റ്റിലെയും സംസ്ഥാന ലിസ്റ്റിലെയും വിഷയങ്ങളുമായി ബന്ധമുള്ള വിഷയങ്ങളിൽ മാത്രമേ സംസ്ഥാന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്തുവാൻ ക്ഷമതയുണ്ടായിരിക്കുകയുള്ളു. ഭരണഘടനയിലെ വ്യവസ്ഥകൾ പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായ വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ സംസ്ഥാനത്തിന് ക്ഷമതയുണ്ടായിരിക്കുന്നതല്ല.

സംസ്ഥാനത്തിലുള്ളിലോ മറ്റു സംസ്ഥാനവുമായോ വ്യാപാരം, വാണിജ്യം എന്നിവയിലെ പരസ്പര ബന്ധത്തിൻമേലുള്ള സ്വാതന്ത്ര്യത്തിൻമേൽ പൊതു താൽപര്യാർത്ഥം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള യാതൊരു നിയമ നിർമ്മാണവും രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെ ഒരു സംസ്ഥാന നിയമസഭയും നിയമനിർമ്മാണം നടത്തുവാൻ പാടുള്ളതല്ല. അത്തരം വിഷയത്തിൻമേലുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ഭരണഘടനയിലെ 304 (ബി) അനുച്ഛേദമനുസരിച്ചുള്ള രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

മുകളിൽ പ്രസ്താവിച്ച വിഷയങ്ങൾ സംബന്ധിച്ചുള്ള നിയമവകുപ്പിന്റെ വിശദമായതും പൊതു സ്വാഭാവമുള്ളതുമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് തീരുമാനമെടുക്കേണ്ടതും, നിയമ നിർമ്മാണം ആവശ്യമാണെന്ന് കാണുന്നപക്ഷം ആയതു സംബന്ധിച്ച് ഉചിതമായതലത്തിൽ തീരുമാന മെടുത്തതിനുശേഷം നിയമ നിർമ്മാണത്തിനുള്ള വിഷയം സംബന്ധിച്ച ഒരു മെമ്മോറാണ്ടം സഹിതം ഫയൽ വീണ്ടും നിയമവകുപ്പിന് നൽകുന്നതാണ്.

പ്രസ്തുത മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് നിയമത്തിന്റെ സാങ്കേതിക രൂപം ഉൾക്കൊള്ളുന്ന ഒരു കരട് ബിൽ തയ്യാറാക്കി ഭരണഘടന പ്രകാരം

അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള വിശദമായ കുറിപ്പോടുകൂടി ഫയൽ വീണ്ടും ഭരണവകുപ്പിന് അയച്ചുകൊടുക്കുന്നു. ഈ അവസരത്തിൽ പ്രധാനമായും നിയമവകുപ്പ് ഇനിപ്പറയുന്ന കാര്യങ്ങൾ ഭരണവകുപ്പിനെ അറിയിക്കുന്നു.

(i) ഭരണഘടനയിലെ 199-ാം അനുച്ഛേദത്തിൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ പ്രകാരം ബില്ലിലെ വിഷയം ഒരു പണ ബില്ലാണെങ്കിൽ അപ്രകാരമുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപായി ഭരണഘടനയിലെ 207(1) അനുച്ഛേദം അനുസരിച്ച് ഗവർണ്ണറുടെ ശുപാർശ വാങ്ങിയിരിക്കണം എന്നത്.

(ii) ബില്ലിലെ വിഷയം നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുന്നതാണെങ്കിൽ അത്തരം ബിൽ നിയമസഭ പരിഗണിക്കുന്നതിലേയ്ക്കായി ഭരണഘടനയുടെ 207(3) അനുച്ഛേദം അനുസരിച്ച് ഗവർണ്ണറുടെ ശുപാർശ എടുത്തിരിക്കണമെന്നത്.

(iii) ഭരണഘടനയുടെ 304(ബി) അനുച്ഛേദ പ്രകാരം രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമുള്ള പക്ഷം ആയത് വാങ്ങിയിരിക്കണം എന്നത്.

(iv) ബില്ലിനെ സംബന്ധിക്കുന്ന ഉദ്ദേശ്യകാരണങ്ങളുടെ വിവരണം ധനകാര്യവകുപ്പുമായി ആലോചിച്ച് തയ്യാറാക്കിയ ധനകാര്യ മെമ്മോറാണ്ടം, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം എന്നിവ ഉൾക്കൊള്ളിക്കണം എന്നത്.

ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങി, മേൽ സൂചിപ്പിച്ച ശുപാർശകൾ ആവശ്യമാകുന്ന പക്ഷം ആയത് സഹിതം ഭരണവകുപ്പ് ഫയൽ മടക്കി നൽകിയാൽ തുടർന്ന് ബിൽ പാസ്സാക്കി ആക്റ്റായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതുവരെയുള്ള തുടർനടപടികൾ നിയമ വകുപ്പിലാണ് സ്വീകരിച്ചുവരുന്നത്.

ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണം ധനകാര്യ മെമ്മോറാണ്ടം, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം, ഭേദഗതിബില്ലുകളിൽ പ്രധാന ആക്റ്റിന്റെ പ്രസക്തഭാഗങ്ങൾ എന്നിവ സഹിതമുള്ള മൂന്നു പകർപ്പുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നിയമസഭാസെക്രട്ടറിക്ക് അയച്ചുകൊടുക്കുക എന്നതാണ് അടുത്ത നടപടി. രാഷ്ട്രപതിയുടേയോ

ഗവർണ്ണറുടേയോ ശുപാർശ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആ വിവരവും നിയമസഭയെ അറിയിക്കുന്നു. മലയാളത്തിലുള്ള ബില്ലുകളുടെ ഇംഗ്ലീഷ് പരിഭാഷ നിയമവകുപ്പിൽ തയ്യാറാക്കി ഗവർണ്ണറുടെ അംഗീകാരം വാങ്ങിയതിനുശേഷം ആധികാരിക പാഠമായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, ഇംഗ്ലീഷ് ബില്ലുകളുടെ മലയാളത്തിലുള്ള ശരിത്തർജ്ജമ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുമായി നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുന്നതും നിയമവകുപ്പാണ്.

നിയമസഭ പ്രസിദ്ധീകരിച്ച ബിൽ പരിഗണനയ്ക്കെടുക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് മുമ്പായി ബിൽ നിയമ സഭയിലെ ഏതു സമിതി പരിഗണിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിയുടെ അംഗീകാരം വാങ്ങി നിയമസഭയെ അറിയിക്കുന്നതും നിയമവകുപ്പിന്റെ ചുമതലയാണ്. സാധാരണയായി വിഷയനിർണ്ണയ സമിതിയാണ് ബില്ലുകൾ ആദ്യമായി പരിഗണിക്കുന്നത്. ബില്ലിന്റെ അവതരണത്തിൻമേൽ ചർച്ച തീരുമാനിക്കുന്ന അവസരങ്ങളിൽ എന്തെങ്കിലും ക്രമപ്രശ്നങ്ങൾ നിയമസഭാംഗങ്ങൾ ഉന്നയിക്കുന്ന പക്ഷം അതിന് നിയമപരമായ മറുപടി നിയമവകുപ്പ് തയ്യാറാക്കി നൽകേണ്ടതുണ്ട്. വിഷയനിർണ്ണയ സമിതിയിൽ നിയമവകുപ്പ് പ്രതിനിധി പങ്കെടുക്കേണ്ടതും സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ പരിഷ്കരിക്കുന്നതിന് സഹായിക്കേണ്ടതുമാണ്. വിഷയ നിർണ്ണയ സമിതി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബിൽ വീണ്ടും സഭയിൽ വയ്ക്കുകയും അതിന്റെ വിശദമായ ചർച്ച നടത്തുന്ന തീയതി നിയമസഭാസമിതി തീരുമാനിക്കുകയും ചെയ്യുന്നു. തുടർന്ന് ബില്ലിന് നിയമസഭാംഗങ്ങൾ നിർദ്ദേശിക്കുന്ന ഭേദഗതികൾക്ക് നിയമവകുപ്പ് ശരിയായ അഭിപ്രായം എഴുതിക്കൊടുക്കേണ്ടതുമാണ്.

ബിൽ വിശദമായി ചർച്ച ചെയ്തശേഷം ഭൂരിപക്ഷ അഭിപ്രായമനുസരിച്ച് നിയമസഭ അത് പാസ്സാക്കുന്നു. അപ്രകാരം നിയമസഭ പാസ്സാക്കിയ ബിൽ സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിൽ നൽകുമ്പോൾ സാരമല്ലാത്ത പിശകുകൾ, അക്ഷരത്തെറ്റുകൾ, വകുപ്പുകളുടെ നമ്പർ ക്രമീകരണം തുടങ്ങിയവയിൽ തിരുത്തൽ വരുത്തുവാൻ സ്പീക്കറോട് അഭ്യർത്ഥിക്കുന്നതിന് നിയമവകുപ്പിന് കഴിയുന്നതാണ്.

നിയമസഭ പാസ്സാക്കി സ്പീക്കർ ഒപ്പുവെച്ച ബില്ലിന്റെ അസ്സൽ പകർപ്പ് നിയമവകുപ്പിൽ ലഭിക്കുമ്പോൾ അതിന്റെ മൂന്നു പകർപ്പുകൾ സഹിതമുള്ള ഫയൽ,

അതതു സംഗതിപോലെ, ഗവർണ്ണറുടെ അഥവാ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വിശദമായ കുറിപ്പോടുകൂടി ഗവർണ്ണർക്ക് അയച്ചുകൊടുക്കുക എന്നതാണ് നിയമവകുപ്പിന്റെ അടുത്ത നടപടി.

ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമുള്ളപക്ഷം സ്പീക്കർ ഒപ്പുവെച്ച ബില്ലിന്റെ നാലു പകർപ്പുകൾ സഹിതമുള്ള ഫയൽ വിശദമായ കുറിപ്പോടുകൂടി രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കാനുള്ള കത്തും, ഉള്ളടക്കവും രേഖകളും സഹിതം ഗവർണ്ണർക്കാണ് നൽകേണ്ടത്.

പ്രധാനമായും ഇനിപ്പറയുന്ന ബില്ലുകൾക്ക് ഭരണഘടനാപരമായി രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണ്.

(i) ഭരണഘടനയിലെ ഏഴാം പട്ടികയിലെ സമവർത്തി ലിസ്റ്റിൽപ്പെട്ട വിഷയത്തിൽ പാർലമെന്റ് മുൻപ് ഉണ്ടാക്കിയിട്ടുള്ള ഒരു ആക്റ്റിലെ വിഷയം സംബന്ധിച്ച വ്യവസ്ഥയ്ക്ക് വിരുദ്ധമായ വ്യവസ്ഥ ഉൾക്കൊള്ളുന്ന ബില്ലുകൾ.

(ii) ഭരണഘടനയിലെ 31, 31(എ) എന്നീ അനുച്ഛേദങ്ങൾ വ്യവസ്ഥ ചെയ്യുന്ന വിഷയം സംബന്ധിച്ചുള്ള ബില്ലുകൾ

(iii) ഭരണഘടനയിലെ 288-ാം അനുച്ഛേദം അനുസരിച്ച് അന്തർ സംസ്ഥാന നദികളെ നിയന്ത്രിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ വേണ്ടി നിലവിലുള്ള ഏതെങ്കിലും കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കുകയോ ഉത്പാദിപ്പിക്കുകയോ സംഭരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന വെള്ളം, വിദ്യുച്ഛക്തി എന്നിവ സംബന്ധിച്ച് നികുതി ചുമത്താൻ അധികാരപ്പെടുത്തുന്ന ബിൽ ഗവർണ്ണറോ രാഷ്ട്രപതിയോ ഒപ്പിട്ടു തിരിച്ചു നൽകുന്ന സമയത്ത് അതിൽ ആക്റ്റ് നമ്പരും വർഷവും രേഖപ്പെടുത്തി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ അയച്ചുകൊടുക്കുന്നതാണ് നിയമവകുപ്പിന്റെ തുടർന്നുള്ള നടപടി. പ്രസിദ്ധീകരിച്ചു നൽകുന്ന ആക്റ്റുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എല്ലാ ആഫീസുകൾക്കും ഉദ്യോഗസ്ഥർക്കും അയച്ചു കൊടുത്തതിനുശേഷം ഫയൽ സൂക്ഷിച്ചു വയ്ക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഭരണവകുപ്പിന് തിരിച്ചു നൽകുക എന്നതാണ് അവസാന നടപടി.

നിയമസഭ സമ്മേളനത്തിലല്ലാതിരിക്കുന്ന അവസരങ്ങളിൽ ഭരണഘടനയുടെ 213-ാം അനുച്ഛേദം അനുസരിച്ച് ഗവർണ്ണർക്ക് ഓർഡിനൻസ് വിളംബരപ്പെടുത്തിയും



GCPT. 34/4787/2013/TP.

നിയമം നിർമ്മിക്കാവുന്നതാണ്. ഇപ്രകാരമുള്ള ഓർഡിനൻസുകൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ ബില്ലായി അവതരിപ്പിച്ച് ആക്റ്റായി മാറ്റാവുന്നതുമാണ്.

ആക്റ്റുകളുടേയും ഓർഡിനൻസുകളുടേയും വർഷം, നമ്പർ, പേര്, ഗവർണ്ണർ അഥവാ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച തീയതി, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി എന്നിവ രേഖപ്പെടുത്തിയ പ്രത്യേകം രജിസ്റ്ററുകൾ നിയമവകുപ്പിൽ സൂക്ഷിച്ചുവരുന്നു. കൂടാതെ എല്ലാവർഷവും പാസ്സാക്കിയ ആക്റ്റുകളും, വിളംബരപ്പെടുത്തിയ ഓർഡിനൻസുകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഷിക വാല്യങ്ങൾ നിയമവകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് നിലവിലുള്ള കേന്ദ്ര-സംസ്ഥാന ആക്റ്റുകളുടെ ലിസ്റ്റ് പുസ്തകരൂപത്തിൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ച് സൂക്ഷിക്കുന്നുണ്ട്.

## പാരമ്പര്യ വിജ്ഞാന സംരക്ഷണവും
## കേരളത്തിന്റെ ബൗദ്ധിക സ്വത്തവകാശ നയവും

ജ്യോതി പ്രദീപ്, സെക്ഷൻ ആഫീസർ, നിയമ വകുപ്പ്.

'പാരമ്പര്യവിജ്ഞാന സംരക്ഷണം' എന്നത് ഇന്ന് അന്താരാഷ്ട്രതലത്തിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. പാരമ്പര്യവിജ്ഞാനത്തെ കൃത്യമായ മാർഗ്ഗരേഖകൾക്കുള്ളിൽ നിന്നു കൊണ്ട് നിർവ്വചിക്കുക സാധ്യമല്ല. തലമുറകളിൽ നിന്നും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും തലമുറകളായി നിലനിന്നുപോരുന്നതും തലമുറകളാൽ വികസിപ്പിക്കപ്പെട്ടതുമായ വിജ്ഞാന സഞ്ചയമാണ് ഇതെന്ന് പൊതുവായി നമുക്ക് പറയാൻ സാധിക്കും. ഒരു സമൂഹത്തിന്റെ പാരമ്പര്യ വിജ്ഞാനം ആ സമൂഹത്തിന്റെ സാംസ്കാരികവും സാമ്പത്തികവും സാമൂഹികവും ആത്മീയവുമായ അനന്യതയെ പലപ്പോഴും വെളിവാക്കാറുണ്ട്. എന്നാൽ, പൊതുവെ നാം കരുതാറുള്ളതുപോലെ പാരമ്പര്യ വിജ്ഞാനത്തിന്റെ കീഴിൽ പാരമ്പര്യ വൈദ്യവിജ്ഞാനം മാത്രമല്ല ഉൾക്കൊള്ളുന്നത്. മറിച്ച് പരമ്പരാഗതമായ കലാരൂപങ്ങൾ, രൂപകൽപനകൾ, പ്രകൃതിജന്യ ഘടകങ്ങൾ തുടങ്ങിയവയും അതിന്റെ ഭാഗമായി വരുന്നുണ്ട്.

പലപ്പോഴും പാരമ്പര്യവിജ്ഞാനം ഫലപ്രദമായ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടാകില്ല. ഉടമസ്ഥാവകാശത്തെപ്പറ്റി ധാരണയൊന്നും തന്നെ ഉണ്ടാകില്ല. പാരമ്പര്യവിജ്ഞാനം ക്രോഡീകൃതവുമല്ല. അതിന്റെ സംരക്ഷണത്തിന് വ്യക്തമായ വ്യവസ്ഥകളും ഇല്ല. ഇത്തരമൊരു അവസ്ഥയിൽ, ആഗോളവത്കരണത്തിന്റെ കടന്നുവരവോടെ, ബഹുരാഷ്ട്ര കുത്തകകൾ, നിലവിലുള്ള ബൗദ്ധിക സ്വത്തവകാശ നിയമങ്ങളുടെ പരിരക്ഷണത്തിൻ കീഴിൽ, പാരമ്പര്യ വിജ്ഞാനത്തിൽ ചുരുക്കം മാറ്റങ്ങളൊക്കെ വരുത്തി പേറ്റന്റ് എടുത്ത് ലാഭം കൊയ്യുന്ന അവസ്ഥ സംജാതമാവുകയുണ്ടായി. ശക്തമായ സംരക്ഷണ വ്യവസ്ഥകളുടെ അഭാവത്തിൽ പല വികസ്വര രാജ്യങ്ങൾക്കും അവരുടെ പല സമൂഹങ്ങളും കൈവശം വച്ച് പോന്നതായ തനതായ പാരമ്പര്യവിജ്ഞാനത്തിന്മേലുള്ള അവകാശം നഷ്ടപ്പെട്ടു.

ഭാരതത്തെ സംബന്ധിച്ച് നിലവിലെ ബൗദ്ധികസ്വത്തവകാശ നിയമങ്ങളായ 1957-ലെ പകർപ്പവകാശ ആക്റ്റ്, 1970-ലെ പേറ്റന്റ് ആക്റ്റ്, 1999-ലെ വ്യാപാരമുദ്രകൾ ആക്റ്റ്, 2000-ലെ ഡിസൈൻ ആക്റ്റ്, 2000-ലെ സെമികണ്ടക്ടർ ഇന്റഗ്രേറ്റഡ് സർക്യൂട്ട് ലേഔട്ട് ഡിസൈൻ ആക്റ്റ്, 1999-ലെ ചരക്കുകളുടെ (രജിസ്ട്രേഷനും സംരക്ഷണവും) ഭൂമിശാസ്ത്രപരമായ സൂചകങ്ങളെ സംബന്ധിച്ച ആക്റ്റ് തുടങ്ങിയവയൊന്നും പാരമ്പര്യവിജ്ഞാന സംരക്ഷണത്തിന് പര്യാപ്തമല്ല. ഇത്തരം ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിലെ വ്യവസ്ഥകൾ ബൗദ്ധിക സ്വത്തിന്റെ സ്വകാര്യവൽക്കരണത്തെയും തുടർ വിപണനത്തെയുമാണ് പ്രോത്സാഹിപ്പിക്കുന്നത്. പല രാജ്യങ്ങളും തങ്ങളുടെ പാരമ്പര്യ വിജ്ഞാന സംരക്ഷണത്തിനായി വ്യവസ്ഥകൾ രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഭാരതത്തിൽ, ജൈവവൈവിധ്യ വിജ്ഞാനവുമായി ബന്ധപ്പെട്ട വിജ്ഞാനത്തിന്റെ ചൂഷണം തടയുന്നത് സംബന്ധിച്ച് 2002-ലെ ജൈവവൈവിധ്യ ആക്റ്റിലും വനവാസികളുടെ വിജ്ഞാനചൂഷണം തടയുന്നത് സംബന്ധിച്ച 2006-ലെ വന ആക്റ്റിലും ഏതാനും വ്യവസ്ഥകളുണ്ടെങ്കിലും യഥാർത്ഥത്തിലുള്ള പാരമ്പര്യ വിജ്ഞാന സംരക്ഷണത്തിന് ഇതൊന്നും ഫലപ്രദമാകുന്നില്ല. ഇത്തരം പാരമ്പര്യവിജ്ഞാന സംരക്ഷണത്തിനുതകുന്ന സമഗ്രമായ നിയമവും നിലവിൽ ഇല്ല. ഈയൊരവസ്ഥയിലാണ് പാരമ്പര്യവിജ്ഞാന മേഖല സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടെ, കേരള സർക്കാർ ബൗദ്ധികസ്വത്തവകാശനയം, 2008 രൂപപ്പെടുത്തിയത്. ധാരാളം പരിമിതികളും അവ്യക്തതകളും നയത്തിനുണ്ടെങ്കിലും, അതെല്ലാം അന്താരാഷ്ട്ര വ്യവസ്ഥിതിയിൽവരെ നിലനിൽക്കുന്ന അവ്യക്തതയുടെ പ്രതിഫലനമാണെന്ന് കരുതാവുന്നതാണ്.

**പാരമ്പര്യവിജ്ഞാന സംരക്ഷണവുമായി ബന്ധപ്പെട്ട നയത്തിലെ ആശയങ്ങൾ**

നയം പ്രധാനമായും ഊന്നൽ നൽകുന്നത് പാരമ്പര്യ ചികിത്സാ ശാഖകളിൽ പ്രയോഗത്തിലിരിക്കുന്ന പാരമ്പര്യവിജ്ഞാന സംരക്ഷണത്തിനാണ്. ഇതേ ആശയങ്ങൾ സാംസ്കാരിക കലാരൂപങ്ങൾ, പരമ്പരാഗത രൂപകൽപനകൾ തുടങ്ങിയവയ്ക്ക് ബാധകമാക്കാവുന്നതാണ്. നയം, പാരമ്പര്യവൈദ്യ വിജ്ഞാനത്തെ രണ്ടായി തിരിച്ചിട്ടുണ്ട്. ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ചില കുടുംബങ്ങളോ സ്ഥാപനങ്ങളോ സംരക്ഷിച്ചു പോരുന്നതും, ചിലപ്പോൾ ചില പ്രത്യേക മേഖലകളിൽ മാത്രം കേന്ദ്രീകൃതമായിരിക്കുന്നതും തലമുറകളായി

കൈമാറി വരുന്നതുമായ വിജ്ഞാനങ്ങളെയാണ്. രണ്ടാമത്തെ വിഭാഗത്തിൽ, സംസ്ഥാനത്താകമാനം ചിതറിക്കിടക്കുന്നതും ധാരാളം വൈദ്യൻമാർ പ്രയോഗിച്ചുവരുന്നതും എന്നാൽ നിശ്ചിത സമുദായത്തിന്റെയോ കുടുംബത്തിന്റെയോ മാത്രം കൈവശം ഒതുങ്ങിനിൽക്കാത്തതുമായ പാരമ്പര്യവിജ്ഞാനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ അപഹരണം അല്ലെങ്കിൽ ചൂഷണം എങ്ങനെ തടയാമെന്നതാണ് നയത്തിന്റെ ഉദ്ദേശ്യം.

അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന സംരക്ഷണ മേഖലയിൽ പ്രചുര പ്രചാരത്തിലിരിക്കുന്ന രണ്ട് ആശയങ്ങളാണ് നയം ഇതിനായി കടമെടുത്തിട്ടുള്ളത്. ഒന്ന് 'നോളഡ്ജ് കോമൺസ്' മറ്റൊന്ന് 'കോമൺസ് ലൈസൻസ്'. എന്നാൽ ഈ ആശയങ്ങളുടെ വ്യക്തമായ ഒരു ധാരണ നയത്തിൽ നൽകാത്തത് നയത്തിന്റെ വസ്തുനിഷ്ഠമായ അപഗ്രഥനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

പാരമ്പര്യവിജ്ഞാനത്തിന് ഒരു അവകാശം നൽകുക വഴി, ആ അവകാശം സംരക്ഷിക്കുന്നതിനും അവകാശലംഘനം തടയുന്നതിനും അത്തരം അവകാശങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനും നയത്തിൽ നിർദ്ദേശിക്കുന്നു.

ഒന്നാമത്തെ വിഭാഗത്തിൽ പെടുന്ന പാരമ്പര്യവിജ്ഞാന ഉപയോക്താക്കളെ, അത്തരം സമുദായങ്ങളോ കുടുംബങ്ങളോ പ്രയോഗിച്ചുവരുന്ന പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശികളായി കണക്കാക്കുന്നു. രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്ന പാരമ്പര്യവിജ്ഞാനത്തിന്റെ അവകാശി കേരള സംസ്ഥാനം ആയിരിയ്ക്കും. ഇടനിലക്കാർക്കോ വൻകിട വ്യാവസായിക സ്ഥാപനങ്ങൾക്കോ പാരമ്പര്യ വിജ്ഞാനത്തിന്റെ മേൽ യാതൊരു അവകാശവും നൽകുന്നതല്ല. രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തപ്പെട്ട പാരമ്പര്യവിജ്ഞാനങ്ങളെ 'നോളഡ്ജ് കോമൺസ്'-ൽ നിക്ഷേപിക്കുവാൻ നയം നിർദ്ദേശിക്കുന്നു.

**നോളഡ്ജ് കോമൺസ്**

'നോളഡ്ജ് കോമൺസ്' എന്നത് ഒന്നിലധികം ഉറവിടങ്ങളിൽ നിന്ന് ശേഖരിച്ചിട്ടുള്ള അറിവുകളുടെ ഒരു സഞ്ചയമാണ്. ഇതിൽ ആർക്കും വ്യക്തിഗത അവകാശമുണ്ടാകില്ല. പക്ഷേ എല്ലാവർക്കും ഉപയോഗിക്കാം. പ്രസ്തുത ഉപയോഗംവഴി ഉണ്ടാകുന്ന വികസനം വീണ്ടും 'നോളഡ്ജ് കോമൺസ്'-ന്റെ ഭാഗമായി മാറും. ഇത്തരം വികസനങ്ങൾക്ക് ഒരിക്കലും പേറ്റന്റ് എടുക്കുവാൻ

സാധിക്കുകയില്ല. അതുവഴി, പാരമ്പര്യവിജ്ഞാനത്തിന് മാറ്റം വരുത്തി പേറ്റന്റ് കൈക്കലാക്കുന്ന പ്രവണത തടയാൻ സാധിക്കും.

പാരമ്പര്യവിജ്ഞാനത്തിന്റെ അവകാശികൾക്ക് രണ്ട് അവകാശങ്ങളാണ് നയം നിർദ്ദേശിക്കുന്നത്.

1. ഒരു ബ്രാൻഡ് നെയിം ഉപയോഗിക്കുന്നതിനുള്ള അവകാശം. ഉദാഹരണമായി ചില സമുദായങ്ങളോ കുടുംബങ്ങളോ പ്രയോഗിച്ചുവരുന്ന തനതായ, 'കോട്ടക്കൽ മസാജ്' പോലെയുള്ള പ്രയോഗങ്ങൾ.

2. പ്രസ്തുത പാരമ്പര്യവിജ്ഞാനം ഉപയോഗിക്കുന്നതിനുള്ള അവകാശം.

**കോമൺസ് ലൈസൻസ്**

പാരമ്പര്യവിജ്ഞാനത്തിന്റെ അവകാശികളല്ലാത്തവർക്ക് പ്രസ്തുത പാരമ്പര്യവിജ്ഞാനം പ്രയോഗിക്കണമെങ്കിൽ അത് കോമൺസ് ലൈസൻസ് ഉപയോഗിച്ചാകാണം എന്നാണ് നയം നിർദ്ദേശിക്കുന്നത്. പാരമ്പര്യവിജ്ഞാനത്തിന്റെ അവകാശികൾക്ക് പ്രസ്തുത വിജ്ഞാനം വ്യാവസായികമായി ഉപയോഗിക്കുന്നതിനുള്ള അവകാശമുള്ളതും മറ്റുള്ളവർക്ക് അതിനെ വ്യാവസായികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി 'കോമൺസ് ലൈസൻസ്' വഴി അവകാശം നൽകാവുന്നതാണ്. 'കോമൺസ് ലൈസൻസ്' ഉപയോഗിച്ച് നടത്തുന്ന വികസനങ്ങൾ ലൈസൻസിന്റെ ഉപയോക്താക്കൾക്ക് സ്വന്തമാക്കാനും പേറ്റന്റ് എടുക്കാനും സാധിക്കില്ല. അഥവാ അങ്ങനെ ചെയ്താൽ അത് അവകാശലംഘനമായി കണക്കാക്കുന്നതും നിയമനടപടികൾ ക്ഷണിച്ചുവരുത്തുന്നതുമാണ്. അവകാശികൾക്ക്, പ്രസ്തുത വിജ്ഞാനത്തെ വ്യാവസായിക ഉപയോഗത്തിനായി മറ്റുള്ളവർക്ക് നൽകുന്നതിനായി, വ്യക്തമായ ധാരണകളും വ്യവസ്ഥകളും മറ്റ് ഉപയോക്താക്കളുമായി ഉണ്ടാക്കേണ്ടതാണ്.

പ്രത്യേക ഉടമസ്ഥാവകാശം പതിച്ചുനൽകാത്ത, സംസ്ഥാന സർക്കാർ അവകാശിയായിട്ടുള്ള രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട പാരമ്പര്യവിജ്ഞാനത്തിന്മേൽ, പ്രസ്തുത വിജ്ഞാനം പ്രയോഗിച്ചു വരുന്ന എല്ലാ ഉപയോക്താക്കൾക്കും വാണിജ്യ ഉപയോഗത്തിനുപോലും അവകാശം നൽകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ലൈസൻസ് ഉള്ളതായി കണക്കാക്കുന്നതാണ്. എന്നാൽ ഈ അവകാശം

മറ്റൊരാൾക്ക് വാണിജ്യ ഉപയോഗം അനുവദിക്കുന്നതിനായി പ്രസ്തുത ഉപയോക്താവിന് കൈമാറാൻ സാധിക്കുന്നതല്ല.

## **കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റി** (Kerala Traditional Knowledge Authority)

പാരമ്പര്യവിജ്ഞാനം സംബന്ധിച്ച് മേൽവിവരിച്ച തരത്തിലുള്ള അവകാശങ്ങൾ നിർണ്ണയിക്കുന്നതിനും അവകാശലംഘനം തടയുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും പാരമ്പര്യവിജ്ഞാന ഉപയോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും 'കോമൺസ് ലൈസൻസ്' ധിക്കരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പാരമ്പര്യ വിജ്ഞാനത്തിന്റെ വിപണന സാധ്യതകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി 'കേരള പാരമ്പര്യവിജ്ഞാന അതോറിറ്റി' എന്ന ഒരു ഭരണസംവിധാനം നയം നിർദ്ദേശിക്കുന്നു. ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശികൾക്ക് തങ്ങളുടെ അവകാശം പ്രസ്തുത അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത് അത്തരം അവകാശത്തിന്റെ ഉപയോക്താവായി പ്രഖ്യാപിക്കപ്പെടാവുന്നതാണ്.

അതുപോലെ, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടുകിടക്കുന്ന പാരമ്പര്യവിജ്ഞാനത്തിന് സംരക്ഷണം ഉറപ്പാക്കുന്നതിനായി 2002-ലെ ജൈവവൈവിധ്യ ആക്റ്റിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുന്നതിനും കൂടാതെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ നയം മുന്നോട്ട് വച്ചിട്ടുള്ള കേരള പാരമ്പര്യവിജ്ഞാന അതോറിറ്റിയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനത്തിനും നയം നിർദ്ദേശിക്കുന്നു.

## **ബൗദ്ധിക സ്വത്തവകാശ മേൽനോട്ട സമിതി** (Supervisory Council on Intellectual property)

പാരമ്പര്യവിജ്ഞാന സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി നയം ശുപാർശ ചെയ്ത പ്രകാരം, കേരളത്തിൽ, ബൗദ്ധികസ്വത്തവകാശ മേൽനോട്ടസമിതി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട നിയമ മന്ത്രി വൈസ് ചെയർമാനായും വിവിധ

മന്ത്രിമാർ, വകുപ്പുതല അദ്ധ്യക്ഷൻമാർ, വിദഗ്ദ്ധൻമാർ തുടങ്ങിയവർ അംഗങ്ങളായും രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത സമിതിയുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം, കേന്ദ്രനിയമങ്ങളുടെ പരിരക്ഷണത്തിൻ കീഴിൽ ഉൾപ്പെടാത്തതായിട്ടുള്ള പാരമ്പര്യവിജ്ഞാന മേഖലകളെ കണ്ടെത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ന്യൂനതകൾ**

1. പാരമ്പര്യവിജ്ഞാനത്തിന് അവകാശികളെ നിശ്ചയിക്കുന്നതിനും അവകാശ ലംഘനം തടയുന്നതിനുമെല്ലാം നിയമപരിരക്ഷ ആവശ്യമാണ്. എന്നാൽ പാരമ്പര്യ വിജ്ഞാന സംരക്ഷണത്തിനുതകുന്ന നിയമനിർമ്മാണം നടത്തുന്നതിനായി ഭരണഘടന പ്രകാരം സംസ്ഥാനത്തിന് ക്ഷമതയുണ്ടോ എന്നുള്ളത് സങ്കീർണ്ണമായ ഒരു പ്രശ്നമാണ്.

2. 'നോളഡ്ജ് കോമൺസ്' ' ക്രീയേറ്റീവ് കോമൺസ്' തുടങ്ങിയ ആശയങ്ങളെ വിശദമായി നിർവ്വചിക്കാത്തതിനാൽ നയത്തിലെ നിർദ്ദേശങ്ങൾ സാധാരണക്കാരന് ഗ്രഹിക്കാൻ ബുദ്ധിമുട്ടാണ്.

3. നയത്തിലൂടെ വിഭാവനം ചെയ്ത ആശയങ്ങൾ പുരോഗമനപരമാണെങ്കിലും ക്രോഡീകൃതമല്ലാത്തതും ക്രമമല്ലാത്തതുമായ അവതരണ ശൈലി പല ആശയക്കുഴപ്പങ്ങൾക്കും ഇടനൽകാൻ സാദ്ധ്യതയുണ്ട്.

4. 2002-ലെ ജൈവവൈവിധ്യ ആക്റ്റിൻ കീഴിൽ അധികാരം നൽകപ്പെട്ടിട്ടുള്ള ജൈവവൈവിധ്യ ബോർഡിനെ കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റിയുമായി ബന്ധിപ്പിക്കുന്ന കാര്യത്തിൽ നയത്തിൽ വ്യക്തത കുറവുള്ളതായി കാണുന്നു.

5. നയത്തിൽ, പാരമ്പര്യ വിജ്ഞാന മേഖലയെ പാരമ്പര്യ വൈദ്യ മേഖലയിൽ മാത്രം ഒതുക്കിനിർത്തുകവഴി മറ്റു പരമ്പരാഗതമായ കലാരൂപങ്ങൾ, രൂപഘടനകൾ, പ്രകൃതിജന്യഘടകങ്ങൾ തുടങ്ങിയവയുടെ സംരക്ഷണത്തെപ്പറ്റി മാർഗ്ഗനിർദ്ദേശം നൽകാൻ നയത്തിന് കഴിഞ്ഞിട്ടില്ല.

**സാധ്യതകൾ**

1. നയം പാരമ്പര്യ വിജ്ഞാനത്തിന്മേൽ ബൗദ്ധികസ്വത്തവകാശം ആർജ്ജിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. മറിച്ച്, ബൗദ്ധിക സ്വത്തവകാശ ത്തിന്റെ മറവിലുള്ള പാരമ്പര്യവിജ്ഞാനത്തിന്റെ ചൂഷണത്തെയും അപഹരണ ത്തെയും തടയുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത് കേരളത്തിന്റെ പാരമ്പര്യവിജ്ഞാന മേഖലയ്ക്ക് സംരക്ഷണം നൽകുന്നതിനും വികാസം നൽകുന്നതിനും വളരെയധികം സഹായിക്കും.

2. പാരമ്പര്യ വിജ്ഞാനത്തിന് അവകാശികളെ നിശ്ചയിക്കുക വഴി പാരമ്പര്യ വിജ്ഞാനത്തിന്റെ വളർച്ച പ്രോത്സാഹിപ്പിക്കപ്പെടുകയും ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണം തടയപ്പെടുകയും ചെയ്യും.

3. 'കോമൺസ് ലൈസൻസ്' 'നോളഡ്ജ് കോമൺസ്' തുടങ്ങിയ ആശയങ്ങൾ പാരമ്പര്യ വിജ്ഞാന സംരക്ഷണത്തിനായി നിർദ്ദേശിക്കുന്നതിലൂടെ പാരമ്പര്യ വിജ്ഞാന മേഖലയിലെ ഉപയോഗപ്രദമായ പല വികസനങ്ങളും പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ഇട നൽകുന്നു.

4. കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റി സ്ഥാപിക്കപ്പെടുകയാണെങ്കിൽ, പ്രസ്തുത സംവിധാനത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അവകാശികളുടെ പാരമ്പര്യവിജ്ഞാനങ്ങളെ സംബന്ധിച്ച ഒരു 'ഡാറ്റാ ബേസ്' തയ്യാറാക്കാവുന്നതും പ്രസ്തുത 'ഡാറ്റാ ബേസി'നെ പ്രധാനപ്പെട്ട ബൗദ്ധികസ്വത്തവകാശ ആഫീസുകളുമായി ബന്ധിപ്പിച്ച്, പേറ്റന്റ് പരിശോധകർക്ക് 'പ്രയർ ആർട്ട്' അന്വേഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യമൊരുക്കാവുന്നതും അതുവഴി എല്ലാത്തരം പാരമ്പര്യ വിജ്ഞാന ചൂഷണങ്ങൾക്കും തടയിടാവുന്നതുമാണ്. പാരമ്പര്യ വിജ്ഞാന ഡിജിറ്റൽ ഗ്രന്ഥശാലയുടെ മാതൃക ഇതിനായി സ്വീകരിക്കാവുന്നതാണ്. കൗൺസിൽ ഫോർ സയന്റിഫിക്ക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്-ന്റെയും കേന്ദ്ര ആയുഷ് വകുപ്പിന്റെയും സംയുക്ത സംരംഭമായ പാരമ്പര്യവിജ്ഞാന ഡിജിറ്റൽ ഗ്രന്ഥശാലയുടെ (ടി.കെ.ഡി.എൽ.) പദ്ധതിയുടെ കീഴിൽ ഭാരതത്തിൽ പ്രയോഗത്തിലുള്ള പാരമ്പര്യ വൈദ്യത്തിൻ കീഴിലുള്ള ലക്ഷക്കണക്കിന് ഔഷധക്കൂട്ടുകളുടെയും പ്രയോഗങ്ങളുടെയും ഇലക്ട്രോണിക് ഡോക്യുമെന്റേഷൻ നടത്തുകയും അന്താരാഷ്ട്ര പേറ്റന്റ് വ്യവസ്ഥകൾക്കനുസൃതമായി അതിനെ തരംതിരിക്കുകയുമുണ്ടായി. മാത്രമല്ല,



GCPT. 34/4787/2013/TP.

വിവിധരാജ്യങ്ങളുടെ പേറ്റന്റ് ആഫീസുകളുമായി കരാർ ഒപ്പുവയ്ക്കുകയും അതുവഴി പ്രസ്തുത ആഫീസുകൾക്ക്, പ്രസ്തുത ടി.കെ.ഡി.എൽ.-ൽ പ്രവേശനാനുവാദം നൽകുകയും 'പ്രയർ ആർട്ട്' അന്വേഷണങ്ങളിലൂടെ ഡോക്യുമെന്റ് ചെയ്യപ്പെട്ട പാരമ്പര്യവിജ്ഞാനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പേറ്റന്റ് അപേക്ഷകൾ, പ്രസ്തുത ആഫീസുകൾക്ക് നിരസിക്കുന്നതിനും സഹായകമാവുകയുണ്ടായി. മഞ്ഞളിന്റെ ഗുണങ്ങൾ സംബന്ധിച്ച യു.എസ്. പേറ്റന്റ് ആന്റ് ട്രേഡ് മാർക്ക് ആഫീസ് നൽകിയ പേറ്റന്റ് അസാധുവാക്കാൻ സി. എസ്. ഐ.ആറിന് കഴിഞ്ഞത് ടി.കെ.ഡി.എൽ. വഴിയാണ്.

ബൗദ്ധികസ്വത്താവകാശ സംരക്ഷണം കൈകാര്യം ചെയ്യുന്ന ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയായ ലോക ബൗദ്ധിക സ്വത്തവകാശ സംഘടന പാരമ്പര്യവിജ്ഞാന സംരക്ഷണത്തിനായി, അന്താരാഷ്ട്ര തലത്തിൽ ഒരു രൂപരേഖ തയ്യാറാക്കുന്നതിനുള്ള യത്നത്തിലാണ്. പാരമ്പര്യവിജ്ഞാന സംരക്ഷണത്തിനായി ഒരു തനത് നിയമം ആവശ്യമാണെന്ന് വാദിക്കുന്നവർ അനേകമാണ്. പാരമ്പര്യവിജ്ഞാനം ക്രോഡീകരിക്കണമെന്നും രജിസ്റ്റർ ചെയ്യണമെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. ഇത്തരം അഭിപ്രായ വ്യത്യാസങ്ങളും അവ്യക്തതകളും ദേശീയ-അന്തർദേശീയ തലത്തിൽ നിലകൊള്ളുമ്പോൾ, ജൈവവൈവിധ്യം നിറഞ്ഞതും, കാലാതീത പാരമ്പര്യ കലവറകൾ ഉൾക്കൊള്ളുന്നതുമായ കേരളം പോലൊരു സംസ്ഥാനം, ഇന്ത്യയിലാദ്യമായി, തങ്ങളുടെ പാരമ്പര്യവിജ്ഞാന സംരക്ഷണം മുന്നിൽ കണ്ടുകൊണ്ട്, തങ്ങളുടേതായ ഒരു നയം രൂപപ്പെടുത്തി എന്നത് ശ്ലാഘനീയമാണ്. പ്രസ്തുത ബൗദ്ധികസ്വത്തവകാശ നയത്തിൽ വ്യക്തതകൾ വരുത്തി, നയത്തിലെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച വിവിധ വശങ്ങൾ വിശകലനം ചെയ്യുന്നതിനായി കൂടുതൽ പഠനം നടത്താവുന്നതും അതുവഴി നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാക്കാവുന്നതുമാണ്.

# വ്യവഹാര നയം നടപ്പിലാക്കുമ്പോൾ

**എ. സുരേഷ് കുമാർ, ലീഗൽ അസിസ്റ്റന്റ്, നിയമവകുപ്പ്**

വ്യവഹാരങ്ങൾ ഇന്ന് ലോകത്ത് പലവിധമാണ്. രാജ്യങ്ങൾ തമ്മിൽ, സംസ്ഥാനങ്ങൾ തമ്മിൽ, കുടുംബങ്ങൾ തമ്മിൽ, വ്യക്തികൾ തമ്മിൽ എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു. രാജ്യവും സംസ്ഥാനങ്ങളും കുടുംബങ്ങളും വ്യക്തികളും വളരുന്തോറും വ്യവഹാരങ്ങളും വർദ്ധിക്കുന്നു. വ്യവഹാരങ്ങൾ വർദ്ധിക്കുന്തോറും നീതിന്യായ കോടതികളുടെ ജോലിഭാരവും വർദ്ധിക്കുന്നു. മൂന്നരകോടി ജനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് വിവിധ കോടതികളിലായി നാൽപതു ലക്ഷത്തിലധികം കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്. അതിൽ നല്ലൊരു ശതമാനം കേസ്സുകളും കീഴ്ക്കോടതികളിലാണ്. ജഡ്ജിമാരുടേയും ജീവനക്കാരുടേയും അഭാവംമൂലമാണ് കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നത് എന്നാണ് പലപ്പോഴും വിലയിരുത്തപ്പെടുന്നത്. വൈകി ലഭിക്കുന്ന നീതി, നീതി നിഷേധത്തിന് തുല്യമാണ്. ഈ പശ്ചാത്തലത്തിലാണ് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ജുഡീഷ്യറിയെ ശക്തിപ്പെടുത്തുന്നതിനായി 2009-ൽ ദേശീയ വ്യവഹാര നയത്തിന് കേന്ദ്ര സർക്കാർ രൂപം നൽകിയത്. ഇതിന്റെ ചുവട് പിടിച്ച് സംസ്ഥാനങ്ങളും വ്യവഹാര നയത്തിന് രൂപം നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതിനായി 5000 കോടി രൂപ വകയിരുത്തുകയും ഇത് തുല്യമായി 28 സംസ്ഥാനങ്ങൾക്ക് അഞ്ച് വർഷത്തേയ്ക്ക് വീതിച്ച് നൽകാനും ശുപാർശ ചെയ്തിരുന്നു. കേരള സംസ്ഥാനം ഇതിനോടകം കേന്ദ്ര നയത്തിന് സമാനമായ വ്യവഹാര നയത്തിന് രൂപം നൽകുകയും അത് നടപ്പിലാക്കിവരികയുമാണ്.

**എന്താണ് സംസ്ഥാന വ്യവഹാര നയം**

സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുക എന്നതാണ് വ്യവഹാര നയത്തിന്റെ പ്രധാന ലക്ഷ്യം. സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളുടെ ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്നു വർഷമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് 3-11-2011-ൽ പ്രസ്തുത നയം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. നയത്തിന്റെ



GCPT. 34/4787/2013/TP.

സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും, താലൂക്ക് തലത്തിലും എംപവേർഡ് സമിതികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

**പ്രവർത്തനം**

സംസ്ഥാന-ജില്ലാ-താലൂക്കുതല എംപവേർഡ് സമിതികൾ മാസത്തിൽ ഒരു തവണ വിളിച്ചു ചേർക്കേണ്ടതും സർക്കാർ കക്ഷിയായിട്ടുള്ള നിലവിലുള്ള എല്ലാ കേസ്സുകളും പരിശോധിച്ച് അവയിൽ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ലോക് അദാലത്ത് വഴിയോ, ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ വഴിയോ തീർപ്പാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് താലൂക്കുതല ജില്ലാതല എംപവേർഡ് സമിതികൾ നിയമ വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സർക്കാർ ഖജനാവിൽ നിന്ന് പണം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും എംപവേർഡ് സമിതികളുടെ ചുമതലയാണ്. ഇതുവഴി ഒരു പരിധിവരെ സർക്കാർ സംവിധാനത്തിന്റെ സമയവും ഊർജ്ജവും പാഴാകാതെ നിലനിർത്തുന്നതിനും സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തപ്പെടുന്നു.

**നയം നടപ്പിലാക്കുന്ന രീതി**

വ്യവഹാരനയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി താലൂക്ക്-ജില്ലാതല എംപവേർഡ് സമിതികൾ എല്ലാ മാസവും വിളിച്ചുചേർക്കേണ്ടതും ജില്ലയിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ സമാഹരിച്ച പട്ടിക തയ്യാറാക്കേണ്ടതാണെന്നും നയം വ്യവസ്ഥ ചെയ്യുന്നു. മാത്രമല്ല ലോക് അദാലത്തിലൂടെയോ ബദൽ സംവിധാനത്തിലൂടെയോ തീർപ്പാക്കാവുന്ന കേസ്സുകൾ തിരിച്ചറിഞ്ഞ് അത് സംബന്ധിച്ചുള്ള വിവരങ്ങൾ നിയമ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് നയത്തിൽ പറയുന്നു.

ജില്ലാ ലാ ആഫീസർമാർ ജില്ലാതല എംപവേർഡ് സമിതികളുടെ മെമ്പർ സെക്രട്ടറിമാരാണ്. നിലവിൽ ജില്ലാ ലാ ആഫീസർമാരുടെ തസ്തിക എട്ട് ജില്ലകളിൽ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു. ശേഷിക്കുന്ന മറ്റു ജില്ലകളായ പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ കൂടി ലാ ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. അതിനാൽ ഈ ആറു ജില്ലകളിൽ

ജില്ലാ-താലൂക്കുതല എംപവേർഡ് സമിതികളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ഏകോപിപ്പിക്കാൻ കഴിയുന്നില്ലെന്നും വിലയിരുത്തപ്പെടുന്നു. പ്രസ്തുത ജില്ലകളിൽ കൂടി ലാ ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതുവഴി അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യവഹാര ചെലവുകൾ നിമിത്തം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഇല്ലാതാക്കുന്ന തിനും സാധിക്കുന്നതാണ്.

**നയത്തിന്റെ വിജയകരമായ നടത്തിപ്പിന്**

സർക്കാരും ഇതര സ്ഥാപനങ്ങളും തമ്മിൽ ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതാണ്. നോഡൽ ആഫീസർമാരായി നിയമിക്കപ്പെടുന്നവരെ ഒരു നിശ്ചിത കാലാവധി വരെ തുടരാൻ അനുവദിക്കേണ്ടതാണ്. വകുപ്പുകളുമായി ബന്ധപ്പെട്ട കേസ്സുകൾ സർക്കാർ അഭിഭാഷകർ മുഖേന നടത്തിക്കുന്നതിനായി നിലവിൽ സംസ്ഥാനത്ത് വേണ്ടത്ര ലാ ആഫീസർമാരില്ല. ആയതിനാൽ, നിലവിലുള്ള എല്ലാ സംസ്ഥാന സർക്കാർ വകുപ്പുകളിലും ലാ ആഫീസർമാരെ നിയമിക്കേണ്ടതാണ്. വ്യവഹാര നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി നിയമ നിർമ്മാണത്തിലും നിയമോപദേശം നൽകുന്നതിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് അനിവാര്യമാണ്.

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ




കേന്ദ്ര ആക്റ്റുകൾ മലയാളത്തിൽ ആധികാരികമായി പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഏക സർക്കാർ സ്ഥാപനം, കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ, മൂന്നുമുക്ക്, പേട്ട, തിരുവനന്തപുരം - 695024, ഫോൺ: 04712743131



കേരള സർക്കാർ നിയമവകുപ്പിനുവേണ്ടി നിയമസെക്രട്ടറി സി.പി. രാമരാജ പ്രേമ പ്രസാദ് തിരുവനന്തപുരത്തെ
ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്